# 91...... പോയ്പോയവർഷം
# 92........ വന്നെത്തിയ വർഷം

*1991 കണ്ണഞ്ചിപ്പിക്കും വിധം സ്ഫോടനാത്മകമായിരുന്നു. നമ്മെ, ലോകത്തെ പിടിച്ചുകുലുക്കിയ ഒരു വർഷം. ലോകഭൂപടത്തിന്റെ തന്നെ മുഖച്ഛായ മാറിയെന്ന് പറഞ്ഞാൽ അത് അതിശയോക്തിയല്ലല്ലോ ചരിത്രവിദ്യാർത്ഥിയുടെ മേശപ്പുറത്തിരിക്കുന്ന ഭൂഗോളം പരിഹാസ്യമാംവിധം പഴഞ്ചനായിതീർന്നിരിക്കുന്നു. ഒരുവർഷം കൊണ്ട് സോവിയററ് യൂണിയൻ എന്ന സാമ്രാജ്യം ചരിത്രരഥത്തിന്റെ ചക്രങ്ങളിൽപ്പെട്ടു നുറുങ്ങിചിതറി.*

*അനാദിയായ കാലപ്രവാഹത്തിലെ ഒരു കണ്ണുചിമ്മൽ മാത്രമാണ് ഒരു വർഷം ഒററ കണ്ണുചിമ്മലിനിടയിൽ എന്തെല്ലാമാണ് സംഭവിച്ചത്. സോവിയററ് യൂനിയനിൽ മാത്രമല്ല ഇവിടെ ഇന്ത്യയിൽ, ഈ കൊച്ചുകേരളത്തിൽ ലോകത്തെവിടെയും 91 എന്ന വർഷം മാററത്തിന്റെ ചുഴലിക്കാററ് വിതച്ചു എന്നുപറയുമ്പോൾ അത് അലങ്കാര പ്രയോഗമല്ല, നാം കണ്ടതാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ്.*

*പോയവർഷത്തെയും വരാനിരിക്കുന്ന വർഷത്തെയും പ്രഗത്ഭമതികളായ ചിലർ വിലയിരുത്തുന്നു. സാമൂഹ്യ പ്രസക്തിയുള്ള വ്യക്തിപരമായ അനുഭവങ്ങളെകുറിച്ചോ സ്വാനുഭവങ്ങളെകുറിച്ചോ അവർ പറയുന്നു.*
*വരാനിരിക്കുന്ന ദുരിതങ്ങളിലേക്കോ വന്നെത്തി നിൽക്കുന്ന ജീവിത മുഹൂർത്തങ്ങളിലേക്കോ ഇവർ വിരൽ ചൂണ്ടുന്നു.*

1992



1991

## –91 പോയ്പോയ വർഷം

### ഇ. എം. എസ്.

ഗോർബച്ചേവ് സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിപിരിച്ചു വിട്ടുവെന്ന് പ്രഖ്യാപിക്കുകയും പാർട്ടിയുടെ സ്വത്തുക്കൾ കണ്ടു കെട്ടലടക്കം പല നടപടികൾ എടുക്കുകയും ചെയ്തത് ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തേയും സാമ്രാജ്യവിരുദ്ധ പ്രസ്ഥാനത്തേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ലോകത്തിലെ ഏററവും പ്രധാനപ്പെട്ട പാർട്ടിയുടെ അംഗീകൃതനേതാവ്തന്നെ ലോകത്തിലെ ഒന്നാം നമ്പർ കമ്മ്യൂണിസ്റ്റ് വിരോധിയായി മാറിയെന്നാണ് ഇത് കാണിക്കുന്നത്. പക്ഷേ, ഇത് സംഘടിതമായ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ശാശ്വതമായി ബാധിക്കാൻ പോകുന്നില്ല. ഇന്ത്യയടക്കമുള്ള എല്ലാ രാജ്യങ്ങളിലുമുള്ള മാർകിസ്റ്റ് ലെനിനിസ്റ്റുകൾ ലോകസാമ്രാജ്യത്വത്തിനും സ്വന്തം രാജ്യത്തെ ചൂഷിതവർഗ്ഗങ്ങൾക്കുമെതിരെ സംഘടിച്ച പോരാട്ടം.

### എ. കെ. ആന്റണി

സോവിയററുയൂണിയനിലുണ്ടായ നാടകീയ സംഭവവികാസങ്ങളാണ് ഈ വർഷം എനിക്കേററവും അർത്ഥപൂർണ്ണമായി അനുഭവപ്പെട്ടത് സമീപകാല ലോകരാഷ്ട്രീയത്തിന്റെ ഗതിയേയും മാനവസമുദായ ചരിത്രത്തേയും ഏററവുമധികം സ്വാധീനിച്ച രാഷ്ട്രീയമായിരുന്നു. സോവിയററ് യൂണിയൻ.

പക്ഷേ സ്റ്റാലിന്റെ ഭരണകാലത്തുണ്ടായ ചില ദുഷ്പ്രവണതകൾ പൗരവകാശങ്ങൾ അടിച്ചമർത്തുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാക്കി കമ്മ്യൂണിസത്തിന് ഒരു മാനുഷിക മുഖം നൽകാൻ ഗോർബച്ചേവ് ശ്രമിച്ചു. പക്ഷേ 74 വർഷത്തെ നിയന്ത്രണത്തിന്റെ കെട്ടുകളെല്ലാം പൊട്ടികഴിഞ്ഞപ്പോൾ ജനങ്ങളുടെ സ്വാതന്ത്ര്യദാഹം അനിയന്ത്രിതമായി പൊട്ടിയൊഴുകാൻ തുടങ്ങി.

# 91- പോയ്പോയ വർഷം

### ഡോക്ടർ കെ.എൻ.രാജ്

സോവിയററ് സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥയുടെ കണ്ണഞ്ചിപ്പിക്കുന്ന അമ്പരപ്പിക്കുന്ന തകർച്ച 1991 ലെ മാത്രമല്ല രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിലെ ഏററവും വലിയ സംഭവമാണ്. യുദ്ധത്തിന്റെയോ വിപ്ലവത്തിന്റെയോ ഫലമായല്ല ഈ തകർച്ചയുണ്ടായത്. സംഭവപരമ്പരകളുടെ ഒരു സ്വാഭാവിക പരിണാമമായിരുന്നു അത്. അതുകൊണ്ട് തന്നെ ഈ തകർച്ച കൂടുതൽ അത്ഭുതകരമായി തീർന്നു. സോവിയററ് സാമ്പത്തികക്രമത്തിന്റെ പോക്കിനെ ഗൗരവമായി പഠിക്കുന്ന ഏതൊരാൾക്കും എന്തോ ചീഞ്ഞുനാറുന്നുണ്ടെന്നതിൽ സംശയമുണ്ടായിട്ടില്ല എന്നാൽ ഇന്ത്യയിലെ മാർകിസ്റ്റുകൾ എന്നവകാശപ്പെടുന്നവർ എല്ലാഴ്പ്പോഴും മുതലാളിത്തത്തിന്റെ തിന്മകളെക്കുറിച്ച് മാത്രമേ പുരപ്പുറത്ത് കയറിനിന്ന് പറഞ്ഞിട്ടുള്ളു. എന്നാൽ ഇതേ തിന്മകൾ സോവിയററ് യൂണിയനിലും ഏറിയും കുറഞ്ഞും പ്രകടമായിരുന്നു എന്നതാണ് സത്യം.

എന്നാൽ ഇത്തരമൊരു തകർച്ച ആരും മുൻകൂട്ടി കണ്ടിരുന്നില്ല. അതുകൊണ്ടാണ് ഈ തകർച്ച ലോകത്തെ മുഴുവൻ പിടിച്ചുകുലുക്കിയത്. അങ്ങനെ 1991 ചരിത്രത്തിലെ അവിസ്മരണീയമായ ഒരു വർഷമായി മാറി.

### കാസിം വാടാനപ്പള്ളി

ഉദയാസ്തമയങ്ങളെണ്ണി നാം കാലം കണക്കാക്കുന്നു. പക്ഷെ അപൂർവമായി സംഭവിക്കുന്ന ചരിത്രത്തിന്റെ ഉദയാസ്തമയങ്ങൾ കാലത്തിന്റെതന്നെ ഭാഗധേയം തിരുത്തിക്കുറിക്കുന്നു. അത്തരമൊരു അസ്തമയത്തിന് സാക്ഷ്യംവഹിച്ചുകൊണ്ടാണ് കഴിഞ്ഞ വർഷം കടന്നുപോയത്. യൂറോപ്പിലും ഏഷ്യയിലുമായി വ്യാപിച്ചുകിടന്നിരുന്ന, ലോകത്തിന്റെ ഏഴിലൊരംശം വിസ്തൃതിയുണ്ടായിരുന്ന ഒരു വൻ രാഷ്ട്രം ശിഥിലമായി. പരസ്പര വൈരുധ്യമുള്ള ഒട്ടേറെ ജനവർഗ്ഗങ്ങളെ ഒന്നിച്ചു നിർത്തിയ ഒരു ഭരണവ്യവസ്ഥ തകർന്നുപോയി. 1985ൽ മിഖായേൽ ഗോർബച്ചേവ് ഏറെറടുത്ത ഒരു ദൗത്യത്തിന്റെ വിജയകരമായ പരിസമാപ്തിയെന്നു പറയാം. ആജന്മശത്രുവായിരുന്ന അമേരിക്കയ്ക്ക് ആയുധബലംകൊണ്ട് അസ്തവീര്യമാക്കാനു കഴിയാതിരുന്ന സോവിയററുയൂനിയനെ 'ഗ്ലാസ്നോസ്ത്'കൊണ്ട് ശിഥിലമാക്കാൻ ഗോർബച്ചേവിനു കഴിഞ്ഞു. സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും പ്രവാചകനെന്നു വാഴ്ത്തപ്പെട്ട സമാധാന നോബൽസമ്മാന ജേതാവിന് സ്വന്തം ജനതയുടെ കൂട്ടായ്മയെ സംരക്ഷിക്കാൻ കഴിയാതെ പോയത് ചരിത്രത്തിന്റെ ക്രൂരമായ ഒരുവിധിവിപര്യയമാണ്.

നാളിതുവരെ അമേരിക്കയോടു കിടനില്ക്കുന്ന ഒരു സൈനീക മഹാശക്തിയായിരുന്നല്ലോ സോവിയററുയൂനിയൻ. ഒരു ലോകമഹായുദ്ധത്തിന്റെ ബാധ്യതയെ നിയന്ത്രിച്ചിരുന്നത് ആ വിരുദ്ധശക്തികളുടെ തുല്യബലമായിരുന്നു. സാർവ്വദേശിയ രംഗത്തെ ആ സന്തുലിതാവസ്ഥയാണ് ഇപ്പോൾ ഭീഷണി ഉയർന്നിരിക്കുന്നത്. ഇനിയങ്ങോട്ട് യുദ്ധത്തിന്റെയും സമാധാനത്തിന്റെയും കാർഡുകൾ കളിക്കുക അമേരിക്കതന്നെയായിരിക്കും.

### ആയിഷ. വി. എം

ലോകോളേജ്, കോഴിക്കോട്

91_ലെ അക്കാദമിക ജീവിതം സംഭവ ബഹുലമായിരുന്നു. ഇന്ത്യൻ അക്കാദമികവർഗ്ഗത്തിന്റെ പ്രതീക്ഷകൾ വെറും മരീചികയാണെന്ന് ഈ വർഷം ഒന്നുകൂടി അടിവരയിട്ടു. മൂല്യങ്ങൾക്ക് വമ്പിച്ച തകർച്ച സംഭവിക്കുകയും സ്ത്രീത്വം ഗുരുതരമായ വെല്ലുവിളികൾ നേരിടുകയും ചെയ്യുന്ന കാലമാണിത്. വിദ്യാർത്ഥി പ്രശ്നങ്ങളോടുള്ള അധികാരിവർഗ്ഗത്തിന്റെ സമീപനത്തിലും പ്രശ്നങ്ങളുടെ നേരെയുള്ള വിദ്യാർത്ഥി ലോകത്തിന്റെ പ്രതികരണത്തിലും കാതലായമാററങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ടെന്ന് തെളിയിച്ച വഷമാണ് നമ്മെ പിന്നിട്ടത്

---

# –92 വന്നെത്തിയ വർഷം

### ഒ. വി. വിജയൻ

ആശ്വാസ ചിത്തങ്ങളായ ഒട്ടനവധി അർദ്ധ സത്യങ്ങൾ തകർന്ന വഷമായിരുന്നു' 1991. 1991ന്റെ സൂചകങ്ങൾ പ്രധാനമായും രണ്ടും ദിശകളിലേക്കുള്ളതാണ്. രാഷ്ട്രീയ മൂർത്തീകരണം തേടുന്ന വംശീയ ജനാധിപത്യത്തിലേക്കും, ശീത സമരത്തിന്റെ ഉൽപ്പന്നമായി മൂന്നാം ലോകത്ത് നിലനിന്നിരുന്ന സ്വതന്ത്രമായ സംഘട്ടനങ്ങളിലേക്കും ഏകധ്രുവീയമായ പുതിയ ലോകം ദ്വിധ്രുവാത്മകവും അതിൽ അലേയമായി സ്വയം നിലകൊണ്ട് മൂന്നാം ലോകവും നൽകിയ ചിത്രത്തേക്കാൾ പ്രതീക്ഷാ ജനകമാണ്.



### ഡോ. സി. നാരായണ റെഡ്ഢി

എൽടിടിഇ, ഉൾഫ,പഞ്ചാബ് തീവ്രവാദികൾ, നക്സ്ലൈററ് തുടങ്ങിയ തീവ്രവാദികൾ, ജീവിതത്തിന്റെ സമൂലമായ രാഷ്ട്രീയ വൽക്കരണം. ആകപ്പാടെ ജീവിതം ഭയാനകമായിരിക്കുന്നു.

### പോൾകല്ലാനോട്

മനുഷ്യേച്ഛകൾ കൂടിയാണ് "ചരിത്ര ഗതിയെ നിർണ്ണയിക്കുന്നത്" എന്നതിനാൽ അടുത്ത വർഷത്തെക്കുറിച്ചുള്ള പ്രതീക്ഷ മനുഷ്യരിലുണ്ടാവേണ്ടതുണ്ട്. പക്ഷെ അതിനു മൂർത്തമായ ഒരു വിശദീകരണം സാധ്യമാണോ? ഇന്നുള്ളതിനേക്കാൾ ഭേദപ്പെട്ട ഒരു മനുഷ്യാവസ്ഥ അടുത്ത വർഷത്തിൽ നാം പ്രതീക്ഷിക്കുന്നു. അവനവനോടുതന്നെയുള്ള മന്ത്രണം മുതൽ അനന്ത സാധ്യതകളുള്ള മനുഷ്യന്റെ കർമ്മ സർഗ്ഗമണ്ഡലങ്ങൾ കൂടുതൽ സ്നേഹസമ്പന്നമായിത്തീരേണ്ടതുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ ആരും ആരെയും ഏല്പിക്കാതിരിക്കയും ഉത്തരവാദിത്തമായി സ്വയം

ഏറെറടുക്കേണ്ടതുമുണ്ട്. ഇതു ചെയ്യാനുള്ള സന്മനസ്സ് എനിക്കും മററുള്ളവർക്കും ഉണ്ടായിത്തീരട്ടെ എന്നു ഞാൻ പ്രത്യാശിക്കുന്നു. തീർച്ചയായും കഴിഞ്ഞ വർഷത്തിന്റെ തിക്താനുഭവങ്ങൾ ഇന്ത്യ 1992ൽ ആവർത്തിക്കാതിരിക്കയും ചെയ്യുമെന്ന് സ്വപ്നം കാണുകയും ചെയ്യുന്നു.

## വസന്ത് സാഥേ

രാഷ്ട്രീയ മാററങ്ങളാൽ സംഭവ ബഹുലവും സാമ്പത്തിക— സാമൂഹ്യ തുറകളിൽ ഉണ്ടായ മാററങ്ങളാൽ സവിശേഷവുമായ വർഷമായിരുന്നു 91. ചന്ദ്രശേഖർ സർക്കാർ തുടക്കത്തിലേ തകർന്ന് വീണതിനെ തുടർന്ന് തെരഞ്ഞെടുപ്പ് അനിവാര്യമായി വന്നു. രാജീവ് ഗാന്ധിയുടെ വധം രാഷ്ട്രീയ തലത്തിൽ സമൂലമാററത്തിനിടയാക്കി. നിർണ്ണായകമായ ഈ ദശാസന്ധിയിൽ കോൺഗ്രസ്സ് ഒററക്കെട്ടായി നിലകൊണ്ടത് രാജ്യത്തിന്ന് സ്ഥൈര്യം പകർന്നു.

രാജ്യത്തിന്റെ സ്ഥിരതയ്ക്ക് സഹായിച്ച മറെറാരു ഘടകം ജനതാദളിന്റെയും ബി. ജെ.പിയുടെയും നയമാണ്. അവർ സർക്കാറിനെ താഴെയിറക്കാൻ ബദ്ധപ്പെട്ടില്ല. നരസിംഹറാവുവിന്റെ നയപരമായ ചാതുര്യത്തോട് ഇതിന്ന് നാം കടപ്പെട്ടിരിക്കുന്നു. അദ്ദേഹം സംഘട്ടനങ്ങൾ പരമാവധി ഒഴിവാക്കി. രാജ്യത്തിന്റെ വിശാല താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ട അവസരമാണിതെന്ന് മനസ്സിലാക്കി.

ജാതീയവും വർഗ്ഗീയവുമായ ശക്തികൾ കരുത്താർജ്ജിച്ച് രാജ്യത്തിന്റെ ഐക്യത്തിന്നെതിരെ ശക്തിയായ ഭീഷണിയുയർത്തുന്നു. പക്ഷെ രാഷ്ട്രീയ സുസ്ഥിരതക്ക് വേണ്ടി നാമിനിയും പൊരുതുകയും സാമ്പത്തികരംഗം വികസനോന്മുഖമാക്കുകയും ചെയ്താൽ 1992 നമ്മുടെ ചരിത്രത്തിലെ ഒരു വഴിത്തിരിവാവും.

## വി. പി. സിംഗ്

സംഭവബഹുലമായ ഒരു വർഷം. കാര്യങ്ങൾ ഇനിയും യഥാർത്ഥ പാളത്തിലെത്തിയിട്ടില്ല. സെപ്തംബറിലോ ഒക്ടോബറിലോ ഈ സ്ഥിതിക്ക് മാററമുണ്ടായേക്കും. കോൺഗ്രസ്സ് ഇനിയൊരിക്കലും ഏകശിലയിൽ വാർത്തെടുക്കപ്പെട്ട എതിരില്ലാത്ത അധികാരാതിനായകൻമാരല്ല കോൺഗ്രസ്സ്. 'ബദലില്ലാ' സിദ്ധാന്തം തകർക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു.

ഈ വഷ്ത്തിന്റെ രാഷ്ട്രീയ സംരചനയെങ്ങിനെയായിരിക്കുമെന്ന് പറയാനാവില്ല സാമൂഹ്യനീതിയെന്ന മുദ്രാവാക്യം ഇന്നും അന്തരീക്ഷത്തിൽ സജീവമായുണ്ട്. ശിവസേനപോലും അതിന്റെ സ്വാധീനവലയത്തിലാണ്. കോൺഗ്രസ്സിന്റെ രാഷ്ട്രീയ അടിത്തറ പുതിയ ഒരു തലത്തിലേക്ക് മാറിയിരിക്കുന്നു. ദലിതുകളും, പിന്നോക്കക്കാരും പുതിയൊരു മുന്നണിയായി രൂപം കൊള്ളുന്നു.

നാണ്യപെരുപ്പത്തിന്ന് പുറമേ വളത്തിന്റേയും മററും വിലയിലുണ്ടായ വർദ്ധന ജനങ്ങളിൽ കാര്യമായി ചലനമൊന്നുമുണ്ടാക്കിയില്ല. രാഷ്ട്രീയ നയരൂപീകരണത്തിന്നുള്ള അവകാശത്തിന്ന് വേണ്ടിയുള്ള പോരാട്ടം നമുക്കിനിയുള്ള ദിനങ്ങളിൽ കാണാം.

## സുരേന്ദ്രൻ മൂർക്കനാട്

(BA. സോഷ്യോളജി)

92 എന്തുകൊണ്ടും കഴിഞ്ഞ വർഷത്തേക്കാൾ ഇരുളടഞ്ഞതും കലാപ പൂരിതവുമായിരിക്കും. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്ന ഭരണഘടനയുടെ സിദ്ധാന്തങ്ങളും അസമത്വം, അനീതി അക്രമം എന്ന മനുവിന്റെ സിദ്ധാന്തങ്ങളും തമ്മിലുള്ള പോരാട്ടത്തിൽ ആദ്യത്തേതിനു തന്നെ ഇനിയും പരാജയം സംഭവിക്കും. ദുഃഖത്തിന്റെയും ദുരിതത്തിന്റെയും ജീവിതം നയിക്കാൻ വിധിക്കപ്പെട്ടവരെ കാത്തിരിക്കുന്നത് തുല്യതയില്ലാത്ത കഷ്ടപാടുകൾ തന്നെയായിരിക്കും. ഇന്ത്യയുടെ ശാപമായ ജാതീയ കലാപങ്ങളുടെ അഗ്നിജ്വാലകൾ ആളിപടരുകയും അധ്വാന വർഗ്ഗത്തിന്റെ ചോരപ്പുഴകൾ കൂടുതൽ തീർക്കപ്പെടുകയും ചെയ്യും. ഒരു വശത്ത് 'ലോകാ സമസ്താ സുഖിനോഭവന്തു' എന്ന മന്ത്രം ജപിക്കുകയും മറുവശത്ത് ആയിരങ്ങളെ കൂട്ടകൊല ചെയ്യുകയും ചെയ്യുന്ന ഭീകരതകൊണ്ട് ഇന്ത്യൻ രാത്രികൾ നിറക്കപ്പെടും. ഗാന്ധിക്ക് പകരം ഗോഡ്സെയും മഹാബലിക്ക് പകരം വാമനനും ആരാധിക്കപെടുമെങ്കിലും രാമനു പകരം രാവണൻ വരാൻ സാധ്യതയില്ല. ചക്രവാളത്തിൽ ഇരുണ്ടുകാണുന്നത് ഹൈന്ദവ ധ്രുവീകരണവും ഉഗ്രവാദവുമാണ്. അതിനെതിരെ പീഡിതരും മർദ്ദിതരുമായ ബഹു ഭൂരിപക്ഷത്തിന്റെ കൂട്ടായ ശബ്ദത്തിനുവേണ്ടിയുള്ള ചില ഒററപ്പെട്ട ശ്രമങ്ങൾ ഉണ്ടായിവരും.

# അപരിചിതർ

## ദിൽഷാദ് വാളശേരി



'ഹ, ഹ, ഹാ എന്നാലുമെന്റെ ശ്യാം....' ഉറക്കെ പൊട്ടിച്ചിരിച്ചുകൊണ്ട് അർദ്ധോക്തിയിൽ പറഞ്ഞുനിർത്തിയത് പീററർ ആണ്. നുരയുന്ന ഗ്ലാസ്സുകളിലൊരെണ്ണം കടന്നെടുത്തുകൊണ്ട് വിഷ്ണു കുഴയുന്ന വാക്കുകളിൽ പൂർത്തീകരിച്ചു, 'പാർക്കിലും കോഫീബാറിലും ഇടക്കിടെ കണ്ടപ്പോഴൊന്നും ഇത്രത്തോളം പോവുംന്ന് കരുതിയില്ല. എന്തായാലും ഇത് തീക്കളിയാണ്, സൂക്ഷിച്ചിരുന്നാൽ നന്ന്'. ഗ്ലാസ്സുകൾ കൂട്ടിയടിക്കുന്ന ചിയേഴ്സ് ശബ്ദങ്ങൾക്കിടയിൽ ശ്യാം മനോഹറിന് സ്വന്തം ശബ്ദം നഷ്ടപ്പെടുകയായിരുന്നു. കൈകളിൽ തല താങ്ങിക്കൊണ്ട് അപരാധിയെപ്പോലെ അവനിരുന്നു. നിലം തൊടാത്ത കാലുകളിൽ ശരീരം എങ്ങനെയോ താങ്ങിപ്പിടിച്ച് അടുത്തെത്തിയ രഘു പതുക്കെ തോളിൽത്തട്ടി,

'അവസാനം, സ്ററണ്ടിന് സാക്ഷാൽ യേശുക്രിസ്തുവായിരിക്കും ശ്യാം. എന്തുതോന്നുന്നു?'

തുടർന്ന് പൊട്ടിച്ചിരികളുടെ ആരവം മുറിയെ മൂടാൻ തുടങ്ങി. മേൽക്കൂര കടന്നു് അത് ആകാശത്തോളമുയരാൻ തുടങ്ങിയപ്പോൾ ശ്യാം മനോഹർ പതുക്കെ പുറത്തിറങ്ങി. പുറകിലപ്പോഴും ശബ്ദഘോഷം അരങ്ങുതകർക്കുകയായിരുന്നു.

'രാത്രികൾക്കെപ്പോഴും സൗന്ദര്യം കൂടുതലാണ്...' സിസ്ററർ ജോസഫൈൻ പറയുകയാണ്. ആ നീണ്ട വിരലുകളിലൊരെണ്ണം പതുക്കെ ഹൃദയത്തിൽ തൊടുന്നതായാണ് ശ്യാം മനോഹറിന് തോന്നിയത്. ഇരുട്ടിൽ, അവൻ തന്നോടുതന്നെ പുഞ്ചിരിക്കാൻ തുടങ്ങി.

അതെന്താ?'

'കുറുപ്പിന് ഏഴഴകാണെന്ന് ശ്യാമിനറിഞ്ഞൂടെ? നിന്റെ പേരു തന്നെ നോക്ക്'.

നഗരത്തിലെ കടകൾ അടഞ്ഞു തുടങ്ങുകയായിരുന്നു. തിരക്കെല്ലാം കുറഞ്ഞ റോഡിലൂടെ നടക്കുമ്പോൾ കാലുകൾക്ക് പ്രത്യേക ലക്ഷ്യമൊന്നുമുണ്ടായിരുന്നില്ല. എങ്കിലും വഴികളില്ലാത്ത ആ യാത്രയുടെയും അവസാനത്തിൽ അവനെത്തിയത് ആ ക്രൂശിതരൂപത്തിൽ തന്നെയായിരുന്നു 'ഹോളി ഫാമിലി കോൺവെൻറ്!' പരസ്യപ്പലകകളുടെ കാലുകളിലൊന്നിൽ ചാരി അവൻ ദൂരേക്കുനോക്കി ഉയർന്നു നില്ക്കുന്ന കെട്ടിടത്തിന്റെ കൊത്തിവെച്ച ശില്പത്തിൽ കണ്ണുകളുടക്കിയപ്പോൾ കാലം ഏറെ പുറകോട്ട് പായുകയായിരുന്നു. ഒരു നാളും തൊട്ടറിയാനാവാത്ത ഒരു താരാട്ടിന്റെ ഈണം പതുക്കെ ഹൃദയത്തിലൂടെ കടന്നു പോയി. ശില്പത്തിൽ പുഞ്ചിരിതൂകുന്ന കന്യാമറിയത്തിന്റെ കൈകൾ അപ്പോൾ അവനു നേർക്ക് നീളുകയായിരുന്നു, ഒരു താരാട്ടിന്റെ നനുത്ത സ്പർശം മനസിനു നേർക്കും.

പിറേറന്ന്, ഓളങ്ങൾ വന്നിടിച്ച് തിരികെപ്പോവുന്ന ബോൾഗാട്ടി പാലസിന്റെ ചുററുമതിലിൽ ഒരൊഴിഞ്ഞ കോണിലിരുന്ന് സിസ്റ്റർ ജോസഫൈൻ അന്നത്തെ വിശേഷങ്ങൾ പറയാൻ തുടങ്ങി. കുട്ടികളുമൊത്ത് എങ്ങോ വിനോദയാത്ര പോകാൻ തീരുമാനിച്ചതും, പുതുതായൊരുടീച്ചറെത്തിയതും

'ശ്യാമെന്താ ഒന്നും മിണ്ടാത്തത്'

'ഒന്നൂല്ല്യ....'

'അല്ല, എന്തോ ഉണ്ട്. എന്താണ്?'

'ഏയ്, ഒന്നൂല്ല്യാ....'

പെട്ടെന്ന്, ഇരുന്നിടത്തു നിന്നെണീററ് സിസ്റ്റർ അവന്റെ തൊട്ടരികിൽ വന്നിരുന്നു. ഒന്നും, മിണ്ടാതെ, ശ്യാം അപ്പോൾ നോക്കിയിരുന്നത് കൊന്തയിലെ ക്രിസ്തുവിനെയാണ്. അവന്റെ കൈവിരലുകളിൽ തന്റെ വിരലുകൾ കോർത്തുകൊണ്ട് സിസ്റ്റർ അവന്റെ കണ്ണുകളിലേക്ക് നോക്കി. പലപ്പോഴായി ആശിച്ച ആ കണ്ണുകളുടെ അഗാധതയിൽ ചോദിക്കാനറിയാത്ത ഏതോ ചോദ്യത്തിന്റെ ഉത്തരം തേടുകയായിരുന്നവൾ-പിന്നെ പതുക്കെ അവന്റെ മുഖം കൈയിൽ കോരിയെടുത്തുകൊണ്ട് സിസ്റ്റർ തന്നെ ചോദിച്ചു. 'നീയെന്റെ ആരാ? 'മന്വന്തരങ്ങളായി താനിങ്ങനെയിരിക്കുകയായിരുന്നുവെന്നാണ് അവനു് തോന്നിയത്. പക്ഷെ, അപ്പോഴും അവന് പറയാൻ ഒരുത്തരവുമുണ്ടായിരുന്നില്ല

ആൻമേരിയുടെ ദിനങ്ങൾക്കൊന്നും ഒരിക്കലും തിളക്കം കൂടുതലായിരുന്നില്ല. പാഠങ്ങളുടെ തിരക്കൊഴിയുന്ന ഞായറാഴ്ചകളിലെ മെഴുകുതിരിവെട്ടം പലപ്പോഴും അവൾക്ക് പ

തിയ പ്രകാശം നൽകി. ജീവിതത്തിന്റെ ലക്ഷ്യവും ലക്ഷ്യമില്ലായ്മയും ആൻമേരിക്കെപ്പോഴും ചോദ്യചിഹ്നങ്ങളായിരുന്നു. പിന്നീടൊരിക്കൽ, ക്രൂശിക്കപ്പെട്ട തിരുരൂപത്തിനു മുൻപിൽ മുട്ടുകുത്തി നില്ക്കുന്ന ആൻമേരിയുടെ മുഖത്ത് സിസ്റ്റർ ലയോള ദർശിച്ചത് കന്യകാമാതാവിനെയാണ്. ജീവിതത്തിന്റെ കർമ്മപഥത്തിലേക്ക് മകനെ യാത്രയാക്കി അനന്തമായ കാത്തിരിപ്പ് തുടരുന്ന അമ്മയെ.... ആളുകളെല്ലാമൊഴിഞ്ഞ്, ദേവാലയം മൂകമായിട്ടും ആൻമേരിയുടെ ദൃഷ്ടി മുൾക്കിരീടമണിഞ്ഞ ആ മുഖത്തു തന്നെയായിരുന്നു.

'നിനക്കെന്തു പററികുട്ടി?'

കവിളിലൂടെ ഒലിച്ചിറങ്ങുന്ന കണ്ണീർ പതുക്കെ തുടച്ചുകൊടുത്തുകൊണ്ട് സിസ്റ്റർ ലയോള ചോദിച്ചു ഒന്നുമില്ലെന്ന് തലയാട്ടിക്കൊണ്ട്, അവൾ മാതാവിന്റെ രൂപത്തിലേക്ക് വിരൽ ചൂണ്ടി. അവളുടെ തലമുടിയിൽ പതുക്കെ തലോടിക്കൊണ്ട് സിസ്റ്റർ പറഞ്ഞു. 'നിന്റെ വഴി ഇത് എന്ന് നിർദ്ദേശിക്കാൻ എനിക്കാവില്ലല്ലോ, എന്റെ കുട്ടീ'....

സിസ്റ്ററുടെ മാറിൽ മുഖമമർത്തി കണ്ണടച്ച് നില്ക്കുമ്പോൾ ആൻമേരി സിസ്റ്റർജോസഫൈനിലേക്കുള്ള ദൂരം പൂർത്തിയാക്കുകയായിരുന്നു.

നാട്ടിലേക്കുള്ള ട്രാൻസ്ഫർ ഓർഡർ കയ്യിൽ കിട്ടുമ്പോൾ സന്തോഷിക്കേണ്ടതാണ് ദുഃഖമെന്നോ സന്തോഷമെന്നോ വേർതിരിച്ചറിയാനാവാത്ത ശ്യാം മനോഹറിന്റെ മുഖഭാവം നോക്കി രഘു ചോദിച്ചു.

'പോണില്ലേ?'

'ഉവ്വ്. പോകണം.'

'പിന്നെ?'

ഓർമ്മയുണ്ട് ഇന്നലെ രഘു പറഞ്ഞ വാക്കുകൾ, **'Whats the relationship between you?'**

എന്താണ് പറയേണ്ടത്?

വെറും സുഹൃത്തെന്നോ? കാമുകിയെന്നോ? അമ്മയെന്നോ? എന്താണ്? ദയനീയമായി രഘുവിന്റെ മുഖത്തേക്കു നോക്കി ദിവസങ്ങളേറെയായി ഈ ചോദ്യത്തിനുത്തരം തേടുകയാണീ ഞാനുമെന്നു് പറയാൻ തോന്നിയതാണ് പക്ഷേ....

'നീ ഇരിക്ക് ഞാൻ പീററിനെയും വിഷ്ണുവിനെയും കിട്ടുമോന്ന് നോക്കട്ടെ'

പിന്നെ യാത്രയയപ്പിന്റെ ബഹളങ്ങൾ സാധനങ്ങളെല്ലാം പായ്ക്കു ചെയ്തത് രഘുവാണ്. തന്നെ ആശ്ലേഷിച്ചുകൊണ്ട് നിറഞ്ഞ കണ്ണുകളുമായി പീററർ. ദുഃഖം പുരണ്ട മുഖത്തോടെ ചുമരിൽ തൂക്കിയിട്ട തന്റെ പ്രിയപ്പെട്ട ചിത്രം ഇളക്കിയെടുക്കുകയാണ് രഘു. സഹപ്രവർകത്തരെ ഓരോരുത്തരെയായി കണ്ട്യാത്ര പറഞ്ഞ് പുറത്തേക്കിറങ്ങുമ്പോൾ ആരോ ചോദിച്ചു.

'എപ്പഴാ പോണ്'

'രാവിലത്തെ ട്രെയിനിന്'

വീണ്ടും ഒരു നിയോഗം പോലെ അവൻ നടക്കാൻ തുടങ്ങി വഴിയരികിലെ ബഹളങ്ങളൊന്നു അവനറിയുന്നേയുണ്ടായിരുന്നില്ല. കടന്നുപോകുന്ന വാഹനങ്ങളൊന്നും അവന്റെ കണ്ണിൽപ്പെട്ടിരുന്നില്ല.

ഹോളിഫാമിലി കോൺവെൻറിന്റെ ഗേററിനുമുമ്പിൽ അവനൊരുനിമിഷം നിന്നു. പിന്നെ ഒരാവേശത്തോടെ ഗേററ് തള്ളിത്തുറന്നു. മുററത്ത് വട്ടമിട്ടിരുന്ന് ഏതോ കളിയിൽ മുഴുകിയിരുന്ന കുട്ടികളോട് ഒരു സിസ്റ്റർ അകത്തുപോവാൻ പറയുന്നു. 'രാത്രിയാവുന്നു എല്ലാവരും മുറികളിലേക്ക് തിരിച്ചുപോവൂ' പിന്നീട്, ചോദ്യഭാവത്തിൽ അവരവന്റെ മുഖത്തേക്ക് നോക്കി. സംശയം കൂടാതെ അവൻ പറഞ്ഞു. 'സിസ്ററർ ജോസഫൈൻ'

'വിളിക്കാം'

കടന്നുവന്ന ജോസഫൈന്റെ മുഖത്ത് അത്ഭുതവും സന്തോഷവുമുണ്ടായിരുന്നു. സന്ദർശകമുറിയിലപ്പോൾ കുറെശ്ശേ ഇരുട്ടുപരക്കാൻ തുടങ്ങിയിരിക്കുന്നു. കാററിൽ, കൊളുത്തിടാത്ത ഒരു ജനൽപ്പാളി ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു.

'എന്തേ, എന്തേ ശ്യാം?' സിസ്ററുടെ ശബ്ദം.

ഉത്തരം പറയാൻ ശ്യാമിന് നിമിഷങ്ങൾ വേണ്ടിവന്നു. എല്ലാം പറഞ്ഞുതീർന്നപ്പോൾ സിസ്ററർ ജനലിലൂടെ പുറത്തേക്ക് നോക്കിക്കൊണ്ടിരുന്നു. നഷ്ടപ്പെട്ടെന്നുതന്നെ കരുതിയപ്പോൾ എങ്ങോ വെച്ച് തിരിച്ചു കിട്ടിയ വിലപിടിച്ചൊരു വസ്തു വീണ്ടും നഷ്ടമാകുന്ന വേദനയായിരുന്നു ശ്യാം മനോഹറിന് വിവരിക്കാനാവാത്ത എന്തൊക്കെയോ വികാരങ്ങൾ അവന്റെ മനസിലൂടെ സഞ്ചരിക്കുകയായിരുന്നു. ജനൽപാളി പതുക്കെ തനിയെ തുറന്നടഞ്ഞപ്പോൾ വെളിച്ചത്തിന്റെ ഒരു കീറ് മുറിയിലേക്കെത്തി എഴുന്നേററ് സിസ്ററർ ശ്യാംമനോഹറിന്റെ അടുത്തെത്തി. മെല്ലെ അവനെ അണച്ചു പിടിച്ചുകൊണ്ട് അവന്റെ തലയിലും പുറത്തും അരുമയോടെ തലോടാൻ തുടങ്ങി. അപ്പോൾ ഒരു താരാട്ടെന്നോ പ്രണയഗീതമെന്നോ തിരിച്ചറിയാനാവാത്ത വരികളുടെ ഈണം ചുററുനിന്ന് വന്ന് മുറിയിൽ നിറയാൻ തുടങ്ങുകയായിരുന്നു. അതിലലിഞ്ഞ് പരസ്പരം നോക്കിയിരിക്കുമ്പോഴും രണ്ടുപേരും പരസ്പരം എന്തോ തിരഞ്ഞുകൊണ്ടിരുന്നു. പെട്ടന്ന് വരാന്തയിലെ കാലടി ശബ്ദം അടുത്തടുത്തുവന്നു. മെല്ലെ പിടിവിട്ടുകൊണ്ട് സിസ്ററർ തിരിഞ്ഞു നടന്നു. അപ്പോഴും ഇരുട്ടിൽ സിസ്ററർ ജോസഫൈന്റെ മുഖഭാവം തിരിച്ചറിയാൻ ശ്യാംമനോഹറിനായില്ല, ശ്യാംമനോഹറിന്റെ മുഖഭാവമറിയാൻ സിസ്ററർ ജോസഫൈനും—

# ഡോക്ടറേററ്

അശോകൻ പി. എം. സി.

വാർത്താമാധ്യമങ്ങളിൽ മററ് പലതിനെപ്പോലെയും സ്ഥലം പിടിച്ചിരിക്കുന്ന ഒന്നാണല്ലോ യൂനിവേഴ്സിററികളുടെ ഡോക്ടറേററ് ബിരുദദാനം. സമൂഹത്തെ വെളിച്ചത്തിന്റെ മുൻപന്തിയിലേക്ക് കൊണ്ടുവരത്തക്കവയാണ് മിക്ക 'തീസിസ്'കളെങ്കിലും മിക്കതും യൂനിവേർസിററി അലമാറയിലെ 'ചിതലി'ന്ന് ദാനം ചെയ്തിരിക്കയാണ്.

ഏത് വിഷയമായാലും ശരി തന്റെ അധ്വാനം സമൂഹത്തിന്ന് കൂടി ഉപകാരപ്രദമാക്കത്തക്കവിധം റീസർച്ച്' ജനങ്ങളിലേക്ക് എത്തിക്കാനുള്ള സംവിധാനം ഇന്നില്ല. ഈയിടെ ഡോക്ടറേററ് നൽകപ്പെട്ട രണ്ട് വിഷയത്തെ മാത്രം ഇവിടെ പരാമർശിക്കട്ടെ. ഇസ്ലാമിന്റെ ചരിത്രം, ഔഷധച്ചെടികൾ എന്നിവയിൽ നടത്തിയ ഗവേഷണം ചരിത്രഗവേഷകന്മാരേപ്പോലും വെല്ലുവിളിക്കത്തക്ക പല സത്യങ്ങളും വസ്തുതകളും അഥവാ നേടിയിട്ടുണ്ടെങ്കിൽ പുറം ലോകം അതറിയുന്നുണ്ടോ? ''അറിവ് വെളിയിലല്ല. അകത്താണ്'' എന്ന് പറയാറുണ്ട്. അതുകൊണ്ടാണോ ഇത്തരം തീസിസ്സുകൾ യൂനിവേർസികളുടെ അകത്തു് നിന്ന് പുറത്തു് വിടാത്തത്? വിദ്യാഭ്യാസം കയ്യടക്കിവെക്കലിന്റെ ഒരു ഭാഗം എന്ന് മാത്രമെ ഇതിനെക്കുറിച്ച് പറഞ്ഞുകൂട്ടു

ഡോക്ടറേററ് അധ്യാപനവേദിയിൽ ഉയർന്ന വേതനാർത്ഥികളായി അന്തസ്സ് വീണ്ടെടുക്കുവാനും ഉദ്യോഗകയററഉപാധിയുമാക്കി മാററരുത്. മേൽപ്പറഞ്ഞ വിഷയങ്ങളെപ്പോലെ ഒട്ടനവധി വിഷയങ്ങൾ തികച്ചും സമൂഹമറിയേണ്ടതുതന്നെയാണ്. വിദഗ്ദ പണ്ഡിതരെപ്പോലെ തന്നെ മനുഷ്യനെ നിർമ്മിക്കുന്ന വിദ്യാഭ്യാസ വ്യവസായ ശാലയിലെ ഒഴിച്ചുകൂടാത്ത കണ്ണികളാണ് ഡോക്ടറേററ് ബിരുദധാരികളും

വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളം ഇന്ന് IAS IPS, IFS എന്നീ കേഡറുകളിൽ പിന്നിൽ നിൽക്കുന്നു. ഡോക്ടർ, എഞ്ചിനീയർ, വക്കീൽ എന്നതു മാത്രമാണ് ഇന്നത്തെ വിദ്യാഭ്യാസം കൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത് അതിന്നായി ജനറൽ നോളജിന്റെ ആവശ്യവും കുറയുമെല്ലോ വായിക്കാൻ ഇവിടെ അനവധിയുണ്ട്. പക്ഷെ എല്ലാം സംസ്കാരത്തെ വീർപ്പുമുട്ടിക്കുന്നവയാണെന്ന് മാത്രം. മററ് സാഹിത്യകൃതികളിൽ നിന്ന് വ്യത്യസ്ഥവും ദിവ്യവും വിദ്യാഭ്യാസ രംഗത്ത് വിപ്ലവാത്മകരമായ പരിഷ്കാരങ്ങൾ വരുത്താൻ ശക്തിയുള്ള 'ഗവേഷണങ്ങൾ' ഏതാനും പേർക്കുമാത്രം വായിക്കാനുള്ള സ്വകാര്യസ്വത്താക്കി മാററുന്ന പ്രവണത ഇനിയെങ്കിലും ഒഴിവാക്കിയേ പററൂ.

വിദ്യാഭ്യാസത്തിന്റെ ഗുണപരമായ മാററത്തിന്ന് അടിത്തറയിടാൻ ഡോക്ടറേററ് ബിരുദധാരികളും, വിദ്യാർത്ഥികളും യൂനിവേർസിററികളുടെ മുഖാന്തരമോ മററു മാധ്യമങ്ങൾ വഴിയോ തന്റെ ഗവേഷണം പ്രസിദ്ധീകരിക്കാനുള്ള കർമ്മ പരിപാടി ചെയ്യേണ്ടതുണ്ട്. അധികൃതരുടെ ശ്രദ്ധയും ഇതിലേക്ക് ക്ഷണിക്കുന്നു.

സ്വാമിവിവേകാനന്ദൻ പറഞ്ഞു ''കുറെ വിവരം നൽകിയാലത് വിദ്യാഭ്യാസമല്ല, മനുഷ്യനാക്കുന്ന ജീവിതത്തിന് കരുതേകുന്ന ആശയങ്ങൾക്കാകണം വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം.''

# ഇന്ത്യൻ മതേതരത്വവും ഫാസിസ്റ്റ് ഭീഷണിയും

●

**ഡോ. കെ. മാധവൻകുട്ടി**

ഒരമ്പതുകൊല്ലം മുമ്പു കേരളത്തിൽ ശ്ലോകനിർമ്മാണം ഒരു വിനോദം ആയിരുന്നു. ഇംഗ്ലീഷിൽ നോൺസെൻസ് (Non sense) വിഭാഗത്തിൽപെടുന്ന ശ്ലോകങ്ങളാണ്. ഇങ്ങിനെ ഉണ്ടാക്കപ്പെട്ടിരുന്നത്. കാര്യകാരണബന്ധമൊന്നുമില്ലാത്ത ഒരു നാലാമത്തെവരി നൽകും. ഉദാ: പിപീലികാ ദന്തിവരം പ്രസ്ക്രിതെ. (എറുമ്പ് കൊമ്പനാനയെ പ്രസവിക്കുന്നു) എന്ന മട്ടിൽ എന്നിട്ടു ആദ്യത്തെ മൂന്നു വരി നിർമ്മിക്കുവാൻ പറയും. ഫാസിസ്റ്റു ഭീഷണിയെപററി കേട്ടപ്പോൾ എനിക്കു ഇത്തരത്തിലുള്ള ഒരു വരിയാണു ഓർമ്മവന്നത്. ''കുതിരയുടെ കൊമ്പിൽ നിന്നു കണ്ണീരൊലിക്കും'' എന്നായിരുന്നു നാലാമത്തെവരി. അതു ഒരു കവി പൂരിപ്പിച്ചതിപ്രകാരമാണ്.

''കുതിരവനൊരു കാലം
വിന്ധ്യനാമബ്ധിചാടി
പരിചൊട്ടു ലവണാബ്ധിക്കപ്പുറ
ത്തെത്തുമെങ്കിൽ
പതിവിനു വിപരീതം കാണു
മെല്ലാസ്ഥലത്തും
കുതിരയുടെ കൊമ്പിൽനിന്നു
കണ്ണീരൊലിക്കും.''

ഈ ശ്ലോകം ഓർമ്മവരാൻ കാരണം, ഇന്ത്യയിൽ ഫാസിസ്റ്റ് ഭീഷണി ഉയരണമെങ്കിൽ എല്ലാ സ്ഥലത്തും പതിവിനു വിപരീതം ഭവിക്കുകയും, കുതിരയുടെ കൊമ്പിൽനിന്നു കണ്ണീർഒലിക്കുകയും വേണമെന്നുള്ളതുകൊണ്ടാണ് ഏതാണ്ടു നമ്മോടൊന്നിച്ചു സ്വാതന്ത്ര്യം ലഭിച്ചതായ പല രാജ്യങ്ങളും (ഉദാ: പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഘാനിസ്ഥാൻ, പസഫിക രാജ്യങ്ങൾ, ക്യൂബ) ഫാസിസ്റ്റ് ഭരണത്തിൻ കീഴിലമർന്നപ്പോൾ ഭാരതം മാത്രം എത്രയേറെ വൈകല്യങ്ങളോടുകൂടിയതും, പരാധീനങ്ങൾ നിറഞ്ഞതും ആണെങ്കിലും പ്രജായത്ത ഭരണ സംവിധാനം ഉയർത്തിപ്പിടിച്ചു എന്നതു നമുക്കേവർക്കും അഭിമാനിക്കത്തക്ക ഒരു വസ്തുത ആണ്. ആ ഉദാത്തമായ സ്ഥിതിവിശേഷത്തെ മറികടന്നു ഇവിടെ ആർക്കും ഫാസിസം സ്ഥാപിക്കുവാൻ കഴിയുകയില്ല എന്നതു കരതലാമലകം പോലെ സ്പഷ്ടമാണ്. അതുകൊണ്ട്തന്നെ യാതൊരു ഫാസിസ്റ്റുഭീഷണിയും ഇല്ല എന്നു ആമുഖമായി പറഞ്ഞു കൊള്ളട്ടെ.

## ഇന്ത്യൻ മതേതരത്വം നിർവ്വചിക്കപ്പെടാത്ത ഒരാശയം

''മതേതരത്വം'' എന്ന വാക്കിന്റെ നിർവ്വചനംതന്നെ ആറു അന്ധന്മാർ ആനയെ കാണാൻ പോയ കഥ മാതിരിയാണ്. പലർക്കും അതു പല ദൃശ്യങ്ങളാണ് നൽകുന്നത്. ഇന്ത്യൻ മതേതരത്വത്തിന്റെ കഥയൊട്ടു പറയുകയുംവേണ്ട. പടയും പേടിച്ചു പന്തളത്തുപോയപ്പോൾ അവിടെയുള്ള പന്തം കൊളുത്തി പടയാണ് ഇന്ത്യൻ മതേതരത്വം എന്നതു Secular എന്ന ഇംഗ്ലീഷുവാക്കിന്റെ പരിഭാഷയാണല്ലോ. Secular എന്ന വാക്കിനു Chamlris Dictaionaryയിൽരണ്ടു അർത്ഥങ്ങളാണ്കൊടുത്തിട്ടുള്ളത് (Rcege 1000) അതിൽ ഒന്നാമത്തേതു ജീവിതത്തിൽ (അഥവാ നൂററാണ്ടിൽ) ഒരിക്കൽ മാത്രം കാണുന്നതു എന്നാണ്. രണ്ടാമത്തെ അർത്ഥത്തിലാണ് നാം ആ പദം ഉപയോഗിക്കാറുള്ളത്. അതായത് അദ്ധ്യാത്മികമല്ലാത്തതു, അഥവാ മതവുമായി ബന്ധമില്ലാത്തതു എന്നാണ് ഈ അർത്ഥം. അത്തരത്തിലുള്ള ഒരു അനന്യസംബന്ധമായ (Absclute) സെക്യുലറിസ്റ്റ് കാഴ്ചപ്പാട് എവിടെയെങ്കിലും കാണുമോ എന്ന സംശയമാണ്. ഏതായാലും ഭാരതത്തിൽ ആർക്കുംഇല്ല. മതം ഭാഷ, വർഗ്ഗം, ജോലി, എന്നിവയെല്ലാംതന്നെ വ്യക്തികളെ തമ്മിൽ അടുപ്പിക്കുന്ന വലിയ ഘടകങ്ങളാണ്. ഇതിൽ ഏതെങ്കിലും ചിലതു സ്വാധീനിക്കാത്ത ഇന്ത്യക്കാർ വിരളമാണ്. മാത്രമല്ല ഇത്തരം ബന്ധങ്ങൾ അമേരിക്കയിലും, ഇംഗ്ലണ്ടി

ളും, യൂഗോസ്ലാവിയയിലും, എന്നു വേണ്ട റഷ്യയിൽപോലും സർവ്വസാധാരണമാണ്. അമേരിക്കയിൽ ഐറിഷു കത്തോലിക്കർ പലപ്പോഴും ഒന്നായി ചേരുന്നതു കാണാം. ജൂതന്മാർ തമ്മിൽ വളരെ ഐകമത്യത്തോടു കൂടി ജീവിക്കാറുണ്ട്. ജൂതന്മാർ താമസിക്കുന്ന തെരുവുകളും, ചൈനാടൌണുകളും അമേരിക്കയിലും, യൂറോപ്യൻ രാജ്യങ്ങളിലും ഉള്ള മിക്ക പട്ടണങ്ങളിലും കാണാം. കനഡയിലെ ഫ്രഞ്ചു സംസാരിക്കുന്ന കത്തോലിക്കാരും, ഇംഗ്ലീഷു സംസാരിക്കുന്ന പ്രൊട്ടസ്റ്റൻറുകളും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്. തെക്കൻ റഷ്യയിലെ മുസ്ലിംകളും, കത്തോലിക്കാവിഭാഗക്കാരും നൂററാണ്ടുകൾ പിന്നിട്ടതിന്നു ശേഷവും തങ്ങളുടെ വ്യത്യസ്ത മതവിശ്വാസങ്ങളും, ആചാരാനുഷ്ഠാനങ്ങളും വെച്ചുപുലത്തുന്നതു നമുക്കുകാണുവാൻ സാധിക്കും. ഇവിടങ്ങളിലൊന്നും സെക്യുലറിസം നഷ്ടപ്പെടാത്ത സ്ഥിതിക്കു ഇന്ത്യയിലെ വിവിധ ജാതിമതസ്ഥർ അവരുടെ ആചാര്യനുഷ്ടാനങ്ങൾ കാത്തു സൂക്ഷിക്കുന്നതുകൊണ്ട് നമുക്കു മാത്രം സെക്യുലറിസച്യുതിവരും എന്നു വാദം അർത്ഥശൂന്യമാണ്. ആത്യന്തിക സെക്യുലറിസം ഒരു സങ്കല്പം മാത്രമാണ്, ലോകത്തിൽ എവിടെയും ഇല്ലാത്ത ഒരു മരീചിക.

## മതവും രാഷ്ട്രീയവും

മതേതരത്വത്തിൻെറ അഭാവം വിഷമങ്ങൾ സൃഷ്ടിക്കുക, മതം രാഷ്ട്രീയത്തിലും തദ്വാര, ഭരണത്തിലും സ്വാധീനം ചെലുത്തുവാൻ ശ്രമിക്കുമ്പോൾ മാത്രമാണ്. ഒരു രാജ്യത്തെ മതരാഷ്ട്രമായി പ്രഖ്യാപിക്കുകയും അവിടുത്തെ സർവ്വരേയും ആ വിശ്വാസപ്രമാണങ്ങൾക്കു അനുസരിച്ചു ജീവിക്കുവാൻ നിർബ്ബന്ധിക്കുകയും ചെയ്യുമ്പോഴാണ് സെക്യുലറിസത്തിൻെറ മാഹാത്മ്യം നമുക്കു മനസ്സിലാവുക. വടി വീശികൊണ്ടു നടക്കുവാനുള്ള അവകാശം എല്ലാവർക്കും ഉള്ളതാണ്. പക്ഷെ താൻ വീശുന്ന വടി മററുള്ളവരുടെ മേൽ തട്ടാതെ നോക്കേണ്ടതു വടിയുടമയുടെ കടമയാണ്. പണ്ടു ജോൺസൺ പറഞ്ഞതുമാതിരി 'നിനക്കു വടിവീശുവാനുള്ള മൌലികാവകാശം, എൻെറ മൂക്കിൻെറ 'അററത്തു അവസാനിക്കുന്നു.'' എന്നു നാം എപ്പോഴും ഓർക്കണം. ഏതെങ്കിലും ഒരു മതവിശ്വാസി, തൻെറ വിശ്വാസപ്രമാണങ്ങൾ അവിശ്വാസിയായ മററാരാളുടെ മേൽ അടിച്ചേൽപിക്കാൻ ശ്രമിക്കുമ്പോൾ മാത്രമേ മതേതരത്വത്തിൻെറ പ്രശ്നം ഉദിക്കുന്നുള്ളു. ഇതു സമ്മർദ്ദപൂർവ്വം, ഭരണസംവിധാനമാകുന്ന തോക്കിൻെറ കുഴലിലൂടെ ചെലുത്തുവാൻ ശ്രമിക്കുമ്പോഴാണ് ഗുരുതരമായ പ്രശ്നങ്ങളും ഒഴിവാക്കാവുന്ന സംഘട്ടനങ്ങളും സംജാതമാകുന്നത്.



നമ്മോടൊന്നിച്ചു സ്വാതന്ത്ര്യം ലഭിച്ചതായ പല രാജ്യങ്ങളും ഫാസിസ്ററ് ഭരണത്തിൻ കീഴിലമർന്നപ്പോൾ ഭാരതം മാത്രം എത്രയേറെ വൈകല്യങ്ങളോടുകൂടിയതും, പരാധീനങ്ങൾ നിറഞ്ഞതും ആണെങ്കിലും പ്രജായത്ത ഭരണസംവിധാനം ഉയർത്തിപ്പിടിച്ചു എന്നതു നമ്മുക്കേവർക്കും അഭിമാനിക്കത്തക്ക ഒരു വസ്തുത ആണ്. ആ ഉദാത്തമായ സ്ഥിതിവിശേഷത്തെ മറികടന്നു ഇവിടെ ആർക്കും ഫാസിസം സ്ഥാപിക്കുവാൻ കഴിയുകയില്ല എന്നതു കരതലാമലകം പോലെ സ്പഷ്ടമാണ്. അതുകൊണ്ട് തന്നെ യാതൊരു ഫാസിസ്ററ് ഭീഷണിയും ഇല്ല എന്നു ആമുഖമായി പറഞ്ഞുകൊള്ളട്ടെ.

## ഏകം സത്

ഭാഗ്യവശാൽ ഇന്ത്യയുടെ കാഴ്ചപ്പാടു ഇത്തരം സംഘട്ടനങ്ങളെ ഒഴിവാക്കുന്ന രീതിയിലുള്ളതാണ്. കാലാകാലങ്ങളായി നമ്മുടെ ആചാര്യന്മാർ നമുക്കു ഉപദേശിച്ചു തന്നിട്ടുള്ളത്. '' ഏകം സത്, വിപ്രാഃബഹുധാ വദന്തി.'' എന്നാണ്. അതായതു സത്യം ഒന്നു മാത്രമേയുള്ളു, മനുഷ്യർ അതിനെ പലവിധത്തിൽ വ്യാഖ്യാനിക്കുന്നു എന്നാണ്. ഏത് ഒരു വ്യക്തിക്കും തൻെറ അദ്ധ്യാത്മികസത്തയെയും, മതപരമായ വിശ്വാസങ്ങളേയും, തനതായ സാമൂഹ്യസാമ്പത്തിക കാഴ്ചപ്പാടുകളേയും വെച്ചുപുലത്താനുള്ള അവകാശമാണ് ഒരു പ്രജായത്ത സംവിധാനത്തിൻെറ മുഖമുദ്ര അതു അന്യൻെറയോ, സമൂഹത്തിൻെറയോ, അവകാശങ്ങളിന്മേൽ ചെന്നു പതിക്കരുത് എന്നു മാത്രം. വടിയുടെയും മൂക്കിൻെറയും കഥമാതിരി. മുഖ്യമന്ത്രിക്കെന്നല്ല, മററുള്ളവർക്കും മാസത്തിൽ ഒരിക്കലല്ല, വേണമെങ്കിൽ രണ്ടു പ്രാവശ്യമോ, ദിവസംതോറുമോ ഗുരുവായൂരമ്പലത്തിൽ ദർശനം നടത്താം. മന്ത്രിമാർക്കും മററുള്ളവർക്കും കർക്കിടകം പിറക്കുംമുമ്പേ ബ്രാഹ്മണമുഹൂർത്തത്തിൽ വലത്തുകാൽ വെച്ചു മന്ത്രിമന്ദിരങ്ങളിലോ വാടകവീട്ടിലോ പ്രവേശിക്കാം. വെളുത്തതോ, കറുത്തതോ, ആയ രോമത്തൊപ്പിയോ, ചുവന്നതോ കാവിനിറത്തിലോ ഉള്ളതായ തുണിതൊപ്പിയോ എന്തുവേണമെങ്കിലും ധരിച്ചു നടക്കാം. രാമായണം വായിക്കുകയോ വായിക്കാതിരിക്കുകയോ ചെയ്യാം. പകലോ, രാത്രിയോ ഇഷ്ടംപോലെ നോമ്പുനോൽക്കാം. ഇതിനെല്ലാം ഉള്ള അവകാശം നമ്മുടെ ഭരണഘടന വാഗ്ദാനം ചെയ്യുന്നുണ്ട്. പക്ഷെ അമ്പത്തൊന്നു ശതമാനം വോട്ടുകൊണ്ടു ഒരു ഗവണ്മേൻറുണ്ടാക്കുകയും, ആ ഗവണ്മേൻറു എല്ലാവരോടും ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേൽക്കണമെന്നോ, ചുവന്ന തുണിധരിക്കണമെന്നോ പറയുമ്പോഴാണ് ബുദ്ധിമുട്ടുണ്ടാകുന്നത്. ഇതു മതാധിഷ്ഠിതമായ പ്രമാണങ്ങളിലൂടെയാവുമ്പോൾ സെക്യുലറിസം ധ്വംസിക്കപ്പെടും. അതില്ലാത്തിടത്തോളം കാലം മതവിശ്വാസങ്ങളേയോ ആദർശസംഹിതകളേയോ, വർഗീയമായോ, മതേതരത്വത്തിനു വിഘാതമായോ കാണേണ്ട കാര്യമില്ല.

## ഭൂരിപക്ഷത്തെ താഴ്ത്തി കെട്ടാനുള്ള ശ്രമം

ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തെക്കുറിച്ചു, ഇന്ത്യൻ വിഭജനത്തിന്റെ തിക്താനുഭവങ്ങളെപ്പററിയും മററും ഇന്നത്തെ രാഷ്ട്രീയ നേതാക്കന്മാർക്ക അറിയുവാൻ സാദ്ധ്യതയില്ല. കാരണം അവരിൽ ഭൂരിഭാഗവും അതിന്നു ശേഷമുള്ള തലമുറയിൽ പെട്ടവരാണല്ലോ. ഏതായാലും അന്നു നാം സ്വപ്നം കണ്ടിരുന്നതിൽ നിന്നു വളരെ വ്യത്യസ്തമായ ഒരു രാജ്യമാണ് ഇന്നു നമുക്കുള്ളത്. അനുദിനം വദ്ധിച്ചു കൊണ്ടു വരുന്ന അഴിമതിയും സ്വജനപക്ഷപാതവും, സാമ്പത്തികപരാധീനതയും, അക്രമരാഷ്ട്രീയവും എല്ലാം തന്നെ ഇന്നു സാധാരണ സംഭവങ്ങളായിത്തീർന്നിരിക്കയാണ്. പക്ഷെ അതിനേക്കാൾ നമ്മെ ഏറെ ഇരുത്തി ചിന്തിപ്പിക്കേണ്ടതായ കാര്യം ഇന്ത്യയിലെ ഭൂരിപക്ഷ വിഭാഗമായ ഹിന്ദുക്കളോടുള്ള വെല്ലുവിളിയും അവഹേളനവുമാണ്. ചന്ദനക്കുറി തൊട്ടാൽ അതു വർഗ്ഗീയമായി. ശ്രീരാമനാമം ഉച്ചരിച്ചാൽ വർഗ്ഗീയ ഫാസിസ്ററ് പ്രവണതയായി. എന്തിനേറെ സംസ്കൃതവാക്ക ഉപയോഗിച്ചാൽ അതിനെ ഹൈന്ദവ വർഗ്ഗീയ പ്രവണതയുടെ ലക്ഷണമായി കണക്കാക്കപ്പെടുന്ന ഒരു പരിതസ്ഥിതിയിലാണ് നാം ഇന്നു ജീവിക്കുന്നത്. അടുത്ത കാലത്തു എനിക്കു ഇതു ധാരാളം ബോദ്ധ്യമായ ഒരു സന്ദർഭം ഉണ്ടായി. ഞാൻ ബേപ്പൂരിൽ സ്ഥാനാത്ഥിയായി തിരഞ്ഞെടുപ്പു പ്രസംഗം ചെയ്യുമ്പോൾ ഒരു ചെറിയ സംസ്കൃത പദ്യശകലം ചൊല്ലുകയുണ്ടായി. വെറും ഒരു വരി. പ്രസംഗം കഴിഞ്ഞപ്പോൾ എന്റെ സഹായിയായിരുന്ന സ്നേഹിതൻ എന്റെ ചെവിയിൽ മന്ത്രിച്ചു. ''സാറേ, ഈ സംസ്കൃതമൊന്നും ഇവിടെ എടുക്കണ്ട. കിട്ടുന്ന വോട്ടും കൂടി പോവും'' എന്നു ഈ യുവസ്നേഹിതൻ ആത്മാർത്ഥമായി എന്നെ സഹായിക്കാനുള്ള ഉദ്ദേശത്തോടു കൂടിയാണ് ഇതു പറഞ്ഞതെന്നും, ആ മാന്യൻ മലയാളവും, സംസ്കൃതവും ഐച്ഛിക വിഷയങ്ങളായെടുത്തു ബിരുദാനന്തര ബിരുദത്തിനു പഠിക്കുന്ന ഒരു വിദ്യാത്ഥി ആയിരുന്നു എന്നതും എന്റെ വിഷാദത്തിന്റെ ആഴം വർദ്ധിപ്പിച്ചു. മറെറാരു വിധത്തിൽ പറഞ്ഞാൽ, ഇന്നു ഇന്ത്യയിൽ പ്രകടമാകുന്ന മതേതരത്വത്തിന്റെ പ്രധാന ഘടകങ്ങളാണ് സംസ്കൃതത്തിനോടും, അമ്പലങ്ങളോടും, ഹൈന്ദവാചാരങ്ങളോടും, വേദേതിഹാസങ്ങളോടും മററുമുള്ള എതിർപ്പ്. പഴയ രാമസ്വാമി നായ്ക്കരുടെ രാവണായനവും, വേദങ്ങളും മനുസ്മൃതിയും മററും ചുട്ടുകരിക്കലും ആണ് മതേതരത്വത്തിന്റെയും പുരോഗതിയുടേയും ഇന്നത്തെ മുഖ്യ മുഖമുദ്രകൾ.

മതവോട്ടു ബാങ്കുകൾ കൊണ്ടു മുഴുവൻ കാര്യങ്ങളും നേടാൻ സാധിക്കാതെ വന്നപ്പോഴാണ്, അവർ മണ്ഡൽ പ്രശ്നം ഉന്നയിച്ചു ഹിന്ദുക്കളെ ഭിന്നിപ്പിച്ചു ജാതീയമായ വോട്ടു ബാങ്കുകൾ സൃഷ്ടിക്കുവാനുള്ള ഒരു മിഥ്യാശ്രമം നടത്തിയത്. മണ്ഡൽ കമ്മീഷനിൽ പറയുന്നതിനേക്കാൾ അധികം സംവരണം നൽകുന്ന കേരളം, തമിഴുനാടു മുതലായ സ്ഥലങ്ങളിൽ പോലും അവർ ഈ ഇമ്പാച്ചി ഉയർത്തി വോട്ടുകൾ നേടുവാൻ നോക്കി.

## കപടമതേതരത്വവും വോട്ടുബാങ്കു നിർമ്മാണവും

മേൽപറഞ്ഞ പ്രവണതയ്ക്കുള്ള മുഖ്യ കാരണം ഇവിടെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പേരിൽ ശ്രീ. വി. പി, സിംഗുംകൂട്ടക്കാരും ഒരു വലിയ കപട മതേതരത്വ സംവിധാനം സൃഷ്ടിക്കുവാൻ ശ്രമിക്കുന്നുണ്ട് എന്നുള്ളതാണ്. അവരുടെ കാഴ്ചപ്പാടിൽ ഈ രാജ്യത്തെ യഥാർത്ഥ സെക്യുലർ പുരോഗമന കക്ഷികൾ ഡി. എം.കെയും തെലുങ്കുദേശവും, ആസാം ഗണപരിഷത്തും, കേരള കോൺഗ്രസ്സുംയാദവ ജാട്ടുസംഘടനകളുമാണ്. ഈ മതേതര പുരോഗമന വിപ്ളവ സംഘടനകളെയെല്ലാം ചേർത്തു ഒരു ഗവമ്മേണ്ടുണ്ടാക്കിയാൽ ഇന്ത്യയുടെ എല്ലാ പ്രശ്നങ്ങളും തീരും എന്നാണവരുടെ കണക്കു കൂട്ടൽ. അവരുടെ ഉദ്ദേശം വോട്ടുബാങ്കുകൾ സൃഷ്ടിക്കുക മാത്രമാണ് എന്നു വളരെ ബുദ്ധിപൂർവ്വം മനസ്സിലാക്കിയ ഇന്ത്യൻ ജനത അവരെ അർഹിക്കുന്ന പുച്ഛത്തോടുകൂടി ഇലക്ഷനിൽ തോല്പിച്ചു. ജനതാദളിനെ ബീഹാറിലെയും, മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയെ ബംഗാളിലേയും ഓരോ പ്രാദേശികപ്പാർട്ടികളാക്കി മാററി.

മതവോട്ടു ബാങ്കുകൾകൊണ്ടു മുഴുവൻ കാര്യങ്ങളും നേടാൻ സാധിക്കാതെ വന്നപ്പോഴാണ്, അവർ മണ്ഡൽ പ്രശ്നം ഉന്നയിച്ചു ഹിന്ദുക്കളെ ഭിന്നിപ്പിച്ചു ജാതീയമായ വോട്ടു ബാങ്കുകൾ സൃഷ്ടിക്കുവാനുള്ള ഒരു മിഥ്യാശ്രമം നടത്തിയത്. മണ്ഡൽകമ്മീഷനിൽ പറയുന്നതിനേക്കാൾ അധികം സംവരണം നൽകുന്ന കേരളം, തമിഴ്നാട് മുതലായ സ്ഥലങ്ങളിൽപോലും അവർ ഈ ഇമ്പാച്ചി ഉയർത്തി വോട്ടുകൾ നേടുവാൻ നോക്കി. ഇതു കൊണ്ടൊക്കെത്തന്നെയാവണം പാർലിമെന്റിൽ കോൺഗ്രസ്സംഗമായ ശ്രീമതി. ജയന്തി നടരാജൻ, ശ്രീ. വി.പി സിംഗിനെ ഇന്ത്യയിലെ ഏററവും അപകടകാരിയായ വിഘടന വാദിയും വർഗ്ഗീയ നേതാവും എന്നു വിശേഷിപ്പിച്ചത്.

ഏതായാലും മതവോട്ടു ബാങ്കുകളെ വിഭജിച്ചു, വോട്ടു ബാങ്കുകളെ അതിലും ചെറിയ യൂണിററുകളാക്കിത്തീർക്കാനുള്ള ശ്രമം ഹിന്ദുമതത്തിൽ നിന്നു മററു മതങ്ങളിലേക്കും അതിദ്രുതം വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി ഇതിന്നുവേണ്ടി വളരെ ആസൂത്രിതമായ ശ്രമം നടത്തുന്നുണ്ട് എന്നു കാണുവാൻ വലിയ വിഷമമൊന്നുമില്ല. കേരള കോൺഗ്രസ്സ (ജെ) പിന്തിരിപ്പൻ കക്ഷികളിൽ നിന്നു ഒരു സുപ്രഭാതത്തിൽ ഒരു വിപ്ലവകക്ഷിയായിത്തീർന്നതു തീർത്തും യാദൃച്ഛികമാണു എന്നു തോന്നുന്നില്ല. നാഡാർ സമുദായത്തിൽ നടത്തിയ ധ്രുവീകരണവും ഇതിന്റെ ഉദാഹരണമാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജമാഅത്തിനും മററും വിഭാഗീയ മുസ്ലീം സംഘടനകൾക്കും മാർക്സിസ്റ്റ് പാർട്ടി പ്രത്യക്ഷമായ അംഗീകാരം നൽകിയതും അതുവഴി കുറെ വോട്ടുകൾ പിടിച്ചെടുത്തതും ഈ പ്രവണത എല്ലാ മതവിഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ നാന്ദിയാണ്.

ഈ ചർച്ച ഇനിയും ദീർഘിപ്പിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്ത്യയിൽ മതേതരത്വവും, പ്രജായത്തസിദ്ധാന്തങ്ങളും പുലർന്ന് കാണണമെന്നു നാം ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാ മതത്തിലുള്ളവരേയും ഒരേ പോലെ കാണുകയും, ഭൂരിപക്ഷത്തെ ബഹുമാനിക്കുകയും, ന്യൂനപക്ഷാവകാശങ്ങളെ സംരക്ഷിക്കുകയും മാത്രമേ നിർവ്വാഹമുള്ളൂ. ജാതി മത വിഭാഗങ്ങളെ വോട്ടു ബാങ്കുകളാക്കി മാററുവാനുള്ള കപട മതേതരത്വ പ്രവത്തനങ്ങൾ പ്രജായത്ത സിദ്ധാന്തങ്ങളെ ഒരു പരിഹാസ്യമായ പ്രഹസനമായി മാററും. അതു വരാതെ കഴിക്കുവാൻ പ്രാർത്ഥിക്കുക മാത്രമേ നിർവ്വാഹമുള്ളൂ.

''ആ നോ ഭദ്രാ: ക്രതവോ യന്തു വിശ്വത:''(എല്ലാ ഭാഗത്തു നിന്നും നല്ല വിചാരങ്ങൾ നമ്മിൽ വന്നു ചേരട്ടെ) എന്ന ഋഗ്വേദ സൂക്തം നമ്മെ രക്ഷിക്കട്ടെ. ●

# സവർണ്ണ ഫാസിസത്തിന്റെ താൽക്കാലിക ഭീഷണി

●

ഒ. അബ്ദുള്ള

ഇന്ത്യ നേരിടുന്ന വെല്ലുവിളികളിൽ ഏററവും ഗുരുതരമായത് ഫാസിസമാണെന്നത് നിസ്തർക്കമത്രെ. ഹൈന്ദവ സംസ്കൃതിയുടെ പുനരുദ്ധാരണം എന്ന പുകമറ സൃഷ്ടിച്ച് ചാതുർവർണ്ണ്യത്തിന്റെ ചളിക്കുണ്ടിൽനിന്ന് വളവും വെള്ളവും വലിച്ചെടുത്ത അതിശീഘ്രം കൊഴുത്തു വളരുന്ന ഫാസിസ്ററ് വിഷ വൃക്ഷത്തിന്റെ വേരുകൾ ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിന്റെ അടിത്തറ ഇളക്കി അതിനെ കടപുഴക്കി എറിയാൻ മാത്രം ഭീകരമായിത്തീർന്നിരിക്കുന്നു. സാംസ്കാരികവുംമതപരവുമായ കാരണങ്ങളാൽ താൽക്കാലം മുസ്ലിം വിരോധത്തിന്റെമുഖംമൂടിയണിഞ്ഞ ഈ ഫാസിസംയഥാർത്ഥത്തിൽ ഇന്ത്യയിലെ എൺപത്തിമൂന്ന ശതമാനം വരുന്ന അവർണ്ണ പിന്നോക്കന്യൂനപക്ഷളിത് വിഭാഗ താല്പര്യങ്ങൾക്കും മനുഷ്യരാശി ഇന്നോളം വളർത്തിയെടുക്കുകയും നിലനിർത്താൻ പാടുപെടുകയും ചെയ്ത മൂല്യങ്ങൾക്കും തീർത്തും വിരുദ്ധമാണ്.

ഏത് ഭാഷ സംസാരിക്കുന്നവരും ഏത് മതം അനുഷ്ഠിക്കുന്നവരും ഏത് വർണ്ണത്താൽ അറിയപ്പെട്ടവരുമാകട്ടെ മനുഷ്യർ സമന്മാരും സഹവർത്തിത്വത്തോടെ കഴിയേണ്ടവരുമാണെന്നതാണ് ശരിയായ മനുഷ്യ സങ്കല്പം. ഇടക്കാലങ്ങളിൽ യുദ്ധത്തിലൂടെയും മററും മനുഷ്യന്ന് സ്വന്തം സഹോദരനെ അടിമയാക്കി ആട്ടിപ്പിടിച്ച വെച്ചിരുന്നെങ്കിലും ഇന്ന് ലോകത്തൊരിടത്തും അടിമത്വ സമ്പ്രദായമില്ല. മനുഷ്യരാശിയുടെ പ്രയാണചരിത്രം മുമ്പിൽവെച്ച ചിന്തിക്കുമ്പോൾ ഇനിയെന്നെങ്കിലും അടിമ-ഉടമ സമ്പ്രദായം തിരിച്ചു വരാനുള്ള സാദ്ധ്യതയുമില്ല.

ഇന്ത്യയിലെ സ്ഥിതിമാത്രമാണ് വ്യത്യസ്തം. അടിമത്വത്തെക്കാൾ നീചമായ മനുഷ്യസങ്കല്പം സവർണ്ണ സംസ്കൃതിയുടെ ഭാഗമായി ഇന്നും നിലനിന്നുപോരുന്നു എന്നതാണ് ഇന്ത്യയുടെ ശാപം. സവർണ്ണ മേലാളന്മാർ പലപ്പോഴായി തട്ടിക്കൂട്ടി ഉണ്ടാക്കിയ വേദവാക്യങ്ങളനുസരിച്ച മനുഷ്യർ ജന്മനാ പല തട്ടുകളിൽ കഴിയേണ്ടവരാണെന്നു മാത്രമല്ല, ആ തട്ടുതലങ്ങളെ ഭേദിച്ച പുറത്തുകടക്കാൻ ധൈര്യപ്പെടുന്നവൻ ഈ ജന്മത്തിൽ മാത്രമല്ല വരാൻ പോകുന്ന ജന്മത്തിലും അഭിശപ്തനാണ്. ഇതിനെ തരംതിരിക്കുമ്പോൾ സമൂഹത്തിലെ ബഹുഭൂരിഭാഗം വരുന്ന അധഃസ്ഥിതർക്ക പുഴുക്കളുടെയോ പട്ടികളുടെയോ സ്ഥാനം നല്കിയിരുന്നെങ്കിൽ വലിയ അലമ്പില്ലാതെ ആ വർഗ്ഗം അത് സഹിക്കുമായിരുന്നു. പക്ഷെ അത് പോലും അനുവദിക്കുവാൻ മേലാളന്മാരുടെ പൂണൂൽ മനസ്സുകളനുവദിച്ചില്ല. സമ്പത്തും അത് പ്രദാനം ചെയ്യുന്ന വമ്പിച്ച സുഖസൗകര്യങ്ങളും സാദ്ധ്യതകളും ക്ഷേത്രത്തിന്റെയും മുപ്പത്തിമുക്കോടി ദേവന്മാരുടെയും പേരു്പറഞ്ഞു ഇക്കൂട്ടർ കയ്യടക്കിവെച്ചപ്പോൾ നിവേദ്യങ്ങൾ കട്ടുതിന്നാനുള്ള അവകാശം പോലും അവർ നായ്ക്കൾക്കാണ് വിട്ടു കൊടുത്തത്—മനുഷ്യർക്കല്ല, ഇതിലെ ഏററവും വലിയ വിരോധാഭാസം, വൃത്തികെട്ട ഈ അടിമത്വ ച്ചങ്ങല സ്വയം എടുത്തണിയാൻ മതപരമായി അവർണ്ണവിഭാഗം ബാദ്ധ്യസ്ഥരാണ് എന്ന ക്രൂരതയത്രെ. തങ്ങളെ ബന്ധിപ്പിച്ച ചങ്ങലകണ്ണി തേയാനനുവദിക്കാതെ വിശുദ്ധ നിയമങ്ങളുടെ ഓമ്മ പുതുക്കൽകൊണ്ടു അവയെ സംരക്ഷിച്ചു നിർത്തേണ്ട ബാദ്ധ്യത അടിമകൾക്കാണ്!

രാഷ്ട്രം സ്വാതന്ത്ര്യം പ്രാപിക്കുകയും പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ജന

ങ്ങൾക്ക് തങ്ങളുടെ ഇച്ഛാശക്തി പ്രതിഫലിപ്പിക്കാൻ അവസരം ലഭിക്കുകയും ചെയ്യപ്പോൾ സവർണ്ണ ഭീകരതയുടെ തനിനിറം അനാവരണം ചെയ്യപ്പെടുക സമയത്തിന്റെമാത്രം പ്രശ്നമായി, വേദങ്ങളുടെയും ശ്രുതികളുടെയും പേരുപറഞ്ഞു ജനതയിൽ വമ്പിച്ച ഭൂരിപക്ഷത്തെ കാലാകാലം കൊള്ളയടിക്കാനും ദൈന്യതയുടെ ചളിക്കുണ്ടിൽ ചവിട്ടിയാഴ്ത്തി നിർത്താനും സാദ്ധ്യമല്ലെന്നും സവർണ്ണമേധാവിത്വം മതത്തിന്റെ മറവിൽ ഇന്നോളം അനുവർത്തിച്ചുപോന്ന ക്രൂരതകൾ തിരിച്ചടിയുണ്ടാകുമെന്നുറപ്പായി. ഇതിനെ നേരിടാൻ ഉത്തരേന്ത്യൻ സവർണ്ണമേലാളന്മാരും അവരുടെ കൈപ്പിടിയിലൊതുങ്ങിയ ഇന്ത്യൻ ബിസിനസ്സ് ലോബിയും ചേർന്നു കണ്ടുപിടിച്ച തന്ത്രമാണ് മുസ്ലിം വിരോധത്തിലധിഷ്ഠിതമായ സവർണ്ണഫാസിസം.


കഴിഞ്ഞ കുറെ വർഷങ്ങളായി ഈ ഫാസിസത്തിന്നാധാരമായ ചിന്താപരമായ അടിത്തറയൊരുക്കുന്ന ധൃതിയാലായിരുന്നു സവർണ്ണ ബുദ്ധിജീവികൾ. ചരിത്രത്തെ വളച്ചൊടിച്ചും വസ്തുതകൾ മറച്ചുപിടിച്ചും ഫാസിസത്തിന്റെ സ്ഥിരം പതിവായ ശുദ്ധകള്ളത്തരങ്ങൾ പ്രചരിപ്പിച്ചും പ്രത്യക്ഷത്തിൽ ശരിയെന്നു തോന്നുന്ന ഒരു സൈദ്ധാന്തികാടിത്തറ സജ്ജമാക്കുന്നതിന് ഇതിനകം ബദ്ധപ്പെട്ടവർ വിജയിച്ചിരിക്കുന്നു. എന്നാൽ ഹൈന്ദവധർമ്മത്തിന്റെ മഹത്വം ഉയർത്തി ഇന്ത്യയിലെ മുഴുവൻ ജനതയെയും ഹിന്ദുത്വബെൽററിന്നകത്തുകൊണ്ടു വരുന്നതിനിടയിലും ചാതുർവർണ്ണ്യത്തിന്റെ നാലുകെട്ടിന്നകത്തുകിടന്നു നാം തിരിയുന്നതൊഴിവാക്കാൻ ഇക്കൂട്ടക്കാർക്കായില്ല. എങ്കിലും ഭോപാൽ ദുരന്തം പോലുള്ള ദുരന്തങ്ങൾക്ക് കാരണമാകുമാറുള്ള വിഷ ടാങ്കുകൾ രാജ്യത്തെമ്പാടും സന്നദ്ധമാക്കിവെക്കുന്നതിന് ഇവർ നേടിയ വിജയം എടുത്തുപറയത്തക്കതാണ്.

എന്നാൽ തങ്ങളുടെ ഫാസിസ്റ്റു ക്രൂരത മറച്ചുവെക്കാനായി ഇന്ത്യൻ ഫാസിസം അതിന്റെ ഭീകരമുഖം മണലിൽ പൂഴ്ത്തി ലോകത്തെമ്പാടുമുള്ളവർ തങ്ങളുടെ തനിനിറം കാണുന്നില്ലെന്നു ധരിക്കുകയും ധരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

> തങ്ങളുടെ ഫാസിസ്റ്റ് ക്രൂരത മറച്ചു വെക്കാനായി ഇന്ത്യൻ ഫാസിസം അതിന്റെ ഭീകരമുഖം മണലിൽ പൂഴ്ത്തി ലോകത്തെമ്പാടുമുള്ളവർ തങ്ങളുടെ തനിനിറം കാണുന്നില്ലെന്നു ധരിക്കുകയും ധരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. തങ്ങൾ മതന്യൂനപക്ഷങ്ങൾക്കെതിരല്ലെന്നും ന്യൂനപക്ഷ പ്രീണനത്തെയാണ് എതിർക്കുന്നതെന്നുമാണ് വാദം.

തങ്ങൾ മതന്യൂനപക്ഷങ്ങൾക്കെതിരല്ലെന്നും ന്യൂനപക്ഷ പ്രീണനത്തെയാണ് എതിർക്കുന്നതെന്നുമാണ് വാദം. മതന്യൂനപക്ഷങ്ങൾക്ക് സ്വന്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള ഭരണഘടനാ ദത്തമായ അവകാശം എടുത്തുകളയുമെന്ന് തിരഞ്ഞെടുപ്പ് മാനിഫസ്റ്റോവിൽ പ്രഖ്യാപിച്ച ഭാരതീയ ജനതാപാർട്ടി തങ്ങൾ ന്യൂനപക്ഷങ്ങൾക്കെതിരല്ലാ എന്നു പറയുന്നതിലെ വൈരുദ്ധ്യം പ്രകടമാണ്. സവിശേഷമായ സാംസ്കാരത്തനിമയുടെ പേരിലാണ് ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷവുമായി വേർപിരിയുന്നത്. സ്വകീയമായ അനുഷ്ഠാന സമ്പ്രദായങ്ങളും ആചാര സമ്പ്രദായങ്ങളും വിശ്വാസാദർശങ്ങളുമാണ് മതന്യൂനപക്ഷത്തെ പ്രസ്തുത സവിശേഷതകൾ അർഹമാക്കുന്നത്. ഭൂരിപക്ഷ സംസ്കൃതിയുടെ മലവെള്ളപ്പാച്ചിലിൽപ്പെട്ടു ന്യൂനപക്ഷസവിശേഷതകൾ അടിയോടെ തുടച്ചു നീക്കപ്പെടാതിരിക്കണമെങ്കിൽ അവയെ ചിറകെട്ടി സംരക്ഷിക്കേണ്ടതുണ്ട്. ഈ സംരക്ഷണം പോയിട്ടു നൂററാണ്ടുകളുടെ വേരുകളുള്ള ആരാധനാലയങ്ങൾ പോലും രക്ഷിച്ചുനിർത്താൻ ഇന്ത്യയിൽ മതന്യൂനപക്ഷങ്ങൾക്കാവുന്നില്ലെന്നതിന്റെ ഉത്തമനിദർശനമാണ്. ബാബരി മസ്ജിദ് തകർക്കാനുള്ള നീക്കം. ആരാധനാ സ്വാതന്ത്ര്യം പോലും വകവെച്ചു കൊടുക്കാത്ത ഒരു സമ്പ്രദായം ഹിററ്ലറുടേയും മുസോളിനിയുടെയും ഫാസിസത്തെപ്പോലും പരിഹാസ്യത്തീർക്കുമാറു ബീഭത്സമത്രെ.

മതന്യൂനപക്ഷങ്ങൾ ഇതര ജനവിഭാഗങ്ങളെക്കാൾ കൂടുതലായി റേഷനരിയോ, പാമോയിലോ, നികുതി ഇളവോ വിദ്യാഭ്യാസ സൗജന്യങ്ങളോ, വിധവാ പെൻഷനോ, വാർദ്ധക്യകാലാനുകൂല്യങ്ങളോ ഉദ്യോഗ പ്രാതിനിധ്യമോ ആവശ്യപ്പെടുന്ന



വെങ്കിൽ അത് തെററും എതിർക്കപ്പെടേണ്ടതുമാണ്. പൗരന്മാരെന്ന നിലക്ക ഇതരജനവിഭാഗങ്ങൾ അനുഭവിക്കുന്ന അവകാശങ്ങളെക്കാളും ആനുകൂല്യങ്ങളെക്കാളും കവിഞ്ഞ ഒരവകാശത്തിന്നും അവർ അർഹരല്ല. എന്നാൽ ഭൂരിപക്ഷ സംസ്കാരത്തിൻെറ ലഭിച്ച സ്വാധീനം കൊണ്ടു ഇതര സംസ്കാര സവിശേഷതകൾ തകർന്നടിയുമ്പോൾ അവ സംരക്ഷിക്കപ്പെടണമെന്നു് പറയുന്നത് പ്രത്യേകമായ അവകാശങ്ങൾ ചോദിക്കലോ ആനുകൂല്യങ്ങൾക്ക് വേണ്ടിയാചിക്കലോ അല്ല. ഒരു പ്രത്യേക ജാതിയിലോ മതത്തിലോ പിറന്നതിൻെറ പേരിൽ ഒരു ജനവിഭാഗം അതിൻെറ ന്യായമായ അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ അവ സംരക്ഷിക്കുന്നുവെന്നുപറയാൻ പ്രത്യേകാവകാശങ്ങൾ ചോദിക്കലല്ല, ന്യായമായ വിഹിതം വകവെച്ചുവാങ്ങൽ മാത്രമാണ്.

മതന്യൂനപക്ഷത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യയിലെ ഇപ്പോഴത്തെ അവസ്ഥ ആനുകൂല്യങ്ങളുടേതോ അവകാശങ്ങളുടെതോ അല്ല. നിലനില്പിൻേറതാണ്. മുസ്‌ലിം ന്യൂനപക്ഷം ഇന്ത്യയിൽ നേരിട്ടുകൊണ്ടിരിക്കുന്നത് ഉന്മൂലനത്തെയാണ്. ഒരു പശുവിൻെറ കൊമ്പോ കുളമ്പോ ക്ഷേത്രനടയിൽ കാണാനിടയായാൽ, അന്യസമുദായത്തിൽപെട്ട പെൺകുട്ടിയുടെ കാലിലൊന്നു തൊട്ടുപോയാൽ, ഒരു കലാപം ആളിപ്പടരാൻ വേറെ ഏറെ കാരണങ്ങൾ വേണ്ട. വർഷംതോറും നടത്തപ്പെടുന്ന വിഗ്രഹ എഴുന്നള്ളിപ്പുകൾ വ്യവസ്ഥാപിതമായും ആസൂത്രിതമായും ന്യൂനപക്ഷങ്ങളുടെ മേൽ ചാടിവീഴാനും സ്വത്തുക്കൾ കൊള്ളയടിക്കാനും സ്ത്രീകളെ ബലാൽസംഗം ചെയ്യാനും കുട്ടികളെ മേല്പോട്ടെറിഞ്ഞു താഴേക്കു വീഴുമ്പോൾ കുന്തത്തിന്മേൽ കുത്തി ആർത്തുചിരിക്കാനുമുള്ള അവസരങ്ങളായി ഉപയോഗിച്ചുവരുന്നു. ആണ്ടോടാണ്ടു് ആവർത്തിക്കപ്പെടുന്ന ഈ ക്രൂരതാണ്ഡവം സഹിക്കാം. അസഹ്യമായിട്ടുള്ളത് കഴിഞ്ഞ എത്രയോ വർഷങ്ങളായി തുടർന്നു പോരുന്ന ഈ പരാക്രമം മുസ്‌ലിംകൾ ഘോഷയാത്രയിലേക്കു ചെരിപ്പുകൾ വലിച്ചെറിയുന്നത്മൂലം സംഭവിക്കുന്നതാണ് എന്ന 'കൊച്ചാക്കൽ' നയമാണ്. ഇത്രയൊക്കെ പീഡനം സഹിക്കേണ്ടി വന്നിട്ട് ഇനിയും ഇത്തരം ഘോഷയാത്രകളുടെ നേരെ ചെരിപ്പോ കല്ലോ വലിച്ചെറിയരുതെന്നു മനസ്സിലാക്കാൻ മാത്രം മുസ്‌ലിംകൾക്ക് ബുദ്ധി ഉദിക്കുന്നില്ലാ എന്ന പരിഹാസമാണ് അസഹനീയം. ഉള്ളത് പറഞ്ഞാൽ പുതിയൊരു കഥ മെനഞ്ഞുണ്ടാക്കാൻ ബന്ധപ്പെട്ടവർക്ക് സമയമോ സന്ദർഭമോ സൗകര്യമോ ഇല്ല. അതിനാൽ അവർ പഴയതു തന്നെ ആവർത്തിക്കുന്നു.

ഇന്ത്യയിലെ വാർത്താമാധ്യമങ്ങൾ തീർത്തും സവർണ്ണ നിയന്ത്രണത്തിലാണ്. ഒട്ടുമിക്കതും സവർണ്ണ ജിഹ്വകളാണ് എന്നുപറയുന്നതാണ് കൂടുതൽ ശരി. വൻകിടപത്രശൃംഖലകൾക്കു പിന്നിൽ പ്രവർത്തിക്കുന്ന മുതലാളിമാർ രാഷ്ട്രീയമായി എവിടെ നില്ക്കുന്നു എന്നു ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പ് വ്യക്തമാക്കുകയുണ്ടായി. ബി. ജെ. പി. യെ വിജയ കിരീടമണിയിക്കാൻ കോടികളാണ് ഇന്ത്യൻ സവർണ്ണ ബിസിനസ്സ് ലോബി ഇടിച്ചു തള്ളിയത്. ഹിന്ദുജമാരുടെയും അമ്പാനിമാരുടെയും കറുത്ത സൂട്ട്കേയ്സുകളിൽ ഇന്ത്യൻ ജനാധിപത്യം അന്ത്യവിശ്രമം കൊള്ളുമ്പോൾ അവരുടെ കറൻസിനോട്ടുകളിൽ തലകാലുകൾവെച്ചു ഇന്ത്യൻ ഫാസിസം പള്ളിക്കുറുപ്പ് കൊള്ളുന്നു.

സവർണ്ണഫാസിസം താല്ക്കാലികമായ ഒരു സമസ്യയാണ്. അതിനു ശാശ്വതികത്വമില്ല. സർവ്വായുധവിഭൂഷിതവും സമഗ്രാധിപത്യത്തോടു കൂടിയതുമായ സോവിയററ് യൂനിയന്നു്പോലും വ്യത്യസ്ത ഉപദേശീയതകളെയും മത വിഭാഗങ്ങളേയും ഒരേ നുകത്തിന്നു് താഴെ അധികാര ദണ്ഡുപയോഗിച്ചു ദീർഘകാലം നിലനിർത്താനായില്ലെങ്കിൽ ഇന്ത്യയെപ്പോലുള്ള ഒരു രാഷ്ട്രത്തിൽ ജനസംഖ്യയുടെ പതിനേഴ് ശതമാനം മാത്രം വരുന്ന സവർണ്ണമേധാവിത്വത്തിന്നു് അത് സാധിക്കുമെന്ന് കരുതുന്നത് മൗഢ്യമാണ്. സവർണ്ണതീവ്രത കൂടുതൽ ഉഗ്രരൂപം പ്രാപിക്കുന്നതോടെ അതിൻെറ തനിനിറം തിരിച്ചറിയപ്പെടുകയും ഭൂരിപക്ഷം വരുന്ന അവർണ്ണ–ന്യൂനപക്ഷ–പിന്നോക്ക വിഭാഗങ്ങൾ മതേതര–ജനാധിപത്യത്തിൻെറ ബാനറിന്നു കീഴിൽ അതിനെതിരെ ഉറച്ചു ചെറുത്തുനില്പ് സംഘടിപ്പിക്കുകയും ചെയ്യുമെന്നത് സമയത്തിൻെറ മാത്രം പ്രശ്നമത്രെ.

# സമന്വയത്തിലേക്ക് നയിക്കുന്ന സംവാദം വേണം

●

*എം. പി. വീരേന്ദ്രകുമാർ*

ഇന്ത്യൻ സമൂഹ ഘടനയുടെയും സംസ്കാരത്തിന്റെയും സവിശേഷത നാനാത്വത്തിൽ ഐക്യമാണ്. ഇന്ത്യയെ ലോകത്തിലെ മററു രാഷ്ട്രങ്ങളിൽ നിന്ന് വേർതിരിച്ചു നിർത്തുന്ന പ്രത്യേകതയും അതുതന്നെ. പുറമെ നിന്നു വരുന്നവരാരും ഈ വൈവിധ്യങ്ങൾ കാണുമ്പോൾ, ഇന്ത്യയെന്നത് ഒരു രാഷ്ട്രമല്ല ഒട്ടേറെ രാഷ്ട്രങ്ങളുടെ ഒരു കൂട്ടായ്മയാണെന്നു ധരിച്ചുപോകും. ഭൗതികവും ഭൂപരവുമായ എത്രയേറെ വൈജാത്യങ്ങളാണ് ഇവിടെയുള്ളത്. മഞ്ഞുമൂടിയ ഹിമാലയത്തിലെ തണുത്തുറഞ്ഞ ശൈത്യവും സമതലങ്ങളിലെ ചുട്ടുപഴുക്കുന്ന ഗ്രീഷ്മവും കുന്നുകളിലെ കനത്ത വർഷപാതവും ജയ്സാൽമറിലെ വരൾച്ചയും എല്ലാം ഇവിടുത്തെ കാലാവസ്ഥയിൽ കാണുന്ന വൈവിധ്യങ്ങളാണ്.

ഡോ. രാജേന്ദ്രപ്രസാദ് ചൂണ്ടിക്കാട്ടിയ പോലെ 'ഇന്ത്യയിൽ കൃഷി ചെയ്യാൻ പററാത്ത ഭക്ഷ്യധാന്യവിളകളില്ല. അതുപോലെ ഇവിടെ കായ്ക്കാത്ത കനികളുമില്ല. നമ്മുടെ മണ്ണിലില്ലാത്ത ലോഹധാതുക്കളില്ല. വനാന്തരങ്ങളിൽ കാണാത്ത പക്ഷിമൃഗങ്ങളുമില്ല. വൈവിധ്യങ്ങളുടെ വിളനിലമായ ഈ രാഷ്ട്രം യുഗങ്ങളിലൂടെ നിലനിന്നു പോന്നത് എങ്ങിനെയെന്നത് പലർക്കും ഒരു ആശ്ചര്യമാണ്. നാം ഒരു ജനതയായി ചരിത്രത്തിൽ തുടരാനും ഇന്ത്യ എന്ന സങ്കല്പം യാഥാർത്ഥ്യമായി നിലനിൽക്കാനും കാരണം ഈ വൈവിധ്യങ്ങളുടെയെല്ലാം അടിയിലൂടെ തുടർന്നുപോന്ന ഐക്യത്തിന്റെ ഒരു ചരിത്രധാരയാണ്.' അത് രാഷ്ട്രീയമെന്നതിലേറെ സാംസ്കാരികമാണ്; പ്രാദേശികവും ഭരണപരവുമായ അതിർത്തികളെ അതിലംഘിച്ചു കടക്കുന്ന വിചാരങ്ങളുടെയും ദർശനങ്ങളുടെയും അടിയൊഴുക്കിന്റെ ചരിത്രമാണ്. ''സാമൂഹികവും മതപരവും ബുദ്ധിപരവുമായ മനുഷ്യരാശിയുടെ വികാസത്തിന്റെ ചരിത്രത്തിൽ ഇന്ത്യയുടെ നാഗരികത ഒരു പ്രത്യേക ഘടകമായിരിക്കുന്നു'' എന്ന് വിൻസൻറ് എ. സ്മിത്ത് തന്റെ ''ഇന്ത്യയുടെ ആദ്യകാല ചരിത്രം'' എന്ന ഗ്രന്ഥത്തിൽ പറയുന്നത് ഇതുകൊണ്ടാണ്.

വിശ്വാസങ്ങളുടെ സാഹോദര്യം ഇന്ത്യയെപ്പോലെ മററവിടെയും കാണുകയില്ലെന്നതിൽ നാം അഭിമാനംകൊണ്ടിരുന്നു. വിവിധ വർഗ്ഗങ്ങളുടെ മാത്രമല്ല, മതങ്ങളുടെയും ദർശനങ്ങളുടെയും സംഗമഭൂമികൂടിയായിരുന്നു ഭാരതം. ലോകത്തിന് മൂന്ന് മഹത്തായ മതങ്ങളെയാണ് ഭാരത[...] സംഭാവന ചെയ്തത്–ഹിന്ദുമതവും ബുദ്ധമതവും ജൈനമതവും. യൂറോ[...]പ്പിൽ ക്രിസ്തു മതത്തിന് അർഹ[...] സ്ഥാനം ലഭിക്കുന്നതിനു [...] ക്രിസ്തുമതത്തിന് ഭാരതം അഭയ[...] നൽകി. പതിനൊന്നാം നൂററാണ്ടി[...] സൗരാഷ്ട്രമതം ഇവിടെയെത്തി. [...]ഷ്ട്രീയത്തിന്റെയും ദർശനത്തിന്റെ[...]യും ഇരുവഴികളിലൂടെ ഇസ്ലാ[...] ഈ മണ്ണിൽ പ്രവേശിച്ചു. ഈ മത[...]ളെല്ലാം ഭാരതത്തിന്റെ പൊതു സ[...]സ്കാരത്തിന്റെ ഭാഗമായിതീ[...] ഈ സംസ്കാരങ്ങളുടെയെല്ലാം ജീ[...]ത്തായ മൂല്യങ്ങൾ ഭാരതം സ്വാം[...]കരിച്ചു. വിശദാംശങ്ങളെയും ആ[...]ധനാപരങ്ങളായ വ്യത്യസ്തതകളെ[...] അത്മതാനുയായികളുടെ സ്വാത[...]ത്തിനു വിട്ടുകൊടുക്കുകയും ചെ[...] വിശ്വാസങ്ങളുടെയും മതങ്ങളുടെ[...] ചിന്തകളുടെയും ബാഹുല്യം, മററു [...]ഷ്ട്രങ്ങൾക്കില്ലാത്തവിധം ഇന്ത്യ[...] ആത്മീയ ചൈതന്യത്തിന്റെ ഉറ[...]മായി തീരുകയാണ് ചെയ്തത്.

സമന്വയാത്മകമായ ഈ [...]സ്കാരത്തിന്റെ ഏററവും ഉ[...]മായ മാതൃകയായി അക്ബർ [...]

വത്തിയുടെ കാലത്തെ പണ്ഡിതനും സാമൂഹ്യ പരിഷ്ക്കർത്താവുമായിരുന്ന മഹാദേവ ഗോവിന്ദ റാനഡെ അദ്ദേഹത്തിന്റെ പ്രശസ്തമായ ഒരു പ്രസംഗത്തിൽ (our common in-[heri]tes) വിശേഷിപ്പിക്കുകയുണ്ടായി. മുസ്ലിം ഭരണാധികാരികളുടെ ...ബർക്കം രാഷ്ട്രീയമായ കരുത്തും ഭരണപരമായ കെട്ടുറപ്പും ഇന്ത്യക്കാർക്ക് സമ്മാനിച്ചു. ഇന്ത്യക്ക് ഒരു പൊതു സംസ്കാരമേ ഉള്ളുവെന്നും ഹിന്ദുക്കളുടെയും മുസ്ലിമകളുടെയും പാരമ്പര്യം അതിലെ രണ്ടു കൈവഴികളും മാത്രമാണെന്നും റാനഡെ സമർത്ഥിച്ചു. ഏകീകൃതമായ രാഷ്ട്രത്തിന് ഹിന്ദുക്കളുടെയും മുസ്ലിമുകളുടെയും ഐക്യവും സംഭാവനയും അനിവാര്യമാണെന്ന് ആദ്യമായി മനസ്സിലാക്കിയ ദീർഘദർശിയായ ഭരണാധികാരിയായിരുന്നു അക്ബർ' തന്റെ കാലഘട്ടത്തിലെ പ്രതിഭാശാലികളായ ഒട്ടനേകം മുസ്ലിംകളെ ക്ഷണിച്ചുവരുത്തി ഹിന്ദുക്കളുടെ ഇതിഹാസങ്ങളും ശാസ്ത്രീയ ഗ്രന്ഥങ്ങളും ദർശനശാസ്ത്രങ്ങളും അദ്ദേഹം പേർഷ്യൻ ഭാഷയിലേക്കു മററും പരിഭാഷപ്പെടുത്തി. ഫെയ്സി, അബ്ദുൽ ഫാസൽ, മുബാറക്, ചരിത്രകാരന്മാരായ മിർസാ അബ്ദുർ റഹിം, നിസാമുദ്ദീൻ അഹമ്മദ്, ബദായൂനി തുടങ്ങിയവരും ചക്രവർത്തിയുമായി ഈ ...ത്തിൽ സഹകരിച്ചു. ഭരണരംഗത്തെ ഉന്നത പദവികളിൽ തോടർ മൽ ...പ്പാലെ പ്രമുഖരായ ഹിന്ദുക്കളെ നിയമിച്ചു. ഹിന്ദുക്കളും മുസ്ലിമുകളുമായ രാജാക്കളുടെയും പ്രഭുക്കളുടെയും ഉപദേശ നിർദേശങ്ങൾതേടി, ഇരു സമൂഹങ്ങളുടെയും ഐക്യത്തിന്റെ അടിത്തറ പാകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. നാനാത്വത്തിൽ ഏകത്വം കണ്ടെത്താനുള്ള ഇന്ത്യൻ പ്രജയുടെ ഈ പ്രക്രിയ അക്ബറുടെയും ജഹാംഗീറിന്റെയും ഷാജഹാന്റെയും കാലഘട്ടങ്ങളിൽ അവിരാമമായിതന്നെ തുടർന്നുപോന്നു. ഷാജഹാന്റെ സീമന്തപുത്രനായ ദാരാഷികോഹ് ഉപനിഷത്തുകളെ പേർഷ്യൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി. 1959-ലാണ് ദാരാഷികോഹ് ചരമമടഞ്ഞത്. ഇന്ത്യയുടെ ചരിത്രത്തിൽ ഹിന്ദുക്കളും, മുസ്ലിമുകളും തമ്മിൽ ഒരു സമന്വിതമായ ഐക്യത്തിൽ സഹവർത്തിച്ച സുവർണ്ണശതകം ആയിരുന്നു ഈ കാലഘട്ടം. ''അപകർഷതയുടെയും ദുഃഖത്തിന്റെയും'' ആയിരുന്ന മുസ്ലിം ഭരണകാലമെന്ന് വീക്ഷണം ഉപരിപ്ലവവും അബദ്ധവുമാണെന്ന് റാനഡെ അഭിപ്രായപ്പെട്ടു. മറിച്ച് അത് രാഷ്ട്രീയമായ ശക്തിയുടെയും ഭദ്രതയുടെയും സുവർണ്ണദശയായിരുന്നുവത്രെ.



ഹിന്ദു മതത്തിന്റെയും ഇസ്ലാമിന്റെയും സംസ്കാരങ്ങളുടെ സമാഗമനം ഗംഗാ യമുനാ സംഗമം പോലെ പവിത്രമാണ്. ഈ സൗഹൃദം തകർത്തത് വിദേശികളും വിവിധ സമുദായങ്ങളിലെ ഉന്നത ശ്രേണികളിൽപെട്ട തൽപര ഗ്രൂപ്പുകളുമാണ് അവർക്ക് വർഗപരമോ സാംസ്കാരികമോ ആയ കാര്യങ്ങളുമായും ബഹുജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുമായും ഒരു ബന്ധവുമില്ല. വർഗീയ സംഘടനകൾ മതത്തെ രാഷ്ട്രീയത്തിനു വേണ്ടി ദുരുപയോഗപ്പെടുത്തിയതാണ് നമ്മുടെ പ്രശ്നങ്ങളെ സങ്കീർണ്ണമാക്കിയത് ഇന്നും സങ്കീർണ്ണമാക്കുന്നതും.

ഏകീകൃതമായ രാഷ്ട്രസങ്കല്പം ഇവിടെയുണ്ടാക്കിയത് ബ്രിട്ടീഷ് ഭരണമാണെന്ന ധാരണ ഒരു മിഥ്യയാണ്. തങ്ങളുടെ അധികാരം നിലനിർത്തുന്നതിനുവേണ്ടി വ്യത്യസ്ത സമൂഹങ്ങളെ തമ്മിലടിപ്പിക്കാനും സാംസ്കാരികമായ ഐക്യത്തെ നശിപ്പിക്കാനുമാണ് അവർ ശ്രമിച്ചത്. വട്ടമേശാസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽ (യംങ്ഇന്ത്യ-24. 12. 1931) ഗാന്ധിജി പറഞ്ഞു: ''ബ്രിട്ടീഷ്ഭരണം വരുന്നതിനുമുമ്പ്, ഇന്ത്യയിൽ ഇംഗ്ലീഷുകാരുടെ മുഖംപോലും കാണാത്ത കാലത്ത്, ഹിന്ദുക്കളും മുസ്ലിംകളും സിക്കുകാരും പരസ്പരം യുദ്ധം ചെയ്യുകയായിരുന്നുവോ? ഹിന്ദുക്കളും മുസ്ലീമുകളും സമാധാനപരമായി ജീവിക്കുകയായിരുന്നു എന്ന് വെളിപ്പെടുത്തുന്ന ഹിന്ദു-മുസ്ലിം ചരിത്രകാരന്മാരുടെ ലേഖനങ്ങളും കവിതകളും സുലഭമാണ്. ആ കാലത്ത് ഒരിക്കലും കലഹങ്ങൾ ഉണ്ടായിരുന്നില്ല. ഔറംഗസീബിനെയും മുഗൾഭരണത്തെയും പററി ബ്രിട്ടീഷ് ചരിത്രകാരന്മാർ എഴുതിപ്പിടിപ്പിച്ച നുണകളും, ചരിത്രരേഖകൾ തന്നെ വെച്ചു തിരുത്താൻ ദൈവം അവസരം തന്നെങ്കിൽ താൻ ശ്രമിക്കുമായിരുന്നുവെന്ന് മൗലാനാ മുഹമ്മദാലി തന്നോട് എപ്പോഴും പറയാറുണ്ടായിരുന്നുവെന്ന് ഗാന്ധിജി ചൂണ്ടിക്കാട്ടി ഹിന്ദുചരിത്രകാരന്മാരും അതാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ കലഹങ്ങൾ പഴയതല്ല, അവ ബ്രിട്ടീഷുകാരുടെ വരവോടെ ഉണ്ടായതാണ്. ബ്രിട്ടൻ ഇന്ത്യ വിട്ടുപോയാൽ ഹിന്ദുക്കളും മുസ്ലിംകളും സിക്കുകാരും യൂറോപ്യൻമാരും ആംഗ്ലോ ഇന്ത്യന്മാരും ക്രിസ്ത്യാനികളും അയിത്ത ജാതിക്കാരും ഒരു മനുഷ്യനെപ്പോലെ ഐക്യത്തിൽ ജീവിക്കുമെന്നാണ് ഗാന്ധിജി പറഞ്ഞത്.

മൗലാനാ അബ്ദുൽകലാം ആസാദിന്റെ ഭാഷയിൽ പറഞ്ഞാൽ (ഹിന്ദുമതത്തിന്റെയും ഇസ്ലാമിന്റെയും സംസ്കാരങ്ങളുടെ സമാഗമനം ഗംഗാ യമുനാ സംഗമം പോലെ പവി

ത്രമാണ്. ഈ സൗഹൃദം തകർത്തത് വിദേശികളും വിവിധ സമുദായങ്ങളിലെ ഉന്നത ശ്രേണികളിൽപെട്ട ന്തിപ്പര ഗ്രൂപ്പുകളുമാണ്. അവക്ക് വർഗപരമോ സാംസ്കാരികമോ ആയ കാര്യങ്ങളുമായും ബഹുജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുമായും ഒരു ബന്ധവുമില്ല. വർഗീയ സംഘടനകരം മതത്തെ രാഷ്ട്രീയത്തിനുവേണ്ടി ദുരുപയോഗപ്പെടുത്തിയതാണ് നമ്മുടെ പ്രശ്നങ്ങളെ സങ്കീർണമാക്കിയത്. ഇന്നും സങ്കീർണമാക്കുന്നതും.

മതേതരത്വമെന്ന ഇന്ത്യയുടെ ആദർശം മതങ്ങളുടെ നിഷേധമല്ല. രാഷ്ട്രീയവും രാഷ്ട്രവും മതപരങ്ങളായ പ്രശ്നങ്ങളിൽ ഇടപെടുന്നില്ലെന്നേ അതിനർത്ഥമുള്ളൂ. ബാബരി മസ്ജിദിൻെറയും രാമജന്മഭൂമിയുടെയും തർക്കത്തിന് രാഷ്ട്രീയമായ മാനം നല്കാനാണ് വർഗീയ കക്ഷികരം ശ്രമിക്കുന്നത്. നമ്മുടെ രാഷ്ട്രസങ്കല്പത്തിൻെറ അടിത്തറയായ മതേതരത്വത്തിനെതിരായ വെല്ലുവിളിയാണിത്. ചിരന്തനമായ ഈ രാജ്യത്തിൻെറ പാരമ്പര്യത്തിനെതിരായ വെല്ലുവിളി കൂടിയാണ്. ഇരുമതവിഭാഗങ്ങളിലെയും പ്രമുഖരായ നേതാക്കരം സംവാദത്തിലൂടെയും സംഭാഷണങ്ങളിലൂടെയും വേണം ഈ പ്രശ്നത്തിന് പരിഹാരം കാണാനും ആപൽക്കരമായ ഈ വെല്ലുവിളിയെ നേരിടാനും. ഹിന്ദുക്കളും മുസ്ലീമുകളും തമ്മിൽ മാത്രമല്ല, എല്ലാ മതവിഭാഗങ്ങളും തമ്മിൽ ഉള്ളുതുറന്ന സംവാദവും ആശയവിനിമയവും നടത്തുകയാണ് ഈ കാലഘട്ടത്തിൻെറ ആവശ്യം. എല്ലാസംസ്കാരങ്ങളുടെയും പാരമ്പര്യങ്ങളുടെയും ഏററവും ഉൽകൃഷ്ടമായ വശങ്ങളെ കണ്ടെത്താനും അവയെ നമ്മുടെ ദേശീയജീവിതത്തിൻെറ ധാരയിലേക്ക് ഇണക്കിച്ചേർക്കാനും സഹായകമാവുന്ന സംവാദമാണ് നമുക്ക് വേണ്ടത്. ജനാധിപത്യവും സാഹോദര്യവും ഇസ്ലാമിൻെറ മൗലിക പ്രമാണങ്ങളാണ്. സഹിഷ്ണുതയും സമന്വയവുമാണ് ഭാരതീയ ദർശനങ്ങളുടെ സവിശേഷത. ഈ രണ്ടു സമീപനങ്ങളിലേക്കും തിരിച്ചുപോകാൻ നമുക്ക് സാധിക്കണം. അതിന് അനുകൂലമായ അന്തരീക്ഷവും കാലാവസ്ഥയും ഒരുക്കുകയാവണം മാദ്ധ്യമങ്ങളുടെ മർമ്മപ്രധാനമായ കടമ.



ഒരു ദിവസം ഏററവും ദരിദ്രരായ ജനങ്ങളാൽ
എൻെറ രാജ്യത്തിലെ
അരാഷ്ട്രീയ ബുദ്ധിജീവികരം ചോദ്യം ചെ
യ്യപ്പെടും ഏകാന്തവും
ചെറുതുമായ ഒരു ജ്വാലപോലെ രാജ്യം ക്രമേ
ണ മരിച്ചുകൊണ്ടിരുന്ന
പ്പോരം എന്തു ചെയ്തു എന്നവർ ചോദ്യം
ചെയ്യപ്പെടും.

ഒട്ടോറേനേ കാസ്ററിലോ

നാം എവിടെയോ ചില ധാരണകളിൽ
നിന്നു തുടങ്ങുന്നു. അവ
യുടെ കൂടെ ബഹുദൂരം യാത്ര ചെയ്യുന്നു. പി
ന്നെ ഒരു ദിവസം തള
ന്ന് ഒരു നിമിഷത്തിൻ താങ്ങിനുവേണ്ടി
കൈ മയ്ക്കാനായു
മ്പോഴാണ് അതൊന്നും അവിടെയില്ലെന്ന
റിയുന്നത് വീഴ്ചയേ
ക്കാരം കൂടുതലായി അപ്പോരം തോന്നുന്ന ആ
ഏകാന്തതയാണ് നമ്മെ ഭരിക്കുക.

ആനന്ദ്

# ഇന്ത്യൻ മതേതരത്വത്തിന്റെ അപചയങ്ങൾ

**കെ. ബാലകൃഷ്ണൻ, മദ്രാസ്**

സ്വാതന്ത്ര്യത്തിന്നു ശേഷം ജനിച്ച ഒരു വ്യക്തിയുടെ ജീവിതത്തിൽ മതേതരത്വം എന്ന പദം സ്വാഭാവികമായും വളരെയേറെ സ്വാധീനം ചെലുത്തിയിരിക്കും. ലോവർ പ്രൈമറി ക്ലാസ്സുമുറികളിൽ നിന്നുതൊട്ടേ അയാൾ ഭാരതം ഒരു മതേതരത്ത രാഷ്ട്രമാണ് എന്ന വാചകം കേൾക്കാൻ തുടങ്ങുന്നു. അയാൾ ഹിന്ദുവാകാം, ക്രിസ്ത്യാനിയാകാം, മുസൽമാനാകാം, ശിഖനാകാം.....

എന്നാൽ പ്രായമേറി വരുംതോറും അവനിൽ മതേതരത്തം എന്ന വാക്ക് ആശയ കുഴപ്പം സൃഷ്ടിക്കും. തുറന്നുപറയട്ടെ, ഈ ലേഖകന്നു് ഈ ആശയ കുഴപ്പം സംഭവിച്ചുപോയിട്ടുണ്ടു്. അതിന്നു കാരണമുണ്ടു്.

ഹൈസ്കൂൾ ക്ലാസ്സുകളിലെ ആദ്യവർഷങ്ങളിൽ പഠിയ്ക്കാനിടയായതു് ശ്രീ നാരായണ ഗുരുദേവന്റെ ആശയങ്ങൾക്കു് പ്രാമുഖ്യം കൊടുക്കുന്നൊരു സംഘടന നടത്തുന്ന സ്കൂളിലായിരുന്നു. ലോവർ പ്രൈമറി ക്ലാസ്സുകളിലാവട്ടെ ക്രിസ്തുവിന്റെ അനുയായികൾ നടത്തുന്ന സ്കൂളിലും ലോകത്തിൽ മഹത്തായ ഒരു മത മുണ്ടെങ്കിൽ അതു ക്രിസ്ത്യൻ മതമാണെന്നു് പ്രിയപ്പെട്ട ഗ്രേസി ടീച്ചർ പറഞ്ഞു തന്നിരുന്നു. എന്താണ് ടീച്ചർ മതം—? ശൈശവത്തിന്റെ ആകാംക്ഷ ചോദ്യമുന്നയിച്ചു.......അത്.......! സ്നേഹവതിയായും യുവതിയുമായ ഗ്രേസി ടീച്ചർ പരുങ്ങിയതു് ഇന്നുമോർമ്മയുണ്ടു്. അവർ വിഷയം മാററി. മുതിർന്നതിന്നു ശേഷം ചോദിയ്ക്കാനും പററിയില്ല. അവർ കന്യാസ്ത്രീയായി നാടുവിട്ടു.... ഹൈസ്കൂൾ ക്ലാസിലെ ആദ്യദിനം. വിവിധ സ്കൂളിൽ നിന്നെത്തിയ പത്തുവയസ്സുകാർ തിങ്ങിക്കൂടിയിരിക്കുന്ന ക്ലാസ്സ്മുറി. അപരിചിതത്തത്തിന്റെ മൂടുപടം അഴിഞ്ഞു വീണുകഴിഞ്ഞിട്ടില്ല. അപ്പോഴാണു് കമനാകൃതിയിലുള്ള ജനവാതിലുകൾക്കു മുകളിൽ കമനീയമായി എഴുതിവെച്ച വാചകങ്ങളിൽ ദൃഷ്ടിതറയ്ക്കുന്നതു് ഒരു ജാതി ഒരു മതം, ഒരു ദൈവം മനുഷ്യന്നു് ജാതി ചോദിയ്ക്കരുതു് പറയരുതു് മദ്യം വിഷമാണു്....... വേറെയൊന്നും ചെയ്യാത്തതിനാൽ പത്തുവയസുകാരൻ ഈ വാചകങ്ങൾ മനഃപാഠമാക്കാൻ ശ്രമിച്ചു അന്നേരത്തു് ടീച്ചർ വരുന്നു. എല്ലാവരും എഴുന്നേററു നിൽക്കുന്നു. ഗൌരവം ആ മുഖത്തു് തുടിച്ചും നിൽക്കുന്നുണ്ടു്. കയ്യിൽ പുസ്തകങ്ങൾക്കൊപ്പം ഒരു ചൂരൽ... ഉള്ളിൽ നിറഞ്ഞുനിന്ന അങ്കലാപ്പു് ഇന്നും അനുഭവിച്ചറിയാം. സൌദാമിനി ടീച്ചറിന്റെ (പേരു പിന്നീടാണു് അറിഞ്ഞതു്) മുഖത്തെ ഗൌരവം തികച്ചും അഭിനയകമായിരുന്നു. അവരും സ്നേഹവതിയായിരുന്നു. അവരും മൃദുവായ സ്വരത്തിൽ കുട്ടികളുടെ പേരുചോദിയ്ക്കാൻ തുടങ്ങി. അവർ ജാതിയും ചോദിച്ചു... ജാതി ചോദിയ്ക്കരുതു് പറയരുതു് എന്ന സൂക്തത്തിൽ ദൃഷ്ടിയൂന്നി പിന്നോക്കജാതിക്കാരനായ ഈയുള്ളവൻ ജാതിപറഞ്ഞു കൊടുത്തു.

മതേതരത്വം എന്ന വാക്കിന്റെ ആശയകുഴപ്പം അന്നു മുതൽ തുടങ്ങി എന്നു്പറഞ്ഞാൽ അതൊരു സത്യം.... ആരും പറഞ്ഞു തരാതെ തന്നെ മതമെന്നാൽ എന്തു് എന്നു് സ്വയം മനസ്സിലാക്കുകയായിരുന്നു. പഠിച്ചിരുന്ന സ്കൂളിൽ ഒരൊററ ക്രിസ്ത്യാനിക്കുട്ടിയുമുണ്ടായിരുന്നില്ല. അവരെല്ലാം പള്ളിവക ഹൈസ്കൂളിലേ പഠിക്കൂ. (തൃശ്ശൂർ ജില്ലയിലെ എങ്ങണ്ടിയൂർ ഗ്രാമത്തിലെ നാഷനൽ ഹൈസ്കൂളിൽ ക്രിസ്ത്യാനിക്കുട്ടികൾ ഇപ്പോൾ പഠിക്കുന്നുണ്ടോ, എന്നു് അന്വേഷിച്ചറിയണമെന്നു് ചിലപ്പോഴൊക്കെ ആഗ്രഹിച്ചു പോയിട്ടുണ്ടു്. അന്വേഷിച്ചിട്ടില്ല. ആരും പഠിക്കുന്നില്ലെങ്കിലോ എന്ന ഭയംകൊണ്ടു്) പക്ഷേ

സതീർത്ഥ്യതയി മുഹമ്മതും, അബ്ബാസും, കഞ്ഞിമുഹമ്മതുമൊക്കെ ഉണ്ടായിരുന്നു. നോമ്പു തുറക്കൽ എന്ന ചടങ്ങും, തരിക്കഞ്ഞിയുടെ സ്വാദും അനുഭവിച്ചറിഞ്ഞത് അവരുടെ കുടുംബങ്ങളിൽ നിന്നാണ്

എല്ലാമതങ്ങളും നല്ലതാണ്. ഏതു മതത്തിൽ വിശ്വസിക്കണം എന്ന് അവനവന് തീരുമാനിക്കാം എന്ന് പറഞ്ഞുതന്നത് മലയാളം പഠിപ്പിച്ചിരുന്ന ശക്തിധരൻ മാഷായിരുന്നു. മതേതരമെന്നാൽ ഏതുമതത്തിലും വിശ്വസിച്ച് സ്വതന്ത്രമായി ജീവിക്കാം എന്നതാണ് കാര്യം എന്ന ബോധം അങ്ങിനെ വളർന്നു. പക്ഷേ മതങ്ങൾ തമ്മിൽ പരസ്പരം വഴക്കു കൂട്ടുമെന്നും വഴക്ക് സംഘട്ടനമാകുമെന്നും, ചോരയൊഴുകുമെന്നും മനസ്സിലായത് ഒരു ഞെട്ടലോടെയാണ്.

സ്ഥലപേരു് മനഃപൂർവ്വം പറയുന്നില്ല. ഒരു ഗ്രാമം എന്ന് ധരിച്ചോളൂ. അവിടെ ഒരു മുസ്ലീം പള്ളിയുണ്ട്. ഒരു ഹിന്ദു ക്ഷേത്രമുണ്ട്. ഏതോ ഒരു ദേവാലയത്തിലെ ആഘോഷ ചടങ്ങ് മറേറദേവാലയത്തിന്നു മുന്നിലൂടെ കടന്നുപോകുമ്പോൾ വാദ്യാഘോഷം മുഴക്കി. ആരോ എതിർത്തു. എതിർപ്പു വഴക്കായി. വഴക്ക് സംഘട്ടനമായി. കത്തികൾ ഉയർന്നു താന്നും പലരുടെ ശരീരത്തിലും ചോര കണ്ടു. പരിക്കേററവരിൽ ഒരാൾ എന്റെ സതീർത്ഥ്യനായ അബ്ബാസിന്റെ അമ്മാവനായിരുന്നു.

ആസ്പത്രിയിലായ അമ്മാവനെ കാണാൻ അബ്ബാസിനോടൊത്ത് ഈ യുള്ളവനും പോയിരുന്നു. ബോംബെയിൽ നിന്ന് അദ്ദേഹം വരുമ്പോൾ അബ്ബാസിന്ന് കൊടുക്കുന്നതിനോടൊപ്പം ഒരു ചായപെൻസിൽ ഈ യുള്ളവനും തരാറുണ്ടായിരുന്നു. ബോംബെ മാമ എന്നാണ് ഞങ്ങളിരുവരും അദ്ദേഹത്തെ വിളിയ്ക്കാറ്.

ബോംബെമാമയുടെ ഭുജത്തിലായിരുന്നു കുത്തേററത് അദ്ദേഹത്തിന്നടുത്തു തന്നെ കുത്തേററ് വേറൊരാളും കിടപ്പുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരു് ദിവാകരൻ രണ്ടുപേരുടെ ശരീരത്തിലും ബാൻഡേജ്. ബാൻഡേജിന്നു പുറത്തും ചോരയുണ്ടായിരുന്നു. രണ്ടാളുടെ ശരീരത്തിലെ ചോരയ്ക്കും ഒരേനിറം ചുവപ്പ്.

“എന്തിനാണ് മാമ കത്തികുത്തുനടന്നത് —” വീണ്ടും ബാല്യ നിഷ്ക്കളങ്കത ചോദ്യമുന്നയിക്കുന്നു

“അതു മോനെ ...” ബോംബെ മാമ ഉത്തരം പറയാനാവാതെ പതങ്ങുന്നു.

ഉത്തരമില്ലാത്ത ചോദ്യങ്ങൾ. ഇതിന്ന് ഇപ്പോഴും ഉത്തരം കിട്ടുന്നില്ല. ബോംബെയിലും ഹൈദരാബാദിലും എന്തിന് മദിരാശിയിലെ ട്രിപ്ലിക്കേനിലും ഇതേ കാരണത്തിന് പരിക്കുപററി കിടന്നവർക്ക് ഈ ചോദ്യത്തിന്ന്-ചോദ്യം ചോദിക്കുന്നത് ബാല്യനിഷ്ക്കളങ്കതയാണെങ്കിൽ-ഉത്തരം നൽകാൻ പററില്ല.

(പ്രപഞ്ചസ്രഷ്ടാവേ! ഉത്തരരഹിതരായ ഈ ചോദ്യങ്ങൾ ഇല്ലായ്മ ചെയ്യാൻ! അവിടന്ന് ഒരു വഴി കാണിച്ചുതരൂ...”)

ഞാൻ വിഷയത്തിൽ നിന്ന് വ്യതിചലിച്ചുവോ—? ഇല്ലെന്ന് തോന്നുന്നു അല്ലെങ്കിൽ ഈ വിഷയത്തെ കുറിച്ച് ഞാൻ തികച്ചും അജ്ഞനാണെന്നു വരാം. മത സംഘട്ടനങ്ങളുടേയും, ജാതി സംഘട്ടനങ്ങളുടെയും ഭീതികമായ കഥകൾ വായിക്കുമ്പോൾ ചിന്താശക്തിനഷ്ടപ്പെട്ട്, ജീവിതം അർത്ഥശൂന്യമാണെന്ന് തോന്നിപോകുന്ന ഒരുവന്ന് ഈ അജ്ഞത ഒരു പക്ഷേ ഭൂഷണമാകാം. മരിച്ചുവീഴുന്നതും പരിക്കുപററുന്നവനും എന്റെ സഹോദരനാണെന്ന ചിന്ത ഈ കാലഘട്ടത്തിൽ ആവശ്യമോ, അനാവശ്യമോ —?ഇപ്പോൾ ചോദ്യം ബാല്യ—കൗതുകത്തിൻേറതല്ല. മധ്യവയസ്സന്റെ തളർച്ചയിൽ നിന്നാണ്

ഇന്ത്യ സ്വതന്ത്രമായപ്പോൾ, വിവിധമതങ്ങളുടെ കളിയരങ്ങായ ഇന്ത്യയിൽ ഒരു രാഷ്ട്രമതത്തിന്ന് സാധ്യതയുണ്ടായില്ല. അതിനാൽ സകല മതങ്ങൾക്കും നമ്മുടെ രാഷ്ട്രീയ നേതാക്കന്മാർ സ്വാതന്ത്ര്യമനുവദിക്കുന്ന നയം ഉണ്ടാക്കി. സത്യത്തിൽ ഇതു മത നിരപേക്ഷതയല്ല

മതത്തെ തന്നെ നിഷേധിക്കുക എന്ന പ്രവണതയിലേക്ക് ജനം എത്തിച്ചേർന്നതിൽ നിന്നാണ് മതേതരത്വം എന്ന പദം ഉൽഭവിച്ചത്.

മധ്യവയസ്സന്റെ തളർന്നമനസ് സമീപകാല സംഭവങ്ങളിലേക്ക് മുതലകൂപ്പു നടത്തുന്നു. ഇന്നിപ്പോൾ ഇന്ത്യയിൽ മതേതരത്വമാണോ നിലനിൽക്കുന്നത്. ഇന്ത്യഎന്ന പദത്തിൽ നിന്ന് ഹിന്ദുസ്ഥാനും, ഹിന്ദുസ്ഥാൻ ഹിന്ദുക്കളുടേതും എന്ന വാദത്തിന്ന് പ്രാമുഖ്യം നൽകാൻ ചിലർ ശ്രമിക്കുന്നില്ലേ-?

ഉണ്ട്. അതപകടമാണുതാനും. മതത്തിന്റെപേരിൽ രാഷ്ട്രീയ പാർട്ടിയിലേക്ക് ആളെ ആകർഷിക്കുക എന്ന പ്രവണത പല്ലും നഖവും ഉപയോഗിച്ചു തന്നെ എതിർക്കപ്പെടേണ്ടതാണെന്നു തോന്നുന്നു. കഥാപാത്രങ്ങളായ ദൈവങ്ങളുടെ പേരിൽ വിവാദമുണർത്തുന്നതും അപലപനീയമാണ്. അതോടൊപ്പം തന്നെ സവർണതയുടെ പേരിൽ അവർണനെന്ന് പറയുന്നവനെ അഗണ്യകോടിയിൽ തള്ളാനുള്ള ഒരു സംഘടിത നീക്കവും ഇന്ത്യയിലുണ്ട്. ഇതും മനുഷ്യനെ മനുഷ്യനിൽ നിന്നകററും.

ഇക്കാര്യത്തെ കുറിച്ച് എഴുതാൻ തുടങ്ങിയാൽ ഒരുപാടുണ്ട്. അതിനുള്ള അവസരം ഇതല്ലതാനും. തികച്ചും വ്യക്തിനിഷ്ഠമായ ഒരു കാര്യം പറഞ്ഞ് ഈ കുറിപ്പവസാനിച്ചിരിക്കുന്നു. പക്ഷേ, അപൂർണമായി.

മതം എന്ന പദത്തിന്ന് ഈയുള്ളവൻ കൊടുക്കാനാഗ്രഹിക്കുന്ന അർത്ഥം പ്രപഞ്ചസൃഷ്ടാവുമായുള്ള ഏകാന്തതയിലുള്ള സംവദിക്കലാണ്. അതിന്ന് എനിക്ക് പ്രതീകങ്ങൾ വേണമെന്ന് തോന്നുന്നില്ല. സൃഷ്ടി കർത്താവിനോട് എന്റെയും ലോകത്തിന്റെയും നന്മയ്ക്കായി പ്രാർത്ഥിക്കുക. ഇത് മതമാണെങ്കിൽ ഞാൻ ആ മത വിശ്വാസിയാണ്. ഈ വിശ്വാസം സംരക്ഷിക്കാൻ എതിരു നിൽക്കുന്നവനെ ഞാൻ ഒരു പക്ഷേ എതിർത്തെന്നു വരും. അത് എന്റെ അവകാശങ്ങളിൽ പെടുന്നു. മനുഷ്യനെന്ന നിലക്ക്.

ഈയുള്ളവന്റെ മതേതരത്വ സങ്കൽപം ഉരുത്തിരിഞ്ഞിരിക്കുന്നത് മേൽപറഞ്ഞ വിധമാണ്. ഇതിന്ന് വെല്ലുവിളികളുണ്ടാകാം. ആ വെല്ലുവിളികളെ നേരിടേണ്ടത് മനുഷ്യനെന്ന നിലക്കുള്ള എന്റെ കടമമാത്രം

# സ്ത്രീ വിമോചനം സിഗരററിലൂടെ

പ്രിജി. എസ്.



പുകവലി ആണത്തത്തിൻെറ ലക്ഷണമായിട്ടാണ് പരിഗണിച്ചിരുന്നത്. എന്നാൽ അവർ ഈ ദുശ്ശീലത്തിൽ നിന്നു് വിടുതൽ പ്രാപിക്കാൻ ശ്രമിക്കുമ്പോൾ കുത്തകമുതലാളിമാർ സ്ത്രീകളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീ വിമോചനത്തിൻെറ പേരിൽ നല്ലതിനും ചീത്തതിനുമൊക്കെ പുരുഷന്മാരെ അനുകരിക്കുന്ന വനിതകളുടെ പ്രവണത അവർക്ക് വളരെ സഹായകവുമാണ്. ദശാബ്ദങ്ങൾക്കുമുമ്പുതന്നെ പാശ്ചാത്യരാജ്യങ്ങളിലെ സ്ത്രീകളുടെ ഇടയിൽ പുകവലിശീലം തുടങ്ങിയിരുന്നു. ഇത് പലപ്പോഴും പുരോഗമന ചിന്താഗതിക്കാരും സ്വതന്ത്രരുമായ സ്ത്രീകളുടെ ഇടയിലാണ് കണ്ടുവരുന്നത്.

ബോംബെയിലെയും ദൽഹിയിലെയും പുകവലിക്കുന്ന സ്ത്രീകളുടെ താല്പര്യങ്ങളെക്കുറിച്ച് ഒരു സർവേ നടത്തിയിട്ടാണ് കമ്പനിക്കാർ സ്ത്രീകൾക്കുവേണ്ടിയുള്ള സിഗരററിനു് രൂപംനൽകിയത്. കടുത്ത രുചിയോ ഗന്ധമോ ഇല്ലാതെ മനോഹരമായ രീതിയിൽ പായ്ക്കുചെയ്ത സിഗരററാണ് അവർ ആവശ്യപ്പെട്ടത്.

സ്ത്രീകളിൽ പുകവലികൊണ്ടുണ്ടാകുന്ന ദോഷങ്ങൾ അനേകമാണ്. അമ്മ പുകവലിക്കാരിയാണെങ്കിൽ പുകയിലയുടെ ദൂഷ്യഫലങ്ങൾ ഗർഭസ്ഥശിശുവിനെയും ബാധിക്കും. പുകയില ഭ്രൂണത്തിൻെറ വളർച്ച മുരടിപ്പിക്കുന്നു. ഇതിനാൽ ഗർഭകാലം പൂർണ്ണമാണെങ്കിൽത്തന്നെ കുട്ടിക്ക് ജനിക്കുമ്പോൾ ഭാരം വളരെ കുറവായിരിക്കും. ചുററുപാടുകളിൽനിന്നു് സിഗരററിൻെറ പുക ഉള്ളിൽ കടന്നാൽ പോലും അത് ഭ്രൂണത്തെ ബാധിക്കുന്നു. ഇക്കാരണത്താൽ കുട്ടികൾ പലപ്പോഴും അംഗവൈകല്യമുള്ളവരായി ജനിക്കുന്നു.

പുകയിലയുടെ പുകയിൽ നാലായിരത്തോളം വിഷപദാർത്ഥങ്ങളുണ്ട്. പുകയിലയിലെ നിക്കോട്ടിൻ ആണ് പുകവലിക്കാരെ അതിന് അടിമയാക്കുന്നത്. അതിനാൽ ഒരാൾ പുകവലി ഉപേക്ഷിക്കാൻ ശ്രമിക്കുകയാണെങ്കിൽ നിക്കോട്ടിൻ ആശ്രിതത്വം അതിനു് തടസ്സമാവുന്നു. പുകയിലയിൽ കാൻസറിനു കാരണമായ വിഷപദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ട്. ആദ്യം ഒരു രസത്തിനുവേണ്ടി പുകവലിതുടങ്ങി പിന്നീട് അവൾ (അവൻ) അതിനടിമയാകുന്നു. പുകയുടെ രൂപത്തിലല്ലാ



ആര്യാവർത്തത്തിലൂടെ പടഹം പിന്നെയും നീങ്ങുന്നത് ആദിമഗുരുക്കന്മാർ അറിഞ്ഞു. എല്ലാം ആവർത്തിക്കുന്നവല്ലോ, അവർ ഖേദിച്ചു. ആര്യാവർത്തത്തിന്റെ കഴിഞ്ഞ കാലങ്ങൾ; സിന്ധുവും ഗംഗയും അതിന്റെ പരപ്പുകളെ നനച്ചുകൊണ്ട് ഒഴുകിക്കിടന്നു. നദീതടങ്ങൾ പച്ചപിടിച്ചും വരവൃക്ഷങ്ങൾ പക്വഫലങ്ങളെക്കൊണ്ടുനിറഞ്ഞും ഇരുന്നു. ബ്രാഹ്മണനും ക്ഷത്രിയനും ഈ വിളവെ പ്രകൃതിദേവതകൾക്ക് നേദിച്ചു. എന്നാൽ ഈ അർപ്പണത്തിൽനിന്ന് അവർ അധഃകൃതന്റെ സന്തതികളെ വിലക്കിനിർത്തി. അങ്ങിനെ വിലക്കപ്പെട്ടവർ ആരാധന നിഷേധിക്കപ്പെട്ട്, സ്പർശത്തിൽ നിന്നും സാമീപ്യത്തിൽനിന്നും അകററപ്പെട്ട്, വെളിമ്പുറങ്ങളിൽ അലഞ്ഞു: ഗുരുപരമ്പരകൾ അവർക്കായി ദുഃഖം പൂണ്ടു. ആ ദുഃഖത്തിന്റെ വിളികേട്ട്, ഒരായിരം കാതമകലെക്കിടന്ന മരുഭൂമിയിലെവിടെയോ വീണ്ടുമൊരു ഗുരു പിറവികൊണ്ടു. മരുഭൂമിയുടെ ചന്ദ്രക്കലയിലേക്ക് കണ്ണുയർത്തി ആ ഗുരു അഖണ്ഡത്തോട് സംസാരിച്ചു; അഖണ്ഡത്തിന്റെ വെളിപാടുകൾ അവന്റെ കാതിൽ സ്വകാര്യമായി, മൃദുലമായി മുഴങ്ങി. മരുപ്പച്ചയിലെ മിനാരങ്ങളിൽ കയറിനിന്നുകൊണ്ട് അവൻ മരുഭൂമിയിലൂടെ വിളിച്ചു, താരതമ്യമില്ലാത്തവനായ ദൈവത്തെ ആരാധിക്കാൻ ഈ മന്ദിരത്തിലേക്ക് വരിക!' ഒട്ടകവും ആടുംമേച്ചുനടന്ന പ്രാകൃതഗോത്രങ്ങൾ ഈ പ്രവാചകനെ ചെവിക്കൊണ്ടു വാളെടുത്ത് മണലുകടന്ന് ദിക്കുകളിലേക്കു കവിഞ്ഞൊഴുകി.

–ഗുരുസാഗരം–

---



അവരുടെ വാക്കുകളെ വിശ്വസിച്ചുവെന്നതൊഴിച്ചാൽ
ഞങ്ങളൊരപവാദവും ചെയ്തിരുന്നില്ല.
എന്നിട്ടും വെളിച്ചം തരാമെന്നേററവർ
ഒടുവിൽ ഞങ്ങളുടെ കണ്ണിലെ
ചെറുതിരിയും തല്ലിക്കെടുത്തി
നേരത്തെ അവർ ഞങ്ങളെ നിശബ്ദരാക്കി
ഇപ്പോൾ കുരുടരും.

# കവിത

# ആഹ്ളാദോറവിടം

## അബ്ദുൽ നാസർ എം.



''ചിരകാലമാതി ദീനതയനുഭവിക്കുന്ന മനുഷ്യകുലത്തിന്റെ വരണ്ട തൊണ്ട നനയ്ക്കാനുള്ള കരിമ്പിൻ തോട്ടമാണ് കവിത''യെന്ന് ഇടശ്ശേരി പ്രഖ്യാപിച്ചപ്പോഴും കവിതയുടെ മഹത്വം പ്രപഞ്ചത്തിനുമപ്പുറം ചെന്നെത്തുകയായിരുന്നു. കാവ്യാനുഭൂതിയുടെ പാരമ്യത്തിൽ സ്വർഗ്ഗീയ സുഖമനുഭവിക്കുന്ന ഒട്ടനവധി ആസ്വാദകർ കവിതയുടെ മർമ്മം കണ്ടറിഞ്ഞവരാണ്. കവിതയെന്തെന്നും കവിയാരെന്നുമുള്ള ജ്ഞാനം കൈവരിക്കാതെ അത്തരം നേട്ടത്തിനർഹനാവുക അസാധ്യമത്രേ.

ഒരു സാഹിത്യരൂപമെന്ന നിലയിൽ കവിത മററെന്തിനേക്കാളും ഉന്നതമായ പരിഗണനയർഹിക്കുന്നു. വികാരങ്ങൾക്ക് ഭാഷ നൽകി പ്രകടിപ്പിക്കുന്നതിലൂടെയുള്ള ആശയവിനിമയത്തിന്റെ ആവശ്യകതയിൽ നിന്നാണ് കവിത ജന്മമെടുത്തതെന്നു പറയാം.. അതിമുമ്പ് കാവ്യമനസ്സ് ശില്പിയുടെ വിരൽത്തുമ്പുകളിൽ സായൂജ്യം കണ്ടെത്തി. 'എന്തോ ഒന്ന്'' എന്ന പ്രയോഗം കാവ്യകാരന്റെ ചിന്തയുടെ മർമ്മമാണ്. ആ എന്തോ ഒന്നിനെക്കുറിച്ച് പറയപ്പെട്ടതും പറയാനുള്ളതുമായ കാര്യങ്ങളും

അതിനുള്ള മാധ്യമവുമാണ് കവിത. അതിനാൽ, അനുവാചകരിൽ പ്രതികരണപ്രവാഹമുണ്ടാക്കാൻ പോന്ന മാന്ത്രികപദങ്ങൾ കവിതയ്ക്ക് എന്നും സ്വായത്തമാണ്. കവിതക്ക് മാത്രമുള്ള ഈ കഴിവാണ് ഇതര സാഹിത്യരൂപങ്ങളിൽ അതിനുള്ള രാജകീയതയ്ക്കുള്ള കാരണം.

എന്താണ് കവിതയെന്ന് നിർവ്വചിക്കാൻ പറഞ്ഞപ്പോൾ സെയ്ൻറ് അഗസ്റ്റിൻെറ മറുപടി അതൊരിക്കലും സാധ്യമാവുകയില്ല എന്നായിരുന്നു.

നമുക്ക്, ഹൃദയത്തിൻെറ വ്യാപാരമാണ് കവിയെന്നു പറയാം. വ്യക്തിയുടെ സ്വകാര്യതയെ അത് തട്ടിയുണർത്തുന്നു. മനസ്സിൻെറ ലോലതയിൽ വീണമീട്ടുന്നു. ആത്മാർത്ഥതയുള്ള ആസ്വാദകനെ അതൊരിക്കലും വഞ്ചിക്കുന്നില്ല. സ്വപ്ന സൗധങ്ങളിൽ ചപല വികാരങ്ങൾ കൊണ്ട് തീർത്ത ഇമ്പമാർന്ന പദസഞ്ചയമല്ല കവിത. മറിച്ച്, മനുഷ്യൻെറ ഇന്ദ്രിയത്തിനുമപ്പുറമുള്ള ഇന്ദ്രിയത്താൽ, ചുററുമുള്ള അനുഭവയാഥാർത്ഥ്യങ്ങളെ ഹൃദയസ്പൃക്കായി ആവിഷ്ക്കരിക്കുകയും അത് അതേപടി തന്നെ വായനക്കാരൻെറ മുന്നിലെത്തിക്കുകയും ചെയ്യുമ്പോൾ കാവ്യം മനുഷ്യമനസ്സിനെ വിട്ടൊഴിയാത്ത പകർച്ചവ്യാധിയായി മാറുന്നു.

കവിതയെ സ്നേഹിക്കുകയെന്നത് ബുദ്ധിയുടെയും കൂടി പ്രവർത്തനഫലമാണ്. കവിത എത്രത്തോളം ഭാവനാ സമ്പന്നമാണെങ്കിലും മനുഷ്യാത്മാവിനെ ധൈഷണികമായ സാക്ഷാത്കാരവും കൂടിയാണത്. ഉദാഹരണത്തിന്, ഒരു കൊച്ചുകുട്ടി അവൻെറ നഴ്സറിപ്പാട്ടിൻെറ ശബ്ദ സൗന്ദര്യത്തിൽ ആകൃഷ്ടനായേക്കാം.

> കവിത കേവലമൊരു സംഭവമല്ല മറിച്ച് വായനക്കാരനും കവിയും തമ്മിലുള്ള ആശയവ്യാപാരമാണ്. എല്ലാ അനുവാചകരിലുമുള്ള പൊതുവായ മനുഷ്യത്വത്തോടാണ് കവി സംസാരിക്കുന്നത്. കാവ്യാസ്വാദകൻെറ സവിശേഷ ശ്രദ്ധ പിടിച്ചു പററുന്ന കവിത. അവൻെറ ഭാവനയെ പിടിച്ചു കുലുക്കുന്നതാവണം.

എന്നാൽ, അവൻെറ ബുദ്ധിപരമായ മണ്ഡലത്തിൽ അൽപമെങ്കിലും സ്വാധീനം ചെലുത്താൻ ആ പദത്തിനു കഴിയുന്നില്ലെങ്കിൽ അതിനോട്.... അവൻെറ ഇഷ്ടം വേരുപിടിക്കാതെപോകാനാണ് സാധ്യത.

പദ്യവും(verbe)കാവ്യവും(poetry) തമ്മിലുള്ള അന്തരവും കൂടി മേൽപറഞ്ഞ ഉദാഹരണത്തിൽനിന്നുവ്യക്തമാണ്. പ്രാക്തന നാളുകളിൽ കഥപറയാൻ പററിയ മാധ്യമമായാണ് പദ്യം അരങ്ങേറിയത്. വൃത്തജഢിലമായ അതിൻെറ അഴകററ രൂപം അതിവേഗം ഹൃദയസ്ഥമാകുന്നതിൽ കേൾവിക്കാരനെ സഹായിച്ചു. അത് കൊണ്ടുതന്നെ പദ്യത്തെ സ്മരണാർഹമായകഥനം(memorable speech) എന്നു വിവക്ഷിക്കാറുണ്ട് എങ്കിലും ചിലപ്പോൾ ഇത്തരം പദ്യങ്ങൾ നൂററാണ്ടുകളോളം നിലനിന്നേക്കാം. ഇംഗ്ലീഷിൽ മാസങ്ങളുടെ പേരുകൾ കോർത്തിണക്കിയ ഒരു പദ്യം ഇതിന് നല്ലൊരുദാഹരണമാണ്.

അനുഗൃഹീത കവിതകളും ചിലപ്പോൾ പദ്യരൂപത്തെ ആശ്രയിക്കാറുണ്ട്. ആംഗല മഹാകവി കോൾറിജിൻെറ 'പ്രാചീന കപ്പൽക്കാരൻ' എന്ന കവിതയ്ക്ക് ഒരു പ്രത്യേക പദ്യരൂപമാണുള്ളത്. അക്കവിതയിൽ ഭാഷയുടെ സ്രോതസ്സുകളെ മനസ്സിലാക്കുന്ന രൂപത്തിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഭാഷയെ സമ്മർദ്ദവത്ക്കരിക്കുകയാണ് കവി ചെയ്തത്, സുചിത്രമായ വിവരണങ്ങളും ശ്രവണ സുന്ദരമായ പദപ്രയോഗങ്ങളും സുസംഘടിതവും അ[illegible]വുമായ പ്രതിപാദനവുമാണ് ഇത്തരം പദ്യങ്ങളെ കാവ്യരൂപത്തിലേക്കുയർത്തുന്നത്.

കവിത കേവലമൊരു സംഭവമല്ല മറിച്ച് വായനക്കാരനും കവിയും തമ്മിലുള്ള ആശയവ്യാപാരമാണ്. എല്ലാ അനുവാചകരിലുമുള്ള പൊതുവായ മനുഷ്യത്വത്തോടാണ് കവി സംസാരിക്കുന്നത്. കാവ്യാസ്വാദകൻെറ സവിശേഷ ശ്രദ്ധ പിടിച്ചുപററുന്ന കവിത, അവൻെറ ഭാവനയെ പിടിച്ചു കലുക്കുന്നതാവണം.

അത്ഭുതത്തിൻെറയും സ്വാഭാവികതയുടേയും ഈയൊരു സങ്കലനത്താൽ കവിത, മനുഷ്യമനസ്സിൻെറ അദമ്യമായ ആഹ്ളാദോറവിടമായിത്തീരുന്നു. ഉണ്ടായ സാഹിത്യരൂപങ്ങളിൽ ഒന്നാംസ്ഥാനത്ത് നില്ക്കാൻ കവിത യോഗ്യയാണെന്ന് പറയാനുള്ള കാരണവും ഇതുതന്നെ.

# കൂട്ടുകാർ

## ഒ. പി. സുരേഷ്

എനിയ്ക്കു്
രണ്ടുകൂട്ടം സുഹൃത്തുക്കളുണ്ട്.
പച്ചിലകളുടെ ഹൃദയംമാത്രം തിന്നുന്ന
സസ്യഭുക്കുകൾ.
കായ്കനികളുടെ ചോരവാററിക്കുടിക്കുന്ന
മദ്യഭുക്കുകൾ
മഴയ്ക്കൊപ്പം,
ഇടിനാദംപോലെ മദ്യഭുക്കുകൾ
മിന്നൽ പിണർപോലെ സസ്യഭുക്കുകൾ
തമ്മിൽ കണ്ടുകൂടാത്ത
രണ്ടുകൂട്ടം സുഹൃത്തുക്കൾ
സസ്യ വിദ്വേഷിയായ സുഹൃത്തുപറയും
''ഗൃഹാതുരത്വത്തിൻെറ ഔഹരിതാഭ
നിന്നിൽ
ശവപ്പെട്ടിയിലെ നിശ്വാസംപോലെ
കടുത്ത ശൂന്യതപകരും.
ആവർത്തനത്തിൻെറ പത്മവ്യൂഹം: ചമയ്ക്കും.
കൂടുതൽ കൂടുതൽ നിഷ്ക്രിയനാക്കും.
ഇവിടെ,
സുതാര്യമായ ഈ സ്ഫടികജലത്തിലേക്ക് ഊളിയിടുക
വികാരങ്ങളെല്ലാം
മലയായി വളർന്ന് പെരുകുന്നു
മഴയായി അലിഞ്ഞുരുകുന്നു
ചുണ്ടുതുടച്ച്, സലാംപറഞ്ഞ്,
മണക്കാതിരിയ്ക്കാൻ ഉള്ളിചവച്ച്
സസ്യഭോജന ശാലിയിലെത്തുന്നു.
തടിച്ച പുക മറയ്ക്കുള്ളിലെ കനത്ത സുരക്ഷിതത്വം
അഭയത്തിൻെറ പച്ചില്പവാതിൽ തുറക്കുന്നു
മനുഷ്യൻെറ മഹത്തായ കണ്ടുപിടുത്തം
വരണ്ട മണ്ണിലെ പച്ച സമൃദ്ധി
വിളറിയ വിഷാദ രേഖകൾ
പുതിയകാലത്തിൻ ഭാഗ്യരേഖകൾ
ചുണ്ട്നനച്ച്, സലാംപറഞ്ഞ്
തിരിച്ചുപോരുന്നു.
പച്ചിലകൾതിന്ന്, വാററുചോരയും കുടിച്ച്
മിശ്രഭുക്കാവുന്നു.
കൂട്ടുകാർക്കെല്ലാം പ്രിയങ്കരനാവുന്നു.

# മരത്തോട്

*താഹിറാബാനു സി. പി.*



അന്തിമയങ്ങുമ്പോളില കൂപ്പി ധ്യാനിക്കും
പച്ച പുതച്ചോരുറക്കം തൂക്കി
ഇന്നീ വെയിൽതിന്നു മീറൻമണൽപ്പര-
പ്പൊന്നാകെ നിന്നെ സ്മരിച്ചിടുന്നു.
മഴവേറ്റു ഭൂമിയിൽ ഊക്കിൽ പതിച്ചനിൻ
താഴയ്ത്തടി വിലപേശി വിറ്റിടുന്നു!
ആകെത്തൊലിയെടുത്തസ്ഥിപഞ്ജരമായി നിൻ
ഹരിത നിറമാർന്ന കൈത്തലങ്ങൾ
എന്നോ മരിച്ച ചിതാഭസ്മമായി നിൻ
ഛായതൻ സുഖവും തുടിപ്പുകളും
മഴതട്ടി മേനിയിൽ, മുറിവേറ്റു മനസ്സിലും,
നീർപൊടിഞ്ഞായിരം മിഴികളിലും
അന്നുനിൻ സൗഭാഗ്യം പൂത്തിരുന്നൊരുനാളിൽ
പൂക്കൾ വിടർന്നുകൊഴിഞ്ഞിരുന്നു;
പുലരിയുണരുമ്പോൾ വെള്ളവാലൻകിളി
ചിറകൊതുക്കാൻ ചില്ല കണ്ടിരുന്നു;
നീഡത്തിലന്തിയുറങ്ങും കിളിമുട്ട
തിന്നുവാനുരഗങ്ങൾ വന്നിരുന്നു.
നീലനിറംപൂണ്ട, കണ്ണുതുറക്കാത്തൊ-
രാത്മാവ് പൊട്ടിത്തകർന്നിരുന്നു;
വിരിയാതെ മൊട്ടായ്കിടന്ന തന്നോമൽ
കിനാക്കളെയോർത്തമ്മകേണിരുന്നു;
തായതൻ ഗാനത്തിൽ ശോകവും മോഹവും
ലോകവുമാകെ ലയിച്ചിരുന്നു;
ചിതയിലെരിഞ്ഞ സ്വപ്നങ്ങളുമായമ്മ-
ക്കിളിയേതോചില്ലയിൽ ചാഞ്ഞിരുന്നു.
ഇന്നീമുറിച്ചിട്ട ചില്ലയിൽ തീർക്കുന്ന
നിശ്ചേഷ്ട രൂപങ്ങളൊന്നുമൊന്നും
കുളിരും നിഴലും വെറുതെയേകുന്നില്ലീ
വഴിയിലുറങ്ങും കാൽപ്പാടുകൾക്ക്
കേവലം മൃതമായ്, കറുത്തപേക്കോലമായ്
ശാഖകളൂഴിയിൽ വിശ്രമിക്കേ,
അശ്രുവണ പൊട്ടി, ഗതിതെറ്റിയൊഴുകുന്നു
വെട്ടിയ ചില്ലകൾക്കുള്ളിലൂടെ,
പായുന്ന ശോകത്തിൻ കാറ്റും, കൊടുങ്കാറ്റും
ലകത്തിലാകെ പടർന്നിടുന്നു.


ചിന്നം നിലാവിൽ തെളിഞ്ഞു കാണുന്നുനിൻ
വെട്ടി മുറിച്ച മരക്കുറ്റി, ഞാൻ
ചിതലരിച്ചെത്തിത്തുടങ്ങിയിട്ടുണ്ടതിൻ
ചുവടുപതുക്കെയിളക്കി മാറ്റാൻ.
വെള്ളവാലൻകിളിയോർത്തുകരയുന്നു
'ചില്ലകൾ ഇനിയും ജനിക്കില്ലല്ലോ'
പൊട്ടിയ കമ്പിയാൽ ശ്രുതിമീട്ടി പാടുന്നു,
ഖിന്നയായ് തീർന്നോരു കാട്ടുപക്ഷി
താളം പിഴച്ചും ശ്രുതിതെറ്റിയും ലോകം
മീട്ടുന്നു തരുവിൻെറ ചരമഗീതം,
താരങ്ങളാകാശ മച്ചിലിരുന്നു മീൻ-
കണ്ണുകൾ മെല്ലെ തുറന്നിടുന്നു;
മാമരങ്ങൾമണ്ണിൽ വീഴും കൊടുംകാഴ്ച
കാണാൻ കഴിയാതെ കൺപൂട്ടുന്നു
ഒന്നുമറിയാതെ കണ്ണുനീർ വീഴ്ത്താതെ-
യധമനാം മർത്ത്യൻ വിഹരിക്കുന്നു
കറുകറുത്തിരുളിൽ തിളങ്ങും മഴത്തല
വീണ്ടും വധിയ്ക്കുന്നു 'പാവങ്ങളെ'



സലാമിന്റെ ഫോട്ടോ തേടിച്ചെന്നതായിരുന്നു.
ഉമ്മ: എന്റെ മോൻ...'!
പൊട്ടിക്കരച്ചിലായി.
ആശ്വാസവാക്കുകൾ വെറുതെയാവുന്നു.
ഉമ്മയുടെ നൊമ്പരം ആരറിയുന്നു?
മരണം വരുന്ന വഴിയും ആരറിയുന്നു?
എൻ. സി. സിയുടെ മികച്ച കേഡറ്റ്...
നിഷ്കളങ്കത നിറഞ്ഞ പെരുമാറ്റം....
വീട്ടിനടുത്തുള്ള കുളക്കടവത്ത് വെച്ചാണ് അടിയറവ്
പറഞ്ഞത്
സലാം, ജലപാളികൾക്കടിയിലെ
ലോകം തേടിപ്പോയി...
ഉമ്മയുടെ കരച്ചിൽ ലോകം മുഴുക്കെ നിറയുന്നു.
സലാം, എല്ലാം ഞങ്ങൾ ഓർക്കുന്നു.

## വിയോഗം


ബിജു കളിക്കളത്തിലെ പടക്കുതിരയായിരുന്നു.
നാം കണ്ടെത്തിയ പ്രതിഭ
ഫുട്ബോൾ കളിയിൽ നായകൻ
പന്തുമായ് ബിജു ഗോൾ മുഖത്തേക്ക് ശീഘ്രം....
പന്തുമായ് ബിജു ഏതോ ഗോൾ മുഖം തേടി
പറന്നുയർന്നിരിക്കുന്നു.
ഓടുന്ന തീവണ്ടിയുടെ വേഗത കുറഞ്ഞ നിമിഷം
വീട്ടുപക്കത്തിറങ്ങാനുള്ള ശ്രമമായിരുന്നു
വേഗതയോടെ വന്ന മരണം
ബിജുവുമായ് കുതിച്ചുപോയി ..
നമുക്കറിയാത്ത ഏതോ കളിക്കളം തേടി
ആ കളിക്കാരനും യാത്രയായി
സന്തോഷ് ട്രോഫിയുടെ കുപ്പായമണിഞ്ഞ കളിയും,
ബിജു, എപ്പോഴും ഞങ്ങടെ മനസ്സിൽ കാത്തു സൂക്ഷിക്കുന്നു.



കഥ

# നിലാവിലൂടെ നടന്നുവന്ന ഒരാൾ

പി. മുഹമ്മദ് ഹനീഫ



ഒരു കളിവഞ്ചിയുണ്ടാക്കുക എന്നത് എന്റെ മനസ്സിൽ ഒരു മോഹമായി വളരാൻ തുടങ്ങിയിട്ട് കുറെ നാളായി!

ഒരു നിയോഗം പോലെ അതെന്റെ മനസിൽ നിറയുകയാണ്.

വർത്തമാനകാലത്തിന്റെ സ്വാതന്ത്ര്യം നിറഞ്ഞ വാശികളിലേക്ക് പിടിച്ചിറക്കിക്കൊണ്ടുവരാൻ എത്ര ശ്രമിച്ചിട്ടും അതെന്റെ ഓർമ്മകളിലേക്ക് തന്നെ പറിച്ചുനടുകയാണ്; ജീവന്റെ തന്നെ ഒരംശമെന്ന പോലെ.

വിദൂരമായ ബാല്യത്തിന്റെ വിഹ്വലതകളിലൂടെ തുഴഞ്ഞു നീങ്ങുന്ന ഒരു കളിവഞ്ചി!

കിനാവുകൾ കൊണ്ട് നിറയെ തൊങ്ങലുകൾ ചാർത്തിയ കളിവഞ്ചി. ഈ മഹാപ്രളയം പോലെ കുലം കുത്തിയൊഴുകി വരുന്ന, മൗനത്തിന്റെ കരയിൽ ഞാനെന്റെയീ കൊച്ചുമോഹവും തിരുപ്പിടിച്ച് നിൽക്കുകയാണ്.

ഒരു കൊച്ചുകുട്ടിയുടെ ദുഃശ്ശാഠ്യം കലർന്ന മോഹം പോലെ ഒരു പക്ഷെ നിങ്ങൾക്കിതു തോന്നിയേക്കാം. എങ്കിലും ആ ദുശ്ശാഠ്യത്തിനുമുണ്ടല്ലോ ഒരു മധുരം. അതെന്റെ മാത്രം ദുഃശ്ശാഠ്യമാണ് എന്നതിലെ മധുരം. ആ മധുരമാണ്, ശരിക്കു പറഞ്ഞാൽ, ഞാൻ ആസ്വദിക്കുന്നത്.

നിലാവുപോലെ പെയ്തിറങ്ങുന്ന മഴയുടെ സൗഭാഗ്യമാണ് ഒരു കളിവഞ്ചി.

മഴയും നിലാവാണല്ലോ? പെയ്തിറങ്ങുന്ന നിറനിലാവ്........

ഈ നിലാവിന്റെ കരയിലാണ് ഞാൻ നിൽക്കുന്നത്.

അവിടെ നിൽക്കെ എന്തുകൊണ്ടാണ് ഇങ്ങിനെയൊരു മോഹം മാത്രം എന്റെ മനസിൽ തളിർത്തു വരുന്നത് എന്ന് എനിക്കുതന്നെ അറിഞ്ഞുകൂട. കിനാവിന്റെ കരയിൽ നിലാവിന്റെ തണലിലിരുന്ന് ആർക്കും എന്തും മോഹിക്കാമല്ലോ?

മനോഹരമായ ഒരു ഉദ്യാനമോ പളുങ്കുകൊണ്ട് നിർമ്മിച്ച ഒരു കൊട്ടാരമോ, അങ്ങിനെ എന്തും!

പക്ഷെ എന്നിട്ടുമെന്താണ് ഒരു കളിയോടംമാത്രം എന്റെ മനസ്സിലേക്കു കടന്നുവന്നത് എന്നു ചോദിച്ചാൽ മറുപടി പറയാൻ ഞാൻ അശക്തനാണ്.

ഒരു പക്ഷെ അതിന്റെ ശിൽപ ഭംഗിയായിരിക്കാം എന്നെ ആകർഷിച്ചത്. അതല്ലെങ്കിൽ കൊച്ചോളങ്ങളോട് കിന്നാരം പറഞ്ഞ് കുണുങ്ങിയൊഴുകുന്നതിലെ സൗന്ദര്യമാകാം. അല്ലെങ്കിൽ അതെന്നെ എന്റെ ബാല്യത്തിന്റെ കുതൂഹലങ്ങളിലേക്ക് കൂട്ടിക്കൊണ്ട്പോകുന്നതിനാലാകാം.

അവിടെ നിറയെ കിനാവുകളാണല്ലോ?

നിറമുള്ള കിനാവുകൾ....

പക്ഷെ അപ്പോഴും കളിവഞ്ചിയുണ്ടാക്കുക എന്നത് എന്റെ മനസിലെ ഒരു മോഹം മാത്രമായി അവശേഷിക്കുകയാണ്. അതുണ്ടാക്കണമെങ്കിൽ ഒരു തുണ്ട് കടലാസെങ്കിലും വേണമെന്ന പ്രായോഗിക ബുദ്ധിയിലേക്ക് പോലും അപ്പോഴും എന്റെ മനസ്സ് ഇറങ്ങി വന്നിട്ടില്ല. അങ്ങിനെയൊരു അവസ്ഥയിലേക്ക് എത്തിയപ്പോഴാകട്ടെ അത് ഏത് തരം കടലാസ് ആയിരിക്കണം എന്നതായി പ്രശ്നം. തൊട്ടടുത്തു കിടന്നിരുന്നത് പാഠപുസ്തകമായതിനാൽ അതേച്ചൊല്ലി എനിക്കേറെ ആലോചിക്കേണ്ടി വന്നില്ല. ഒരു തരം വന്യമായ ആഹ്ലാദത്തോടെയാണ് അതിൽ നിന്നും ഒരു കഷ്ണം കടലാസ് കീറിയെടുത്തത്.

ഒരു കടലാസ് കീറിയെടുക്കുക എന്നത് വളരെ എളുപ്പമുള്ള ഒരു കാര്യമായിരുന്നു. പക്ഷെ അപ്പോഴും പ്രശ്നം തീരുന്നില്ല. അതെങ്ങിനെ മടക്കിയാലാണ് ഒരു കടലാസു വഞ്ചിയാവുക എന്നറിയാതെ ഞാൻ കുഴഞ്ഞുപോയി. ഒരു നാലു വയസുകാരൻ പയ്യൻ വളരെ അനായാസം ചെയ്യുന്ന ഒരു കാര്യം ഇത്രയൊക്കെയായിട്ടും എനിക്കു ചെയ്യാനാവുന്നില്ലല്ലോ എന്നോർക്കവേ എന്റെ മനസ് കടുത്ത ലജ്ജയിലേക്ക് വീണു പോയി. പഠിച്ചു തീർത്ത പുസ്തകങ്ങളോടത്രയും, കടുത്ത ദേഷ്യമാണ് അപ്പോൾ മനസിൽ നിറഞ്ഞു വന്നത്. പിന്നെ എന്നോട് തന്നെ എന്തൊന്നില്ലാത്ത ഒരു തരം അവജ്ഞയും!

എങ്കിലും ഞാനെന്റെ ശ്രമം തുടർന്നു കൊണ്ടിരുന്നു. മനസ്സിലെ കളിവഞ്ചിയെന്ന സ്വപ്നവും, പുറത്ത് കൈവിരലുകളുടെ കടലാസുമെന്ന യാഥാർത്ഥ്യവും തമ്മിലുള്ള ഒരു കലഹം പോലെ. ഈ ശ്രമത്തിനിടയിൽ പലപ്പോഴും എന്റെ കൈവിരലുകളുടെ പിടിവാശികളിൽ നിന്നും സ്വതന്ത്രമാവാൻ കടലാസ് ശ്രമിച്ചുകൊണ്ടേയിരുന്നു. എന്നെ തീർത്തും നിരാശനാക്കിക്കൊണ്ട്, മടക്കിക്കൊണ്ടിരിക്കെ ചിലപ്പോഴത് ഒരു ചതുരം പോലെയും പിന്നെയൊരു ത്രികോണം പോലെയും, പിന്നെ പലപ്പോഴും വിവരിക്കാനാവാത്ത പല ആകൃതികളും കൈക്കൊണ്ടുകൊണ്ടിരുന്നു പിന്നീടെപ്പോഴോ എന്റെ വിക്രിയകളോടുള്ള ഒരു പ്രതിഷേധമെന്നപോലെ കടലാസ് ഒന്നു നെടുവീർപ്പിടുകയും, എന്നെ നോക്കി പല്ലിളിക്കുകയും ചെയ്തു, ഇതെന്നെ വീണ്ടും നിസ്സഹായതയുടെ കയങ്ങളിലേക്കാണ് പിടിച്ച്കൊണ്ട് പോകുന്നത് കിനാവുകളുടെ ഒരു കയം പോലെയാണിതും! മൗനത്തിന്റെ ഒരു തടാകം പോലെ......

ആ തടാകത്തിന്റെ കരയിലിരിക്കെ, കളിവഞ്ചി എന്റെ മനസിലൂടെ പിറകോട്ട് പിറകോട്ട് പറന്നു പോകുന്നു ......

പിന്നെ അവിടെ കിനാവും മൗനവും മാത്രം!

അപ്പോഴാണല്ലോ, കിനാവിന്റെയും മൗനത്തിന്റെയും നേർത്തുനേർത്തപാളികളിലൂടെ നീ നടന്നു വരുന്നത്........ സുതാര്യമായ ഒരോർമ്മപോലെ ചെപ്പുകുടങ്ങളിൽ നിന്നും നിലാവിന്റെ സംഗീതം പോലെ.......! ★

# ഒരാൾ തനിയെ

*സാദിക്ക് നെല്ലിക്കൽ*



കാതങ്ങൾക്കപ്പുറത്തു നിന്നും ഒരു ഭംഗിയാർന്ന സ്വപ്നം അയാളെ കൈനീട്ടി വിളിച്ചു. സ്വപ്നത്തിന്റെ താമരനൂലുപോലെ നേർത്തുനീണ്ട കൈവിരലുകളിൽ കോർത്ത് അയാൾക്ക് യാത്രയാകാമായിരുന്നു. പക്ഷെ അയാളെങ്ങും പോയില്ല. അകലങ്ങളിലുള്ള സ്വപ്നഭൂമിയെക്കാൾ അയാൾക്കിഷ്ടം, ഉഷ്ണവായു തത്തിക്കളിക്കുന്ന അയാളുടെ ചെറിയ വീടിന്റെ അകത്തളം തന്നെയായിരുന്നു. സാവിത്രിക്കും അതുതന്നെയായിരുന്നല്ലോ ഇഷ്ടം.

അങ്ങനെ അദൃശ്യമായ കുറെ ബന്ധനങ്ങളുടെ ഊരാക്കുടുക്കുകളിൽ അയാളൊരു പൊങ്ങുതടിയായി കിടന്നു.

എത്ര വിളിച്ചിട്ടും വരാത്ത, ഒരു ദുശ്ശാഠ്യക്കാരനായി അയാളെ ഉപേക്ഷിച്ച് സ്വപ്നം ചിറകുവീശി പറന്നകന്നു.

ഫാനിന്റെ കാററിൽ, മേശപ്പുറത്തിരുന്ന, ഭംഗിയായി ടൈപ്പ് ചെയ്ത കടലാസ് നൃത്തം വച്ചു തുടങ്ങി. ആത്മാഭാവസ്ഥയുടെ മൂർദ്ധന്യത്തിൽ ഒരു കടലാസ് അയാളെ പരിഹസിച്ചുകൊണ്ട് ഒരു നാടൻപാട്ടിന്റെ ശീലുകൾ ചവയ്ക്കാൻ തുടങ്ങി. സാവിത്രി എപ്പോഴും പാടുന്ന പാട്ടായിരുന്നു അത്.

അയാളുടെ മനസ്സിൽ, കയ്യെത്തി പറിക്കാവുന്ന ഉയരത്തിൽ ഒരു മാമ്പഴം പഴുത്തുനിന്നു. സായാഹ്നത്തിൽ, കുന്നിൻ ചെരുവിൽ അസ്തമയം കാണാൻ പോകുമ്പോൾ ആ മാമ്പഴം ഉണ്ണിക്കു പറിച്ചുകൊടുക്കണമെന്ന് അയാൾ ആഗ്രഹിച്ചു. ഉണ്ണിക്ക് മാമ്പഴം വലിയ ഇഷ്ടമാണ്. സാവിത്രിക്കും മാമ്പഴം ഇഷ്ടമാണല്ലോ.

''ഉണ്ണിയെവിടെ? ഉണ്ണീ.......'' അയാളെത്ര വിളിച്ചിട്ടും ഉണ്ണി വന്നില്ല.

''ദൈവമേ...... ഇപ്പോൾ പറിച്ചില്ലെങ്കിൽ അത് കൊഴിഞ്ഞു വീഴൂല്ലോ?''

അയാൾ നോക്കിയിരിക്കെ, കുന്നിന്റെ കുത്തനെയുള്ള ചരിവിൽ നിന്നും കാററ് ഓടിക്കയറി വന്നു. മാവിൻ ചില്ലകളിൽ പഴുത്തില ഒട്ടമില്ലായിരുന്നു. ഒരു നിയോഗം നിറവേററുന്നതു പോലെ, അയാൾ ഉണ്ണിക്കായാശിച്ച മാമ്പഴത്തെ കൊഴിച്ചു വീഴ്ത്തി കാററ് ധൃതിപിടിച്ചെങ്ങോ മറഞ്ഞു.

മാമ്പഴം, അയാളുടെ മനസ്സുപോലെ, തല്ലിതകർന്നു വീണ കല്ലിന്മേൽ ചിതറിത്തെങ്ങി.

കാററിന്റെ പിൻയാത്രയിൽ ഉണ്ണി വന്നു. രണ്ടു കുഞ്ഞികൈകൾ അയാളുടെ കണ്ണുകൾ പൊത്തി ചോദ്യമിട്ടു: ''കണ്ണുപൊത്തിയതാരാണ്''

''ആയിന്റെ... ...ഉണ്ണീ, നീയ്വല്ലാതെ പേടിപ്പിച്ചുകളഞ്ഞൂല്ലോ.'' അയാൾ ആശ്വാസത്തോടെ ചിരിച്ചു. ക്രമേണ ചിരി വലുതാകി മനസ്സും മുഖവും നിറഞ്ഞു.

ഉണ്ണിയുടെ കൈത്തലത്തിൽ നിന്നും അയാളിതുവരെ അനുഭവിച്ചിട്ടില്ലാത്ത കുളിർമ്മ അയാളുടെ ഉള്ളിലേക്കരിച്ചിറങ്ങി.

''ഉണ്ണീ, നീയാ മാമ്പഴം നാഥനില്ലാതാക്കി കളഞ്ഞൂലോ...''

''സാരല്യ അച്ഛാ...''

''സാരല്യ,സാരല്യ...'' സോഫയുടെ മുഷിഞ്ഞ ചാരിലേക്ക് അമർന്ന് അയാളൊരു മയക്കത്തിലേക്കു പോകുമ്പോൾ ഉണ്ണിയുടെ വാക്കുകൾ ജനാലപ്പുറത്തെ തരിശു നിലങ്ങളിൽ നിന്നും പ്രതിദ്ധ്വനിച്ചു.

സ്വപ്നത്തിന്റെ കെട്ടുപാടുകളറുത്ത്, അയാൾ ഉണ്ണിയുടെ കൈപിടിച്ച് ഒരു കളിപ്പാട്ടക്കടയിൽ കയറി ഒരു പാട് കളിപ്പാട്ടങ്ങൾക്കിടയിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്ന കരടിക്കുട്ടിയുമായി ഉണ്ണി എന്തൊക്കെയോ വർത്തമാനം പറഞ്ഞു. ഉരുണ്ട കണ്ണുകളിൽ നിറയെ ആഹ്ലാദവുമായി കരടിക്കുട്ടി ഉണ്ണിയുടെ കൈത്തണ്ടയിൽ ചേർന്നു നിന്നു. ഉണ്ണിയുടെ കണ്ണുകളിലും ആഹ്ലാദം അലയടിച്ചുയരുന്നതു കാൺകെ അയാളതിന്റെ വിലകൊടുത്തു വാങ്ങിച്ചു

മടക്കയാത്രയിൽ, ഉണ്ണിയുടെ തോളിൽ പററിച്ചേർന്നു കിടന്നിരുന്ന കിളരം കുറഞ്ഞ ആ കരടിക്കുട്ടിയിൽ അയാൾ ഉണ്ണിയേക്കാളേറെ കുതുകിയായി!

പിന്നീടെപ്പോഴാണ് ഉണ്ണി അയാളുടെ വിരൽത്തുമ്പിൽ നിന്നകന്നകന്ന് അയാറംക്കറിവില്ലാത്ത ഏതോ യിടത്തേക്ക് പോയതെന്ന് അയാറം ക്കറയില്ല.

ബാഗും പെട്ടിയുമെല്ലാം പാക്ക ചെയ്ത് ദേഷ്യം നിറഞ്ഞ കണ്ണുകളുമായി സാവിത്രി ഇറങ്ങിപ്പോയതിന പിറകെയാണോ?

ഉണ്ണിയെ കാത്തുകാത്തിരിക്കവേ അയാളെ തേടി വന്നത്, ഇതാ, ഇപ്പോറം മേശപ്പുറത്തിരുന്ന് നൃത്തം വയ്ക്കുന്ന വക്കീൽ നോട്ടീസായിരുന്നു. സാവിത്രി അയച്ചതാണ്. അയാളുമായുള്ള ബന്ധം വേർപ്പെടുത്താൻ! അയാളുമായുണ്ടായിരുന്ന ബന്ധത്തിന്റെ ഒരു നേരിയ ഓർമ്മപോലും സാവിത്രിക്കിനി ആവശ്യമില്ല!

,'ഉണ്ണീ, നീയിത് കണ്ടോ? നിന്റെ അമ്മയ്ക്കിനി നമ്മളെ വേണ്ടത്രെ.'' പിന്നെയും എന്തൊക്കെയോ പറയണമെന്ന തോന്നി അയാറംക്ക്. ഫാനിന്റെമൂളക്കം മാത്രം നിറഞ്ഞുനിന്ന് ആമുറിയിലെ കനത്ത മൗനത്തിന്റെ പുറന്തോട് നിർദ്ദാക്ഷിണം തല്ലിപ്പൊട്ടിച്ചിടണമെന്നും അയാളാഗ്രഹിച്ചു. അങ്ങനെ, സാവിത്രിയുണ്ടായിരുന്നപ്പോഴുണ്ടായിരുന്നതുപോലെ അവിടം ബഹളവും പൊട്ടിച്ചിരിയും കൊണ്ടുനിറച്ചുവെക്കാൻ അയാറം വെമ്പി.

പൊടുന്നനെ ഉണ്ണിയുടെ സാന്ത്വനം അയാറംക്കരികിലേക്കൊഴുകി വന്നു. ''സാരല്യ, അച്ഛാ........''

''ഉണ്ണി ീനീയിത് വീണ്ടും ആവർത്തിക്കുന്നതെന്തിന്? ''അയാറം ചോദിച്ചു ഉണ്ണി അയാളുടെ ഉഷ്ണിക്കുന്ന നെററിയിൽ കളിരുറന്ന തന്റെ കൈത്തലം ചേർത്തു തഴുകി. ''അച്ഛൻ വിഷമിക്കരുത്! അമ്മ തിരിച്ചു വരും....... എനിക്കുറപ്പുണ്ട്! എന്നിട്ട് നമ്മറം മൂന്നുപേരും കൂടി ടൗണിലെ കളിപ്പാട്ടക്കടയിൽ ചെന്ന് മുമ്പത്തേതുപോലെ ആ കൊച്ചു കരടിക്കുട്ടിയെ വാങ്ങിക്കും''

''അതിന് കരടിക്കുട്ടി അവിടെയുണ്ടാകുമോ?''

അയാറം സംശയാലുവായ ഒരു കൊച്ചുകുട്ടിയായി ഉണ്ണിയുടെ വിരലിൽ തൂങ്ങി കളിപ്പാട്ടകടയ്ക്കു മുന്നിലൂടെ നടന്നു. അയാളുടെ സംശയങ്ങറം തീർത്തു കൊടുത്ത് ഉണ്ണി, അയാളും സാവിത്രിയുമാഗ്രഹിച്ചതുപോലെ വലിയ ഒരാളായി....

വക്കീലാപ്പീസിന്റെ മുററത്ത് അയാറം തനിച്ചായി ഉണ്ണിപോലും വരാത്തതെന്ത്? അയാറം വെറുതെ പ്രതീക്ഷിച്ചു.

ഉണ്ണി വരികയുണ്ടായില്ല. അച്ഛനുംഅമ്മയും, കറുത്ത കോട്ടിനുള്ളിൽ ചുഴന്ന കണ്ണുകളുമായിരിക്കുന്ന വക്കീലിന്റെ മുന്നിൽ ഒരു തുണ്ടുകടലാസിൽ ഒപ്പു ചേർത്തി പിരിയുന്നത് കാണാൻ ഉണ്ണിക്ക് കരുത്തുണ്ടാവില്ല.

ഉണ്ണി വരാതിരുന്നാൽ മതിയായിരുന്നു. അയാറം പ്രാർത്ഥിച്ചു. ഒരു പഴയകാറിൽ സാവിത്രി അച്ഛനു പിറകിലായി ഇറങ്ങി വന്നു. രണ്ടു വ്യത്യസ്ത ധ്രുവങ്ങളുടെ അററം തേടിപ്പോയ നാലുകണ്ണുകറം ഒരിക്കലെങ്കിലും കൂട്ടിമുട്ടിയില്ല. വക്കീൽ ചൂണ്ടിക്കാട്ടിയിടത്തെല്ലാം അയാറം ഒപ്പിട്ടു. സാവിത്രി ഒപ്പിടുമ്പോറം ആശയോടൊളിഞ്ഞു നോക്കി. അവളുടെ കൈവിരലുകറം അറിയാതെ വിറയ്ക്കുന്നുണ്ടോ?

'എന്റെ ഉണ്ണീ....അച്ഛനങ്ങനെ ബന്ധങ്ങളുടെ ഭാരങ്ങളിൽ നിന്നെല്ലാം വിമുക്തനാകുന്നു.....''അയാറം മനസ്സിൽ കരഞ്ഞു.

സാവിത്രിയും അച്ഛനും കയറിയ കാർ വക്കീലാപ്പീസിന്റെ ഗെയ്ററ് കടന്ന് നിരത്തിലെ വാഹന നിരകളിൽ ലയിച്ചു ചേർന്നു.

അയാറം മെല്ലെ മുററത്തെ മാവിൻതണലിലിറങ്ങി നിന്നു. മാവു പൂത്തിരിക്കുന്നു. മാമ്പഴമുണ്ടാകുമ്പോറം വക്കീലിനോട് ചോദിച്ച് രണ്ടെണ്ണം ഉണ്ണിക്കുവേണ്ടി പറിക്കണം.

ഋതുഭേദങ്ങളിലൊന്നിൽ പഴുത്തു വീഴുന്ന മാമ്പഴത്തിനായി അയാറം തനിയെ, മന്തളിരിനു കാവൽ നിന്നു.

# ഒരു ജീവൻ രക്ഷിക്കാം

**മുഹമ്മദ് ഇക്ബാൽ. വി**

"എന്റെ സഹോദരിക്ക് ഒരു മേജർ ഓപ്പറേഷൻ കഴിഞ്ഞു. വല്ലാതെ ബ്ലീഡിംഗ് ഉണ്ട്. വളരെ അത്യാവശ്യമായി ഒരു കുപ്പിരക്തം വേണം ഇതൊരപേക്ഷയാണ്." ഇത്തരം അപേക്ഷകളും കത്തുകളും കാണുമ്പോഴേക്ക് ഓർമ്മ വരിക നിഷേധിക്കുന്ന സുഹൃദ് മുഖങ്ങളെയും, വഴിമാറിപ്പോവുന്ന സഹപാഠികളെയുമാണ്. നാം എന്ത് കൊണ്ട് ഇത്തരത്തിൽ പ്രതികരിക്കുന്നു? നാം നമ്മിലേക്ക് ചിന്തതിരിക്കുക. സമൂഹത്തിലൂടെ നമ്മടെ ബന്ധങ്ങളെ അറിയുക. നമ്മുടെ സഹോദരി, മാതാവ്, പിതാവ് ഇവർക്കാർക്കെങ്കിലുമാണ് ഇങ്ങിനെയൊരാവശ്യം വന്നതെങ്കിലോ നാം ഒഴിഞ്ഞു മാറുമോ ? അല്ലെങ്കിൽ അത്തരമൊരാവശ്യവുമായി നാമൊരാളെ സമീപിക്കുമ്പോൾ നിഷേധിച്ചാൽ നമുക്കുണ്ടാവുന്ന വിഷമത്തെപ്പററിയെങ്കിലും ചിന്തിക്കുക.

നാമൊരിക്കൽ രക്തം ദാനം ചെയ്യുന്നതിലൂടെ നമുക്ക് നഷ്ടപ്പെടുന്നത് കേവലം 6 ഔൺസ് വെള്ളം ½ ടീസ്പൂൺ കറിയുപ്പ്, ¼ ഔൺസ് ഹീമോഗ്ലോബിൻ, ½ ഔൺസ് മാംസ്യം, അൽപം ധാതുക്കൾ ഇവയാണ്. പ്രത്യേക മരുന്നുകളോ, വിശ്രമമോ കൂടാതെ തന്നെ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇവ നമ്മുടെ ശരീരത്തിൽ ഉൽപാദിപ്പിക്കപ്പെടുന്നു. തക്കസമയത്ത് രക്തം നൽകുന്നതിലൂടെ നമുക്ക് ഒരു ജീവൻ രക്ഷിക്കാം. നമുക്ക് ചാരിതാർത്ഥ്യരാകാം.

നമ്മുടെ രക്തത്തെ, അതിലൂടെ നമ്മെതിരിച്ചറിയുക. ശരാശരി ഒരാളിന്റെ ശരീരത്തിൽ 5–6 ലിററർ രക്തം ഉണ്ട്. ഇതിൽ 300ml (ഇരുപതിൽ ഒന്നു ഭാഗം മാത്രം) മാത്രമാണ് ദാനം ചെയ്യുന്നതിലൂടെ നമുക്ക് കുറവുണ്ടാവുന്നത്. രക്തഗ്രൂപ്പുകൾ 'A', 'B', 'AB', 'O' എന്നിവയാണ്. ഇന്ത്യയിൽ A ഗ്രൂപ്പുകാർ 21%വും, B ഗ്രൂപ്പുകാർ 33%വും, AB 5%വും O ഗ്രൂപ്പുകാർ 40% ആണുള്ളത്. ഇവയിൽ 93% പോസിററീവ് ഇനത്തിലും 7% നെഗററീവ് ഇനത്തിലുമാണ്, ആരോഗ്യപരമായോ, പ്രതിരോധപരമായോ ഗ്രൂപ്പുകാർ തമ്മിൽ വിത്യാസമൊന്നുമില്ലെങ്കിലും നെഗററീവ് ഇനത്തിൽപ്പെട്ട സ്ത്രീകൾ പോസററീവ് ഗ്രൂപ്പുള്ള പുരുഷൻമാരിൽനിന്നും പോസററീവ് ഗ്രൂപ്പുള്ള ഒരു കുഞ്ഞിനെ ഗർഭം ധരിച്ചാൽ ചില കുഴപ്പങ്ങൾ സംഭവിക്കാനിടയുണ്ട്. അതിനാൽ നാം നമ്മുടെ പേരുപോലെ സ്വന്തം രക്തഗ്രൂപ്പും അറിയണം. ഇത് നമുക്കും മററുള്ളവർക്കും പ്രതിസന്ധിഘട്ടങ്ങളിൽ ഉപകരിക്കും. ഒരാൾ ജീവിതത്തിലൊരിക്കലെങ്കിലും രക്തം ദാനം ചെയ്താൽ രക്തദൗർബല്യം മൂലം ഒരു രോഗിയും മരിക്കില്ല.

18 വയസ്സിനു മേൽ പ്രായവും 45kg മേൽ തൂക്കവും ആരോഗ്യവുമുള്ള ഏതൊരാൾക്കും രക്തംദാനം ചെയ്യാം. പുരുഷനു മൂന്നു മാസത്തിലൊരിക്കലും, സ്ത്രീക്ക് നാലു മാസത്തിലൊരിക്കലും രക്തം ദാനം ചെയ്യാം. തക്കസമയത്ത് രക്തം നൽകി മരണ ചക്രത്തിൽ നിന്നും ഒരു സഹജീവിയെ രക്ഷിക്കുക ഇതു വഴി രക്തദാന മഹത്വം ദൈവതുല്യമാകുന്നു.

ഫാറൂഖിലും N.S.S (നാഷണൽ സർവ്വീസ് സ്കീം)ന്റെ കീഴിൽ ഒരു ബ്ലഡ്ഡോണേഴ്സ് ഫോറം പ്രവർത്തിക്കുന്നു. സഹകരിക്കുക. നിങ്ങളുടെ സഹകരണമാണ വിജയം.

'നമുക്കും ഒരു ജീവൻ രക്ഷിക്കുക'

*സി. അയ്യപ്പൻ*

## ഗ്രാമസന്ധ്യ

വർണ്ണസൂര്യന്റെ തേരിൽ
ഒരുമരവും.
പച്ചത്തുരുത്തും, കളിപ്പാട്ടങ്ങളും.
കണ്ണാടിചില്ലുകളുടെ പുറംലോകവും.
വാക്കിന്റെ തുമ്പത്തും,
കർമ്മങ്ങളിലും,
അമ്മയുടെ നെടുവീർപ്പുകൾ,
പ്രദോഷ ശ്ലോകങ്ങൾ
നിനക്ക് തുമ്പിതുള്ളാൻ
ചിങ്ങത്തിന്റെ ഗ്രാമസന്ധ്യകൾ,
ഒററകിളിയുടെ ശീതോഷ്ണ പ്രണയം

## സാന്ത്വനം

കണ്ണിൽ രാഗവും
മാംസ നിബദ്ധതയുമായ്
അവളെന്നും കാത്തിരിക്കുന്നു
വായ്ത്തലപോയ സ്വപ്നങ്ങളിൽ
നിറം മങ്ങിയ കതിരകൾ
രക്ത ധമനികളിൽ
ചെമ്പരത്തിപൂക്കൾ വാടുന്നു
മറവിയുടെ വില്ലാളികൾ
രാത്രിയിൽ പങ്കുപററുമ്പോൾ
സ്നേഹത്തിന്റെ ചേലയിൽ
രക്തവും വിയർപ്പും മാത്രം
ദയാവായ്പ്പിന്റെ സൂചിതുമ്പിൽ
കണ്ണീരിന്റെ പുഴയും
സാന്ത്വന മന്ത്രവും.

# പുതിയ ലോകക്രമം



ശൈഖ് മുഹമ്മദ് കാരക്കുന്ന്

കഴിഞ്ഞ ഒരു നൂററാണ്ടിനിടയിൽ ലോകത്തിലെ മർദ്ദിത ജനസമൂഹങ്ങളിൽ വമ്പിച്ച പ്രതീക്ഷ വളർത്തിയ പ്രത്യയശാസ്ത്രമാണ് കമ്യൂണിസം. പകലന്തിയോളം പാടുപെട്ടു പണിയെടുത്തിട്ടും പ്രാഥമികാവശ്യങ്ങൾ പോലും പൂർത്തീകരിക്കാൻ സാധിക്കാതെ പ്രയാസപ്പെട്ടിരുന്ന പട്ടിണിപ്പാവങ്ങളെ മാർക്സിൻെറ മുദ്രാവാക്യം പ്രലോഭിപ്പിച്ചത് സ്വാഭാവികമായിരുന്നു. സർവ്വരാജ്യ തൊഴിലാളികളെ സംഘടിക്കുക, നിങ്ങൾക്ക് നഷ്ടപ്പെടാനൊന്നുമില്ല: ചങ്ങലകളല്ലാതെ. കിട്ടാനുള്ളതോ ഒരു നവലോകം! എന്ന ആഹ്വാനവുമായി മുതലാളിത്തചൂഷണത്തിൽനിന്ന് മാനവരാശിയെ മോചിപ്പിക്കാനാണല്ലോ. കമ്യൂണിസം രംഗത്തുവന്നത്. പാശ്ചാത്യലോകത്തെ വ്യാവസായിക മേഖലകളിലെ തൊഴിലാളികൾ അനുഭവിച്ചിരുന്ന വിവരണാതതീതമായ പീഡനങ്ങളുടെ പാശ്ചാത്തലത്തിലാണ് പ്രസ്തുത പ്രത്യയശാസ്ത്രം രൂപംകൊണ്ടത് ജർമൻ ചിന്തകനായ ഹെഗലിൻെറ വൈരുദ്ധ്യവാദവും ചാൾസ് ഡാർവിൻെറ പരിണാമസിദ്ധാന്തവും റോബർട്ട് ഓവൾപോലുള്ളവരുടെ സോഷ്യലിസ്ററാശയങ്ങളും അതിന് താത്വികാടിത്തറയൊരുക്കുന്നതിൽ അനൽപമായ പങ്കുവഹിച്ചു.

കമ്യൂണിസം കേൾക്കാൻ കൗതുകമുള്ള ഒരു കാൽപനിക ആദർശമത്രെ. സുന്ദരമായൊരു സ്വപ്നം കാറൽ മാർക്സിനു മുമ്പു തോമസ് മൂറിനെപ്പോലുള്ളവർ ഇത്തരം മനോഹരമായ സങ്കൽപങ്ങൾ നമ്മുടെ സമക്ഷം സമർപ്പിച്ചിട്ടുണ്ട്. ചൂഷകനും ചൂഷിതനും തൊഴിലാളിയും മുതലാളിയും ഭരണാധികാരിയും ഭരണീയനും പോലീസും പട്ടാളവുമൊന്നുമില്ലാത്ത ഒരു വർഗരഹിത വ്യവസ്ഥിതിയുടെ പേരാണ്. കമ്യൂണിസം ഭരണകൂടം ആരുടേതായാലും ചൂഷണോപാധിയാണെന്നും കമ്യൂണിസ്ററ് വ്യവസ്ഥിതിയുടെ സ്ഥാപനത്തോടെ അതുകൂടി ഇല്ലാതാവുമെന്നും മാർക്സും എംഗൽസും ലെനിനുമുൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റാചാര്യൻമാർ അവകാശപ്പെടുകയുണ്ടായി.

എന്നാൽ, മാർക്സിനും എംഗൽസിനും ശേഷം ലോകത്തൊരിടത്തും ഒരു നിമിഷവും ഇത്തരമൊരു വർഗരഹിത സമൂഹം നിലവിൽ വന്നിട്ടില്ല. വരുമെന്ന് ഇന്നാരും പ്രതീക്ഷിക്കുന്നുമുണ്ടാവില്ല. സോവിയററ് യൂനിയനിലെ വിസിററിംഗ് പ്രൊഫസറായിരുന്ന ഡോക്ടർ എം.വി. പൈലി വർഷങ്ങൾക്കു മുമ്പ് തൻെറ ''റഷ്യയിലെ കാഴ്ചകളും അനുഭവങ്ങളും'' എന്ന കൃതിയുടെ അവസാനഭാഗത്ത് കുറിച്ചിട്ട വരികളിവിടെ പകർത്തട്ടെ: ''മാർക്സ് വിഭാവനം ചെയ്ത തരത്തിലുള്ള വർഗരഹിതവും രാഷ്ട്രരഹിതവുമായ, മനുഷ്യൻ സർവതന്ത്ര സ്വതന്ത്രനായി വിരാജിക്കുന്ന; നിയന്ത്രണം വസ്തുക്കളുടെ മേൽ മാത്രം നിലകൊള്ളുന്ന, ഓരോ വ്യക്തിയും അവൻെറ കഴിവിനും ആവശ്യത്തിനുമനുസരിച്ച് ജീവിക്കുന്ന, ആദർശ സുന്ദരമായ കമ്യൂണിസ്റ്റ് സമുദായം റഷ്യയിൽ എന്നുതന്നെ സംഭവിച്ചാലും നിലവിൽ വരുമെന്ന് ആരും തന്നെ പ്രതീക്ഷിക്കേണ്ടതില്ല''

ലോകത്തെവിടെയും ഒരിക്കലും കമ്യൂണിസം സ്ഥാപിതമായിട്ടില്ല. സോവിയററ് യൂനിയനിലും ചൈനയിലുമുൾപ്പെടെ ലോകത്തിൻെറ മൂന്നിലൊരു ഭാഗത്ത് നിലനിന്നിരുന്നത്. സോഷ്യലിസമാണ്. കമ്യൂണിസത്തിലേക്കുള്ള ചവിട്ടുപടിയായാണ് കമ്യൂണിസ്ററുകാരതിനെ കണ്ടിരുന്നത്. അതിനാലാണ് റഷ്യൻ വിപ്ലവത്തിൻെറ വീരനായകനായ വി. ഐ.ലെനിൻ 1920-ൽ യുവകമ്യൂണിസ്ററുകളെ അഭിസംബോധന ചെയ്ത് ഇങ്ങനെ പറഞ്ഞത്: ''ഇന്ന് അമ്പതു വയസ്സുള്ളവർക്ക് കമ്യൂണിസ്ററ് സമൂഹം കെട്ടിപ്പടുക്കുകയും അതിൽ ജീവിക്കുകയും ചെയ്യും. പത്തോ ഇരുപതോ കൊല്ലത്തിനകം കമ്യൂണിസ്ററ് സമൂഹം നിലവിൽ വരും.''

ഈ പ്രക്രിയക്ക് റഷ്യതന്നെ നേതൃത്വം നൽകുമെന്നായിരുന്നു അദ്ദേഹം പ്രതീക്ഷിച്ചിരുന്നത്: ''അനിവാര്യമായും അതിവിദൂരമല്ലാത്ത ഭാവിയിൽ സോഷ്യലിസത്തിലേക്കുള്ള മാർഗമാണ് സോവിയററ് ശക്തി. ശരിയായതും അതിജയിക്കാൻ ആവാത്തതുമായ മാർഗം അതു മാത്രമാകുന്നു എന്നതിനാലാണത്.''

ചരിത്രത്തിൽ മറെറാരു പ്രത്യയശാസ്ത്രത്തിനും ഉണ്ടായിട്ടില്ലാത്ത വമ്പിച്ച വിപര്യയമാണ് കമ്യൂണിസത്തിനു സംഭവിച്ചത്. ലോകത്തിലെ ഏററവും വലിയ കമ്യൂണിസ്ററു പാർട്ടി സ്വന്തം അനുയായികളാൽ നിരോധിക്കപ്പെട്ടു: സാക്ഷാൽ സോവിയററ് യൂനിയനിൽ ഏഴു പതിററാണ്ടിലേറെക്കാലം സോവിയററ് യൂനിയനെ അടക്കി ഭരിച്ച പാർട്ടിയെ നിരോധിക്കാൻ സുപ്രീം സോവിയററിലെ 283പേർ അനുകൂലിച്ചപ്പോൾ എതിർത്തത് വെറും 29 പേർ മാത്രമാണ്. നിരോധനം രാജ്യത്തെവിടെയും പ്രത്യാഘാതമുണ്ടാക്കിയില്ലെന്നു മാത്രമല്ല, പരക്കെ സ്വാഗതം ചെയ്യപ്പെടുകയുമുണ്ടായി.

മുതലാളിത്തലോകത്തിൻെറ കുതന്ത്രങ്ങളും ചരടുവലികളുമാണ് സോഷ്യലിസ്ററു നാടുകളുടെ തകർച്ചയും കമ്യൂണിസത്തിൻെറ പതനത്തിനും പാതയൊരുക്കിയതെന്ന് പ്രചരിപ്പിക്കുന്ന ചിലരെങ്കിലുമുണ്ട്. അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ ചട്ടുകമായിമാറിയ മിഖായേൽ ഗോർബച്ചോവും ബോറിസ് യെൽററ്സിനുമാണ് കുഴപ്പങ്ങൾക്കൊക്കെ കാരണക്കാരെന്നവർ കുററപ്പെടുത്തുന്നു. അതിനാൽ പരാജയപ്പെട്ടത് കമ്യൂണിസ്ററു പ്രത്യയശാസ്ത്രമല്ലെന്നും അവരവകാശപ്പെടുന്നു.

എന്നാൽ നമ്മുടെ നാട്ടിലെ കമ്യൂണിസ്ററുകാരുടെ ഈ പ്രചാരണ

യാഥാർത്ഥ്യനിഷ്ഠമല്ലെന്നും തീർത്തും നിരർത്ഥകമാണെന്നുംവസ്തുതകൾ വിലയിരുത്തുന്ന ഏവർക്കും ബോധ്യമാവും:

1. സോഷ്യലിസത്തെ അവ നിലനിന്നിരുന്ന നാടുകളിലെ ഭരണാധികാരികൾ സ്വയം കൈയൊഴിച്ചതല്ല. ജനാഭിലാഷം മാനിച്ച് അവരതിന് നിർബന്ധിതരായതാണ്. അതിനു സന്നദ്ധമാവാത്ത ഭരണാധികാരികൾ തൂത്തുമാററപ്പെടുകയും ചെയ്തു. സോഷ്യലിസ്ററു നാടുകളിലെ ഉണർന്നെഴുന്നേററ ജനം അവിടങ്ങളിലെ ഏകാധിപതികളായ ഭരണാധികാരികളെ പുറം തള്ളുന്നതുകൊണ്ടു മാത്രം തൃപ്തരായില്ല. തങ്ങളുടെ സർവ്വനാശങ്ങൾക്കും നിമിത്തമായ സോഷ്യലിസ്ററു വ്യവസ്ഥയെത്തന്നെ തൂത്തുമാററുകയാണുണ്ടായത്.

2. ലോകത്ത് അവശേഷിക്കുന്ന കമ്യൂണിസ്ററ് ഭരണകൂടങ്ങൾക്കും അധികകാലം പിടിച്ചുനിൽക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അവയിൽ ഏററം പ്രബലമായ ചൈന കമ്യൂണിസ്ററ് വാഴ്ചക്കെതിരെ ടിയാനെൻമെൻ സ്ക്വയറിൽ ഒത്തുകൂടിയ വിദ്യാർത്ഥിലക്ഷങ്ങളെ തുരത്തുന്നതിൽ തൽക്കാലം വിജയിച്ചുവെന്നതു ശരിതന്നെ. എന്നാൽ ജനഹിതത്തിന്നെതിരായ ഭരണകൂടത്തിന്നും ഭരണക്രമത്തിന്നും ഉരുക്കുമുഷ്ടി ഉപയോഗിച്ച് ദീർഘകാലം പിടിച്ചുനിൽക്കുക പ്രയാസകരമത്രെ.

ചൈനയിൽ സോഷ്യലിസ്റ്റ് വ്യവസ്ഥയാണ് നിലനിൽക്കുന്നതെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അത് വളരെയേറെ വെള്ളം ചേർത്തതത്രെ. സ്വകാര്യഉടമാവകാശം, പൊതുവിപണി, ഷെയർമാർക്കററിംഗ് തുടങ്ങിയവയെല്ലാം കമ്യൂണിസത്തിന്ന് അന്യമാണല്ലോ. ആദ്യകാലത്ത് ചൈന അവയെല്ലാം ഉപേക്ഷിച്ചിരുന്നു. 1949-ൽത്തന്നെ ഷെയർ മാർക്കററ് സമ്പ്രദായം നിർത്തലാക്കി. എന്നാലിന്ന് ഷാങ്ഹായി പട്ടണത്തിൽ മാത്രം മൂന്നര ലക്ഷം പേർക്ക് ഷെയർമാർക്കററിൽ ഓഹരിയുണ്ട്. അതിലൊന്നായ യാൻസോംഗ് ഇൻഡസ്ട്രിയൽ ആൻറ് കൊമേഴ്സ്യൽ കമ്പനിക്ക് പതിനാറായിരം ഓഹരികളുണ്ട്.

1921 മുതൽ കമ്യൂണിസ്റ്റു പാത പിൻതുടർന്നിരുന്ന മംഗോളിയയും മാർക്സിസത്തോടു വിട പറഞ്ഞിരിക്കുന്നു. നിക്കാരഗ്വയിലെ കമ്യൂണിസ്റ്റ് ഭരണാധികാരിയായിരുന്ന ഡാനിയൽഒർട്ടേഗ പൊതുതെരഞ്ഞെടുപ്പിൽ പരാജിതനായത് ലോകത്തെങ്ങുമുള്ള കമ്യൂണിസ്ററുകാരെ അങ്കലാപ്പിലാക്കുകയുണ്ടായി അവിടത്തുകാർ കമ്യൂണിസ്ററ് ഭരണകൂടത്തെ മാററി വയലെററ ബാരിയോസ് ചമോറ എന്ന സ്ത്രീയെയാണ് പ്രസിഡൻറായി തെരഞ്ഞെടുത്തത്.

അവശേഷിക്കുന്ന ക്യൂബയിലെ ഫിഡൽകാസ്ട്രോയുടെയും കുടുംബത്തിൻെറയും ഭരണം തലസ്ഥാന നഗരിയായ ഹാവാനയിലെ നിരന്തരമായ പ്രക്ഷോഭങ്ങളുടെ ഫലമായി സാമ്പത്തികരംഗത്തും ഭരണമേഖലയിലും ഒട്ടേറെ പരിഷ്കരണങ്ങൾ വരുത്താൻ നിർബന്ധിതമായി. അവയുടെ ബ്ലൂപ്രിൻറ് സർക്കാർ പത്രമായ 'ഗ്രാൻറ്മ' പ്രസിദ്ധീകരിക്കുകയുണ്ടായി. കിംഇൽസുംഗും മകൻ കിംജിയാഗ്ഇൽനയും കൂടി ഭരണം നടത്തുന്ന ഉത്തര കൊറിയയിലും മാററത്തിൻെറ സൂചനകൾ പ്രകടമാണ്.

ശുദ്ധ സോഷ്യലിസ്റ്റാശയങ്ങൾ മുറുകെപ്പിടിച്ച് ലോകത്തെവിടെയും കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾക്ക് നിലനിൽക്കുക സാധ്യമല്ലെന്ന് ഇതഃപര്യന്തമുള്ള അനുഭവങ്ങൾ തെളിയിക്കുന്നു. പുതിയ നൂററാണ്ടു പുലരുമ്പോൾ കമ്യൂണിസത്തിൻെറ കാൽച്ചുവട്ടിൽ ഒരിഞ്ചു ഭൂമിയെങ്കിലും അവശേഷിച്ചാൽ അതൊരദ്ഭുതമായിരിക്കും.

3. വ്യവസ്ഥയുടെ കുററമല്ല. അത് നടപ്പാക്കിയവരുടെ പാളിച്ചകളാണ് കമ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെ പരാജയകാരണമെന്നാണല്ലോ കമ്യൂണിസ്റ്റ് സുഹൃത്തുക്കൾ അവകാശപ്പെടുന്നത്. അതിനാൽ ന്യായമായ ചില ചോദ്യങ്ങളവശേഷിക്കുന്നു, ലോകത്ത് എന്നെങ്കിലും എവിടെയെങ്കിലും സോഷ്യലിസ്ററ് വ്യവസ്ഥിതി നിലനിന്നിട്ടുണ്ടോ? ഏതെങ്കിലും യഥാർത്ഥ കമ്യൂണിസ്ററ് ഭരണാധികാരികൾ ഉണ്ടായിട്ടുണ്ടോ? ലെനിൻ, സ്ററാലിൻ, ബ്രഷ്നേവ്, മാവോ, ഹൊണേക്കർ, ചെഷസ്ക്യൂ, ജാനൊസ്കദാർ, മിലോവ്ജാക്സിൻ പോലുള്ളവരിൽ സോഷ്യലിസം സ്ഥാപിക്കാൻ ആത്മാർത്ഥമായും ശരിയായ രീതിയിലും ശ്രമിച്ച ഭരണാധികാരി ആരായിരുന്നു? ഇവരിലാരും തങ്ങളുടെ നാട്ടുകാരാൽ തള്ളിപ്പറയപ്പെടാത്തവരും അവഹേളിക്കപ്പെടാത്തവരുമായി ഇല്ല എന്നതാണ് വസ്തുത. ഇവരുടെയൊക്കെ ഭരണവും സോഷ്യലിസ്ററുവൽക്കരണവും തദ്ദേശീയർക്ക് വൻവിപത്തുകളും കൊടിയ ദുരന്തങ്ങളുമാണ് സമ്മാനിച്ചത്. അന്നാട്ടുകാരെല്ലാം അവരുടെയും അവർ പ്രതിനിധാനം ചെയ്തിരുന്ന കമ്യൂണിസ്ററ് പ്രത്യയശാസ്ത്രത്തിൻെറയും കഠിന വിരോധികളാകാനുള്ള കാരണവും അതുതന്നെ. സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ നിർമിതിക്കായി നടത്തപ്പെട്ട എല്ലാവിധപരീക്ഷണങ്ങളും തികഞ്ഞ പരാജയമായിരുന്നുവെന്നിത് വ്യക്തമാക്കുന്നു.

4. സോഷ്യലിസ്ററ് വ്യവസ്ഥയുടെ കീഴിൽ കഴിയേണ്ടിവന്നിട്ടില്ലാത്ത ഇന്ത്യയിലെ കമ്യൂണിസ്ററുകാരാണ് ഇന്നും അതിനെ അനുകൂലിക്കുന്നത്. കമ്യൂണിസ്ററ് ഭരണവും സോഷ്യലിസ്ററ് വ്യവസ്ഥയും അനുഭവിച്ചറിഞ്ഞജനസമൂഹങ്ങളെല്ലാം അതിൻെറ ശക്തരായ എതിരാളികളാണിന്ന്. ഇപ്പോഴും കമ്യൂണിസ്ററ് ഭരണകൂടങ്ങൾ നിലനിൽക്കുന്ന ചൈനയിലെയും വിയററ്നാമിലെയും ക്യൂബയിലെയും ജനങ്ങൾക്ക് അഭിപ്രായം തുറന്നു പറയാൻ അവസരം നൽകിയാൽ സോവിയററ് യൂനിയനിലെയും ഹങ്കറിയിലെയും കിഴക്കൻ ജർമനിയിലെയും ചെക്കോസ്ലാവോക്യയിലെയും മററും ജനകോടികളുടെ വികാരം തന്നെ അവരും പ്രകടിപ്പിക്കുമെന്നതിലൊട്ടും സംശയിക്കേണ്ടതില്ല.

മുതലാളിത്തത്തിന്നെതിരെ ഒരു വിപ്ളവശക്തിയായി രംഗത്തുവന്ന കമ്യൂണിസം, മുതലാളിത്തത്തിൻെറ ചങ്ങലക്കെട്ടുകളിൽനിന്ന് മനുഷ്യസമൂഹത്തെ വിമോചിപ്പിക്കുന്നതിൽ പരാജയപ്പെട്ടുവെന്നു മാത്രമല്ല. ഒരു കൂട്ടം പുതിയ ചങ്ങലകൾ മാത്രം അവർക്കു സമ്മാനിച്ചുകൊണ്ട്, ചരിത്രവേദിയിൽനിന്നും അതിശീഘ്രം പിൻവാങ്ങുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇതായിരുന്നോ കമ്യൂണിസത്തിൻെറ ചരിത്രപരമായ ദൗത്യം?

മർദിതസമൂഹങ്ങളിൽ മോചനമോഹം വളർത്തുന്നതിൽ മാർക്സിസം വഹിച്ച പങ്ക് അനിഷേധ്യം തന്നെ മുതലാളിത്തത്തിൻെറ മുഷ്ക്ക് കുറക്കുന്നതിലും സാമ്രാജ്യത്വ വിരുദ്ധവികാരം വളർത്തുന്നതിലും അത് ചരിത്ര പരമായ ദൗത്യം നിർവഹിക്കുകയുണ്ടായി. അദ്ധ്വാനത്തിൻെറ മഹത്വം ഉയർത്തിക്കാണിക്കുന്നതിലും തൊഴിലാളികളിൽ സംഘടനാ ബോധം ഉണ്ടാക്കുന്നതിലും കമ്യൂണിസം കാര്യമായ സംഭാവനയർപ്പിച്ചിട്ടുണ്ട്. പാശ്ചാത്യ മുതലാളിത്തം ഏറെ ഉദാരമായി മാറിയതിലും തൊഴിലാളികളോടുള്ള സമീപനം തിരുത്തിക്കുറിച്ചതിലുംസോഷ്യലിസ്റ്റാശയങ്ങൾക്കുള്ള സ്വാധീനം നിഷേധിക്കാനാവില്ല അങ്ങനെ മുതലാളിത്തത്തിനെതിരായ ഒരു മൽസരരീതി എന്ന നിലയിൽ കമ്യൂണിസം അതിൻെറ ഭാഗംഅഭിനയിച്ചു കഴിഞ്ഞു ഇനി ലോകസമൂഹത്തിന് കൂടുതലെന്തെങ്കിലും നൽകാനുള്ള കരുത്തോ കഴിവോ അതിനില്ല. അതോടൊപ്പം സോഷ്യലിസ്റ്റു ചേരിയും അപ്രത്യക്ഷമാവുകയാണ്.

ഇപ്പോൾ സജീവമായി രംഗത്തുള്ളത് മുതലാളിത്തം മാത്രമാണ്. അതുകൊണ്ടുതന്നെ കമ്യൂണിസത്തിൻെറ പതനം പടിഞ്ഞാറൻ മുതലാളിത്തത്തിൻെറയും ലിബറൽ ഡെമോക്രസിയുടെയും വിജയമായി അവയുടെ വക്താക്കൾ അവകാശപ്പെടുകയും ഊററംകൊള്ളുകയും ചെയ്യുന്നു.

അമേരിക്കയാണ് ഇക്കാര്യത്തിൽ മുന്നിൽ നിൽക്കുന്നത്.

എന്നാൽ മാനവസമൂഹത്തിന് സമാധാനവും സുരക്ഷിതത്വവും നൻമയും ക്ഷേമവും നൽകാൻ മുതലാളിത്തത്തിനു സാധ്യമാണോ? ഇനിയും ദീർഘകാലം ലോകത്തിന് നായകത്വം നൽകാനുള്ള കഴിവും കരുത്തും അതിനുണ്ടോ? ഇവയ്ക്ക് അനുകൂലമായ മറുപടി നൽകാൻ വസ്തുതകളെ യഥാതഥമായി വിലയിരുത്തുന്ന ആർക്കും സാധ്യമല്ല.

മുതലാളിത്തവും കമ്യൂണിസവും ഒരേ നാണയത്തിൻെറ രണ്ടു വശങ്ങൾ മാത്രമാണ്. ജനനത്തോടെ ആരംഭിച്ച് മരണത്തോടെ അവസാനിക്കുന്ന ഐഹിക ജീവിതത്തെ പരമാവധി ആസ്വാദ്യകരമാക്കലാണ് രണ്ടിൻെറയും ലക്ഷ്യം. രണ്ടും ആത്മീയാംശത്തെ അവഗണിക്കുന്നു. മരണാനന്തരമുള്ള മറുലോകത്തെ മറക്കുന്നു.

ജീവിതം സുഖകരവും സുഭിക്ഷവുമാക്കുന്നതിൽ വിഘാതമായി നിൽക്കുന്ന എല്ലാവിധ മൂല്യങ്ങളെയും പാശ്ചാത്യലോകം നിരാകരിക്കുന്നു. സത്യവും ധർമ്മവും മതവും മൂല്യങ്ങളും അഭ്യസിപ്പിക്കുന്ന ''മാതാപിതാക്കളും ഗുരുവര്യൻമാരുമാണ് മനുഷ്യൻെറ ഏററവും വലിയ ശത്രുക്കളെന്ന് ജർമൻ ചിന്തകനായ കാൻറ് വിധിയെഴുതി. സിഗ്മൻണ്ട് ഫ്രോയിഡ് പ്രസ്താവിച്ചു. ''മനുഷ്യൻെറ ജൻമവാസനകൾക്ക് തഴച്ചു വളരാൻ തടസ്സം നിൽക്കുന്ന മൂല്യസങ്കൽപങ്ങളും സമ്മർദ്ദങ്ങളുമാണ്. എല്ലാദുരിതങ്ങളുടെയും മൂലകാരണം'' ഴാൻ പോൾസാർത്രെ അവകാശപ്പെട്ടു. ''മാനുഷികമായ നൻമയെന്നത് ഒരു തരം കെട്ടുകഥയാണ്. ഒരാൾക്ക് ഇതരനെ കീഴടക്കാം. അല്ലെങ്കിൽ വിധേയനാകാം ബോധമുള്ള വ്യക്തികൾക്ക് പരസ്പരമുള്ള ബന്ധത്തിൻെറ കാതൽ ഐക്യമല്ല; സംഘർഷമാണ്''

ഈ പടിഞ്ഞാറൻ ലിബറൽ ചിന്തകൾ മനുഷ്യസമൂഹത്തെ മൗല്യ നിരാസത്തിലേക്ക് നയിച്ചു ഭൗതിക വിഭവങ്ങളുടെ വർദ്ധനവ് ജീവിത വിജയത്തിൻെറ നിദാനമെന്ന് വിശ്വസിപ്പിച്ചു അതിനാൽ പാശ്ചാത്യ സമൂഹത്തിൻെറ സകലവിധ ശ്രദ്ധയും ശ്രമവും അതിൽ കേന്ദ്രീകരിച്ചു. അതിനായി ശാസ്ത്രത്തെ വളർത്തി. സാങ്കേതിക വിദ്യയെ വികസിപ്പിച്ചു. അവ സീമാതീതമായ ജീവിത സൗകര്യങ്ങൾ സമ്മാനിച്ചെങ്കിലും ജീവിതം ദുസ്സഹമാക്കി. അന്തരീക്ഷ മലനീകരണം വഴി ശ്വസിക്കാൻ ശുദ്ധവായുവും കുടിക്കാൻ അമലജലം ഉറങ്ങാൻ ശാന്തമായ ഒരിടവും ഇല്ലാത്ത അവസ്ഥ സൃഷ്ടിച്ചു. അതോടൊപ്പം ശാസ്ത്ര സാങ്കേതിക സിദ്ധികൾ സമ്മാനിച്ച ആണവായുധങ്ങൾ മനുഷ്യൻെറ സ്വാസ്ഥ്യം കെടുത്തുന്നു. സർവ്വോപരി ഭൂമിയിൽ ജീവജാലങ്ങൾക്ക് നിലനിൽക്കാൻ സാധിക്കാത്ത അവസ്ഥ ആസന്നമാകുമോയെന്ന ചിന്ത അവനെ ആകുലചിത്തനാക്കുന്നു. പഴയതിലേക്കു മടങ്ങാനുള്ള ആഹ്വാനം പടിഞ്ഞാറൻ ലോകത്ത് പരക്കെ മുഴങ്ങിക്കേൾക്കാനുള്ള കാരണവും അതുതന്നെ.

ജീവിതത്തിൻെറ പരമമായ ലക്ഷ്യം പരമാവധി സുഖിക്കലാണെന്ന് വിശ്വസിച്ച പാശ്ചാത്യ മുതലാളിത്ത സമൂഹം അതിൻെറ പൂർണ്ണതയിലെത്തിയതിനാൽ അലക്ഷ്യരും അതുവഴി അസ്വസ്ഥരുമായി മാറിയിരിക്കുന്നു. അവരിൽ വലിയൊരു വിഭാഗത്തിന്ന് ജീവിതത്തെക്കാൾ അഭികാമ്യം ആത്മഹത്യയോടാണ്. ഡെറക്ഹംഫ്രേ രച്ചിച്ച എങ്ങനെ ആത്മഹത്യ ചെയ്യാമെന്ന് വിശദമായി വിവരിക്കുന്ന ''ഫൈനൽ എക്സിററ്'' അവസാന വഴി, എന്ന കൃതിയാണ് അമേരിക്കയിലെ ബെസ്ററ് സെല്ലറുകളിലൊന്ന് എന്ന വസ്തുത വിസ്മരിക്കാവതല്ല.

പടിഞ്ഞാറൻ ലിബറിസം അരങ്ങു തകർത്തതിനാൽ അമേരിക്കൻ ജീവിതം ലൈംഗികാരാജകത്വത്തിൻെറ പിടിയിലമർന്നിരിക്കുന്നു. എയ്ഡ്സ് എന്ന മാരകരോഗം അതിൻെറ സംഭാവനയാണല്ലോ. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് അമേരിക്കയിൽ ദിനം പ്രതി നൂറിലേറെ പേർ എയ്ഡ്സ് ബാധിച്ച് മരണമടയുന്നുണ്ട്. 1993 ആകുമ്പോഴേക്കും മരണസംഖ്യ ദിനം പ്രതി മുന്നൂറായി മാറുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ലോകത്തിലെ എയ്ഡ്സ് രോഗികളിൽ പകുതിയും അമേരിക്കയിലാണ്. അവിടെ ഈ രോഗം ബാധിച്ച് മരണമടഞ്ഞവർ ഇതിനകം ഒരു ലക്ഷത്തിലധികമായിട്ടുണ്ട്.

ധാർമ്മികമായി ഇത്രയേറെ തകർന്നടിഞ്ഞ ഒരു സമൂഹത്തിനും സംസ്കാരത്തിനും ദീർഘകാലം നിലനിൽക്കുക സാധ്യമല്ലെന്ന് ഇന്നോളമുള്ള ചരിത്രാനുഭവങ്ങൾ തെളിയിക്കുന്നു. സംസ്കാര നാഗരികതകളുടെ ഉത്ഥാന പതനങ്ങളെപ്പററി പഠനം നടത്തിയ ആർണോൾഡ് ടോയൻബി ഇക്കാര്യം തുറന്ന് സമ്മതിച്ചിട്ടുണ്ട്. അമേരിക്കയുടെയും അത് നേതൃത്വം നൽകുന്ന മുതലാളിത്ത ലോകത്തിൻെറയും തകർച്ച ഇക്കാര്യം കൊണ്ടുതന്നെ അനിവാര്യമാണ്.



അതോടൊപ്പം മുതലാളിത്തം അന്ധമായ കിടമൽസരത്തിന് കളമൊരുക്കുന്നു. വ്യക്തി താൽപര്യങ്ങളെയും സ്വകാര്യ ലാഭേച്ഛയെയും പരമാവധി പ്രോൽസാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയുമാണല്ലോ അത് ചെയ്യുന്നത്. ലാഭക്കൊതിയരായ കുത്തകമുതലാളിമാരും വൻ വ്യവസായികളും തദ്ദേശീയരെ ചൂഷണം ചെയ്യുന്നതിൽ പരസ്പരം മൽസരിക്കുന്നു. അതിനെക്കാൾ ലാഭകരം പുറംനാട്ടുകളിലേക്ക് കടന്നുകയറലാവുമ്പോൾ ചൂഷകവർഗം ഒന്ന

യോടെ ഭാരതിൽ വ്യാപൃതരാവുന്നു. മൂന്നാംലോക സമൂഹങ്ങളിൽ ഉപഭോഗസംസ്കാരം വളർത്തി അവിടങ്ങളിൽ തങ്ങളുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിൽ വ്യാപൃതരായ പാശ്ചാത്യൻ മുതലാളിത്തനാടുകൾ ഇതാണിന്നു ചെയ്തു കൊണ്ടിരിക്കുന്നത്. ഇന്ത്യയുൾപ്പെടെയുള്ള മൂന്നാംലോകത്തെ കടബാധ്യതയാൽ മുതുകൊടിച്ചുകൊണ്ടിരിക്കുന്ന ലോകബാങ്കും ഐ എം എഫും ഇതിന്റെ മറ്റൊരു മുഖം തന്നെ. അന്യ നാടുകളെ കോളനികളാക്കി അവിടത്തെ വിഭവങ്ങൾ സമസ്തമായി കൊള്ളയടിക്കുന്നതിലും ജനങ്ങളെ അവരറിയാതെ തന്നെ അടിമകളാക്കുന്നതിലും മുതലാളിത്ത നാടുകൾ പ്രത്യേക നൈപുണ്യം പ്രകടിപ്പിക്കുന്നു. തങ്ങളുടെ വ്യാപാരതാൽപര്യങ്ങൾ പരിരക്ഷിക്കാനും ആയുധങ്ങൾക്ക് കമ്പോളം കണ്ടെത്താനുമായി യുദ്ധങ്ങളഴിച്ചുവിടാനും ജനകോടികളെ കൊന്നൊടുക്കാനും ധൃഷ്ടധാർഷ്ട്യം മുഖമുദ്രയായി സ്വീകരിച്ച മുതലാളിത്ത നാടുകളൊട്ടും മടികാണിക്കാറില്ല. നിക്കരാഗ്വയിലെയും വെനിസ്വേലയിലെയും പശ്ചിമേഷ്യയിലെയും സമീപകാലാനുഭവങ്ങൾ മുതലാളിത്തത്തിന്റെ കടിലമായ ഈ ചൂഷണരീതികൾക്കുദാഹരണമത്രെ.

ഈവിധം ലോകത്ത് നാശം വിതക്കുന്ന ഒരു വ്യവസ്ഥക്ക് ദീർഘകാലം നിലനിൽക്കുക സാധ്യമല്ല. മാനവസമൂഹത്തിന് സമാധാനവും സുരക്ഷിതത്വവും ക്ഷേമവും നന്മയും നൽകാനതിന് സാധ്യവുമല്ല.

സർവോപരി മുതലാളിത്ത നാടുകൾക്ക് എന്നും ഒന്നിച്ചുനിൽക്കുക സാധ്യമല്ല. അവയുടെ താൽപര്യങ്ങൾ പരസ്പരം ഏറ്റുമുട്ടുക സ്വാഭാവികമത്രെ. ദേശീയവികാരങ്ങളും ഇത്തരമൊരു കിടമൽസരം അനിവാര്യമാക്കുന്നു. ഇപ്പോൾ തന്നെ ജർമനിയുടെ സമീപനം അമേരിക്കൻ നേതൃത്വത്തിന്റെ സ്വൈരനിദ്രയെ ഹനിക്കാൻ തുടങ്ങിയിരിക്കുന്നു.

ബഹുമുഖമായ ഇത്തരം നിരവധി കാരണങ്ങളാൽ മുതലാളിത്തലോകത്തിന്റെ തകർച്ച സുനിശ്ചിതമത്രെ. അതെന്നുണ്ടാവുമെന്നേ പ്രവചനാതീതമായുള്ളൂ.

ഈ ചർച്ചയിൽ പ്രസക്തമായ ഇസ്ലാമിന്റെ സാമ്പത്തിക-രാഷ്ട്രീയ കാഴ്ചപ്പാടുകൾ സംക്ഷിപ്തമായി പരിശോധിക്കാം.

ഇസ്ലാമിക വീക്ഷണത്തിൽ സമ്പത്ത് അല്ലാഹുവിന്റേതാണ്. അവൻ പ്രപഞ്ചത്തിന്റേയെന്നപോലെ അതിന്റെയും യഥാർത്ഥ ഉടമാവകാശം അവന്ന് മാത്രമാണ്. അതിനാൽ മനുഷ്യൻ അല്ലാഹുവിന്റെ ആജ്ഞാനിർദേശങ്ങൾ അനുസരിക്ക മാത്രമേ ധനം കൈകാര്യം ചെയ്യാവൂ എന്ന് ഇസ്ലാം നിഷ്കർഷിക്കുന്നു.

സന്താനങ്ങളോടുള്ള സ്നേഹവും, സ്വന്തം അധ്വാനഫലവും സമ്പാദ്യവും അവർക്ക് അനന്തരം കൊടുക്കാനുള്ള ആഗ്രഹവും പ്രകൃതിദത്തമാണ്. സഹജവും സ്വാഭാവികവുമായ ഈ വികാരത്തെ ഇസ്ലാം പൂർണ്ണമായും പരിഗണിക്കുന്നു.

സമ്പാദിക്കാനുള്ള മനുഷ്യന്റെ ജൻമസിദ്ധമായ മോഹത്തെ ഇസ്ലാം പരമാവധി പ്രചോദിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവത്തിന്റെ ഭൂമി ദൈവദാസന്മാർക്കുവേണ്ടി പരമാവധി സമൃദ്ധവും സുഭിക്ഷവുമാക്കി മാറ്റാനത് ആഹ്വാനം ചെയ്യുന്നു. അലസതയെ അതിരൂക്ഷമായി ആക്ഷേപിക്കുകയും അധ്വാനത്തെ അത്യധികം പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു.

അധ്വാനവും ധനസമ്പാദനവും മഹത്തായ പുണ്യകർമങ്ങളാണെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. എന്നാൽ മുതലാളിത്തം പോലെ വ്യക്തിക്ക് എങ്ങനെയും ധനം സമ്പാദിക്കാനുള്ള അമിതവും അനിയന്ത്രിതവുമായ അവകാശം അതു നൽകുന്നില്ല. മുതലാളിത്തം ധനതൃഷ്ണയും ലാഭക്കൊതിയും വളർത്തുകയാണ് ചെയ്യുന്നത്. ഇസ്ലാം മനുഷ്യന്റെ സഹജമായ സമ്പാദനവികാരത്തെ അംഗീകരിക്കുകയും അതിനെ ഉൽപാദനവർധനവിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം സമൂഹത്തോടുള്ള ഗുണകാംക്ഷയും സ്നേഹവും വാൽസല്യവികാരവും കാരുണ്യവും ഉത്തേജിപ്പിക്കാൻ പരമാവധി ശ്രമിക്കുന്നു. പൊതുതാൽപര്യത്തിനു വിരുദ്ധമായ എല്ലാ സമ്പാദനശ്രമങ്ങളെയും കർശനമായി നിരോധിക്കുന്നു. ചൂഷണം, മോഷണം, അഴിമതി, പൂഴ്ത്തിവെപ്പ്, കൈക്കൂലി, കരിഞ്ചന്ത, വഞ്ചന, കൃത്രിമം, മായംചേർക്കൽ, പലിശ, ചൂതാട്ടം തുടങ്ങിയ മുഴുവൻ സാമ്പത്തികക്കുറ്റങ്ങളെയും ശക്തിയായെതിർക്കുകയും അവക്ക് കർക്കശമായ ശിക്ഷ വിധിക്കുകയും ചെയ്യുന്നു. അന്യന്റെ അധ്വാന ഫലം അനുഭവിക്കുന്ന പരാന്ന ഭോജികൾ ഇസ്ലാമിന്റെ ദൃഷ്ടിയിൽ അതിശപ്തരാണ്.

ഇസ്ലാം സ്വകാര്യ ഉടമാവകാശത്തെ സമൂഹത്തിന്റെ സാമ്പത്തിക ഘടനയുമായി ബന്ധിപ്പിക്കുന്നു. സമൂഹത്തിലെ ബഹുഭൂരിപക്ഷത്തിന് അടിസ്ഥാന ജീവിതങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു സാഹചര്യത്തിൽ വ്യക്തിയുടെ കൈവശമുള്ള അധികധനം അവന്റേതല്ലാതായിത്തീരുന്നു. അതിന്റെ അവകാശം സമൂഹത്തിന് ലഭിക്കുന്നു. ഇത്തരം ഘട്ടങ്ങളിൽ അവശതയനുഭവിക്കുന്നവർക്ക് സമൂഹത്തിന്റെ ആവശ്യത്തിന്റെ തോതനുസരിച്ച് ധനവ്യയം ചെയ്യാൻ ധനികവിഭാഗത്തിന്റെ നിർബന്ധ ബാധ്യതയായിത്തീരുന്നു. ഈ ബാധ്യത നിർവഹിക്കാൻ തയ്യാറാവാത്തവരിൽനിന്ന് ശക്തിപൂർവം ധനംപിടിച്ചെടുക്കാൻ ഇസ്ലാമിക രാഷ്ട്രത്തിന് അധികാരമുണ്ടായിരിക്കും.

ധനവ്യയത്തെ ഇസ്ലാം പ്രോൽസാഹിപ്പിക്കുന്നുണ്ടെങ്കിലും ധനം തന്റേതാണെന്നും പറഞ്ഞ് ഇഷ്ടാനുസരണം ചെലവഴിക്കാൻ അതാരെയും അനുവദിക്കുന്നില്ല. സമൂഹത്തിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ച് ധൂർത്തോ, ദുർവ്യയമോ അനാവശ്യമാവുന്നവിധം ധനം വ്യയം ചെയ്യാൻ പാടില്ല

ഇസ്ലാമിന്റെ സാമ്പത്തിക വ്യവസ്ഥ വ്യക്തി ഉടമസ്ഥാവകാശത്തിലധിഷ്ഠിതമായ മുതലാളിത്തത്തിൽ നിന്നും സ്വകാര്യസ്വത്ത് തീർത്തും നിരാകരിക്കുന്ന സോഷ്യലിസത്തിൽനിന്നും വ്യക്തമായ വ്യതിരിക്തത പുലർത്തുന്നുവെന്ന് ഈ വിവരണത്തിൽ നിന്നും സുവ്യക്തമാണല്ലോ).

ഇസ്ലാമിക രാഷ്ട്രീയ വ്യവസ്ഥയുടെ ആദർശപരമായ അടിത്തറ ഏകദൈവത്വ സിദ്ധാന്തമാണ്. ഇസ്ലാമിക രാഷ്ട്രത്തിലെ ഭരണീയരെപ്പോലെ ഭരണാധികാരിയും വിശ്വസിക്കുന്നു. ''പ്രപഞ്ചത്തിന്റെയും അതിലെ സകല ചരാചരങ്ങളുടെയും സ്രഷ്ടാവും സംരക്ഷകനും ദൈവം മാത്രമാണ്. അതിനാൽ അവയുടെയെല്ലാം സാക്ഷാൽ ഉടമസ്ഥനും യജമാനനും അവൻ തന്നെ. ലോകത്തുള്ള ഒന്നിന്റെ മേലും മനുഷ്യന് യഥാർത്ഥ ഉടമസ്ഥാവകാശമില്ല. അതുകൊണ്ടു തന്നെ അവയൊന്നും യഥേഷ്ടം വിനിയോഗിക്കാൻ ആർക്കും അധികാരമോ അവകാശമോ ഇല്ല. അല്ലാഹു നിശ്ചയിച്ച പരിധികളും പരിമിതികളും പാലിക്കാൻ ഏവരും ബാധ്യസ്ഥരാണ്.

അവ ലംഘിച്ചാൽ മരണാനന്തര ജീവിതത്തിൽ കടുത്ത ശിക്ഷ അനുഭവിക്കേണ്ടിവരും.'' അതിനാൽ ഭരണീയരെപ്പോലെ ഭരണാധികാരികളും തങ്ങളുടെ മുഴുപ്രവർത്തനങ്ങളിലും ദൈവികപരിധികൾ പാലിക്കാൻ ശ്രദ്ധപുലർത്തുന്നു. ഭരണീയരോടുള്ള സമീപനം, പൊതുസ്വത്തിന്റെ വിനിയോഗംപോലുള്ള എല്ലാ പ്രശ്നങ്ങളിലും തികഞ്ഞ സൂക്ഷ്മതയും സത്യസന്ധതയും പാലിക്കുന്നു. യഥാർത്ഥ വിശ്വാസികൾക്ക് മറിച്ചൊരു നില സ്വീകരിക്കുക സാധ്യമല്ല.

ഇസ്ലാമിക ദർശനത്തിൽ പരമമായ ആധിപത്യവും അധികാരവും സ്രഷ്ടാവായ അല്ലാഹുവിന് മാത്രമാണ്. അവനല്ലാതെ നിയമനിർമ്മാതാവില്ല. യഥാർത്ഥ യജമാനനും അവൻ തന്നെ. മനുഷ്യരെല്ലാം ദൈവത്തിന്റെ ദാസന്മാരും ഭൂമിയിൽ അവന്റെ പ്രതിനിധികളുമാണ്. അവൻ നൽകിയ നിയമങ്ങൾ പാലിക്കുന്നവരും നടപ്പാക്കുന്നവരും. ദൈവിക നിയമങ്ങളെ നിഷേധിച്ചോ നിരാകരിച്ചോ അവഗണിച്ചോ നിയമനിർമ്മാണം നടത്താൻ ആർക്കും അനുവാദമോ അവകാശമോ ഇല്ല. ദൈവിക നിയമങ്ങളിൽ പരാമർശിക്കപ്പെടാത്ത പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവ നടപ്പാക്കാനാവശ്യമായ പരിപാടികളാവിഷ്കരിക്കാനും മനുഷ്യന്നവകാശമുണ്ട്. അഥവാ, അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകന്റെ ചര്യയും പഠിപ്പിക്കാത്ത വിഷയങ്ങളിലും വിശദീകരിക്കാത്ത വശങ്ങളിലും വിധികൾ കണ്ടെത്താൻ മനുഷ്യന്ന സ്വാതന്ത്ര്യമുണ്ട്. എന്നാലതുപോലും നിരുപാധികമല്ല. മനുഷ്യേച്ഛയെമാത്രം ആധാരമാക്കിയാവരുത്; ദൈവികനിയമങ്ങളുടെ വെളിച്ചത്തിലും അടിസ്ഥാനത്തിലുമായിരിക്കണം. ഒരു കാരണവശാലും പ്രപഞ്ചനാഥന്റെ പരിധികൾ ലംഘിക്കപ്പെടരുത്. അവയുടെ ചൈതന്യത്തിന് വിരുദ്ധമാവരുത്.

ഭരണാധികാരി നിയമങ്ങളുടെ വിശദാംശങ്ങൾ കണ്ടെത്തുന്നതും അവയെ വ്യാഖ്യാനിക്കുന്നതും തന്നിഷ്ടപ്രകാരമാവരുതെന്ന് ഇസ്ലാം നിഷ്കർഷിക്കുന്നു. ഭരണനിർവ്വഹണം കൂടിയാലോചനയിലൂടെ ആയിരിക്കണമെന്ന് അനുശാസിക്കുന്നു.

നബിതിരുമേനി തന്റെ അനുയായികൾക്കിടയിൽ ചോദ്യംചെയ്യപ്പെടാത്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. എന്നിട്ടും അവിടുന്ന് ഏകാധിപതിയെപ്പോലെ പെരുമാറിയില്ല. നയപരമായ പ്രശ്നങ്ങളിൽ അനുചരൻമാരുമായി സദാ കൂടിയാലോചിച്ചു.

ജീവിക്കാനുള്ള അവകാശം, സ്വത്ത് സമ്പാദിക്കാനും കൈവശം വെ



ക്കാനും വിനിയോഗിക്കാനുമുള്ള അവകാശം, അഭിമാന സംരക്ഷണാവകാശം, സ്വകാര്യതയുടെ സുരക്ഷിതത്വം, വ്യക്തിസ്വാതന്ത്ര്യ സംരക്ഷണം, അക്രമത്തിൽ പ്രതിഷേധിക്കാനുള്ള അവകാശം, അഭിപ്രായപ്രകടന സ്വാതന്ത്ര്യം, വിശ്വാസ സ്വാതന്ത്ര്യം, ആരാധനാ സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം, നിയമത്തിനു മുമ്പിലെ സമത്വം, മൗലിക ജീവിതാവശ്യങ്ങളുടെ പൂർത്തീകരണം പോലുള്ളവയെല്ലാം ഇസ്ലാമിക രാഷ്ട്രത്തിലെ പൗരന്മാരുടെ മൗലികാവകാശങ്ങളിൽ പെടുന്നു.

ഈ അവകാശങ്ങളിലെല്ലാം രാഷ്ട്രത്തിലെ എല്ലാ പൗരന്മാരും തുല്യരാണ്. ഭരണീയർക്കില്ലാത്ത പ്രത്യേകാവകാശങ്ങളൊന്നും ഭരണാധികാരികൾക്കില്ല. അതിനാൽ ഇസ്ലാമിന്റെ രാഷ്ട്രീയവ്യവസ്ഥ യാഥാർത്ഥമായി നടപ്പാക്കപ്പെടുമ്പോൾ പൗരന്മാർ എല്ലാവിധ അടിമത്തങ്ങളിൽനിന്നും ചൂഷണങ്ങളിൽനിന്നും വിവേചനങ്ങളിൽനിന്നും പൂർണമായും മോചിതരാവുന്നു. മാനവചരിത്രത്തിൽ ഇത്തരമൊരു മോചനം സാധിച്ച ഏക ഭരണവ്യവസ്ഥയും അതുതന്നെ.

ഇസ്ലാമികവ്യവസ്ഥ ഇത്രയൊക്കെ നല്ലതും ഗുണകരവുമാണെങ്കിൽ എന്തുകൊണ്ടത് ചരിത്രത്തിൽ നന്നെ ചുരുങ്ങിയ കാലംമാത്രം ശ... യായ സ്വഭാവത്തിൽ നിലനിന്നു? പിന്നീട് വന്ന മുസ്ലിംഭരണാധികാരികൾതന്നെ അത് കയ്യൊഴിക്കാൻ കാരണമെന്ത്? സാധാരണ ഉന്നയിക്കപ്പെടാറുള്ള സംശയമാണിത്.

ഒരു വ്യവസ്ഥയുടെ നന്മ വിലയിരുത്തേണ്ടത് അത് പ്രയോഗിക്കപ്പെട്ടത് എത്രകാലം എന്നതിനെ ആശ്രയിച്ചല്ല; അത് എപ്പോഴൊക്കെ പ്രയോഗിക്കപ്പെടുന്നുവോ അപ്പോഴൊക്കെ... ണോയെന്നും പൂർണാർത്ഥത്തിൽ പ്രവർത്തികമായാൽ ജനങ്ങൾക്ക് സ്വാതന്ത്ര്യവും സമത്വവും സുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തുമോയെന്നും പരിശോധിച്ചാണ്. ഈ നിലക്കുനോക്കുമ്പോൾ ഇസ്ലാം പൂർണ്ണാർത്ഥത്തിൽ പുലർന്നിട്ടുണ്ടെന്ന് അനിഷേധ്യമായി ചരിത്രവസ്തുതകൾ വ്യക്തമാക്കുന്നു. അത് നിലനിന്നപ്പോഴെല്ലാം ജനങ്ങൾ അതിന്റെ സദ്ഫലങ്ങൾ അനുഭവിച്ചിട്ടുമുണ്ട്. ഇസ്ലാമികഭരണം യഥാവിധി നിലനിന്നപ്പോഴുണ്ടായ മഹത്തായ നേട്ടങ്ങളെക്കുറിച്ചല്ലാതെ കോട്ടങ്ങളെ സംബന്ധിച്ച് സംസാരിക്കാൻ നിഷ്പക്ഷനായ ഒരൊററ ചരിത്രകാരനും സാധിച്ചിട്ടില്ല. ലോകം എത്രയൊക്കെ വളരുകയും പുരോഗതി പ്രാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആ ഭരണക്രമത്തെയും വ്യവസ്ഥിതിയെയും അപ്രായോഗികമോ അപ്രസക്തമോ ആക്കുന്ന ഒരു മാററവും സംഭവിച്ചിട്ടില്ലെന്ന് കാണാം.

ഒരുകാര്യം നല്ലതും ഗുണകരവുമാണെങ്കിലും അത് പരക്കെ സ്വീകരിക്കപ്പെടണമെന്നില്ല. ഇസ്ലാമിനെ യഥാവിധി സ്വീകരിക്കാനും നടപ്പിൽ വരുത്താനുമുള്ള സന്നദ്ധത ജനങ്ങൾക്കുണ്ടെങ്കിൽ അത് അതിന്റെ ഫലം കാഴ്ചവെക്കുമെന്ന് മാത്രമേ അല്ലാഹു ഉറപ്പു നൽകിയിട്ടുള്ളൂ. അതോടൊപ്പം പരിഗണിക്കപ്പെടേണ്ട മറെറാരു ചരിത്രവസ്തുതയുമുണ്ട്. ഇസ്ലാമിക ഭരണവ്യവസ്ഥയെ നിരാകരിച്ചത് ഒരിക്കലും ജനങ്ങളായിരുന്നില്ല; ഭരണാധികാരികളായിരുന്നു. ഐഹിക ജീവിതത്തിൽ ഭരണാധികാരികൾക്ക് സൗകര്യം ഇസ്ലാമിനെക്കാൾ സ്വേച്ഛാധിപത്യവും കുടുംബാധിപത്യവുമൊക്കെയായിരിക്കുക സ്വാഭാവികമാണല്ലോ. ഇന്നും മുസ്ലിംലോകത്തെ ഭരണാധികാരികളാണ് ഇസ്ലാമിക വ്യവസ്ഥക്കെതിര്. ജനങ്ങൾ അതാഗ്രഹിക്കുകയും അതിനുവേണ്ടി മുറവിളി കൂട്ടുകയും ചെയ്യുന്നവരാണ്. ജനങ്ങളിൽ ഇസ്ലാമിനോടുള്ള ആഭിനിവേശം നിലനിൽക്കുന്ന കാലത്തോളം ഇസ്ലാമിന്റെ വർത്തമാന സാധ്യതകളെക്കുറിച്ച് നിരാശക്കിടമില്ല. ദൈവം ചരിത്രത്തിന്റെ ഗതിമാററുന്നത് അന്തിമമായി ജനങ്ങളിലൂടെയാണെന്നോർക്കണം.

വഴിതെററിവന്ന ദേശാടന പക്ഷികളിലവസാനത്തേതും
പറന്നകന്നപ്പോഴാണവർക്ക്
തിരിച്ചറിവ് നഷ്ടമായത്
പിന്നെ–പകലിൻെറ വെളിച്ചവും രാത്രിയുടെ നിലാവും
തല്ലിക്കെടുത്താനവർ
ഹൃദയമില്ലാത്ത മനുഷ്യരേയും
സംസാരിക്കുന്ന മൃഗങ്ങളേയും സൃഷ്ടിച്ചു.
വന്യജീവികൾക്ക സംസ്കാരം പഠിപ്പിച്ചവർ
തങ്ങളുടെ യോദ്ധാക്കളും നേതാക്കളുമായവരെ വാഴ്ത്തി
കിഴക്കിൻെറ മാറിലുദിച്ച സൂര്യാത്മാവിനെ
ചോരയുററുന്ന കൈകളാൽ പിഴുതെടുത്ത്
പടിഞ്ഞാറിൻെറ തടവറയിലവർ ബന്ധനസ്ഥയാക്കി
കര ജീവികൾക്ക കടലിലും
ജല ജീവികൾക്ക കരയിലും
പുതിയ സങ്കേതമൊരുക്കിയവർ
മാററത്തിനു വഴികാട്ടികളായി മാറി
ഒടുവിൽ നിലയ്ക്കാത്തയഭയാർത്ഥികളുടെ രോദനം
അവരുടെ കർണ്ണപുടങ്ങൾക്കസഹ്യമായി
ഇനിയൊരിക്കലുമുദിക്കാത്ത സൂര്യനെകാത്തിരുന്നവർക്ക്
വെളിച്ചമില്ലാത്തയസ്തമയ സൂര്യനിൽ
അഭയം തേടേണ്ടിവന്നു.

## പുതിയ സൂര്യനെതേടി

*സാലിഹ്. വി. കക്കോടി*



സഫലീകരിക്കാനാവാത്ത ആശകളുടെ
പ്രതിഫലനമോ?
ലക്ഷ്യപ്രാപ്തിയിലേക്കുള്ള
പ്രഥമ നീക്കമോ?
ആത്മ സാക്ഷാത്കാരത്തിലേക്കുള്ള
ആനന്ദ പാതയോ?

# രണ്ടാം ക്വിററിന്ത്യാ സമരത്തിന് ഒരുങ്ങുക

●

**ആർ. എം. മനയ്ക്കലാത്ത്**

ഇന്ത്യൻദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിന്റെ അന്ത്യഘട്ടം അന്നു് ആരംഭിച്ചു. ക്വിററ് ഇന്ത്യാ സമരം എന്നറിയപ്പെടുന്ന ജനകീയ മുന്നേററം. 1942 ആഗസ്റ്റ് 9-ാംതിയ്യതി സൂര്യനുദിച്ചതു് ഇന്ത്യയുടെ കലാപക്കൊടി ഉതർത്തിക്കൊണ്ടായിരുന്നു.

സജീവമായ ദേശീയ രാഷ്ട്രീയത്തിന്റെ അങ്കക്കളരിയിൽ ഒരു തലമുറ ഊളിയിട്ടിറങ്ങിയതു് ഈ ആഗസ്റ്റ് വിപ്ലവത്തിന്റെ കാലഘട്ടത്തിലാണ്. നിസ്വാർത്ഥ ത്യാഗത്തിന്റേയും വീരോചിതമായ ധീരസാഹസികതയുടേയും അന്നത്തെ സ്മരണകൾ ഇന്നും രോമാഞ്ചം ഉണ്ടാക്കുന്നു. അന്നത്തെ യുവതലമുറ ക്വിററ് ഇന്ത്യാ സമരത്തിന്റെ തീച്ചൂളയിൽനിന്നു് ഊർന്നു് പുറത്തുചാടിയവരാണ്.

ഗാന്ധിയൻ യുഗത്തിൽ, ഇന്ത്യൻ ദേശീയ ജീവിതത്തിൽ വിടർന്ന സ്വപ്നങ്ങൾ ഇന്നും സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല.

21-ാം നൂററാണ്ടിലേക്കുള്ള ഇന്ത്യയുടെ കുതിച്ചുകയററം വൻതോതിലുള്ള സാങ്കേതിക പുരോഗതിയുടേയും സാമ്പത്തികാഭിവൃദ്ധിയുടേയും യുഗത്തിലേക്കായിരിക്കും എന്ന വ്യാമോഹം പൊളിഞ്ഞുകഴിഞ്ഞു. സോവിയററ് റഷ്യയുടേയും കിഴക്കൻ യൂറോപ്പിൻേറയും അനുഭവം ഒരു വശത്ത്. യുദ്ധോപകരണങ്ങൾക്ക് മാർക്കററ് കാണാൻ വെമ്പുന്ന ശാസ്ത്ര സാങ്കേതിക പുരോഗതി നേടിയ വൻകിട മുതലാളിത്ത രാഷ്ട്രങ്ങളുടെ അനുഭവവും, മറുവശത്ത്. മരിച്ചു കഴിഞ്ഞൊരു ലോകത്തിനും ജനിക്കാനിരിക്കുന്ന മറെറാരു ലോകത്തിനും ഇടക്കുള്ള ഒരു അന്തരാള ഘട്ടത്തിൻെറ ശൂന്യത അനുഭവപ്പെടുന്നതുപോലെ തോന്നുന്നു. സാധാരണ ജനങ്ങളുടെ സംഘടിത ശക്തികളും അതുപയോഗപ്പെടുത്തികൊണ്ടുള്ള അവകാശ സമരങ്ങളും പ്രസക്തി കുറഞ്ഞു കുറഞ്ഞു വരികയാണ്. സംഘടിത ഭരണകൂടം അതിൻെറ രാഷ്ട്രീയ ലേബൽ എന്തായാലും ജനങ്ങളുടെ ചെറുത്തുനില്പിനെ മറികടക്കാൻ അവലംബിക്കുന്ന മാർഗ്ഗം ഏതാണ്ട് ഒന്നാണ്.

വ്യക്തമായ ഒരു സാമൂഹ്യ-രാഷ്ട്രീയ സാമ്പത്തിക ദർശനത്തിൻെറ അഭാവത്തെ നമുക്കിന്ന് അഭിമുഖീകരിക്കേണ്ടിയിരിക്കു

## രണ്ടാം ക്വിററിന്ത്യാ സമരത്തിന് ഒരുങ്ങുക

[illegible]


ന്നു. ജനകീയ ചെറുത്തുനില്പ് ഗ്രൂപ്പുകൾക്ക് ചർച്ചകളിലൂടേയും മററുതരത്തിലുള്ള ആശയവിനിമയത്തിലൂടേയും ആദർശപരമായ ഒരഭിപ്രായസമന്വയമുണ്ടാക്കാൻ സാധിക്കുമോ? ഒരു സംയുക്ത കർമ്മപരിപാടി രൂപപ്പെടുത്താൻ കഴിയുമോ?ഓരോ പ്രശ്നത്തിനോടും രചനാത്മകമായി പ്രതികരിക്കാനൊക്കുമോ?ഈചോദ്യങ്ങൾക്കുള്ള സമാധാനമാണ് ക്വിററ് ഇന്ത്യാ സമരത്തിൻെറ അർദ്ധശതാബ്ദിയുടെ തലേനാൾ നമുക്ക് കണ്ടെത്താനുള്ളത്.

വ്യക്തമായ രാഷ്ട്രീയകാഴ്ചപ്പാടോടുകൂടി ധീരമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ച വിപുലമായ ജനകീയടിസ്ഥാനത്തിൽ ഇന്ത്യയുടെ സാമ്പത്തിക സാമൂഹിക പരിവർത്തനത്തിനുള്ള ഒരു സമരം സാർവ്വലൗകീക പ്രതിലോമതയ്ക്ക് എതിരായുള്ള ഒരു ക്വിററ്ഇന്ത്യാ സമരം ഇന്ന് അനിവാര്യമാണ്.

യുഗ പരിവർത്തനത്തിൻെറ ഈ കാലഘട്ടത്തിൽ യാഥാർത്ഥ പരിവർത്തനത്തിനുവേണ്ടി നിലകൊള്ളുന്ന ഗ്രൂപ്പുകൾ ഒരു പുതിയ ദർശനം എന്നു പേരിടുന്നു. മിലിററൻസ് ഗാന്ധിയൻ ഫിലോസഫി. അധികാരം കയ്യാളുന്നവരെ ആ അധികാരത്തിൽ പങ്കാളികളാകാതെതന്നെ നിയന്ത്രിക്കാനുള്ള ജനകീയ പിന്തുണ ആർജ്ജിക്കുകയാണ് രണ്ടാം ക്വിററ് ഇന്ത്യാ സമരത്തിൻെറ പൂർവ്വോപാധി.

# ശിഥിലപർവ്വം

**മുസ്തഫ കെ.**



ഒരു കിറോലയും തൂവലുമായി-
ട്ടിരുളിലെത്രനാളോമനേ
ഹരിത തൂലിയിൽ തിരിയണയാത്തതാം
നരകവീഥിയിലീവിധം ....?
കാററിലാ നാളമില്ല നീങ്ങലാ
കാൺമൂ ഞാൻ കൊററിയേ
അററബോധത്തിൻ മിഴികൾക്കുള്ളിലേ-
ക്കിററുവീഴും പ്രഭാതമായ്......
അപ്പൊഴെൻ ഹൃത്തിൽ തഞ്ചുന്ന
കൊച്ചുമഞ്ഞാടി പക്ഷികൾ
ചിഞ്ചിലം കൊഞ്ചിയെൻ മനസ്സിങ്കൽ
മംഗളം പാടും വീചികൾ
കേട്ടുണർന്നു. ഞാനോർത്തുപോയെൻെറ-
യമ്മ പാടുന്ന പാട്ടുകൾ......!?
മഞ്ഞിൽ കിങ്ങിണി കെട്ടിയാടുന്ന
കുഞ്ഞുതാമര മൊട്ടുപോൽ
ഹർഷവർഷ വിഭാത കാന്തിയി-
ലെത്ര നിർവൃതി പുൽകി ഞാൻ
തങ്ക മാനസ വീണയിൽ കോടി
സപ്ത വർണ്ണ പ്രകീർണ്ണനം....
ഓർമ്മകൾ പൊള്ളും മിന്നലാകവേ
ഹൃത്തിലാഗാന കീലനം
സാദരമേല്പ് വേദനിക്കിലും
ഭംഗുരാനന്ദകാകളി... !
കത്തും താപക്കെട്ടതിയിൽ പരം
ശീതചാമര സാന്ത്വനം
ഒന്നു വീശി പൊലിഞ്ഞു പോയൊരു
പൊന്നു തെന്നൽ കുളിരുപോൽ
പച്ച മണ്ണിൽ ലയിച്ചു ചേർന്നോരെ-
ന്നമ്മ പാടുന്ന പാട്ടുകൾ....!!
അമ്മ മിത്തുകൾ കൊണ്ടുമൂടിയ
കാതു പൊത്തുന്നീ മമ്മികൾ....!
അമ്മ ചുംബനം കൊണ്ടു ചോപ്പിച്ച
ചുണ്ടു കൊത്തുന്ന കാകകൾ....!
ആരു കാണുമിന്നാരു കാണുമി-
ന്നെൻെറയാത്മാവിൻ നൊമ്പരം
വിശ്വമേ, നിൻെറ കൈകൾ കൊണ്ടെൻെറ
അശ്രുബിന്ദു തുടക്കുമോ....
അററബോധത്തിൻ മിഴികൾക്കുള്ളിലേ—
ക്കിററുവീഴും നീർത്തുള്ളിപോൽ
ദൂരേ മാമല മേലെ നിന്നുകൊ-
ണ്ടാരോ പാടുന്നുണ്ടുച്ചത്തിൽ
"സ്വന്തമാം കഴിവൊന്നുകൊണ്ടു നീ
ജീവിതം ധന്യമാക്കുക"
തപ്തമാനസവീണയിൽ കോടി
സപ്ത വർണ്ണ പ്രകീർണ്ണനം
ഓർമ്മകൾ പൊള്ളും മിന്നലാകവേ
കർമ്മ ശബ്ദവിളംബരം?
കത്തും താപക്കെട്ടതിയിൽ പരം
ശീത ചാമര സാന്ത്വനം....
ഒരു കിറോലയും തൂവലുമായി-
ട്ടിരുളിലേക്കു ഞാനോമനേ
ഹരിത തൂലിയാൽ കർമ്മ വീഥിയിൽ
തിരികൊളുത്തുവാനങ്ങനേ... ....

# സ്ത്രീ വിമോചനം സിഗരററിലൂടെ

പ്രിജി. എസ്.



പുകവലി ആണത്തത്തിന്റെ ലക്ഷണമായിട്ടാണ് പരിഗണിച്ചിരുന്നത്. എന്നാൽ അവർ ഈ ദുശ്ശീലത്തിൽ നിന്ന് വിടുതൽ പ്രാപിക്കാൻ ശ്രമിക്കുമ്പോൾ കുത്തകമുതലാളിമാർ സ്ത്രീകളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീ വിമോചനത്തിന്റെ പേരിൽ നല്ലതിനും ചീത്തതിനുമൊക്കെ പുരുഷന്മാരെ അനുകരിക്കുന്ന വനിതകളുടെ പ്രവണത അവർക്ക് വളരെ സഹായകവുമാണ്. ദശാബ്ദങ്ങൾക്കുമുമ്പുതന്നെ പാശ്ചാത്യരാജ്യങ്ങളിലെ സ്ത്രീകളുടെ ഇടയിൽ പുകവലിശീലം തുടങ്ങിയിരുന്നു. ഇത് പലപ്പോഴും പുരോഗമന ചിന്താഗതിക്കാരും സ്വതന്ത്രരുമായ സ്ത്രീകളുടെ ഇടയിലാണ് കണ്ടുവരുന്നത്.

ബോംബെയിലെയും ദൽഹിയിലെയും പുകവലിക്കുന്ന സ്ത്രീകളുടെ താല്പര്യങ്ങളെക്കുറിച്ച് ഒരു സർവേ നടത്തിയിട്ടാണ് കമ്പനിക്കാർ സ്ത്രീകൾക്കുവേണ്ടിയുള്ള സിഗരററിന് രൂപംനൽകിയത്. കടുത്ത രുചിയോ ഗന്ധമോ ഇല്ലാതെ മനോഹരമായ രീതിയിൽ പാക്കുചെയ്ത സിഗരററാണ് അവർ ആവശ്യപ്പെട്ടത്.

സ്ത്രീകളിൽ പുകവലികൊണ്ടുണ്ടാകുന്ന ദോഷങ്ങൾ അനേകമാണ്. അമ്മ പുകവലിക്കാരിയാണെങ്കിൽ പുകയിലയുടെ ദൂഷ്യഫലങ്ങൾ ഗർഭസ്ഥശിശുവിനെയും ബാധിക്കും. പുകയില ഭ്രൂണത്തിന്റെ വളർച്ച മുരടിപ്പിക്കുന്നു. ഇതിനാൽ ഗർഭകാലം പൂർണ്ണമാണെങ്കിൽത്തന്നെ കുട്ടിക്ക് ജനിക്കുമ്പോൾ ഭാരം വളരെ കുറവായിരിക്കും. ചുററുപാടുകളിൽനിന്ന് സിഗരററിന്റെ പുക ഉള്ളിൽ കടന്നാൽ പോലും അത് ഭ്രൂണത്തെ ബാധിക്കുന്നു. ഇക്കാരണത്താൽ കുട്ടികൾ പലപ്പോഴും അംഗവൈകല്യമുള്ളവരായി ജനിക്കുന്നു.

പുകയിലയുടെ പുകയിൽ നാലായിരത്തോളം വിഷപദാർത്ഥങ്ങളുണ്ട്. പുകയിലയിലെ നിക്കോട്ടിൻ ആണ് പുകവലിക്കാരെ അതിന് അടിമയാക്കുന്നത്. അതിനാൽ ഒരാൾ പുകവലി ഉപേക്ഷിക്കാൻ ശ്രമിക്കുകയാണെങ്കിൽ നിക്കോട്ടിൻ ആശ്രിതത്വം അതിന് തടസ്സമാവുന്നു. പുകയിലയിൽ കാൻസറിനു കാരണമായ വിഷപദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ട്. ആദ്യം ഒരു രസത്തിനുവേണ്ടി പുകവലിതുടങ്ങി പിന്നീട് അവൾ (അവൻ) അതിനടിമയാകുന്നു. പുകയുടെ രൂപത്തിലല്ലാ

തെയും—മൂക്കപ്പൊടിയോ ചർവാണമോ-പുകയില ഉപയോഗിക്കാറുണ്ട്. ഇത് സമീപത്തുനിൽക്കുന്നവർക്കു പോലും ദോഷം ചെയ്യുന്നു. കത്തിച്ച ഭാഗം വായുടെ ഉള്ളിലാക്കി പുകവലിക്കുന്ന രീതി ഇന്ത്യയുടെ ചില ഭാഗങ്ങളിൽ സാധാരണമാണ്. ഈ രീതിയോട് ആസക്തിയുള്ള ജനങ്ങളിൽ വായിൽ കാൻസറുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. പല്ലുവേദനയ്ക്കു് ഒരു മരുന്ന് എന്ന നിലയിലോ വായ്ക്കു് സുഗന്ധം ലഭിക്കുന്നതിനുവേണ്ടിയോ പുകയില ചവച്ചു തുടങ്ങിയാൽ പിന്നീട് അതൊരു ശീലമായി മാറുന്നു.

ഒരു സിഗരററ് വലിച്ചുകഴിഞ്ഞാൽ പുകവലിക്കാരന്റെ നാഡിമിടിപ്പ് (പംസ്റേററ്) മിനുട്ടിൽ അനേകം സ്പന്ദനങ്ങളെന്നതോതിൽ വർദ്ധിക്കുന്നു. ഉയർന്ന പംസ്റേററ് അരമണിക്കൂറോളം നില നിൽക്കുകയും ചെയ്യും. കൂടാതെ രക്തത്തിൽ എത്തിച്ചേരാൻ കഫീൻ 30 മിനുട്ട് എടുക്കുമ്പോൾ നിക്കോട്ടിൻ 30 സെക്കന്റ് മാത്രമേ എടുക്കുന്നുള്ളു. പുകയിലയിലെ വിഷപദാർത്ഥങ്ങൾ ശരീരത്തിന്റെ പലഭാഗങ്ങളിലായി ചിതറി അവയവങ്ങൾക്ക് ദോഷമുണ്ടാക്കുന്നു. ഉദാഹരണമായി കാർബൺ മോണോക്സൈഡ് എടുക്കാം. രക്തത്തിലെ ഹീമോഗ്ലോബിനെ നിയന്ത്രിക്കുന്നതിൽ അത് ഓക്സിജനുമായി മത്സരിക്കുന്നു. ഓക്സിജൻ കുറവായ രക്തം രക്തക്കുഴലുകളിലൂടെ സഞ്ചരിക്കുമ്പോൾ ഹൃദയത്തിലെ മാംസപേശികൾക്ക് കൂടുതൽ ഓക്സിജൻ ആവശ്യമായിവരുന്നു. മാത്രമല്ല ഇതു് ഹൃദയത്തിനു് ആയാസമുണ്ടാക്കുകയും ചെയ്യുന്നു. ആർടീരിയോ, സ്ക്ലീറോസിസ് (രക്തക്കുഴലുകൾ ഇടുങ്ങിയതാവുന്ന അവസ്ഥ) രോഗിയിൽ ഇത് ഹൃദയസ്തംഭനത്തെ ത്വ



രിതപ്പെടുത്തുന്നു. പുകയിലയിലെ രാസപദാർത്ഥങ്ങൾ രക്തക്കുഴലുകളിൽ തടസ്സമുണ്ടാക്കുന്നു. ഇത് കൈകാലുകളിലേക്കുള്ള രക്തപ്രവാഹം കുറയ്ക്കുകയും ആ അവയവങ്ങൾ അഴുകുകയും ചെയ്യുന്നു.

ശ്വാസകോശാർബുദത്തിൽ ഭൂരിഭാഗവും പുകവലികൊണ്ട് ഉണ്ടാകുന്നതാണ്. സ്ത്രീകളാണ് സ്തനാർബുദത്തിന് കൂടുതൽ ഇരയാകുന്നത്. പാശ്ചാത്യരാജ്യങ്ങളിൽ സ്ത്രീകൾ പുകവലിക്കാൻ തുടങ്ങിയശേഷം ശ്വാസകോശാർബുദത്തിന്റെ നിരക്ക് സ്തനാർബുദത്തിന്റെ നിരക്കിനെ അതിലംഘിച്ചിട്ടുണ്ട്.

പുകവലിക്കുന്നവരെയും പുകവലിക്കാത്തവരെയും ശ്രദ്ധിച്ചാൽ പുകവലിക്കുന്നവരുടെ ത്വക്കിൽ ആഴത്തിലുള്ള ചുളിവുകൾ ഉണ്ടെന്നു കാണാം. സ്ത്രീകൾക്കുവേണ്ടിയുള്ള സിഗററിൽ ഇതിനെക്കുറിച്ച് നിയമപരമായ മുന്നറിയിപ്പുണ്ടാവണം.

സിഗരററിനെ ഫിൽട്ടർ സുരക്ഷിതമാക്കുന്നുണ്ടോ? പാശ്ചാത്യരാജ്യങ്ങളിലെ സിഗരററിൽ അത് വേണ്ടത്രഫലം ചെയ്യുന്നുണ്ടത്രെ. പക്ഷേ ഇന്ത്യൻ ഫിൽട്ടറുകൾ അത്ര തൃപ്തികരമല്ല. അവയ്ക്ക് പാശ്ചാത്യരാജ്യങ്ങളിൽ ഉപയോഗിക്കുന്ന ഫിൽട്ടറിന്റെ പകുതിനീളമേ ഉണ്ടാവൂ. കൂടാതെ പുകയില പൊതിയാനുപയോഗിക്കുന്ന പേപ്പർ ആവശ്യത്തിന് സരന്ധ്രവുമില്ല. തത്ഫലമായി ഇന്ത്യൻ സിഗരററുകൾവഴി ലഭിക്കുന്ന ടാറിന്റെയും നിക്കോട്ടിന്റെയും അളവ് വളരെ കൂടുതലാണ്. കിംഗ്സൈസ്ഡ് സിഗരററ് ഈ വിഷപദാർത്ഥങ്ങൾ വലിയ അളവിലാണ് സംഭാവനചെയ്യുന്നത് സ്ത്രീകളുടെ സിഗരററിന്റെ സൗമ്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അതിൽ ടാറിന്റെയും നിക്കോട്ടിന്റെയും അളവ് കുറവാണെന്നല്ല, അതിൽ പുകയിലയുടെ കലർപ്പ് പരുഷമാകുന്നില്ല. സ്ത്രീകൾക്കുവേണ്ടിയുള്ള മെലിഞ്ഞുനീണ്ട സിഗരററ് കൂടുതൽ ടാറും നിക്കോട്ടിനും അടങ്ങിയതായിരിക്കും.

ഇന്ന് പുകയില ഉപയോഗിക്കുന്നതിന്റെ ഏററവും സൗമ്യമായ രീതിയാണ് ഹുക്ക. പക്ഷേ ഇത്പോലും സുരക്ഷിതമല്ല. ജോർജ് ബർണാഡ്ഷാ പുകവലിയെ അപകടകരമെന്നും അസ്വാഭാവികമെന്നും പറഞ്ഞ് നിന്ദിച്ചു. അദ്ദേഹം പറഞ്ഞു. "അലസമായ സമയങ്ങൾ ചെലവഴിക്കുന്നതിന് പുരുഷന്മാർക്ക് സ്ത്രീകൾ ചെയ്യുന്നത്പോലെ തുന്നലിൽ ഏർപ്പെടാം." പക്ഷേ ഇപ്പോൾ സ്ത്രീകൾ പുകവലിയിൽ പുരുഷന്മാരെ മറികടന്നിട്ടുണ്ട്. പുകവലിശീലത്തിനെതിരെ ശബ്ദമുയർത്തേണ്ടത് അത്യാവശ്യമാണ്. പക്ഷേ ഇതിനെതിരെ പ്രതിഷേധമുയർത്തുന്നവരുടെ എണ്ണം വളരെ കുറവാണെന്നതാണ് വാസ്തവം.

# സ്വരഭേദങ്ങൾ

**മുഹമ്മദ് അലിറബാവ**

## പ്രഥമ സ്വരം

അവരെന്നെ കൈവെടിഞ്ഞു
ഞാൻ ചൊല്ലിയ മുഴുകവിതകളെയും!
പരദേശിയെന്നെന്നെ
അവർ മുദ്രകുത്തി.
എന്റെ കവിതകൾ
മുഖപ്രസന്നതയുടെ നഖ ചിത്രങ്ങളാണ്
അതിന്റെ ഓരോ ശിഖരങ്ങളിലും
ആയിരം മേഘ സഞ്ചയങ്ങളുണ്ട്
അവർക്കു വേണ്ടത്
നർത്തന മാടുന്ന പൊയ്‌വരികളാണ്
പുഞ്ചിരി നിറഞ്ഞ മുഖം മാത്രമാണ്.
അങ്ങിനെ പലതും....... പലതും
എന്റെ വരികൾ
കേട്ടു ശീലിച്ചതായപ്പോൾ
നിരൂപണത്തിന്റെ ശരങ്ങളവരെയ്തു.
സൂര്യകിരണങ്ങളെത്താത്ത
പുതിയൊരു ലോകത്താണ് ഞാനെന്നത്
അവർക്കിന്നുമജ്ഞാതമാണ്.
മറ്റൊരു ലോകത്താണവർ
പൂക്കളുടെ ലോകത്ത്!
ദുഃഖിതന്റെ കൈപ്പിടവും മേഘശകലങ്ങളുമില്ലാത്ത
പഴയ ലോകത്ത്!

## രണ്ടാം സ്വരം

കവേ............!
ഞങ്ങൾക്കിടയിൽ ജീവിക്കുക
കവികളെ സ്നേഹിക്കുന്നവരാണ് ഞങ്ങൾ
കലയും സംഗീത സ്വനങ്ങളും
ഞങ്ങൾക്കിഷ്ടമാണ്.
ചെന്നായ്ക്കൾക്കിടയിൽ നീ കറങ്ങി നടക്കുന്നത്
ഞങ്ങൾക്കു കണ്ടു സഹിക്കുക വയ്യ!
അവറ്റകളുടെ കാതുകളിലും
ഈരടികൾ ചൊല്ലിക്കേൾപ്പിക്കുക.
നിന്നെക്കുറിച്ചും ദുഃഖത്തെക്കുറിച്ചും
നിന്റെ വരികളിലൂടെത്തന്നെ
അവറ്റകൾ കേൾക്കട്ടെ!
വരിക, പുഷ്പതുല്യമായ
കവിതകളെറിഞ്ഞു വരിക!
ഞങ്ങൾ അജ്ഞരല്ലെന്നറിഞ്ഞ് വരിക!

## മൂന്നാം സ്വരം

ദശകങ്ങളോളം
നിങ്ങൾക്കു കളിക്കാനുള്ള പന്തായിരുന്നു ഞാൻ
അന്നു ഞാൻ പരിഹാസ്യനായിരുന്നു.
കാറ്റൊഴിഞ്ഞ പന്താവുക
കാറ്റിൽ പറക്കുന്ന തൂവലുകളാവുക
അതായിരുന്നു എന്റെ വിധി
എനിക്കിനി വിശ്രമിക്കണം
മദീനയെക്കുറിച്ചു
ഗൃഹാതുരത്വത്തിലാണ് ഞാൻ.
എനിക്കിനി അകങ്ങളിൽ ചെന്നു പാർക്കണം
ഇരുട്ടിൽ മുങ്ങുന്ന സൂര്യനെ രക്ഷിക്കാൻ
എനിക്കൊരു കപ്പൽ പണിയണം.
സാഗരത്തിന്റെ കാതങ്ങളിപ്പുറം
ഞാൻ കപ്പൽ പണിയുന്നതോർത്ത്
നിങ്ങൾ പരിഹാസച്ചിരിയുതിർക്കും.
ഇനിയുമൊരു വെള്ളപ്പൊക്കമുണ്ടെന്ന്
നിങ്ങളറിഞ്ഞിരുന്നെങ്കിൽ!

## പിതാവിന്റെ വ്യഥ

അവനെയിനി വിളിക്കേണ്ട
മുങ്ങിമരിക്കട്ടെയവൻ.
അങ്ങയുടെ വാക്കുകൾ
അവന്റെ മനോ ശിലയിലിനി
ചെന്നെത്തുകയേയില്ല.
പർവ്വത ശീർഷത്തിലെ കരിമ്പാറകൾ
അവനു രക്ഷയേകുമല്ലോ!
ദിവ്യ കാരുണ്യത്തിനപ്പുറം
മറ്റൊരു തുണയില്ലെന്ന്
അവൻ മനസ്സിലാക്കിയിട്ടില്ലല്ലോ!

## അന്ത്യ സ്വരം

പ്രളയവെള്ളമെത്തിക്കഴിഞ്ഞു
കൊടുങ്കാറ്റിനെ വകവെക്കാതെ
നേരെ തുഴഞ്ഞാൽ അഭയം കണ്ടെത്താം
ജൂദിയുടെ കരം നമ്മോടടുത്തു കഴിഞ്ഞു.
പൂക്കളും സൗരഭ്യവും ചേർത്തു പിടിച്ച്
അവർ നമ്മെ വിളിക്കുന്നു.
ജനങ്ങളേ ..
സമാധാനത്തോടെ
നമുക്ക് അവിടേക്ക് തുഴയാം.

(മൊഴിമാറ്റം : എൻ. എൻ. അബ്ദുൽഗഫൂർ)

# താപവീചികൾ

*അനീസു റഹ്മാൻ എം.*



കവിത

സ്വപ്നങ്ങൾ ചീവിടുകളാകും താപവീചികൾ
ഹതചിത്തനാം അനിയാ!
നിന്റെ ഓമൽകിനാവുകളിലെ
വർണ്ണനൊമ്പരപ്പാട്ടുകൾ
കേൾക്കാൻ സാധിക്കില്ലെങ്കിലും
ഞാനറിയുന്നതോർക്കുക നീ.
കാർമുകിൽപോലെ കരയും
നിന്നിലെ കരളറിയും ഞാൻ
വ്യഥകൾ: പേറിയുഴറും
വ്രണിതഹൃത്തടത്തിലെ
സ്പന്ദനങ്ങളുടെ മുഴക്കം
ഗർജ്ജനമാണെന്നറിയുന്നു ഞാൻ
പൊഴിക്കാൻ കണ്ണീരില്ല
ആശ്വസിപ്പിക്കാൻ സാന്ത്വനവാക്കില്ല
ഉള്ളതായുള്ളതൊന്നുമാത്രം
തപ്തശൂന്യമാം മെൻഗാത്രം
കൂടെ അശ്രുമാധുര്യമില്ലാതെ
നിസ്സന്ത്രം പ്രതി ധ്വനിക്കും
തേങ്ങലിൻ അലയൊലികളും
ചുടുനിശ്വാസങ്ങളും മാത്രം!

# വീണ്ടും

ഫൈസൽ. കെ. എം

ഒരു പകൽകൂടി എരിഞ്ഞടങ്ങുന്നു.
പടിഞ്ഞാറായ്, മേലെ
നിണം പടർന്നിരിക്കുന്നു.
നടന്ന് തളർന്നൊടുവിൽ
വിശ്രമത്തിനോ, അതോ
വീണ്ടുമൊരുയിർത്തെഴുന്നേല്പിനോ?
ഒന്നൊന്നുമറിയാതെ കൂടണയുന്ന പറവകൾ
തമസ്സിനെ പുണർന്ന
സുന്ദരിയുടെ—അതോ വിരൂപിണിയോ?
മാറിലൂടെ തളർച്ചയില്ലാതെ
ഇക്കിളിപ്പെടുത്തിയൊഴുകും
അരുവിയിലപ്പോഴും അന്ദോളനങ്ങൾ.
ശ്വാസം മുട്ടിക്കുന്ന പുസ്തകതാളുകളുടെ രൂക്ഷഗന്ധം.
നിവർത്തിവെച്ച താളിലൂടെ
നയനങ്ങളലയുമ്പോഴും
മനമെവിടെയോ പാറിനടന്നു.
കടമകളും കടപ്പാടുകളും
പുതിയപ്രഭാതത്തിനായ് കാത്ത്കിടന്നു.
മറക്കാൻവേണ്ടിമാത്രം
മയക്കത്തിലേക്ക് വീണിരിക്കുന്നു.
വെളിച്ചംവെറുത്തവരപ്പോഴും
കർമ്മനിരതരായിരുന്നു
പ്രിയേ!
നീ സാക്ഷിയെന്നറിയാമെങ്കിലും
നീയറിയുന്നില്ല
നൊമ്പരത്താലീ നെഞ്ചുരുകി
യിററുവീഴും നീർത്തുള്ളി
നിൻമാറിൽ പതിക്കുന്നുവെന്ന്,
എങ്കിലും, കാത്തിരിക്കുന്നു.

# വീട്ടിൽ നിന്നകലെ മറ്റൊരു വീട്

## 1

*നഫീസ ബേബി ടി. പി.*



"കാക്ക ഒരു തെണ്ടിയാണ്" എന്ന റൂംമെയ്റ്റിന്റെ പ്രസ്താവനയും കേട്ടുകൊണ്ടാണ് രാവിലെ എഴുന്നേൽക്കുന്നത്. രാവിലെത്തന്നെ തന്റെ എന്തോ ഒരു സൗന്ദര്യവർദ്ധകസാമഗ്രി ഒരു കാക്ക ജനാലവഴി കവർന്നുകൊണ്ടു പറന്നതിലുള്ള ദേഷ്യം. ഇനിയും കിടന്നാൽ കുളിക്കാതെ കോളേജിൽ പോകേണ്ടി വരും. രാവിലെ കുളിക്കുന്നവരുടെ ഒരു ബറ്റാലിയൻതന്നെ കുളിമുറി ബുക്കിങ്ങ് ആരംഭിച്ചു കഴിഞ്ഞിരിക്കും. വൈകിട്ടും ഇതുതന്നെ സ്ഥിതി. എങ്കിലും എല്ലാ രണ്ടാം ശനിയാഴ്ചയുംമാത്രം കുളിക്കുന്നവർക്കും നല്ല ഭൂരിപക്ഷമില്ലാതില്ല. പരീക്ഷാ സമയങ്ങളിൽ ഇവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതുകൊണ്ട്കൂടി ആ സമയങ്ങളിൽ ബാത്ത്റൂം ബുക്കിങ്ങ് ആവശ്യമായി വരാറില്ല.

രാവിലെ എഴുന്നേറ്റതു മുതൽ റൂമിന്റെ പരിസരത്തുനിന്ന് എന്തോ ഒരു ദുർഗന്ധം. പിന്നീടാണ് മനസ്സിലായത്, തൊട്ടുമുമ്പിലെ റൂമിൽ ജന്തുശാസ്ത്രവിദ്യാർത്ഥിനികൾ പതിനഞ്ചുദിവസം പഴകിയ നേന്ത്രപ്പഴത്തിൽ വളർന്നുവരുന്ന ഏതോ പ്രാണിയെ വളർത്തുന്നതിന്റെ ഭാഗമായാണതെന്ന്. ഇനിയും എത്ര ദിവസം അത് സഹിക്കണമോ ആവോ....!

മാത്തമാറ്റിക്സ്കാരുടെ കാര്യം ഇതിലും വിശേഷമാണ്. കുറച്ചു സമയം ആ റൂമിൽ ചിലവഴിച്ചപ്പോൾ അവർക്കിടയിലെ ഒരു ചർച്ച കേൾക്കാനിടയായി. രണ്ടു മണിക്കൂർ നേരം മൂന്ന് പേർ തലപുകഞ്ഞാലോചിച്ചും, നോട്ടീസുകളുടെ പിൻവശങ്ങളനേകം നിറച്ചും കൊണ്ട് ഗൗരവതരമായി ഒരിക്വേഷൻ പരിഹരിക്കുകയാണ്. ഒടുവിൽ ഒരാൾ ഉത്തരം കിട്ടി ചാടിയെഴുന്നേറ്റു. "ഫോർ ഈസ് ഈക്വൽ ടു സീറോ." ചെയ്തു വന്ന വഴികളൊക്കെ ശരിയാണെങ്കിൽ ഉത്തരവും ശരിയായിരിക്കുമെന്ന് മറ്റ് സഹപാഠികളും സമ്മതിക്കുന്നത് കണ്ടപ്പോൾ മെല്ലെ പുറത്തിറങ്ങി നടന്നു.

കുടിക്കാനുള്ള വെള്ളം കയ്യിൽ പിടിച്ച്, വരാന്തയിൽ നിന്ന് രണ്ട് പേർ അതിനെ സൂക്ഷ്മപരിശോധന നടത്തുന്നതു കണ്ടു. അതൊരു ശുദ്ധമായ ലായനിയല്ലെന്നും അതിൽ ജലാററിനസ് പ്രെസിപ്പിറേററുണ്ടെന്നും അവർ പറഞ്ഞപ്പോഴും മൂന്നാമതൊരു കൂട്ടുകാരി പറയുന്നതുകേട്ടു, 'അതു് സാരമില്ല, എൻേറതിൽ വെളുത്ത കേ'ഡി പ്രെസിപ്പിറേററാണുള്ളതെ''ന്നു്. കെമിസ്ട്രിക്കാരാണ്; ചായയായാലും ചോറായാലും ഒന്നു് മണത്തു നോക്കിയേ കഴിക്കൂ. പപ്പടമെടുത്ത് ഫ്ളയിം ടെസ്റ്റ് ചെയ്യുന്നതും ബാത്ത് റൂമിൻെറ അടുത്ത് പോയിരുന്നു്, തങ്ങളുടെ ദൃഷ്ടിയിൽപെടാതെപോയ അമോണിയാപ്ലാൻറിൻെറ സ്ഥാനമന്വേഷിക്കുന്നതും കണ്ടിട്ടുണ്ട്. സാഹിത്യ വിദ്യാത്ഥികളാവട്ടെ, കീററ്സും ഷെല്ലിയും ബൈറണുമെല്ലാം തകർപ്പൻ ചർച്ച നടത്തുന്നതിനിടയിൽ തന്നെ പുറം ലോകത്തേയ്ക്ക് നോക്കി കമൻറ്സ് പാസ്സാക്കാനും മടിക്കുന്നില്ല. ''കണ്ടില്ലേ ബോട്ടണിക്കാർ കത്തിയുമായ് പുല്ലരിയാൻ പോകുന്നു,കണ്ടില്ലേ സുവോളജിക്കാർ ചാക്കുമായ് തവളപിടിക്കാൻ നീങ്ങുന്നു....'' അങ്ങിനെ പോകുന്നു കമൻെ. റുകൾ -


ഹോസ്റ്റൽ ജീവിതം വളരെ രസകരമാണ്.ഹോസ്റ്റൽ ജീവിതത്തിലെ തുടിപ്പുകളെല്ലാം ഒപ്പിയെടുക്കുന്നത് പ്രധാനമായും മൂന്ന് ഹാളുകളിൽ വെച്ചാണ്. ഭൂരിപക്ഷത്തിൻെറ പ്രാധാന്യക്രമത്തിൽ മെസ്സ്ഹാൾ, കോമൺഹാൾ, പ്രെയർഹാൾ എന്നിവയാണ്. ഓരോ ആഴ്ചയും തുടങ്ങുന്നത് മെസ്സ്ഹാളിൽ ദേശീയ ഭക്ഷണമായ ഇഡ്ഡലിപ്പുട്ടിലൂടെയാണ്. നവാഗതർ, കടമ്മനിട്ടയുടെ ''പൊതിയാത്തേങ്ങ'' യോടെന്നപോലെ 'ഇതിനോടെങ്ങിനെ പെരുമാറു'മെന്നറിയാതെ പകച്ചു നിൽക്കുന്നത് ഒരു സാധാരണ കാഴ്ചയാണ്. തുടർന്നു വരുന്ന ദിവസങ്ങളിൽ പ്ലാസ്റ്റിക് ദോശ, റബ്ബർദോശ മുതലായ ഓമനപ്പേരുകളിലറിയപ്പെടുന്ന വിഭവങ്ങളും കൊണ്ടാണ് പ്രഭാതങ്ങൾ പൊട്ടി വിടരുന്നതെങ്കിലും ഹോസ്റ്റലിലെ മുഴുവൻ പേരുടേയും ആശകളും പ്രതീക്ഷ ളും മെസ്സിൽ നിന്നാണാരംഭിക്കുന്നത്. മനുഷ്യന് അപ്പം കൊണ്ട് മാത്രം ജീവിക്കാനാവില്ല. എന്നാലെങ്കിലും അപ്പമില്ലാതെയും ജീവിക്കാനാവില്ല എന്ന തത്വത്തിനാണ് ഇ ങ്ങളാക്കം കൊടുക്കുന്നത്. ഓരോ രവും മെസ്സിൽ നിന്നു് കൂവലും ആ പ്പുവിളിയും ബഹളവും കേൾക്കാണ്ടെങ്കിലും മറെറവിടേയും സുലഭമായി കേൾക്കാറുള്ള ഗാനധാര അവിടെനിന്നു് പുറപ്പെടുന്നതിൻെറ കാരണം പിന്നീടാണ്, മനസ്സിലായത്, 'ഭക്ഷണം കഴിക്കുമ്പോൾ പാടുന്നയാൾ കിളവനെ കെട്ടും' എന്നൊരു എഴുതാമൊഴി ഹോസ്റ്റലിൽ ചരിത്രാതീതകാലം മുതൽക്കേ നിലവിലുണ്ടത്രേ, അതിൻെറ ഉപജ്ഞാതാവിന് നമോ വാകം.

ടെലിവിഷൻ പരിപാടികൾക്കാണ് കോമൺഹാളിൽ കൂടുതൽ പേർ തടിച്ചുകൂടാറുള്ളതെങ്കിലും പ്രഭാഷണങ്ങളും സമ്മേളനങ്ങളും വിരളമല്ല. വനിതാഹോസ്റ്റലിൻെറ പ്രത്യേകതയാവാം, വീരാരാധനയുടെ ഭാഗമായി, കാലികപ്രാധാന്യമനുസരിച്ച് സൽമാൻ റുഷ്ദിക്കും, സദ്ദാമിനും മണ്ഡേലക്കും സുകുമാരക്കുറുപ്പിനുമെല്ലാം ആശംസകളും പ്രേമലേഖനങ്ങളുമെഴുതുന്നത് ഒരു സ്ഥിരം കാഴ്ചയാണ്.

''ഓരോ വസന്തത്തിനുശേഷവും വേനൽ കടന്നു വരുന്നു.''

# വീട്ടിൽ നിന്നകലെ മറ്റൊരു വീട്

## 2



*ഫിറോസ് പി. എം.*

ടും, ടും, ടും, റൂമിന്റെ വാതിലിൽ ശക്തമായ മുട്ടുകേട്ടുകൊണ്ടാണ് ഉണർന്നത്. ഉറക്കം മാറാത്ത കണ്ണുകളോടെ എഴുന്നേറ്റ് വാതിൽ തുറന്നു.

''അല്പം പേസ്റ്റ് തന്നേ''പൊടി ഡപ്പി ബ്രഷുമായി നിൽക്കുന്നു. ഇവിടെ ഹോസ്റ്റലിൽ എല്ലാവരും റ്റൈറ്റിലുകളിലാണ് അറിയപ്പെടുന്നത്. പലരുടേയും ശരിയായപേര് ആർക്കും അറിഞ്ഞുകൂടാ ആകൃതിക്കും, പ്രകൃതിക്കും അനുസരിച്ചുള്ള മനോഹരമായ റ്റൈറ്റിലുകളും.

പുതിയതായി വാങ്ങിയ ക്ലോസ്സപ്പിന്റെ നൂറ് ഗ്രാം പാക്കറ്റിൽ വേദനയോടെ വിരലമർത്തി. പുറത്തുവന്ന പേസ്റ്റ് ബ്രഷിലേക്ക് പകർത്തിക്കൊണ്ട് പൊടിഡപ്പി സ്ഥലം വിട്ടു ഉറക്കം ശരിക്കും വിട്ടിട്ടില്ല. പുതപ്പ് തലക്ക് മുകളിലൂടെ വലിച്ചിട്ട് വീണ്ടും കിടന്നു. അല്പംസമയം കഴിഞ്ഞ് വീണ്ടും മുട്ടുകേട്ടു.

വീണ്ടും വാതിൽ തുറന്നു. സതീശനാണ് ഹോസ്റ്റലിലെ റോപ്മൊയന്ത്

''സോപ്പുണ്ടോ'' മറുപടിക്കു കാത്തുനില്ക്കാതെ അലമാരയിൽ നിന്നും സോപ്പെടുത്ത് അവൻ ബാത്ത് റൂമിലേക്ക് നടന്നു.

''കുളിപ്പിച്ച തരണോ'' ഞാൻ വിളിച്ചുചോദിച്ചു പ്രതികരണം ഒന്നും ഉണ്ടായില്ല. സമയം എത്രയായിക്കാണും ഞാൻ വാച്ചിലേക്ക് നോക്കി. ഹൊ എട്ടുമണി കഴിഞ്ഞ് പതിനഞ്ചു മിനിട്ട്

ധൃതിപിടിച്ച് പല്ലുതേച്ചെന്നു വരുത്തി മെസ്സ് ഹാളിലേക്ക് നടന്നു

''എന്തിനാ പോന്നത്'' വേലുവേട്ടന്റെ രൂക്ഷമായ നോട്ടത്തോടുകൂടിയുള്ള ചോദ്യം

''എട്ടുമണികഴിഞ്ഞാൽ മെസ്സ് കൊടുക്കരുതെന്ന് വാർഡൻ പറഞ്ഞിട്ടുള്ളതാ'' മെസ്സ് ഹാളിലെ സൂപ്പർ പവറാണ് വേലുവേട്ടൻ

മറുപടി ഒന്നും പറഞ്ഞില്ല. ഇത് ദിവസവും കേൾക്കാറുള്ളതാണ് പതിവുപോലെ സൂപ്പർ ദോശയും ചായയും മുന്നിൽ കൊണ്ടു വന്നു വച്ചു.

വേഗത്തിൽ ഭക്ഷണം കഴിച്ച് കൈകഴുകി റൂമിൽ വന്ന് തോർത്തെടുത്ത് ബാത്ത്റൂമിലേക്ക്നടന്നു ഷവറിൽ നിന്നും വീഴുന്ന വെള്ളത്തിന്റെ ശബ്ദവും കുളിക്കുന്നവർ പാടുന്ന ഏതാനും സിനിമാപ്പാട്ടിന്റെ ആദ്യവരികളും ചേർന്ന് പുറത്തേക്ക് ഒഴുകി വരുന്നു.

സതീശന്റെ കുളികഴിഞ്ഞപ്പോൾ അവന്റെ അടുത്തുനിന്നും എന്റെ

സോപ്പ് വാങ്ങി വേഗം കുളിച്ചു വേഗത്തിൽ ഡ്രസ്സുമാറി കോളേ



ജിലേക്ക്നടന്നു. അപ്പോഴാണക്കാര്യം ഓർമ്മ വന്നത് ഇന്ന് ഇന്ത്യയും ശ്രീലങ്കയും തമ്മിൽ ക്രിക്കറ്റുകളിയുണ്ട ടി.വിയിൽ നേരിട്ട് റിലേ ഉണ്ട പടച്ചോനേ, ക്ലാസ്സ് കട്ട് ചെയ്യാതെ കളികാണാൻ എന്താണൊരു വഴി- സമരമുണ്ടെങ്കിൽ രക്ഷപ്പെട്ടേനേ അപ്പോഴതാ കേൾക്കുന്നു കോളേജ് പോർട്ടിക്കോയിൽ നിന്നും ആരവം.

''സിന്ദാബാദ്, സിന്ദാബാദ്''

''സമരം ചെയ്യും, സമരം ചെയ്യും വിജയം വരെയും സമരം ചെയ്യും''

ഹാവൂ, രക്ഷപ്പെട്ടു രണ്ടാഴ്ചത്തേക്ക് ഇനി ക്ലാസ് നടക്കുമെന്ന് തോന്നുന്നില്ല. ഈപരമ്പര മുഴുവൻ ക്ലാസ്സ് കട്ട്ചെയ്യാതെ കാണാം ഏതായാലും ക്ലാസ്സിൽ കയറാം. സമരമുള്ള ദിവസം ഫസ്റ്റ്ഔവർ കയറിയാൽ മുഴുവൻ അറ്റൻറസും കിട്ടും.


ക്ലാസ്സിൽ കയറി. ലാസ്റ്റ് ബെഞ്ചിൽ നിയാസും കൂട്ടരും പൂജ്യം വെട്ടിക്കളിക്കുന്നു. തേഡ് ബെഞ്ചിൽ ''അമരത്തിലെ, മമ്മൂട്ടിയുടെ അഭിനയത്തെ പററി' ചൂടുപിടിച്ച ചർച്ച നടക്കുന്നു. പോർട്ടിക്കോയിൽ നിന്നുള്ള മുദ്രാവാക്യത്തിന്റെ ശക്തി വർദ്ധിച്ചു അല്പം കഴിഞ്ഞപ്പോൾ ലോങ്ങ്ബെല്ലടിച്ചു ഞാൻ ക്ലാസിൽ നിന്നിറങ്ങി. കളി തുടങ്ങാൻ ഇനിയും സമയമുണ്ട്. അതുവരെ ഇവിടെയൊക്കെ ചെറുതായൊന്ന് കറങ്ങാം.

അതാ അവൾ വരുന്നു എന്തെങ്കിലും സംസാരിക്കണം. ഒരു വിഷയവും കിട്ടുന്നില്ലല്ലോ അവൾ അടുത്തെത്തിക്കഴിഞ്ഞു. ഒന്നു ചിരിച്ചു.

''അപ്പഴേ ഇന്ന് ഇന്ത്യ ശ്രീലങ്ക ക്രിക്കറ്റുണ്ട് ടി.വിയിൽ'' ഞാൻ പറഞ്ഞു.

''അതിനിപ്പം ഞാനെന്തു വേണം''അവൾ തിരിച്ചു ചോദിച്ചു ചമ്മി. നേരേ ഹോസ്റ്റലിലേക്ക് നടന്നു. ടി.വിയുടെ മുമ്പിൽ ചെന്നിരുന്നു പക്ഷേ കറണ്ടില്ല. രാവിലെപ്പോയതാ ഇതുവരേ വന്നിട്ടില്ല. ഇന്നത്തെ ദിസവം ഇങ്ങിനെ..........

# വീട്ടിൽ നിന്നകലെ
# മറ്റൊരു വീട്
# 3




**നാസർ മുട്ടുങ്ങൽ**

ഇന്നീ രാജ കവാടത്തിൽ
പ്രാവുകൾ കുറുകാറില്ല
ഓർക്കുകിലീ
ഇക്കോളേജിന്റെ
കെട്ടിടം പോലെന്നുള്ളവും
ഉൾവലിഞ്ഞെങ്ങോ
വീണടിയുകയാണ്.
ഇപ്പോൾ
ടീസിയും കോഷനും
ജീൻസിലാത്തുക്കി
പ്പടികളിറങ്ങുമ്പോൾ
എൻ നയനങ്ങൾ
എന്റെ
ചുവടുകൾ പതറുന്നുവോ?
ഇല്ല.
നിന്നെ ച്ചവിട്ടാതിറങ്ങാനാവില്ല.
കാർപെറ്റിൽ നീർത്തുളുമ്പി
നിൽക്കുന്ന നിന്നെ
ചവിട്ടാതെങ്ങനെയിറങ്ങും?
സാരമില്ല.
ഇനിയുമിവിടെ വസന്തോത്സവം
തിമർക്കുമപ്പോളിവനാം
വഴിപോക്കൻ
നിൻകവാടത്തിലുഴവും കാ—
ത്തൊരു പിടിക്കിനാവും കോർത്തുവരും
അന്ന്,
നിൻ പേരെഴുതിയോരീ
കാർപ്പെറ്റ് മാറുമതിൻ പിന്നെ-
യീകവാടങ്ങൾ
കനിവിന്റെ ചിരിപരത്തും
വെൺപിറാവുകൾ
മോക്ഷകവാടത്തിൽ
കുറുകും; പറന്നുയരും
ഇപ്പോൾ ഞാൻ നിന്നെ
ച്ചവിട്ടുന്നു സഖേ-മാപ്പ്.

# വീട്ടിൽ നിന്നകലെ മറ്റൊരു വീട്

## 4



*മുസ്തഫ എടപ്പറ്റ*

പത്രത്തിന്റെ വരികൾക്കിടയിലൂടെ പരതുകയായിരുന്നു അവൻ: ആകാംക്ഷ മുറ്റിയ നയനങ്ങളോടെ

പേജുകളോരോന്നും മറിഞ്ഞുവീണു. സൂക്ഷ്മതയോടെ ശ്രദ്ധിച്ച ശേഷം ഭരണപക്ഷത്തും പ്രതിപക്ഷത്തും കണ്ണുകളടക്കി സെനറ്റ് യോഗത്തിൽ പ്രത്യേകം ശ്രദ്ധിച്ചു.

ഇല്ല. എവിടെയും കാണുന്നില്ല

പതിയെപ്പതിയെ മുഖത്ത് മുറ്റിനിന്ന ഉത്കണ്ഠയ്ക്ക് മീതെ നിരാശ നിഴൽ വിരിച്ചു.

''വല്ലതും കിട്ടിയോടാ....''?

''ങ്ഹൂം....'' പത്രത്തിൽതന്നെ കണ്ണുനട്ട് നിഷേധാർത്ഥത്തിൽ തലയാട്ടി:

''ഒന്നുകൂടി ശ്രദ്ധിച്ചു നോക്കടേയ്....ഇന്ന് വല്ല 'ഇഷ്യൂ'വും ഉണ്ടോന്ന്''

കണ്ണുകൾ വീണ്ടും ഒരു കുറ്റാന്വേഷകന്റെ ഭാവങ്ങളോടെ, പത്രത്തിൽ തലങ്ങും വിലങ്ങും ഒഴുകി നടന്നു.

അപ്പോഴാണത് ശ്രദ്ധിച്ചത്. പത്രത്തിന്റെ ഏതോ കോണിൽ വളരെ അപ്രധാന്യത്തോടെ കൊടുത്ത റിപ്പോർട്ട്.

ബസ് ജീവനക്കാരും വിദ്യാർത്
ളും തമ്മിൽ സംഘട്ടനം.

അവന്റെ മുഖം തെളിഞ്ഞു

അവനിലെ 'നേതാവ്' ന
ഞെഴുന്നേറ്റു.

സിരകളിൽ രക്തം തിളച്ചു
മങ്ങൾ എഴുന്നേറ്റു നിന്നു. മു
ചുരുണ്ട് വായുവിലേക്കുയർന്നു;
രം കതിര ശക്തിയോടെ.

''വിദ്യാർത്ഥികളെ നി
ഞ്ഞോ?

ക്രൂരമായി മർദ്ദിച്ചു....''

# വീട്ടിൽ നിന്നകലെ മറ്റൊരു വീട്

## 5



**ഇമ്പിച്ചിക്കോയ തങ്ങൾ**

### സമാന്തരം

ധൃതിയിൽ ക്ലാസ്സിലേക്ക നടക്കുന്നവനോട്
''നീയെന്താ വൈകിയത്?''
''ഓ....അത്....ഇംഗ്ലീഷിനു ട്യൂഷനുണ്ടായിരുന്നു''
ക്ലാസ്സുവിട്ടയുടനെ ബസ്സിനുവേണ്ടി ഓടുന്നവനോട്
''അൽപം കഴിഞ്ഞ് പോയാൽ പോരെ?''
''അയ്യോ പറ്റില്ല. മൂന്നരയ്ക്കു Main Paper-നു ട്യൂഷനുണ്ട്...''
ഇനി വർഷം മഴവിൻ സമരമായാലെന്താ....ഒന്നുമില്ല.
''സമാന്തരം ശരണം ഗച്ഛാമി.''

### ചോദ്യങ്ങൾ ഉത്തരങ്ങൾ-

'എന്നും ക്ലാസ്സിൽ രാജരാകുന്നവർ ആരാണ്?'
'കോഴിയമ്മ'
'പറയുന്നതെല്ലാം കേട്ടിരിക്കുന്നവർ ആരാണ്?'
'കോഴിയമ്മ'
'കേട്ടതെല്ലാം എഴുതിയെടുക്കുന്നവർ ആരാണ്?'
'കോഴിയമ്മ'
'അപ്പോൾ റാങ്കുകളെല്ലാം......?'
'കോഴിയമ്മക്ക്''
'കഴിമടിയന്മാരായ എലിക്കുഞ്ഞുങ്ങൾ എന്തുചെയ്യുണം?'
അവർ പോയി...........

### ഉറക്കം-

'ക്ലാസ്സിൽ മുന്നിലിരിക്കുന്നവൻെറ മറവിൽ ഉറക്കം
ലൈബ്രറിയിൽ പുസ്തകം മാറോടണച്ചുപിടിച്ച് ഉറക്കം
ഹോസ്റ്റലിൽ മൂടിപ്പുതച്ചുറക്കം, കാരണം?'
സുഹൃത്ത് 'ഗുരുക്കൾ ദൈവതുല്യർ എന്നല്ലേ,
ഉറക്കം ദൈവദാനമാണല്ലോ.'

### ടൈംടേബിൾ-

ഇനി പതിനെട്ട് ദിവസങ്ങളുണ്ട്
പഠിക്കാൻ ആകെ ആറു പേപ്പറുകളും
ഓരോന്നിനും മൂന്നു ദിവസം വീതം കിട്ടും
ഓ ...അതുതന്നെ ധാരാളം....
അപ്പോൾ നാളെമുതൽ തുടങ്ങാം.

### പരീക്ഷയുടെ ലക്ഷണം

കാമ്പസിലൂടെ വഴിനടക്കുന്ന രണ്ടുപേർ.
'കുട്ട്യോൾക്ക പരീക്ഷ തുടങ്ങീന്നാ തോന്നുന്നത്'
'ഒച്ചയും അനക്കവുമില്ലാത്ത ക്ലാസ്സുമുറികൾ കണ്ടിട്ടു കൊണ്ടാണോ നിനക്കങ്ങിനെ തോന്നിയത്?
'അല്ലല്ല'
'മരത്തണലുകളിൽ കാണാറുള്ള പതിവുകൂട്ടങ്ങൾ അപ്രത്യക്ഷമായതുകൊണ്ടാണോ?'
'അതുമല്ലടോ'
'തിരക്കൊഴിഞ്ഞ ക്യാംബറുകൾ.......
'അതൊന്നുമല്ല,
കാമ്പസിൻെറ മുക്കിലും മൂലയിലും ചുരുട്ടിയെറിഞ്ഞ കടലാസ്സു തുണ്ടുകൾ കാണുന്നില്ലേ നീ,
ചെറിയ അക്ഷരങ്ങളിൽ നിറച്ചെഴുതിയിട്ടുള്ള കൊച്ചു കൊച്ചു കടലാസ്സു തുണ്ടുകൾ....''


### രാപ്പാടീ പക്ഷിക്കൂട്ടം

രാത്രിയെല്ലുകൾ കരയുന്നു...
'തീരെ പ്രതീക്ഷിക്കാതെയാണു വ്യാഴവും വെള്ളിയും അവധിയായി പ്രഖ്യാപിക്കപ്പെട്ടത്, പിന്നെ ശനിയും ഞായറും....
നാലുദിവസം....ഹോ ദൈവമേ....
പലപ്പോഴും ശ്വാസംമുട്ടി ചാകുമെന്നുവരെ തോന്നി
ഞങ്ങളുടെ നിശ്വാസങ്ങളെ തടഞ്ഞുനിർത്താനാവാതെ, ഉയർത്തിക്കെട്ടിയ ഈ മതിലുകൾ
തകർന്നു വീഴുമെന്നും
ഞങ്ങൾ പേടിച്ചിട്ടുണ്ട്..
രക്ഷപ്പെട്ടു ഇന്നു തിങ്കളാഴ്ച........''

### സങ്കടത്തോടെ ചവോക്ക്

ഉറക്കെ ചിന്തിക്കുന്ന ബുദ്ധിജീവികളുടെ എവിടെയുമെത്താത്ത ചർച്ചകളും.... കാമ്പസ് കാമുകന്മാരുടെ ഐസ്ക്രീം പൂവുള്ള ചുക്കിച്ചുളിവർത്തമാനങ്ങളും....വിൽസിൻെറ പാക്കിനു വേണ്ടി 'പെത്ത്' പാർട്ടികളുടെ യാചനകളും.... സീനിയേഴ്സിൻെറ വിചാരണക്കു വിധേയനാവുന്ന പുതുക്കാരൻെറ വിറയാർന്ന ശബ്ദവും .. ഒക്കെ കണ്ടും കേട്ടും എത്ര സന്തോഷത്തോടെയാണു ഞാൻ ഇന്നു വിരിച്ചു നിൽക്കുന്നത്. പക്ഷേ....

വർഷാവസാനം സങ്കടകരമായ നീണ്ട വിടപറച്ചിലുകൾ....കേൾക്കുമ്പോൾ ഞാനും മനസ്സിൽ കരയാറുണ്ട്. പുസ്തകത്തിൻെറ അവസാനത്താളുകളിൽ വിലാസങ്ങൾ പരസ്പരം കൈമാറി സംതൃപ്തിയടയുന്നതിലെ അർത്ഥതലങ്ങൾ എന്നെ കൂടുതൽ കരയിപ്പിക്കുന്നു. അപ്പോൾ ഞാൻ എൻെറ തണലിനെത്തന്നെ ശപിക്കുന്നു.



# വീട്ടിൽ നിന്നകലെ മറ്റൊരു വീട്

## 6

**ഫൈസൽ**

## സമരം

'അടുത്ത ബസ്സിന്തന്നെ പോണം
Ist hour പ്രാക്ടിക്കലാണ്.'
'ബസ്സ്റ്റോപ്പിൽ നിറയെ കുട്ടികളാണ്.'
'ന്നാ ജീപ്പിൽ പോകാം'
രണ്ട് കി.മീ. ദൂരം. ഒരു രൂപയാണ് മിനിമം ചാർജ്ജ്.
ജീപ്പിനുള്ളിലെ സ്വകാര്യചർച്ച.
'10 പൈസ ബസ്ചാർജ് വർദ്ധിപ്പിച്ചാൽ സമരം....!'

## ശരിയുത്തരം

ഫിസിക്സ് പ്രാക്ടിക്കലാണ്. B.G. റിസൽട്ട് കിട്ടി.
പോറം സ്ട്രെങ്ത്താണ്. 140 Micro Coulombs per M. M.
'വാല്യു ഹൈയാണല്ലോ. Repetition Class-ൽ ചെയ്തോളൂ.'
'സർ, എല്ലാർക്കും ഏതാണ്ടിതൊക്കെത്തന്നെയാ'
'ന്നാ ഒരു കാര്യം ചെയ്യ്, 10കൊണ്ട് ഹരിച്ചോളൂ. കറക്ട് ആൻസറാവും.

## തടിച്ചതും മെലിഞ്ഞതും

ബഷീറ് Les' Disc ആണ് ചെയ്യുന്നത്. ചെന്നുനോക്കി. 'ശ്രദ്ധിച്ചോളൂ ട്ടോ രണ്ടെണ്ണം പ്പം തന്നെ റിപ്പറ്റീഷനല്ലേ.'
വേണംന്നില്യ. ആൻസറ് കറക്ടാവില്യ. ഡിസ്ക് some more thick ആണ്.'
'change ചെയ്യാലോ സർ....?'
'കാര്യംല്യ അടുത്തതു് thin ആണ്.'
അപ്പോ....??'

## അഡ്ജസ്റ്റ്മെൻറ്

'നിനക്കിന്നേതാ...?'
'സ്പെക്ട്രോമീററർ. Angle of Prism കാണ
'അല്ല. ന്നായിതു്. രണ്ടിൻേറയും വ്യത്യാസം കിട്ടണം. Adjust ചെയ്തോളൂ....'
'സർ...??'

## പറയാനുള്ളത്

ക്രിസ്തുമസ് വെക്കേഷനാണ്. ഇനി പത്ത് സത്തേക്ക് കോളേജ് ലീവായിരിക്കും.
'ന്ന് പോവരുത് ട്ടോ. ഒരുപാട് പറയാന
ക്ലാസ്സ് കഴിഞ്ഞു.
'കുറെ പറയാനുണ്ടെന്ന് പറഞ്ഞല്ലോ.'
'ഒ, അത്. പിന്നെ. അ...ഇ...ഉ...
'ഇതൊക്കെ ഇന്നലേം പറഞ്ഞതല്ലേ'
'ന്നാലും നിക്ക്...വേറെ പറയാം...'

## കട്ട്-കട്ട്

അന്ന് വൈകുന്നേരവും അവർ ഒരുമിച്ച. മ
നല്ല ക്ഷീണമുണ്ട്.
'ഇന്നു് ഏതൊക്കെ പിരിയ്ഡാ...?
'മുഴവനും '
'എന്ത്...?'
'കട്ട് ചെയ്യതല്ലേ ചോദിച്ചതു്.'
പിന്നെ മൂകത.

## ചർച്ച

വിദ്യാഭ്യാസം ഒരു വഴിപാടായി ഇന്ന് നടന്നു പോരുകയാണ്. വിദ്യാഭ്യാസ വ്യവസ്ഥയാകട്ടെ, അതിന്റെ ഉള്ളടക്കമാകട്ടെ. ബോധന രീതിയാകട്ടെ—എല്ലാം പഴയതിന്റെ പകർപ്പുകളും വിരസമായ ആവർത്തനങ്ങളും താൽപര്യമില്ലാത്ത കെട്ടിയേൽപിക്കലുമായി, നഷ്ടത്തിൽ നിന്നു നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന മറെറാരു പൊതുമേഖലാസ്ഥാപനമായി അം താണുപോയിരിക്കുന്നു. ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസം വിദ്യാർത്ഥിയിൽ താൽപര്യമുണർത്തുന്നില്ല. അതവന്റെ ആത്മാവിനെ സ്പർശിക്കുന്നില്ല. അവന്റെ ചിന്തകളെയും ശീലങ്ങളെയും സംസ്കരിക്കാൻ ഉപകരിക്കുന്നില്ല. അതവനെ നല്ല കർമ്മങ്ങൾക്ക് പ്രചോദിപ്പിക്കുന്നില്ല. അപഥ സഞ്ചാരങ്ങളിൽ നിന്ന് അവനെ രക്ഷിക്കാൻ അതിന് ത്രാണിയില്ല. നന്മയുടെയും നീതിയുടേയുമായ വിപ്ലവബോധം അതവനിൽ ഉണർത്തി വിടുന്നില്ല. ചിന്തിക്കാൻ തന്നെ അവനെ അനുവദിക്കുന്നില്ല .........

ഇത് നമ്മുടെ കാലഘട്ടത്തിന്റെ ദുരന്തങ്ങളിലൊന്നാണ് എന്നു പറയാതെ വയ്യ. പക്ഷെ, ഉള്ള സംവിധാനം പോലും വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടാതെ, വിദ്യാർത്ഥിയെ പരിഗണിക്കാതെ, കെടുകാര്യസ്ഥതയുടെയും വർഗതാൽപര്യങ്ങളുടെയും രാഷ്ട്രീയത്തിന്റെയും ആഞ്ഞു പിടുത്തങ്ങളിൽ നഷ്ടപ്പെട്ടു പോകുന്നു എന്നു കൂടി മനസ്സിലാക്കുമ്പോൾ ഉള്ളു കിടുങ്ങുന്നില്ലേ? അഥവാ ഇത്രയെങ്കിലും കണ്ടറിയാനുള്ള വിവേചനശേഷിപോലും ഇന്നിന്റെ ഭൗതികതകൾ നിങ്ങളിൽ നിന്ന് തട്ടിയെടുത്തു കളഞ്ഞോ?

ഇതാ ഈ വിഷയകമായി ഏതാനും ചിന്തകൾ—ലേഖനങ്ങൾ കൂടുതൽ ചിന്തകളുള്ള പ്രചോദനങ്ങൾ എന്ന നിലക്ക്

എഡിറ്റർ

**പി. പി. സദറുദ്ദീൻ**
III ബി എസ് സി മൂന്നാം വർഷം



# വിദ്യാഭ്യാസം ആവർത്തിക്കപ്പെടുന്ന അബദ്ധങ്ങൾ

വനാന്തരങ്ങളിൽ, നിഗൂഢതകളിലൂടെ ആദിയിൽ മനുഷ്യൻ അവന്റെ അന്നം തേടി. കായ്കനികളും പച്ചിലകളും കൊണ്ട് മാത്രം അവന് സംതൃപ്തി നേടാനായില്ല. തുടർന്നങ്ങോട്ട് മനസ്സിന്റെ ലക്കുകെട്ട കുതിച്ചോട്ടം ആരംഭിക്കുകയായിരുന്നു. ഉപയോഗിച്ച് മടുക്കുമ്പോൾ വഴികൾ മാറിച്ചവിട്ടാനുള്ള പ്രവണത ആഹാരത്തിലെന്നപോലെ എല്ലാ കാര്യത്തിലും അവൻ തുടർന്ന് പോന്നു.

ഇവിടെ വിദ്യയുടെ തുടക്കം ആരംഭിക്കുന്നു. നിരന്തരം 'അസംതൃപ്തമായ മനസ്സ്' എന്തിനൊക്കെയോവേണ്ടി ദാഹിച്ചു. ആദിയിൽ അന്നം തേടുമ്പോൾ തന്നെ നിഗൂഢതകളിൽ അവന്റെ കണ്ണും ഉൾക്കണ്ണുമുണ്ടായിരുന്നു. ആന്തരാത്മാവിന്റെ ദിവ്യമായ ഉൾവിളി എന്ന് വിളിക്കപ്പെടുന്ന അക്ഷമമായ മനസ്സിന്റെ ദുർബ്ബലത അവൻ അറിഞ്ഞു. പിന്നീടുള്ള നീണ്ടകാലം കണ്ണുകളുടേയും കാതുകളുടേയുമായിരുന്നു. പ്രകൃതിയുടെ മന്ദമാരുതന്റെ ഒരു തലോടൽ പോലും കണിശക്കാരനായ മനസ്സ് അരിച്ചു പെറുക്കി. അരിച്ച് പെറുക്കിയ വിവരങ്ങൾ പുതിയ ചിട്ടകളും നിയമങ്ങളുമായി.

ഇന്ന് ഇവയെ നാം മോടിപിടിപ്പിച്ച പുറംചട്ടകൾക്കുള്ളിൽ ഭംഗിയായി സൂക്ഷിക്കുന്നു. വൃദ്ധനായ കാലം നമ്മെ നോക്കി–നമ്മുടെ നിസ്സഹായതയെ നോക്കി വക്രിച്ച് ചിരിക്കുന്നു. ഇപ്പോൾ കണ്ണുകളും കാതുകളും നാം പാതി തുറക്കുന്നു. കണ്ണുകൾ പ്രകൃതിയിലേക്ക് തുറക്കാൻ നമുക്കെന്നോ കഴിയാതെയായി. പോകട്ടെ, പുറംചട്ടകൾക്കുള്ളിലെ പദാർത്ഥം നമ്മുടെ ആയുസ്സിനെ കവച്ചുവെച്ചിരിക്കുന്നു. തടവറയിലാക്കപ്പെട്ട ബാല്യത്തിന്റെയും കൗമാരത്തിന്റെപോലും ദീനമായ വിലാപം–അതിന്റെ അർത്ഥശൂന്യതയും നമ്മെ ചിന്തിപ്പിക്കുന്നു.

## അപൂർവ്വ പ്രതിഭകൾ

ഉൽഭവം മുതൽ ഇന്നു വരെയുള്ള ചരിത്രത്തിന്റെ ഏററവും നേരിയ ഒരു ചിത്രമാണ് മുകളിൽ. ഈ പശ്ചാത്തലത്തോടെ വിജ്ഞാന സാഗരമെന്ന മഹാൽഭുതത്തെക്കുറിച്ച് നമുക്കെന്തെങ്കിലും ചിന്തിക്കാം.

വ്യക്തിപരമായി മനുഷ്യനെ അപഗ്രഥിക്കുന്നതിലൂടെയേ ഈ പഠനത്തിലേക്ക് കാലെടുത്ത് വെക്കാൻ കഴിയൂ. ജന്തുവർഗ്ഗത്തിലെ നട്ടെല്ലുള്ളവയിൽ സസ്തനികളിൽപെട്ട മനുഷ്യനാണ് ബുദ്ധിപരമായ വളർച്ചയിൽ ഏററവും മുന്നിൽ എന്നു വിശ്വസിക്കപ്പെടുന്നു–എന്നു വിശ്വസിക്കുന്നതും മനുഷ്യൻ തന്നെയാണ്. മററു ജീവികളിൽ നിന്നു വ്യത്യസ്തമായി സംസാരിക്കാനുള്ള കഴിവും ദ്രുതഗതിയിലുള്ള ആശയ വിനിമയവും വ്യവസ്ഥാപിതവും സാമൂഹികവുമായ ജീവിതശൈലിയും ജീവിതസമരത്തിൽ അവനെ വളരെ മുൻപിലെത്തിച്ചിരിക്കുന്നു. മനുഷ്യരും മററു ജന്തുക്കളും തമ്മിലുള്ള മറെറാരു പ്രധാന വ്യത്യാസം മനുഷ്യനിലുള്ള ആശയങ്ങളുടെ മിന്നൽ (Sparkling) അല്ലെങ്കിൽ പ്രചോദനം ആണ്. മനുഷ്യനൊഴികെയുള്ള ജന്തുവിഭാഗങ്ങൾ ചിന്താപരമായി ഒരു ആവർത്തന ചക്രത്തിൽ (Cycle) സ്ഥിരമായി കറങ്ങിക്കൊണ്ടിരിക്കുന്നു. പഴയതിൽ നിന്നു വ്യത്യസ്തമായി പുതിയ ഒരു രീതി അവർ ആവിഷ്കരിക്കുന്നില്ല. എന്നാൽ മനുഷ്യ മസ്തിഷ്കം നിരന്തരമായ പ്രവർത്തനത്തിലൂടെ പുതിയ ആശയങ്ങൾ രൂപപ്പെടുത്തുന്നു. 'വയറ്' വിശക്കുമ്പോൾ ഭക്ഷണമെന്നപോലെ മനസ്സ് (അല്ലെങ്കിൽ മസ്തിഷ്കം) വിജ്ഞാനം കൊണ്ടാണ് സംതൃപ്തമാകുന്നത്. കാലിയായ, വിശന്ന വയററിന് സ്ഥിരമായിരിക്കാൻ കഴിയാത്തത് പോലെ, മനസ്സിനും സാദ്ധ്യമല്ല. ജാഗ്രതപൂണ്ട മനസ്സ് എന്തൊക്കെയോ അന്വേഷിച്ച് കൊണ്ടിരിക്കുന്നു. ഈ അന്വേഷണത്തിൽ നിന്നാണ് വിജ്ഞാനത്തിന്റെ തുടക്കം.

മനുഷ്യസമൂഹത്തെ ഒന്നടക്കമെടുത്ത് പരിശോധിച്ചാലും, ഒരേ പ്രകൃതമുള്ള രണ്ട്പേരെ കണ്ടെത്തുകയെന്നതുപോലെ ഒരേ മസ്തിഷ്കമുള്ള രണ്ടുപേരുടെ കാര്യവും അസാധ്യമാണ്. ഒരോ മനുഷ്യനും വ്യത്യസ്തമായ പ്രകൃതവും ഭിന്ന ആശയവും പുലർത്തുന്നു. അതേ സമയം രസകരമായ മറെറാരു വസ്തുത മനുഷ്യ സമൂഹത്തിലെ ഭൂരിപക്ഷവും അന്വേഷണതൽപര

യില്ലാത്തവരാണ് എന്നതാണ്. അതായത് ഈ വിഭാഗം ചിന്താമണ്ഡലത്തിൽ മനുഷ്യനൊഴിച്ചുള്ള ജന്തുവിഭാഗത്തോട് സദൃശ്യരാണ്. ആഹാരം, നിദ്ര തുടങ്ങി ദൈനംദിന കാര്യങ്ങളിൽ ഇവരുടെ ചിന്താശേഷി പരിമിതമാണ്. മുകളിലുദ്ധരിച്ച ന്യൂനപക്ഷം അപൂർവ്വം ചിലർ ആണ് മനസ്സിനെ മലർക്കെ തുറന്നിട്ട് അറിവിൻെറ ഉന്നതമായ മേഖലയിലേക്ക് കുതിക്കുന്നത്. ഇവർ വിജ്ഞാനത്തിൻെറ കാവൽക്കാരാവുന്നു. ഈ ഒരു ന്യൂനപക്ഷം, ഏത് മേഖലയിലായാലും അതിൻെറ ഏററവും ഉന്നതിയിലായിരിക്കും. സാധാരണ മനുഷ്യൻ വിലപ്പെട്ടതെന്നു കരുതുന്ന പലതും വിജ്ഞാനദാഹത്താൽ ഇവർക്ക് നഷ്ടപ്പെടുന്നു. സ്വന്തം ജീവിതത്തിലോ കാലഘട്ടത്തിലോ സമ്പത്തിൻെറയോ സ്ഥാനമാനങ്ങളുടെയോ പേരിൽ ഇവർ അറിയപ്പെടുന്നില്ല. പക്ഷേ, പിന്നീടങ്ങോട്ട് തലമുറകൾ ഇവരെ പൊക്കിപ്പിടിക്കുന്നു. ഇവരെ നമ്മുടെ പ്രതിഭകൾ എന്നു് വിളിക്കുന്നു. കാട് പിടിച്ച പഴയ പാതകൾ വെട്ടിത്തെളിച്ച് ഇവർ സ്വന്തമായ വഴികളിലൂടെ ചരിക്കാനിഷ്ടപ്പെടുന്നു.

## ഭീമമായ അബദ്ധങ്ങൾ

ഇന്ന് നിലവിലുള്ള വിദ്യാഭ്യാസരീതിയും വിദ്യ എന്ന സങ്കല്പവുമാണ് ചർച്ചയിലെ മുഖ്യവിഷയം. അതിന് മുമ്പ് ഇന്നു് വരെ ആർജ്ജിക്കാൻ കഴിഞ്ഞ വിജ്ഞാന സമ്പത്ത് എന്തിൻെറയെല്ലാം ഉൽപ്പന്നമായിരുന്നുവെന്നു് പരിശോധിക്കുന്നത് നന്നായിരിക്കും.

അണുബോംബിൻെറ കാര്യം തന്നെ ഉദാഹരണമാക്കാം. അണുബോംബിൻെറ തത്വം ഇപ്പോൾ വളരെ ലളിതമായി വായിച്ച് പഠിക്കാമെങ്കിലും നീണ്ട അന്വേഷണത്തിൻെറയും പരീക്ഷണത്തിൻെറയും ഫലമായിരുന്നു അതെന്നു് മനസ്സിലാക്കാം. ഭൂതകാലത്തിലേക്ക് ഒന്നു കൂടി ഊളിയിട്ട് നോക്കാം. അലസരും നിഷ്ക്രിയരുമായി ഒരുപാട് ജനസമൂഹം കഴിഞ്ഞ് പോവുന്നു. അതായത് ദൈനംദിന കാര്യങ്ങൾക്കപ്പുറത്തേക്ക് ഇവർ നിശ്ശബ്ദരാണ് എന്നർത്ഥം. അതിനിടെ, ഒരു നാൾ അപരിചിതമായ, സംശയം മുററി നിൽക്കുന്ന ഒരു സ്വരം കേൾക്കുന്നു. പദാർത്ഥത്തിൻെറ പരമമായ ഭേദം ആയിരിക്കും അതെന്നു് സങ്കല്പിക്കാം. പക്ഷെ, ഏററവും ദുർബ്ബലവുമായ ഈ സ്വരം പരിഹാസ ശരങ്ങളിൽ ചിതറിപ്പോയിട്ടുണ്ടാവാം. തുടർന്നുള്ള നീണ്ട കാലക്കറക്കത്തിൽ തന്മാത്രാ സിദ്ധാന്തത്തിൻെറ വെളിച്ചം കാണാറാവുന്നു. വീണ്ടും വർഷങ്ങളുടെ പ്രവാഹത്തിൽ ആറ്റോമിക സിദ്ധാന്തവുമായി ജോൺഡാൾട്ടൻ വരുന്നു. പിന്നെയും വർഷങ്ങൾ ആററങ്ങൾ കൂട്ടിച്ചേർക്കപ്പെടുന്നു. വിഘടിപ്പിക്കുന്നു. ആററം ബോംബുണ്ടാകുന്നു. ഇവിടെ എന്തെല്ലാം ഘടകങ്ങൾ ആവശ്യമായിരുന്നുവെന്നു് പരിശോധിക്കാം.

മനുഷ്യോൽപത്തി മുതലുള്ള ചരിത്രമാണല്ലൊ പരിശോധിച്ചത്.

> “വയറ് വിശക്കുമ്പോൾ ഭക്ഷണമെന്നപോലെ മനസ്സ് (അല്ലെങ്കിൽ മസ്തിഷ്കം) വിജ്ഞാനം കൊണ്ടാണ് സംതൃപ്തമാവുന്നത്. കാലിയായ വിശന്ന വയറിന്ന് സ്ഥിരമായിരിക്കാൻ കഴിയാത്തത് പോലെ, മനസ്സിനും സാദ്ധ്യമല്ല. ജാഗ്രതപൂണ്ട മനസ്സ് എന്തൊക്കെയോ അന്വേഷിച്ച് കൊണ്ടിരിക്കുന്നു. ഈ അന്വേഷണത്തിൽ നിന്നാണ് വിജ്ഞാനത്തിൻെറ തുടക്കം.

ഇവിടെ അനുപാതം കോടികളിൽ ഒന്നാവുന്നു. അതായത് നിരവധി സമൂഹങ്ങളിൽ, നിരവധി സ്വരങ്ങളിൽ ഒരു സ്വരം മാത്രം സംശയത്തിൻെറതാവുന്നു. അതുകൊണ്ടുതന്നെ ഈ സ്വരം വ്യത്യസ്തവുമാകുന്നു. ഈ സ്വരം സാഹചര്യങ്ങളുടെ സൃഷ്ടിയാണെന്നവാദം അയുക്തികമാണ്. സ്വരങ്ങളിൽ ഒന്നിനെമാത്രം സാഹചര്യങ്ങൾ സ്വന്തമാക്കുന്നുള്ളവെങ്കിൽ അതത്ഭുതം തന്നെ. ഈ സ്വരം ശക്തവും ദൃഢവുമായിത്തീരുന്നു. നമ്മുടെ വിജ്ഞാന സമ്പത്ത് സ്ഫുടതയുള്ള ഇത്തരം സ്വരങ്ങളുടെ ഫലങ്ങളാണല്ലൊ.

പ്രകൃതിയോടുള്ള ഇടപഴകലും ഇഴുകിച്ചേരലും വഴി പുതിയ അറിവുകൾ അറിയാതെ പകരുന്നു. മററൊരു ഘടകം സമയം ആണ്. അത് മസ്തിഷ്കത്തിന് വിശ്രമം നല്കുന്നതിനാൽ പുതു വിജ്ഞാനങ്ങളെ ജനിപ്പിക്കുന്നു. ഒന്നുകൂടി വിശദീകരിക്കാം. എന്തെങ്കിലും ഒരു പുതിയ കാര്യത്തിലേക്ക് കാലെടുത്ത് വെക്കുന്നതിന് നിങ്ങൾ ധൃതികൂട്ടുന്നില്ല. പകരം ആലോചിക്കാൻ സമയം ആവശ്യപ്പെടുന്നു. ശരിയും ചിന്തകളും സമയത്തിന് ആനുപാതികമാണ് എന്നു് അനുമാനിക്കാമല്ലൊ.

ഈ വിജ്ഞാന സമ്പത്തുകളത്രയും ഇന്നു് തടിച്ച പുസ്തകങ്ങളിൽ അടുക്കി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അബദ്ധവശാൽ വിജ്ഞാനമാർജ്ജിക്കണമെങ്കിൽ ഇവയൊക്കെയും മനഃപാഠമാക്കണമെന്ന ഒരു തെററായ ധാരണ പരന്നുകഴിഞ്ഞിരിക്കുന്നു. അനുഭവിച്ചറിഞ്ഞും നിരീക്ഷിച്ചറിഞ്ഞും വർഷങ്ങൾ കൊണ്ട് നേടിയെടുത്ത വിജ്ഞാനം യാതൊരു തത്വദീക്ഷയുമില്ലാതെ ഒററയടിക്ക് വിഴുങ്ങാൻ നിർബ്ബന്ധിക്കുക ഒരു മഹാപാതകമല്ലെങ്കിൽ മറെറന്താണ്? ഇവിടെ പ്രകൃതിയുമായി നേരിട്ടുള്ള സമ്പർക്കം ഇല്ലാതെ വരികയും മാനസികമായ പ്രസരിപ്പ് നഷ്ടമാകുകയും ചെയ്യുന്നു.

പത്താം സ്റ്റാൻഡേർഡ് വരെ എല്ലാ വിഷയങ്ങളും വാരിവലിച്ച് പഠിപ്പിക്കുകയും പിന്നീട് ഓരോ ഗ്രൂപ്പായി തിരിക്കുകയും ചെയ്യുന്നതാണല്ലൊ ഇന്നത്തെ വിദ്യഭ്യാസ രീതി. പ്രീഡിഗ്രി വിദ്യഭ്യാസത്തിന് ശേഷം പി.ജി. തലം വരെ ശൈശവനാളിൽ തുടങ്ങിയ മനഃപാഠമാക്കൽ വിദ്യഭ്യാസം തുടരുന്നു. പഠിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നോ എവിടെയാണെന്നോ മനസ്സിലാക്കാൻ കഴിയാത്ത വിദ്യാർത്ഥി പുസ്തകങ്ങൾ അപ്പാടെ വിഴുങ്ങുകയും മുറക്ക് പരീക്ഷകൾ എന്ന ഛർദ്ദി പ്രക്രിയക്ക് ഹാജരാവുകയും ചെയ്യുന്നു. യൗവന കാലം മുഴുവൻ നീണ്ടു നിൽക്കുന്ന കാണാപ്പാഠത്തിന് ശേഷം വാർദ്ധക്യത്തിലെത്തുന്ന വിദ്യാർത്ഥി അപരിചിതമായ, തികച്ചും വൈരുദ്ധ്യങ്ങൾ നിറഞ്ഞ പുറം ലോകത്തേക്ക് വലിച്ചെറിയപ്പെടുന്നു. തുടർന്ന് തൻെറ അപ്പത്തിനുള്ള വഴികൾ തേടാൻ നിർബ്ബന്ധിതനായിത്തീരുന്നു. ജീവൻെറ നിലനില്പിന്നാധാരം അപ്പമാണല്ലൊ. അപ്പത്തിന്ന് വേ

ണ്ടിയുള്ള പരക്കംപാച്ചിലിൽ തന്റെ ഒരു കൂട്ടം സാക്ഷ്യപത്രങ്ങൾ ഇഹലോകത്തിന് ആവശ്യമില്ലാത്തവയാണെന്ന് വേദനയോടെ അവന്ന് മനസ്സിലാക്കാനാവുന്നു. ഊർജ്ജതന്ത്രമോ രസതന്ത്രമോ കൈയിലുണ്ടെങ്കിൽ അത്തരം കമ്പനിക്കാർ രക്ഷിക്കുമെന്ന വിശ്വാസം പോലും മൗഢ്യമാണ്. കേവലം ഒരു പുസ്തകപ്പുഴുവിനെക്കൊണ്ട് അവർക്കെന്ത് കാര്യം? സ്കൂളിൽ പോവാത്ത തന്റെ അയൽക്കാരൻ മുമ്പേകണ്ടെത്തിയ തൊഴിൽ വേല അവന്റെ അവസാനത്തെ പോംവഴിയാവുന്നു. ഏററവുമൊടുവിൽ നിരാശയോടെ അവൻ സത്യം കണ്ടെത്തുന്നു. അയൽക്കാരന്റെ തൊഴിൽ പോലും തനിക്കന്യമാണ് എന്ന സത്യം. താൻ വാരിവലിച്ച് വിഴുങ്ങിയ പുസ്തകങ്ങളോടുള്ള വിരോധം അതോടെ ആരംഭിക്കുന്നു. തന്റെ കുഴിയിൽ അവൻ മററുള്ളവരെയും തേടുന്നു. ഈ മണ്ഡൂസൻ തിയറികൾ അവൻ മററുള്ളവരെയും ചൊല്ലിപ്പഠിപ്പിക്കുന്നു. വീണ്ടും ആവർത്തനചക്രം രാജ്യത്തിന്റെ സാമ്പത്തികഘടനയിൽ ഇവിടെ അയല്ക്കാരനുള്ള. പങ്കാളിത്തം നിഷേധിക്കാനാവാത്തതാണ് അതേസമയം ഈ വിദ്യാർത്ഥി ആവർത്തനചക്രത്തിലെ കേവലപദാർത്ഥം മാത്രമായിത്തീരുന്നു.

പത്താംതരം വരെയുള്ള ഇപ്പോഴത്തെ സിലബസ്സിൽ രസതന്ത്രത്തിൽ രാസപ്രവർത്തനങ്ങൾക്കും രാസപദാർത്ഥങ്ങളുടെ നിർമ്മാണത്തിനും നല്ല പ്രാധാന്യം കൊടുത്തിട്ടുണ്ട്. പ്രധാനപ്പെട്ട ആസിഡുകളും ബെയ്സുകളും ഏതാണ്ട് വിശദമായിത്തന്നെ പഠിപ്പിക്കപ്പെടുന്നു. അതേസമയം ഏററവും രസകരമായ വസ്തുത, ഏതെങ്കിലും ഒരാസിഡിന്റെ നിർമ്മാണം പോലും ഈ സിലബസ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് വ്യക്തമായി പറയാൻ കഴിയുന്നില്ല. എന്നതാണ് നല്ല നിലവാരം പുലത്തുന്ന വിദ്യാർത്ഥിയെതന്നെ പരീക്ഷണത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

'ഇൻഫ്ളോറസൻസ്' (ഒരു കൂട്ടം പുഷ്പങ്ങൾ') എന്ന വളരെ ലളിതവും ആകർഷകവുമായ വിഷയം പുസ്തകത്താളുകളിലേക്ക് കടന്നുവന്നപ്പോൾ എത്രമാത്രം സങ്കീർണ്ണമായി എന്ന് മനസ്സിലാക്കണമെങ്കിൽ പ്രീഡിഗ്രി സിലബസ്സിലെ 'ബോട്ടണി' പുസ്തകം കാണുക. സാന്ദർഭികതയുടെ സഹായമുണ്ടെങ്കിൽ ഇങ്ങനെയൊരു പഠനത്തിന്റെ ആവശ്യകതയേ ഉദിക്കുന്നില്ല. എല്ലാം ഭാവനയിൽമാത്രം കാണാൻ വിധിക്കപ്പെട്ടതിനാൽ വിദ്യാർത്ഥികേവലമായാലോകത്തിൽ അകപ്പെടുന്നു.

ഭൗതികശാസ്ത്രം പ്രധാനപ്പെട്ട വിഷയമായെടുത്ത ഞാൻ 'വൈദ്യുതിയും കാന്തിക സ്വഭാവവും' എന്ന ശാഖ വിലപ്പെട്ട ഒരുവർഷം മുഴവനും ചെലവഴിച്ച് പഠിച്ചു എന്ന കാരണത്താൽ വൈദ്യുതസപ്ലൈയിലെ ഏതെങ്കിലും തകരാറിനെപ്പററി ചോ

> ''അപ്പത്തിന്ന് വേണ്ടിയുള്ള പരക്കം പാച്ചിലിൽ തന്റെ ഒരു കൂട്ടം സാക്ഷ്യപത്രങ്ങൾ ഇഹലോകത്തിന് ആവശ്യമില്ലാത്തവയാണെന്ന് വേദനയോടെ അവന്ന് മനസ്സിലാക്കാനാവുന്നു. ഊർജ്ജതന്ത്രമോ രസതന്ത്രമോ കൈയിലുണ്ടെങ്കിൽ അത്തരം കമ്പനിക്കാർ രക്ഷക്കെത്തുമെന്ന വിശ്വാസം പോലും മൗഢ്യമാണ്. കേവലം ഒരു പുസ്തകപ്പുഴുവിനെക്കൊണ്ട് അവർക്കെന്ത് കാര്യം?

ദിക്കപ്പെട്ടാലത്തെ ഭയാനകമായ അവസ്ഥ എന്റെ ഉറക്കം കെടുത്തുന്നു.

അതേസമയം ഒരു ഓട്ടോമൊബൈൽ മെക്കാനിക്കിനെ സമീപിച്ചുനോക്കൂ. വാഹനത്തിന്റെ കേടുപാറുകൾ ക്ഷണനേരംകൊണ്ട് കണ്ടെത്തി പ്രവർത്തനം നേരെയാക്കാൻ അയാൾക്ക് നിഷ്പ്രയാസം സാധ്യമാകുന്നു. വേണ്ടിടത്ത് വിവരം അപ്പൊ ചെയ്യാൻ അയാൾക്ക് കഴിയുന്നു. അതായത് വിദ്യ അയാൾ കൈവശപ്പെടുത്തിയിരിക്കുന്നു. പുസ്തകങ്ങൾ അയാളെ സഹായിച്ചിട്ടുണ്ടാവുമോ? അശാസ്ത്രീയവും ബോറടിപ്പിക്കുന്നതുമായ ലക്ചറിംഗ് ക്ലാസ്സുകൾക്ക് അയാൾ തലവെച്ച് കൊടുത്തിട്ടുണ്ടാവുമോ? ഇല്ല!

## പരിഷ്കരണത്തിന്റെ ആവശ്യകത

മാററമില്ലാതെ നാം അനുവർത്തിച്ച് പോരുന്ന വിദ്യാഭ്യാസരീതി അടിയന്തിരമായി ഒരു ഉടച്ചു വാർക്കലിനെ ആവശ്യപ്പെടുന്നു. ഈയടുത്തകാലത്തായി പലകേന്ദ്രങ്ങളിൽ നിന്നും ഈയൊരു ശബ്ദം ഉയർന്ന് കേൾക്കുന്നുണ്ട്. പ്രകൃതിയോടിടപഴകിക്കൊണ്ട് വിജ്ഞാനത്തെ സ്വാംശീകരിക്കുക എന്നതും സ്വതന്ത്ര വിദ്യഭ്യാസവും ഇവയിൽപെടുന്നു. പക്ഷെ, ഈ സന്ദർഭം എന്റെ ശബ്ദത്തിന് വേണ്ടി കാതോർക്കുന്നതിനാൽ മററുള്ളവരുടെ സ്വാതന്ത്ര്യഹാരം എന്നെ അലോസരപ്പെടുത്തുക തന്നെ ചെയ്യും. ഇവിടെ ഞാൻ സ്വാർത്ഥനാവുന്നു.

വിദ്യഭ്യാസം കൊണ്ട് എന്തൊക്കെ നേട്ടങ്ങളുണ്ടാക്കണം? നിലവിലുള്ള മനഃപാഠമാക്കൽ പ്രക്രിയ വിദ്യഭ്യാസമാവുമോ? ഇല്ലെങ്കിൽ വിദ്യഭ്യാസംകൊണ്ട് എന്തൊക്കെ സാധിക്കണം? പ്രധാനമായും മൂന്ന് കാര്യങ്ങളാണ് ചൂണ്ടിക്കാട്ടാനുള്ളത്.

(1) വിദ്യക്കൊണ്ട് പ്രയോജനമുണ്ടാകുകയും അതുവഴി രാജ്യത്തിന്റെ സാമ്പത്തിക രാഷ്ട്രീയ, സാമൂഹിക സ്ഥിതിയിൽ പ്രതിഫലനമുണ്ടാകുകയും ചെയ്യുക.

(2) ഈയിടെയായി വർദ്ധിച്ച് വരുന്ന അക്രമങ്ങൾക്കും കലാപങ്ങൾക്കും മുഖ്യകാരണം ശൂന്യമായ മനസ്സുകളാണ്. എവിടെ വിജ്ഞാനം കൊണ്ട് മനസ്സ് നിറയുകയും ആ മനസ്സ് ശരീരത്തെ കർമ്മവീര്യമുള്ളതാക്കുകയും ചെയ്യുന്നുവോ അവിടെ ശാന്തിയും സമാധാനവും കളിയാടുന്നു.

(3) പ്രകൃത (genes) ത്തോടുള്ള അവഗണന.

നിലവിലുള്ള വിദ്യാഭ്യാസം മനുഷ്യന്റെ വ്യത്യസ്ഥങ്ങളായ പ്രകൃതങ്ങളെ കാണാതെ പോവുന്നു. മനഃപാഠമാക്കാൻ കഴിവുള്ളവന്മാത്രം തീരെഴുതിയതാണ് ഇന്നത്തെ സിസ്റ്റം. അല്ലാത്തവൻ പെരുവഴിയിൽ

## മനുഷ്യപ്രകൃതി

ഓരോ വ്യക്തിയെയും അവന്റെ പ്രത്യേക കഴിവുകളെയും കണ്ടെത്താൻ നിലവിലുള്ള വിദ്യഭ്യാസ സമ്പ്രദായം അപര്യാപ്തമാണ്. ഓരോ വ്യക്തിയെയും കണ്ടെത്ത

അവന്റെ പ്രകൃതിക്കനുസൃതമായ വിദ്യഭ്യാസം നല്കുന്നതിലൂടെ മാത്രമെ വിജ്ഞാനത്തിന്റെ ത്വരിതഗതിയിലുള്ള വികാസം സാദ്ധ്യമാകൂ.

സ്വഭാവം, പ്രകൃതി (nahire)എന്നിവ ഓരോ വ്യക്തിയിലും സ്ഥായിയായി നിൽക്കുന്ന വികാരത്തിന്റെ പ്രകടനമായി കണക്കാക്കാവുന്നതാണ്. നിങ്ങൾ നിങ്ങളിലേക്ക് തന്നെ ഇറങ്ങിച്ചെല്ലുമ്പോൾ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്ന നിങ്ങളുടെ മനസ്സിന്റെ ചില ബിന്ദുക്കളിലേക്കുള്ള പക്ഷപാതപരമായ ചരിവ് നിങ്ങൾക്ക് അനുഭവവേദ്യമാകും. തോമസ് ആൽവ എഡിസനിലൂടെയും ബർണാഡ്ഷായിലൂടെയും നിങ്ങൾക്കിത് മനസ്സിലാക്കാം. പൊളോണിയം ആററത്തിൽനിന്ന് റേഡിയോ വികിരണങ്ങളെന്നപോലെ–എല്ലാ ആററങ്ങളിലും ഇവ കാണപ്പെടുന്നില്ല–ചില മസ്തിഷ്കങ്ങളിൽ ഒരുതരം മിന്നൽ (sparkling) നടക്കുന്നുവെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. സാഹചര്യങ്ങളുടെ മാത്രം സ്വാധീനമാണിതെന്ന വാദം മൗഢ്യമായിരിക്കും. എഡിസനും ബർണാഡ്ഷായും ഏകാന്തപഥികരായിരുന്നുവല്ലൊ. ഒരു എഡിസനുവേണ്ടിയോ ബർണാഡ് ഷാക്ക് വേണ്ടിയോ നാം സമയം പാഴാക്കണമെന്നില്ല. കമ്പ്യൂട്ടർ ശകുന്തളാദേവിയെപ്പററി നിങ്ങളെന്ത് പറയും? മൂന്ന് അക്കങ്ങളായാൽ നെററി ചുളിക്കുന്ന നാമും അവരും വ്യത്യസ്തരല്ലെ?

ഇവിടെ, ജോൺഗ്രിഗർ മെൻഡലിന്റെ പയർ ചെടികളിലെ പരീക്ഷണങ്ങൾ പ്രസക്തമാവുന്നു. അദ്ദേഹത്തിന്റെ പരീക്ഷണങ്ങൾ ശരീരശാസ്ത്രപരമായ പരിമിതികളിൽ ഒതുങ്ങുന്നവ യായിരുന്നു. ഹ്യൂമൻ ഡൈനാമിക്സ്'' എന്ന ശാസ്ത്രശാഖയിൽ ഇവനമുക്ക് വഴികാട്ടിയാവേണ്ടതാണ് മററു ജീവികളിൽ നിന്ന് വ്യത്യസ്തമായി വളർച്ച പ്രാപിച്ച ഒരു മാനസികതലം മനുഷ്യനുണ്ട്. ശാരീരികപ്രവർത്തനങ്ങളെ കവച്ചുവെക്കുന്ന മാനസിക ഘടകം എന്തുകൊണ്ട് പ്രകൃത (gene) വുമായി ബന്ധപ്പെട്ടു കൂടാ. തീർച്ചയായും ബന്ധപ്പെടുന്നുവെന്ന് തന്നെ അനുമാനിക്കണം. ബലാത്സംഗം ചെയ്ത് പെൺകുട്ടികളെ ക്രൂരമായി കൊലപ്പെടുത്തുന്ന സ്ഥിരം കുററവാളികളെ പരിശോധനക്ക് വി

ഓരോ വ്യക്തിയെയും അവന്റെ പ്രത്യേക കഴിവുകളെയും കണ്ടെത്താൻ നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായം അപര്യാപ്തമാണ്. ഓരോ വ്യക്തിയെയും കണ്ടെത്തി അവന്റെ പ്രകൃതിക്കനുസൃതമായ വിദ്യാഭ്യാസം നല്കുന്നതിലൂടെ മാത്രമെ വിജ്ഞാനത്തിന്റെ ത്വരിതഗതിയിലുള്ള വികാസം സാദ്ധ്യമാകൂ.



ധേയമാക്കിയപ്പോൾ ജനിതകമായ (poly sexualiey) എന്ന രോഗം കണ്ടെത്തുകയുണ്ടായി. ഇവരുടെ ശാരീരിക വളർച്ചയിൽ വ്യത്യാസം കാണപ്പെടുന്നു.

ഈയിടെ നമ്മുടെ നാട്ടിൽ ഞെട്ടലുളവാക്കിയ 'റിപ്പർ' കേസിൽ പ്രതിയായ ചന്ദ്രൻ എലികളിൽ തന്റെ കൊലപാതകരീതി പരീക്ഷിച്ചിരുന്നുവത്രെ! തന്റെ സാഹസത്തിന് ഭാരിച്ച അദ്ധ്വാനം ചെലവഴിക്കേണ്ടി വന്നുവെന്ന് സാരം.

അധീശത്വം ചലുത്തുന്ന 'ജീനി' ന്റെ പ്രത്യേകതകൾ നാം ഇനിയും മനസ്സിലാക്കാനിരിക്കുന്നതേയുള്ള യഥാർത്ഥത്തിൽ 'ജീൻ തിയറി' സൃഷ്ടികളുടെ മേലുള്ള പ്രകൃതിയുടെ ശക്തമായ നിയന്ത്രണം വ്യക്തമാക്കുന്നു. അതായത് സൃഷ്ടികൾ വെറും കളിപ്പാവകളാണെന്ന് സാരം.

'അനുയോജ്യമായതിന് അനുയോജ്യമായത്'' എന്ന ഈ ഒരു വശം പരിഗണിച്ച് മാത്രമെ ഒരു ഉടച്ചുവാർക്കൽ സഫലമാവുകയുള്ളൂ. നിർഭാഗ്യവശാൽ ഈ ഒരുവശം ഉയർത്തിക്കാട്ടാൻ ആർക്കും കഴിയുന്നില്ല. നിലവിലുള്ള വിദ്യഭ്യാസത്തിനു ആവശ്യമായ പരിഷ്ക്കരണങ്ങൾ അക്കമിട്ട് വിവരിക്കുന്നു.

I വിജ്ഞാന സമ്പാദനത്തിലേക്കുള്ള ആദ്യത്തെ കാൽവെപ്പെന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നതിനാൽ സ്കൂൾതലം കാര്യക്ഷമവും കൂടുതൽ ശക്തവുമാക്കുക.
താഴെപറയുന്നവ ഇവക്ക് കൂടുതൽ സഹായകരമാവും.

(1) ഇരുപത് കുട്ടികൾക്ക് ഒരു അദ്ധ്യാപകൻ എന്നതോത് പ്രയോഗികമാക്കുക.

(2) കുട്ടികളുടെ മാനസികാപഗ്രഥനത്തിന് വ്യാപകമായി മനശ്ശാസ്ത്ര വിദഗ്ദരെ നിയമിക്കുക.

(3) പുസ്തക പഠനവും ഓറൽ ക്ലാസ്സുകളും (ഓരിയിടൽ) ഒരു പരിധിവരെ മാത്രം അംഗീകരിക്കുക.

4) സ്കൂൾപഠനം 8വർഷമാക്കി ചുരുക്കുക. ഈ ഘട്ടത്തിൽ വിവിധ ഭാഷകൾ വ്യക്തമായി കൈകാര്യം ചെയ്യാനും ശാസ്ത്രവിഷയങ്ങളിൽ ഒരു തിരിച്ചറിയൽ വിവരം ഉണ്ടാക്കാനും ശ്രമിക്കാം.

5) കുട്ടികളുടെ മാനസികാപഗ്രഥനം ആരംഭഘട്ടത്തിൽ തന്നെ തുടങ്ങാം. മുമ്പ് വിവരിച്ചപോലെ വ്യത്യസ്ത പ്രകൃതമുള്ളവരെ കണ്ടെത്തി അനുയോജ്യമായ രീതിയിലുള്ള വിദ്യാഭ്യാസം കൊടുക്കാം.

8 വർഷം സാമാന്യമായിപ്പറഞ്ഞതാണ്. ചില പ്രത്യേക വിഷയങ്ങളിലുള്ള അതിയായ താല്പര്യം മററു വിഷയങ്ങളോട് അജ്ഞതയുണ്ടാക്കാൻ വഴിയുണ്ട്. ചിത്രകലയിൽ അതിയായ താല്പര്യമുള്ള വിദ്യാർത്ഥിക്ക് ഊർജ്ജതന്ത്രമോ രസതന്ത്രമോ മററു വിഷയങ്ങളോ തീരെ താല്പര്യമില്ലാതെ വന്നേക്കാം. അങ്ങനെയാണെങ്കിൽ ഈ പൊതുസ്കൂളിൽ 8വർഷവും പ്രസ്തുത വിദ്യാർത്ഥി കഴിച്ചുകൂട്ടണമെന്നുണ്ടാവരുത്. ചിത്രം വരക്കാൻ കൂടുതൽ സഹായകമായ—അതിന് വേണ്ടി മാത്രം പ്രവർത്തിക്കുന്ന മറെറാരു സ്കൂളിലേക്ക് കുട്ടിയെ പ്രവേശിപ്പിക്കാം. ചിത്രം വരക്കാനാവശ്യമായ ഭാഷയും ചില്ലറശാസ്ത്രവും ചരിത്രവുമൊക്കെ ചിത്രം വരച്ചുകൊണ്ടിരിക്ക

മ്പോൾ കുട്ടി യാദൃച്ഛികമായി ഗ്രഹിച്ചു കൊള്ളും.

ആയതിനാൽ, പ്രൈമറിഘട്ടത്തിൽത്തന്നെ അതിവിദഗ്ദ്ധൻമാർക്ക് വേണ്ടി ഓരോ ശാഖയിലും അതിന്റേത് മാത്രമായ സ്കൂളുകളും അനിവാര്യമാണ്. അതേസമയം എല്ലാ വിഷയങ്ങളിലും ഒരേപോലെ ശോഭിക്കാൻ കഴിയുന്ന വിദ്യാർത്ഥിയാണെങ്കിൽ 8 വർഷവും പൂർത്തിയാക്കാം. ഈ ഘട്ടത്തിൽ എല്ലാ വിഷയങ്ങളുടെയും ഒരു അടിത്തറ മാത്രമേ ആകാവൂ. രസതന്ത്രമാണെങ്കിൽ വിവിധയിനം പദാർത്ഥങ്ങളെ വിവരിക്കുന്ന കൂട്ടത്തിൽ ആസിഡുകളെയും ബേയ്സുകളെയും പഠനവിഷയമാക്കാം. അവ കാണിച്ചു കൊടുക്കേണ്ടത് അത്യാവശ്യവുമാണ്. അതേസമയം കൂടുതൽ പഠനങ്ങൾ ഈ തലത്തിൽ പാടില്ല. നവീന മാധ്യമങ്ങൾ ഈയാവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.

## II വിജ്ഞാനശാഖകളുടെ വിപുലീകരണം:-

സ്കൂൾതലത്തിന് ശേഷം പുസ്തകങ്ങൾ വഴിയുള്ള വിജ്ഞാനം ഒഴിവാക്കേണ്ടതാണ്. ഇന്നത്തെ രീതിയിലുള്ള ഛർദ്ദിപ്പരീക്ഷാസമ്പ്രദായവും നിർത്തലാക്കണം.

ഈയവസരത്തിൽ ചിന്തിക്കേണ്ട മറ്റൊരു വസ്തുത വർദ്ധിച്ച് വരുന്ന തൊഴിലില്ലായ്മയും കമ്മിയായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക രംഗവുമാണ്. ഈയൊരാവശ്യം മുൻനിർത്തിയായിരിക്കണം തുടർന്നുള്ള വിദ്യാഭ്യാസത്തിന് കല്ലിടേണ്ടത്. രാജ്യത്തിന്റെ സമ്പത്തും ശ്രേയസ്സും നഷ്ടമായിരിക്കുമ്പോൾ അവിടുത്തെ ജനത കേവല ജല്പനങ്ങളിൽ മനസ്സിനെ വ്യാപരിപ്പിച്ച് നിഷ്ക്രിയരാവുന്നത് അഭിലഷണീയമല്ലല്ലൊ. ആയതിനാൽ, സ്കൂൾതലം പൂർത്തിയാക്കിയ തൊട്ടടനെത്തന്നെ വിദ്യാർത്ഥി തൊഴിലുമായി ഒരു പരിചയപ്പെടൽ ആവശ്യമാവുന്നു. ഓരോ വിഷയത്തിലും താല്പര്യമുള്ള വിദ്യാർത്ഥിക്ക് അതിന്റെ തന്നെ തൊഴിൽ മേഖലയിൽ വ്യാപരിക്കാം. സസ്യശാസ്ത്രമാണ് വിദ്യാർത്ഥിക്ക് താല്പര്യമെങ്കിൽ ആധുനിക സാങ്കേതികതയിലൂടെയുള്ള മെച്ചപ്പെട്ട വിത്തുൽപാദനം, ടിഷ്യുകൾച്ചർ, ഹൈബ്രിഡോമ ടെക്നോളജി തുടങ്ങിയ പ്രായോഗിക വശങ്ങളിലേക്ക് പടിപടിയായി ഉയരാവുന്നതാണ്. ഈ രംഗത്ത് പുസ്തകങ്ങളുടെ പ്രസക്തി വളരെ ചെറിയതാണ്. ജോലിയിലായിരിക്കുമ്പോൾ സംശയനിവാരണത്തിന് വേണ്ടി പുസ്തകങ്ങളുടെ കേവലമായ ഒരു സഹായമേ വിദ്യാർത്ഥിക്ക് ആവശ്യമായി വരികയുള്ളൂ. ഈ രീതിയിൽ എല്ലാ വിഷയങ്ങളിലും പ്രായോഗികതയിലൂടെ മുന്നേറുമ്പോൾ രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വ്യാപകമായ പ്രതിഫലനങ്ങളുളവാക്കുന്നത് വഴി വമ്പിച്ച പുരോഗതിയിലേക്ക് വഴിതെളിയിക്കും.



> എല്ലാവിധ അനാവശ്യ പ്രവൃത്തികളുടെയും സങ്കേതമായ കോളേജ് കാമ്പസുകൾ നമുക്കൊരു പാഠമാവേണ്ടതാണ്. അർത്ഥമില്ലാത്ത പഠനക്രമങ്ങളും ബോറടിപ്പിക്കുന്ന ലക്ചറിംഗ് ക്ലാസുകളും ഭാവിയെക്കുറിച്ചുള്ള നിരാശാബോധവുമാണ് കാമ്പസ് ചെയ്തികൾക്ക് മുഖ്യഹേതു.

ഈ രീതിയിൽ എല്ലാം പ്രയോഗവൽക്കരിക്കാൻ കഴിഞ്ഞെന്ന് വരില്ല. ഭാഷാവിജ്ഞാനം, ചരിത്രപഠനം തുടങ്ങിയവക്ക് ഇന്നത്തെ രീതി അപര്യാപ്തമൊന്നുമല്ല. അതേസമയം ചരിത്രപഠനവും ഭാഷാവിജ്ഞാനവും ഒരു ഗ്രൂപ്പുകാർക്ക് മാത്രമായി വേർതിരിച്ച് വെക്കുന്നത് ശരിയായ ഒരു രീതിയല്ല. ഈ ഭൂമിയിൽ ജീവിക്കണമെങ്കിൽ അവയിലുള്ള സാമാന്യമായ ഒരുജ്ഞാനം അത്യാവശ്യമാണ്.

അപ്പോൾ പിന്നെ വെറും പ്രായോഗികതയിലൂന്നിയാൽ മാത്രം മതിയോ? അങ്ങനെയാണെങ്കിൽ പണ്ട കാലത്തെ ആറ്റോമിക സങ്കല്പങ്ങളും തന്മാത്രാസിദ്ധാന്തങ്ങളുമല്ലെ ഇന്നത്തെ ആണവോർജ്ജമായതും ഊർജ്ജം പ്രദാനം ചെയ്യുന്നതും: ആയതിനാൽ. താത്ത്വികവശവും ആവശ്യംതന്നെ, അത്യാവശ്യമെന്ന് തന്നെ പറയാം.

പക്ഷേ, താത്ത്വികവശം ഇന്നത്തെ രീതിയിൽ അനുവർത്തിച്ച് പോരുന്നതാണ് ഇവിടെ എതിർക്കപ്പെടുന്നത്. ദുർഗ്രഹങ്ങളായ സിദ്ധാന്തങ്ങളുടെ മനഃപാഠം എന്തെങ്കിലും ഉയർത്തിപ്പിടിക്കാൻമാത്രം കെല്പുറ്റതാണോ? (ഗൈഡുകളെ യഥാർത്ഥ 'വഴികാട്ടി'യായിസ്വീകരിച്ച് ഗവേഷണങ്ങൾ പകർത്തുന്ന നമ്മുടെ ഗവേഷകരെക്കുറിച്ച് ഇവിടെ മൗനമവലംബിക്കുകയാണ് ഭേദം.)

## III കാമ്പസുകളുടെ അർത്ഥമില്ലായ്മ :-

എല്ലാവിധ അനാവശ്യ പ്രവൃത്തികളുടെയും സങ്കേതമായ കോളേജ് കാമ്പസുകൾ നമുക്കൊരു പാഠമാവേണ്ടതാണ്. അർത്ഥമില്ലാത്ത പഠനക്രമങ്ങളും ബോറടിപ്പിക്കുന്ന ലക്ചറിംഗ് ക്ലാസ്സുകളും ഭാവിയെക്കുറിച്ചുള്ള നിരാശാബോധവുമാണ് കാമ്പസ്ചെയ്തികൾക്ക് മുഖ്യഹേതു. എന്നാൽ, പ്രൊഫഷണൽ കോളേജുകളിൽ ഈ സ്വഭാവം കാണപ്പെടുന്നില്ല. പഠനം തങ്ങളുടെ രക്ഷക്കെത്തുമെന്ന ശുഭാപ്തി വിശ്വാസമാണ്പ്രൊഫഷണൽ വിദ്യാർത്ഥികൾ കൂടുതൽ ഊർജ്ജസ്വലതയുള്ളവരും കാര്യക്ഷമമായി പ്രവർത്തിക്കുന്നവരും ആവാൻ കാരണം.

നിലവിലുള്ള കോളേജ് വിദ്യാഭ്യാസം പ്രയോജനരഹിതമായതിനാൽ ഈ രംഗം പ്രത്യാശക്ക് വകനല്കുന്നില്ല. ഭാഷാപരിജ്ഞാനം, ചരിത്രപഠനം, സാമൂഹികശാസ്ത്രം ശാസ്ത്രവിഷയങ്ങൾ തുടങ്ങിയവയിലെ ഗവേഷണത്തിന് മാത്രമേ കോളേജ് ലവൽ വിദ്യാഭ്യാസം ആവശ്യമുള്ളവെന്നതിനാലും ഗവേഷകരാവാൻ വളരെ ചെറിയ ഒരു ന്യൂനപക്ഷമേ അനുയോജ്യമായിട്ടുള്ളുവെന്നതിനാലും ഇന്നത്തെ രീതിയിലുള്ള വിപുലമായ കെട്ടിട സൗകര്യങ്ങൾ ആവശ്യമില്ലാതായിത്തീരുന്നു.

ഈ സൗകര്യങ്ങളൊക്കെയും പ്രൈമറിതലത്തിൽ കൊച്ചുകുട്ടികളിൽ ശക്തമായ അടിത്തറ പാകാൻ ഉപയോഗപ്പെടുത്താം. പി. ജി. യും എം. ഫിലും കഴിഞ്ഞ് തൊഴിലില്ലാതെ അലയുന്നവർക്ക് ശക്തമായ ബോധനത്തിലൂടെ, നല്ല അടിത്തറ പാകി പുതിയ ഒരു തലമുറയെ വളർത്തിക്കൊണ്ടുവരുന്നതിൽ പങ്കാളികളാകുകയും ചെയ്യാം. വരുംതലമുറക്കെങ്കിലും നേരായ വിദ്യാഭ്യാസം നല്കി ശക്തമായ ഒരു സമൂഹ പുനഃസൃഷ്ടിക്ക് ഇപ്പോഴേ നമുക്ക് തുടക്കംകുറിക്കാം.

യാസീൻ അഷ്റഫ്



# സർക്കാർ വിലാസം വിദ്യാഭ്യാസം

പരീക്ഷയെഴുതുന്നവന്റെ ഷർട്ടിനും പാന്റിനുമുള്ളിൽ കനുകുനാ, എഴുതിയ അട്ടികളായി മടക്കിയ, കൊച്ചു കടലാസുതുണ്ടുകൾ. കുറെ ദിവസം മിനക്കെട്ടിരുന്നതിന്റെ ഫലം. പരീക്ഷക്ക് വരുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് മുഴുവൻ–ഇവ ഓരോന്നും ഷർട്ടിന്റെ ഇടങ്കൈയിലും വലങ്കൈയിലും അരയിടുക്കിലും ഇടങ്കാലിലും വലങ്കാലിലുമൊക്കെ തിരുകിവെച്ചുകഴിഞ്ഞാൽ പരീക്ഷക്കുള്ള ഒരുക്കം പൂർത്തിയായി. ഏതു ചോദ്യത്തിന്റെ ഉത്തരം ഏതു ഭാഗത്താണെന്ന് ഓർമ്മിച്ചുവെക്കാം; അല്ലെങ്കിൽ ഒരു ഇൻഡക്സ്, തയാറാക്കി കർച്ചീഫിനുള്ളിൽ കരുതാം.

ഏതു ചോദ്യത്തിനും ഉത്തരം റെഡി. എല്ലാം ചുരുക്കരൂപത്തിലെഴുതിയതുകൊണ്ട്, നാലുപേജിന്റെ ഉത്തരം ഒരു കടലാസുതുണ്ടത്തിന്റെ പകുതിയിലൊതുങ്ങും.

നമുക്ക് ചോദിക്കാൻ തോന്നുന്ന ചോദ്യങ്ങൾക്ക് ഏതായാലും അവന്റെ കടലാസുതുണ്ടങ്ങളിൽ റെഡിമെയ്ഡ് ഉത്തരമുണ്ടാവില്ല. ഈ കള്ളപ്പണിക്കു കൊടുക്കുന്ന ശ്രദ്ധയും പ്രയത്നവും പഠനത്തിനുതന്നെ കൊടുക്കാമായിരുന്നില്ലേ? വിഷയങ്ങൾ തെരഞ്ഞെടുത്ത് എഴുതിയതുമുതൽ ഇൻഡക്സ് തയ്യാറാക്കിയതുവരെയുള്ള അദ്ധ്വാനം ശരിയായവഴിക്ക് ചെലവഴിച്ചിരുന്നെങ്കിൽ ചൊവ്വായ വഴി? ക്കതന്നെ ജയിക്കാമായിരുന്നില്ലേ?

ഉത്തരം എന്തോ ആവട്ടെ, ചില വസ്തുതകൾ നമുക്ക് മനസ്സിലാക്കുക:– കുറെ വിവരങ്ങൾ മാത്രം മതി പരീക്ഷ ജയിക്കാനാണെന്ന് കുട്ടികൾ മനസ്സിലാക്കിയിരിക്കുന്നു. അധ്യാപകന്റെ സ്ഥാനം ആദ്യം ഗൈഡുകൾ കൈയടക്കി; ഇപ്പോൾ കുറെ കീറക്കഷ്ണങ്ങളാണ് ആ സ്ഥാനത്ത് നിൽക്കുന്നത്. വിജ്ഞാനസമ്പാദനത്തിലെ കീറക്കടലാസുസംസ്കാരമെന്നു വിളിച്ചു ഇതിനെ പുച്ഛരിക്കരുത്. വിജ്ഞാനം തന്നെ കീറക്കണ്ടങ്ങളായത് കണ്ടറിഞ്ഞവർക്ക് അതെത്രയോ നിസ്സാരപ്രശ്നം! പരസ്പരബന്ധങ്ങൾ അറിയലാണ് ജ്ഞാനമെങ്കിൽ, ഒററപ്പെട്ടുകിടക്കുന്ന കുറെ 'ഡാററ'ഫീഡുചെയ്യലായി അത് ഇന്ന് തെററിദ്ധരിക്കപ്പെട്ടിരിക്കുന്നു.

–ഒരു വിദ്യാർത്ഥിയുടെ കഴിവിന്റെ പ്രതിഫലനമല്ല പരീക്ഷ. ഓർമശക്തിയുടെ പരീക്ഷണമെന്ന് പരീക്ഷയെ പരിഹസിച്ചവരുണ്ടായിരുന്നു. ഇന്ന് ആ ആക്ഷേപംപോലും പഴഞ്ചനാവുകയാണ്. ഇന്ന്, ഓർമിച്ചുവെക്കുന്ന ഭാരംതന്നെ കുറെ കുറഞ്ഞിരിക്കുന്നു. യാന്ത്രികമായി ശേഖരിച്ച വിവരങ്ങൾ കടലാസിൽ ഒരാവർത്തികൂടി പകർത്തുകമാത്രമേ വിദ്യാർത്ഥിക്ക് ചെയ്യാനുള്ളു.

–പഠിക്കാനുള്ള ആർത്തി, പഠനത്തിലുള്ള സ്വാഭാവികമായ പങ്കെടുപ്പ് ഇവയൊക്കെ ഏതോ ഘട്ടത്തിൽ കുട്ടികളിൽ നിന്നു് ചോർന്നുപോകുന്നു വിദ്യാലയത്തിനു പുറത്തുള്ളതെല്ലാം അവർക്കറിയണം. വിദ്യാലയത്തിലെ സിലബസിലോ പാഠപുസ്തകത്തിലോ വല്ലതും പെട്ടുപോയാൽ അത് പിന്നെ അവർക്കറിയണ്ട. വീട് പൂട്ടിപ്പോകുമ്പോൾ കള്ളനെ പററിക്കാൻവേണ്ടി, വിലപിടിപ്പുള്ള വസ്തുക്കൾ ചവററുകൊട്ടയിലിടുന്നവരുണ്ടത്രെ. അറിവിന്റെ രംഗത്തെ ചവററുകൊട്ടയാണ് സിലബസ്. അതിൽ പെട്ടുപോയതൊന്നും ആക്കും വേണ്ട. നല്ലതുപോലും അതിലിട്ടാൽ ശ്രദ്ധിക്കപ്പെടാതെപോകുന്നു അറിയാനുള്ള വാസനയെ അടിച്ചമർത്തുന്ന എന്തോ ഒന്ന് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലുണ്ട്. വിദ്യാഭ്യാസരംഗത്തെ അമിതവ്യയത്തെപ്പററി നാം പറയുന്നു. അതിന് ബജററിലെ വിഹിതവും പഠിപ്പുമുടക്കങ്ങളും ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. എന്നാൽ, ഏററവും വലിയ ദുർവ്യയം, മനുഷ്യന്റെ ജന്മസിദ്ധമായ കൗതുകത്തിന്റെ ചോർച്ചയാണ് ജന്മസിദ്ധമായ കർമോത്സുകതയുടെ നഷ്ടമാണ്.

## നയമില്ല, ലക്ഷ്യമില്ല

വാസ്തവത്തിൽ ഇന്ത്യയിൽ ഏററവുമധികം പണംചെലവിടുന്ന രംഗ ങ്ങളിലൊന്നല്ല വിദ്യാഭ്യാസം. വി ദ്യാഭ്യാസത്തിന് മററു പല രാജ്യങ്ങ ളും ചെലവഴിക്കുന്നത്ര നാം ചെലവഴിക്കുന്നില്ല. ഇനി, ചെലവിടാൻ നിശ്ചയിച്ച പണത്തിന്റെ തന്നെ കാര്യമോ? അത് എങ്ങനെ ചെലവഴിക്കണം, മുൻഗണനാക്രമങ്ങൾ എന്തെല്ലാം എന്നതിനെപ്പററി സമഗ്രമായ ഒരു ധാരണ ആർക്കുമില്ല. നമുക്ക് വ്യവസായനയമുണ്ട്. കൃഷിനയ മുണ്ട്. തൊഴിൽനയമുണ്ട്. അബ് കാരി നയം എന്നൊന്നില്ല. അതി നെപ്പററി പ്രഖ്യാപനങ്ങളും വാഗ്വി ലാസങ്ങളും മന്ത്രിസൂക്തങ്ങളും ഇ ന്നല്ല പറയുന്നത്. അവ ധാരാളമുണ്ട് പക്ഷേ, വിഭവശേഷിയും ലക്ഷ്യബോ ധവും മുൻഗണനാക്രമവും ഒരുമിച്ച് പോകുന്ന ഒരു കർമ്മപദ്ധതിയോ അ ടിസ്ഥാനരൂപരേഖയോ ഇല്ല. അത രമൊരു നയത്തിന് ആധാരമാകേണ്ട യിരുന്ന അനേകം കമ്മീഷൻ റിപ്പോ ർട്ടുകൾ–രാധാകൃഷ്ണൻ കമ്മീഷൻ, കോ ത്താരി കമ്മീഷൻ തുടങ്ങി രാമമൂർത്തി കമ്മീഷൻ വരെയുള്ളവ സമർപ്പിച്ച റിപ്പോർട്ടുകൾ–ചരിത്രാ വശിഷ്ടങ്ങൾ മാത്രമാണിന്ന്. ഉദ്യോഗസ്ഥർ ചേ

ണ തയ്യാറാക്കിയ ഒരു ദേശീയ വിദ്യാഭ്യാസനയം 1986—ൽ പ്രഖ്യാപിക്കപ്പെട്ടെങ്കിലും അത് നടപ്പിലാക്കുന്നതിന് രാഷ്ട്രീയഭരണമാററങ്ങൾ തടസ്സമായി. അതോടനുബന്ധിച്ചുണ്ടാക്കിയ കർമ്മപദ്ധതിയും കഥാവശേഷമായി.

വിദ്യാഭ്യാസം വ്യക്തിയുടെ സമഗ്രമായ വികാസത്തിന് ഉതകണമെന്ന് പറയാറുണ്ട്. വ്യക്തിയുടെ സ്വാഭാവികമായ മാനസിക-ധാർമ്മിക വളർച്ചപോലും മുരടിക്കാനേ അത് പലപ്പോഴും സഹായിക്കുന്നുള്ളു എന്നതാണ് സത്യാവസ്ഥ. അധ്യാപകന്റെ സഹായം ആവശ്യമില്ലാത്തവിധം സ്വയം പഠിക്കാൻ ശീലിക്കലാണ് വിദ്യാഭ്യാസം എന്നത് മറെറാരു നിർവ്വചനം. സ്വന്തമായി ഒരു കത്തുപോലും എഴുതാൻ സാധിക്കാത്ത ഉൽപ്പന്നങ്ങളെയാണ് ശരാശരി കലാലയങ്ങൾ പുറത്തുവിടുന്നതെന്നത് തിക്തസത്യവും. തൊഴിലെടുക്കാൻ പ്രാപ്തി നൽകലാണ് വിദ്യാഭ്യാസം എന്നത് ഭൗതികഭാഷ്യം. ഏതു തൊഴിലിനും തയ്യാറുള്ളവന്റെ മനസ്സുമാററി ഒന്നിനും കൊള്ളരുതാത്തവനാക്കലാണ് ഇന്നു നടക്കുന്ന വിദ്യാഭ്യാസം എന്നത് അന്യായമല്ലാത്ത ആക്ഷേപം.

ഇംഗ്ലീഷ്മിഡിയം സ്കൂളുകളോട് ഇന്ന് പരക്കെ ഭ്രമമാണ്. ഇംഗ്ലീഷ് സംസ്കാരത്തോടുള്ള ഭ്രമമായി ഇതിനെ തെററിദ്ധരിക്കുന്നതിൽ അർത്ഥമില്ല. ഒരു ബദൽരീതിക്കുള്ള സമൂഹത്തിന്റെ ആഗ്രഹമാണ് അത് സൂചിപ്പിക്കുന്നത്. പത്തുവർഷം സമയംകളയാനുള്ള പെരുവഴിയമ്പലങ്ങളായി റെഗുലർ സ്കൂളുകൾ മാറിയിരിക്കുന്നു. എസ്. എസ്. എൽ. സി. യിൽ കഷ്ടിച്ചുപാസായ മകനെയും കൊണ്ട് എന്തുചെയ്യേണ്ടു എന്നറിയാതെ പരിഭ്രമിച്ചുനടക്കുന്ന ശരാശരി പൗരന്റെ നൊമ്പരം, ഇവിടെ സർക്കാർ ആഭിമുഖ്യത്തിൽ നടക്കുന്ന വിദ്യാഭ്യാസ വ്യവസ്ഥിതിയോടുള്ള പ്രതിഷേധംകൂടിയാണ്. വിദ്യാഭ്യാസം സൗജന്യമാണ് പോൽ! ഈസൗജന്യത്തിന്റെ ക്ഷീണം തീരാൻ ഒരു പുരുഷായുസ്സ് മതിയാകില്ല.



വീട് പൂട്ടിപോകുമ്പോൾ വില പിടിപ്പുള്ള വസ്തുക്കൾ ചവററുകൊട്ടയിൽ ഇടുന്നവരുണ്ടത്രെ. അറിവിന്റെ രംഗത്തെ ചവററുകൊട്ടയാണ് സിലബസ്.

സൗജന്യമായിക്കിട്ടുന്ന ഈ നാശത്തിൽനിന്ന് രക്ഷപ്പെടാൻ വഴിതേടുമ്പോൾ ഇംഗ്ലീഷുമീഡിയം സ്കൂളുകൾ ഒരു പരിഹാരമാകുമെന്ന് ജനങ്ങൾ ആശിച്ചുപോകുന്നു. മീഡിയമല്ല ഇവിടെ ആകർഷകഘടകം; മറിച്ച് 'ഇംഗ്ലീഷ്മീഡിയം' എന്ന സങ്കല്പം ദ്യോതിപ്പിക്കുന്ന ചട്ടക്കൂടിന്റെ വിശ്വാസ്യതയാണ് വിവരക്കേട് സൗജന്യമായി നൽകുന്ന വ്യവസ്ഥിതിയിൽനിന്ന് വ്യത്യസ്തമായി എന്തെങ്കിലും ചില വിവരങ്ങൾ അത് കുട്ടികൾക്ക് പകർന്നുനൽകുമെന്നും, പത്തുപതിനൊന്നുകൊല്ലം കഴിഞ്ഞാൽ കുട്ടികൾ എന്തെങ്കിലുമൊക്കെ പഠിച്ചിരിക്കുമെന്നും രക്ഷിതാക്കൾ പ്രതീക്ഷിക്കുന്നു. മറെറാരു തരത്തിൽ പറഞ്ഞാൽ ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ ഒരു 'പകരം വ്യവസ്ഥിതി'യുടെ പ്രതീകമായിട്ടാണ് ജനങ്ങൾക്കുമുമ്പിൽ അവതരിക്കുന്നത്.


## സർക്കാർവക ഇനി വേണ്ട

സൗജന്യമെന്ന പ്രലോഭനം ചേർത്ത് സർക്കാർ നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കുന്ന സ്കൂൾ–കോളേജ് വിദ്യാഭ്യാസ സമ്പ്രദായത്തെ നിവൃത്തിയുണ്ടെങ്കിൽ ജനങ്ങൾ നിരാകരിക്കും എന്നുകൂടി ഇപ്പോഴത്തെ 'ഇംഗ്ലീഷ് മീഡിയംഭ്രമം' തെളിയിക്കുന്നു. കേരളത്തിൽ 'പ്രൈവററായി' പഠിക്കുന്നതിന് നിയന്ത്രണങ്ങൾ ഏറെയുണ്ട്. ശാസ്ത്രവിഷയങ്ങൾ സർക്കാർ വിധേയത്വത്തിലുള്ള സ്ഥാപനങ്ങളിൽ തന്നെ പഠിക്കണമെന്ന് നിർബന്ധവുമുണ്ട്. പ്രൈവററല്ലാതെ പഠിക്കാനുള്ള ഏർപ്പാടാണെങ്കിൽ ആകെ കുത്തഴിഞ്ഞ് കിടക്കുന്നു. സർക്കാർ ഒരു പുൽക്കൂട്ടിലെ പട്ടിമാത്രം. മര്യാദക്ക് സ്കൂൾ നടത്തുകയില്ല, നടത്താനൊട്ട് സമ്മതിക്കുകയുമില്ല. (സ്വകാര്യസ്കൂളുകൾ എന്നറിയപ്പെടുന്നവ സർക്കാർ ചട്ടങ്ങൾക്കുവിധേയമാണ്. സർക്കാർ പറയുന്നതേ, പറയുന്ന മട്ടിലേ പഠിപ്പിക്കാനാവൂ.) സർക്കാർ വിലാസം വിദ്യാഭ്യാസത്തിലൂടെ നിർബന്ധപൂർവ്വം കടത്തിവിട്ടുകൊണ്ട് തലമുറകളെ ഹോമിക്കുന്ന ഈ ഏർപ്പാട് നിർത്തിയേ തീരൂ. എല്ലാവരേയും വിവരം കെട്ടവരാക്കിയാൽ വിദ്യാഭ്യാസ സോഷ്യാലിസം വരുമെന്നാവില്ലല്ലോ ഭരണാധിപന്മാർ കരുതുന്നത്.

സർക്കാറിന്റെ ഈ നീരാളിപ്പിടുത്തത്തിൽനിന്ന് രക്ഷപ്പെടാനുള്ള ഒരു പഴുതാണ് സി. ബി. എസ്. ഇ. സിലബസും ഇംഗ്ലീഷ് മീഡിയവും. എല്ലാവരും ഇംഗ്ലീഷ് മീഡിയത്തിൽ ചേക്കേറുംമുമ്പ് വിദ്യാഭ്യാസരംഗത്ത് ഒരു ഗ്ലാസ്നോസ്റ്റിന് സംസ്ഥാനസർക്കാർ തയാറായാൽ ഒരു പക്ഷേ മലയാളമെങ്കിലും രക്ഷപ്പെട്ടേക്കും. വിദ്യാഭ്യാസത്തിന്റെയും കരിക്കുലത്തിന്റെയും കേന്ദ്രീകൃതരീതി എടുത്തുകളയണം. വിദ്യാഭ്യാസത്തെ സർക്കാർ കയ്യൊഴിയണം. സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളാവണം സ്കൂളുകളും കോളേജുകളും. അവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കററും ബിരുദവും നൽകുന്നതിനുമുമ്പ് സർക്കാറും സർവ്വകലാശാലയും കർശനമായ പരീക്ഷകൾ നടത്തി അവരുടെ നിലവാരം ഉറപ്പുവരുത്തിയാൽ മതി.

ഇതിന് എതിർവാദമുണ്ടാകും. 'ഔദ്യോഗിക'വിദ്യാഭ്യാസ സമ്പ്രദായത്തെ വെറുമൊരു പരീക്ഷാസമ്പ്രദായമാക്കി അധഃപതിപ്പിക്കലാണത്. എന്നുപറഞ്ഞേക്കാം. എന്നാൽ,ഇന്ത്യയിൽ ഇപ്പോൾ നിലവിലുള്ളത് തന്നെ വിദ്യാഭ്യാസ സമ്പ്രദായമല്ല. പരീക്ഷാസമ്പ്രദായമാണല്ലോ. ഇക്കാര്യം 1884-ലെ ഹണ്ടർ കമ്മീഷൻ മുതൽ എല്ലാ കമ്മീഷനുകളും ചൂണ്ടിക്കാണിച്ചതാണ്. സ്വതന്ത്ര ഇന്ത്യയിൽതന്നെ രാധാകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ട് (ഉന്നത വിദ്യാഭ്യാസം), മുതലിയാർ കമ്മീഷൻ റിപ്പോർട്ട് (സെക്കണ്ടറിതലം), കോത്താരി കമ്മീഷൻ റിപ്പോർട്ട് മൊത്തം വിദ്യാഭ്യാസത്തെപ്പറ്റി) എന്നിവയെല്ലാം വിദ്യാഭ്യാസത്തെ ഗ്രസിച്ച ഈ പരീക്ഷാഭ്രമത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. അപ്പോൾ, ആ വസ്തുതയെ വസ്തുതയായി അംഗീകരിച്ചുകൊണ്ട്, വിദ്യാഭ്യാസരംഗത്ത് സ്വതന്ത്ര ഏജൻസികളെ അനുവദിക്കുകയും അതിൽനിന്ന് വേറിട്ടുകൊണ്ട് സർക്കാർതലത്തിൽ പരീക്ഷാനടത്തിപ്പുകൾ ഏറ്റെടുക്കുകയും ചെയ്യുന്നതുകൊണ്ട് ഇപ്പോഴുള്ളതിൽ കൂടുതൽ ഗുണമല്ലാതെ ദോഷമൊന്നും വരാനില്ല.

> ഒരു മന്ത്രിസ്ഥാനവും കുറച്ച് ഗുമസ്തപോസ്റ്റുകളും വരും തലമുറയേക്കാൾ വലുതുതന്നെയാണല്ലോ! പക്ഷേ, അപ്പോൾ ഒരൊററ ഉപകാരം ചെയ്യണം: മെക്കോളേ സായ്പിൻെറ മെക്കിട്ട് കയറുന്ന പണി നിർത്തി വെക്കാൻകൂട്ടായ തീരുമാനമെടുക്കണം. ഇനിയും അത് കേൾക്കാൻ സുഖമില്ല.



ഇപ്പോഴത്തെ പരീക്ഷാസമ്പ്രദായം ആകെ തകർന്നിരിക്കുന്നുവെന്നും സർക്കാരിനെ അത് ഏല്പിക്കുന്നത് കൊണ്ട് എന്ത് മെച്ചമെന്നും ചോദിക്കേണ്ടതില്ല. അതിനുള്ള മറുപടി എല്ലാവർക്കും അറിയാം. അങ്ങേയറ്റം തകർന്ന, ഇനിയങ്ങോട്ട് ഒട്ടും തകരാൻ ബാക്കിയില്ലാത്ത, ഒരു മേഖലയല്ലേ സർക്കാരിനെ ഏല്പിക്കാവൂ. കുട്ടിക്കുരങ്ങന് പൂമാലയല്ലല്ലോ കൊടുക്കേണ്ടത്.

സർക്കാർ വിദ്യാഭ്യാസത്തെ സ്വതന്ത്രമാക്കി വിടട്ടെ. ശരിയാണ്, വിദ്യാഭ്യാസവകുപ്പും അതിൻെറ മന്ത്രിയും പിന്നെസൂപ്പർ ന്യൂമററിആകും. കുറെയധികം തസ്തികകളും ഇല്ലാതാകും. അതു പററില്ലെന്നാണെങ്കിൽ നമുക്ക് ഇപ്പോഴത്തെ രീതിതന്നെ തുടരുകയുമാകാം. ഒരു മന്ത്രിസ്ഥാനവും കുറച്ച് ഗുമസ്തപ്പോസ്റ്റുകളും വരുംതലമുറയെക്കാൾ വലുതുതന്നെയാണല്ലോ! പക്ഷേ, അപ്പോൾ ഒരൊററ ഉപകാരം ചെയ്യണം.മെക്കോളേ സായ്പിൻെറ മെക്കിട്ട് കയറുന്ന പണി നിർത്തി വെക്കാൻ കൂട്ടായ തീരുമാനമെടുക്കണം. ഇനിയും അത് കേൾക്കാൻ സുഖമില്ല.

●

–ബഗോവിച്ച്

●

## പ്രാകൃത വിദ്യാഭ്യാസം

വിദ്യാഭ്യാസം അതിൻെറതായ ഗുണങ്ങൾ കൊണ്ടുമാത്രം മനുഷ്യനെ വളർത്തുന്നില്ല. അവനെ മേന്മയുള്ളവനും ആക്കുന്നില്ല. അതവനെ പ്രാപ്തനാക്കുന്നുണ്ട്, നിപുണനാക്കുന്നുണ്ട്. അത് സമൂഹത്തിന് പ്രയോജനം പ്രധാനം ചെയ്യുന്നു. വിദ്യാസമ്പന്നരായ വ്യക്തികളും സമൂഹങ്ങളും പിന്നോക്കം നില്ക്കുന്നവരേക്കാൾ ശക്തമായ കൗശലവും ധൃഷ്ടതയും ഉള്ളവരാണെന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്. നീതികെട്ടവരും അവികസിതരും ആയ ജനങ്ങളെ കീഴടക്കാനായി അധാർമ്മികവും വംശച്ഛേദം വരുത്തുന്നതുമായ യുദ്ധംചെയ്ത ഇമ്പീരിയലിസത്തിൻെറ ചരിത്രം നാഗരിക ജനതകളുടെ നേർക്കുള്ള യഥാർത്ഥ കഥകളുടെ പരമ്പരയാകുന്നു. അവർ അവരുടെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയായിരുന്നു. അക്രമകാരികളുടെ ഉയർന്ന വിദ്യാഭ്യാസതലം അവരുടെ മാർഗ്ഗങ്ങളിലും ലക്ഷ്യങ്ങളിലും ഗുണം ചെയ്തില്ല. അതവരുടെ കാര്യ ശേഷിയെ സഹായിക്കുകയും പീഡിതരെ തോല്പിക്കുവാൻ നിർബ്ബന്ധിക്കുകയും ചെയ്തു. തുന്നിയൊപ്പിച്ച നൈതികവും രാഷ്ട്രീയവുമായ പരിഹാരമാർഗ്ഗങ്ങൾ അവതരിപ്പിക്കുന്ന വിദ്യാഭ്യാസം പ്രാകൃതമാണ് അത് സ്വതന്ത്ര വ്യക്തികളെ സൃഷ്ടിക്കുന്നില്ല. സൃഷ്ടിക്കുന്നത് ആശ്രിതരെമാത്രം അത് നാഗരികതയെ ഒരു പക്ഷേ പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ സംസ്കാരത്തെ അപമാനിക്കുകയും ചെയ്യുന്നു.

**ഉമർ ഒ തസ്നീം**
ബി. എ. മൂന്നാംവർഷം



# വിദ്യാഭ്യാസ രംഗത്തെ ശൂന്യത

നമ്മുടെ വിദ്യാഭ്യാസ മേഖലയെ ഒരു തരം ശൂന്യത ഇന്നും വേട്ടയാടുന്നു. മെക്കോളെയുടെ പ്രേതത്തെ ഒരു നൂററാണ്ട് കാലം പോസ്ററ്മോർട്ടം ചെയ്തിട്ടും ആ ശൂന്യതയുടെ യഥാർത്ഥകാരണം കണ്ടെത്താനായിട്ടില്ല. ശൂന്യത വേട്ടയാടുന്നത് മൊത്തം വിദ്യാർത്ഥിഭാഗധേയത്തെയാണ്. ഇംഗ്ലണ്ടിലെ വിദ്യാർത്ഥികളെ ഭ്രാന്താലയത്തിലേക്കാണ് പറഞ്ഞയക്കേണ്ടതെന്ന് ഈയിടെ ഒരു വിദ്യാഭ്യാസവിചക്ഷണൻ അഭിപ്രായപ്പെട്ടതോർക്കുന്നു. പരിഷ്കൃതത്വത്തിൻെറ സൃഷ്ടിയായ ഈ ശൂന്യത വിചിന്തനം അർഹിക്കുന്നു.

ആധുനിക വിദ്യാഭ്യാസത്തിൻെറ ധമനീ വ്യാധിയെ റസ്സലിനോളം ക്രാന്തദർശിത്വത്തോടെ കണ്ട ഒരു മഹാൻ ആധുനിക ചിന്തകന്മാരിൽ വേറെയുണ്ടോ എന്നു സംശയമാണ്, റസ്സലിന്നും വിദ്യാഭ്യാസത്തിൻെറ വെല്ലുവിളികൾ ഒരു സമസ്യയായിരുന്നുവെന്നതാണ് വസ്തുത. ''എജ്യുക്കേഷൻ ആൻഡ് സോഷ്യൽ ഓർഡർ'' എന്ന റസ്സലിൻെറ ഗ്രന്ഥം ആധുനിക വിദ്യാഭ്യാസത്തിൻെറ മാഗ്നാകാർട്ടയാണ്. ചിന്താധീരതക്ക് ജീവിത സമരത്തിലൂടെ തിളക്കം നൽകിയ മഹാനായിരുന്നു അദ്ദേഹം. ഒരിക്കലും കാൽപ്പനികഭ്രാന്ത് ആ ചിന്തയെ സ്വാധീനിച്ചില്ല. എന്നാൽ വിദ്യാഭ്യാസത്തിൻെറ ശൂന്യത ഒരു 'എനിഗ്മ'യായി റസ്സലിനേയും അലട്ടിയിട്ടുണ്ട്. പക്ഷെ ആ ശൂന്യതക്ക് റസ്സലിന്ന് നൽകാനുണ്ടായിരുന്ന പരിഹാരം അതിൻെറ പ്രാകൃതാവസ്ഥയിൽ തന്നെ ആധുനിക യൂറോപ്പ് അലസമായ ഒരു പരീക്ഷണത്തിന്ന് വിധേയമാക്കി. തകർന്നടിഞ്ഞ ഉട്ടോപ്യകളുടെ ശവഭൂമിയിൽ നാഥനില്ലാത്ത ജഡമായി ആ പരീക്ഷണം നിൽക്കുന്നു.

യൂറോപ്യൻ വിദ്യാഭ്യാസ സംവിധാനത്തിൻെറ പ്രതീകമെന്ന് വരെ റസ്സലിനെ വിശേഷിപ്പിക്കാം. ഒരു വിദ്യാർത്ഥിക്ക് മൂന്നാമതായെങ്കിലും വേണ്ടത് ബഹളമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. നമ്മുടെ കലാലയങ്ങളുടെ മുകളിൽ കൊത്തിവെക്കേണ്ട വാചകമാണിത്. വിദ്യാർത്ഥിലോകത്തിൻെറ ഹൃദയസ്പന്ദനങ്ങൾ വായിച്ചറിഞ്ഞ ഒരു ചിന്തകന്നേ ഇത് പറയാനാവൂ.

അമിതമായ അച്ചടക്കം അരാജകത്വത്തിലേക്കേ വഴിതെളിയിക്കുകയുള്ളുവെന്ന വസ്തുതക്ക് ജീവസാക്ഷികളാണ് നമ്മുടെ കലാലയങ്ങൾ. ഫോർമൽ എജ്യുക്കേഷൻ അടിമത്തത്തിൻെറ പര്യായമായിരിക്കുന്നു. ഇതിൻെറ ചങ്ങലക്കെട്ടുകളിൽ നിന്ന് മോചനം നേടുവാനായി ഐൻസ്റ്റീനും എഡിസണും ചർച്ചിലും കൊതിക്കുകയുണ്ടായി. അത് കൈവിനെ പോലുള്ള ചിലരെയെങ്കിലും ഭീകരരായ സാമൂഹ്യ വിമതൻമാരാക്കി. ജൻമനാ ഒരു മാൽസരിക വിദ്യാർത്ഥിയായിരുന്ന റസ്സൽ അക്കാദമിക രംഗത്തെ അടിമത്തിന്നെതിരായി ആഞ്ഞടിക്കുകയായിരുന്നു.

രക്ഷിതാക്കളുടെ സ്നേഹലാളനകൾ വിദ്യാർത്ഥിയിലെ സാമൂഹ്യ പൗരനെ വധിക്കുമെന്നായിരുന്നു റസ്സലിൻെറ വാദം. ഇതിനാൽ തന്നെ അദ്ദേഹം ബോഡിംഗ് വിദ്യാഭ്യാസത്തിന്ന് ശക്തിയായി വാദിച്ചു. കുട്ടികളിൽ കണ്ടു വരുന്ന 'ക്ലപ്റ്റോമാനിയ' 'ബെഡ്ബററിംഗ്' തുടങ്ങിയവക്ക് സമൂഹത്തിൻെറ കൂട്ടായമനശ്ശാസ്ത്രപരമായ പരിഹാരമാർഗ്ഗങ്ങളവലംബിക്കണമെന്നായിരുന്നു റസ്സലിൻെറ പക്ഷം. 'സമൂഹത്തിൽ 'അലേയ'നാകുവാൻ പരിശീലിക്കപ്പെടുന്നവനേക്കാൾ വലിയ നിർഭാഗ്യവാനില്ല. അവൻ ജീവിത സമരത്തിൽ പരാജയപ്പെടുമെന്നത് നിശ്ചയമാണ്.

ഇങ്ങിനെയെല്ലാമാണെങ്കിലും റസ്സൽ പലതുകൊണ്ടും ഉന്നത നിലവാരം പുലർത്തുന്ന ഇംഗ്ലീഷ് പബ്ലിക് സ്കൂളുകളുടെ നിശിതനായ വിമർശകനായിരുന്നു. വിദ്യാർത്ഥികളെ ലൈംഗിക ചിന്തകളിൽനിന്ന് അകററിനിർത്തുന്നതിന് പബ്ലിക് സ്കൂളുകളവലംബിച്ച മാർഗ്ഗം ക്രൂരമായിരുന്നു. സ്വയംഭോഗത്തിൽ നിന്ന് പിന്തിരിപ്പിക്കുവാനായി ഇരുപത്തിനാല് മണിക്കൂറും പണിയെടുപ്പിക്കുകയായിരുന്നു അവർ കണ്ട വിചിത്രമായ ഒരു മാർഗ്ഗം.

ഇതിന്നെതിരെ ബൗദ്ധിക യൂറോപ്പ് ഒന്നടങ്കം പ്രതികരിച്ചു. ഫ്രോയിഡിയൻ വീക്ഷണങ്ങൾ ഫ്രീസെക്സ് സിദ്ധാന്തവുമായി രംഗം കയ്യടക്കി. കടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യമായിരുന്നു റസ്സലിൻെറയും ആഗ്രഹം.

ഏതാനും ഒരു അപ്പക്കഷ്ണം ലാററിൻ മന്ത്രങ്ങളുരുവിട്ട് ക്രിസ്തുവിൻെറ രക്തവും മജ്ജയും ആക്കാനാവുമെന്ന അന്ധവിശ്വാസമാണ് തലമുറകളിലൂടെ ഇംഗ്ലീഷ് പബ്ലിക്സ്കൂളുകൾ പകർന്ന് നൽകിയത് ഈ കാലം മാറിയിരിക്കുന്നു; യാഥാസ്ഥിക പിന്തിരിപ്പൻ മതവീക്ഷണം ഇവിടെ അടിയറവ് പറയണം. റസ്സൽ ശക്തിയായി വാദിച്ചു.

സെക്സ്സംബന്ധമായ റസ്സലിയൻ സ്വപ്നങ്ങൾവെറും പകൽകിനാവായി ശേഷിക്കുമെന്നതിന്ന് സംശയം വേണ്ട. ലൈംഗിക സ്വാതന്ത്ര്യം എത്രത്തോളമാവാം എന്ന ചോദ്യത്തിനുത്തരം കാണാൻ റസ്സലിന്നോ മററാർക്കെങ്കിലുമോ കഴിഞ്ഞിട്ടില്ല. സെക്സ് ഐസ്ക്രീംപോലെയാണ്, അത് വേണ്ടപ്പോഴെല്ലാം നക്കിക്കുടിക്കാമെന്ന ഹെഫ്നറുടെ വാദത്തിന്ന് എയ്ഡ്സിൻെറ ഈ ഭീകരയുഗത്തിൽ സാധ്യതയില്ല.

ഒരു ദിവസത്തെ പത്രത്തിൻെറ മൂലയിൽ തളർന്ന് കിടന്ന ഒരു വാർത്താശകലമുദ്ധരിക്കട്ടെ. കെനിയയിലെ ഒരു മിക്സഡ് കോളേജിലെ പത്തൊമ്പത് പെൺകുട്ടികൾ കൂട്ടായ ബലാത്സംഗത്തിൽ മരിച്ചു. സ്കൊളസ്ററിക് കാലഘട്ടത്തിലെ വിദ്യാഭ്യാസ സംസ്കാരത്തെ വേട്ടയാടിയ സകല ദുരിതങ്ങൾക്കും കോ-എജ്യുക്കേഷൻ പരിഹാരമാണെന്ന വാദം ഒരു നിലക്കും അംഗീകരിക്കാനാവില്ല. ഇക്കാര്യം ആധുനിക ലോകം തന്നെ തിരിച്ചറിഞ്ഞിരിക്കുന്നു. മിക്സഡ് ഹോസ്റ്റലിന്ന് വേണ്ടി ഈയിടെ ഓക്സ്ഫോർഡിൽ നടന്ന സമരം ഒരു പരാജയമായിരുന്നു. നെഹ്റുവിൻെറ നിയോ സ്വപ്നങ്ങളനുസരിച്ച് രൂപപ്പെടുത്തിയ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിലും മിക്സഡ് ഹോസ്ററലുകളപേക്ഷിക്കപ്പെടുകയാണുണ്ടായത്.

പടിഞ്ഞാറിനെ വിട്ട് കിഴക്കിനെ കുറിച്ച് ചിന്തിക്കാം. ഒക്ടോബർ വിപ്ലവത്തിന്ന് ശേഷം വിദ്യാഭ്യാസരംഗത്ത് സോവിയററ് യൂനിയൻ പലതും പരീക്ഷിച്ച് നോക്കി. ഇവ പൂർണ്ണമായും പരാജയങ്ങളായിരുന്നില്ല.

റഷ്യൻ വിദ്യഭ്യാസം എന്നാൽ ദൈവമില്ലാത്ത മതത്തിൻെറ അടിമയായിരുന്നു. അത് ചിന്താസ്വാതന്ത്ര്യത്തെ ദഹിപ്പിച്ചു. ഡാർവിൻെറ

> വിദ്യ അന്ന് വിദ്യക്ക് വേണ്ടിയായിരുന്നു. ജീവിതത്തിലെ സാത്വികമായ ഒരുമൂല്യത്തിൻെറ അന്വേഷണമാണത്. ആധുനികതയുടെ സങ്കീർണ്ണതയിൽ നമുക്ക് നഷ്ടപ്പെട്ടത് വിദ്യാഭ്യാസത്തിൻെറ മൂല്യമാണ്. പ്രകൃതിയെ അന്വേഷിക്കുകയായിരുന്നു മഹത്തായ ആ മൂല്യത്തിൻെറ ലക്ഷ്യം.

പരിണാമവാദവും, അരിസ്റ്റോട്ടിലിൻെറ ചാഞ്ചല്യമില്ലാത്ത ചാലകനും, ഐൻസ്ററിൻെറ ആപേക്ഷികതയുമെല്ലാം വൈരുദ്ധ്യാത്മക മെററീരിയലിസത്തിൻെറ വീക്ഷണത്തിലൂടെ കാണാൻ ശ്രമിച്ചത് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം വിനയായിത്തീരുകയായിരുന്നു.

ഇങ്ങിനെയെല്ലാമാണെങ്കിലും സാമൂഹ്യസേവന രംഗത്തടക്കം വിദ്യാർത്ഥികളെ പങ്കാളികളാക്കാൻ റഷ്യൻ വിദ്യാഭ്യാസരംഗത്തിന്ന് കഴിഞ്ഞു. ഗ്രാമങ്ങളിലെ മൂട്ടശല്ല്യം അകററുന്നതടക്കം എത്രയോ കാര്യങ്ങളതിലുണ്ടായിരുന്നുവെന്നത് അൽപം ചിരിയോടെയെങ്കിലും അംഗീകരിക്കേണ്ട വസ്തുതയാണ് പ്ലാറേറാവിൻെറ ആദർശ ലോകമെന്നത് പോലെ സംഗീതം ജീവിതത്തിൻെറ സമഗ്രമേഖലയും പരിരംഭണം ചെയ്യണമെന്ന് റഷ്യൻ വിദ്യാഭ്യാസ രേഖയിൽ പറയുകയുണ്ടായി. നടത്തവും പ്രവൃത്തിയും മാത്രമല്ല. ഉറക്കം പോലും സംഗീതാത്മകമായിരിക്കണം! വിദ്യാർത്ഥികളെ അശ്ലീല ചിന്തകളിൽ നിന്ന് അകററിനിർത്തുവാൻ സംഗീതമായിരുന്നു സോവിയററ് യൂനിയൻ കണ്ട അത്ഭുതവിളക്ക്.

വസ്തുതകൾ ഒരു ഗ്രാൻറ് മാസ്ററർക്ക് പോലും വഴങ്ങുന്നതല്ലെന്നതാണ് വിദ്യാഭ്യാസ ചതുരംഗത്തിലെ ഗർഹണീയത. റഷ്യയും റസ്സലും അതിന്ന് മാതൃത കാണിക്കുന്നതിൽ പരാജയപ്പെട്ടു.

റഷ്യൻവിദ്യാഭ്യാസം അതിൻെറ ആരംഭകാലങ്ങളിൽ ശൂന്യത. അഭിമുഖീകരിച്ചിരുന്നില്ല. നഗരമാണ് എൻെറ ഗുരുനാഥൻ എന്ന് പറഞ്ഞ ആഥൻസിലെ സോക്രട്ടീസായിരുന്നഅന്നത്തെ ഗുരു. കാരുണ്യമാണ് ദൈവം എന്ന് കാണിച്ച് കൊടുക്കാൻ കഴിഞ്ഞ നസ്രത്തിലെ യേശുവായിരുന്നു അദ്ധ്യാപകൻ.

വിദ്യ അന്ന് വിദ്യക്ക്വേണ്ടിയായിരുന്നു. ജീവിതത്തിലെ സാത്വികമായ ഒരു മൂല്യത്തിൻെറ അന്വേഷണമാണത്. ആധുനികതയുടെ സങ്കീർണ്ണതയിൽ നമുക്ക് നഷ്ടപ്പെട്ടത്. വിദ്യാഭ്യാസത്തിൻെറ മൂല്യമാണ്. പ്രകൃതിയെ അന്വേഷിക്കുകയായിരുന്നു മഹത്തായ ആ മൂല്യത്തിൻെറ ലക്ഷ്യം എന്നാൽ ആധുനിക വിദ്യാഭ്യാസത്തിൻെറ ഫോർമുല പ്രകൃതിയെ കീഴടക്കുകയെന്നതാണ്. അചഞ്ചലനായ ചാലകനിലൂ അരിസ്റ്റോട്ടിലും, ദൈവത്തിൽ മുഹമ്മദും കണ്ടപരമാധികാരം ആധുനിക ലോകത്ത് അനാഥമാണ്. ചാലഞ്ചർ മിഷനുകളിലൂടെ പ്രകൃതിയെ വെല്ലുവിളിക്കാൻ ശ്രമിക്കുന്ന മനുഷ്യൻ ഗോപുരങ്ങളുണ്ടാക്കി ദൈവത്തെചുംബിക്കാൻ നോക്കിയബാബിലോണിയക്കാരനെയാണ് അനുസ്മരിപ്പിക്കുന്നത്.

വിദ്യാഭ്യാസത്തെ അലട്ടുന്ന ശൂന്യതയിൽനിന്ന് മോചനം നേടണമെങ്കിൽ ലോകത്തിൻെറ യഥാർത്ഥ സ്വത്വവുമായി രാജിയാവേണ്ടതുണ്ട്.

സ്പെഷലൈസേഷൻ ഒരു മാറാവ്യാധിയായി സമൂഹത്തെ താളംതെററിക്കുന്നു. മുമ്പാരോ പറഞ്ഞത്പോലെ, 'സ്പെഷലൈസേഷൻ ഈസ് നോയിംഗ് മോർ ആൻഡ് മോർ അബൗട്ട് ലസ്സ് ആൻറ് ലസ്സ്'' തവളയെ കീറിമുറിക്കുന്ന അനാട്ടമി വിദ്യാർത്ഥിയുടെ ലോകം തവളയായി ചുരുങ്ങിക്കൂടാ. രസതന്ത്ര വിദ്യാർത്ഥിക്ക് അണുവിനപ്പുറമുള്ള സമൂഹത്തെ കാണാൻ കഴിയണം.

വിദ്യാഭ്യാസം നല്ല ആളുകളെ (good people) (good citizen) സൃഷ്ടിക്കാൻ മാത്രമായിക്കൂടാ. നല്ല പൗരൻമാരെ സൃഷ്ടിക്കുക അതിൻെറ ലക്ഷ്യമായിരിക്കണം. Univeresity must come down to people സമൂഹത്തിലേക്കിറങ്ങി വരുന്നതിലൂടെ, സ്പെഷലൈസേഷൻെറ ബാഹുല്യത്തിൽ നിന്ന് മോചനം തേടുന്നതിലൂടെ നമുക്ക് വിദ്യാഭ്യാസരംഗത്തിൻെറ ശൂന്യത അവസാനിപ്പിക്കുവാനായാൽ അത് മഹത്തരമായിരിക്കും.

'ഏത് വ്യവസ്ഥയും ഒരു പരിധിവരെ വിഡ്ഢിത്തമാ'ണെന്ന റസ്സലിൻെറ വാക്കുദ്ധരിക്കട്ടെ. നമുക്ക് വിഡ്ഢിത്തത്തിൻെറ തോത് കുറക്കാനെങ്കിലുമാവണം.

**അൻവർ. എ.**

പ്രീഡിഗ്രി രണ്ടാംവർഷം



# വിദ്യാഭ്യാസം ഇനി എങ്ങോട്ട്

സെക്കൻററി സ്കൂൾ ലീവിംങ്ങ് സർട്ടിഫിക്കററ് പരീക്ഷണത്തിൻെറ രൂപവും, ഭാവവും ഈ വർഷം മുതൽ (1991–92) മാറുകയാണല്ലോ. ഒക്കെ കൊള്ളാം, വിദ്യാർത്ഥികളുടെ ബുദ്ധി വികസിക്കുന്നതനുസരിച്ച് ചോദ്യ ങ്ങടെലാസും വികസിക്കുന്നത് നല്ലത് തന്നെ. പക്ഷെ അതിന് വിദ്യാഭ്യാസ ഇൻസ്റ്റിററ്യൂട്ട് പറയുന്ന ന്യായീകരണമാണ് അസഹ്യം. ചോദ്യങ്ങൾ വസ്തുനിഷ്ഠമായാൽ മൂല്യനിർണയം എളുപ്പമാകും. എതായാലും ചോദ്യങ്ങൾ വസ്തുനിഷ്ഠമാക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. ഇനി മൂല്യനിർണയം സുഗമമാക്കാനാണ് ഈ നടപടിയെങ്കിൽ നമ്മുടെ അധ്യാപകർ 'കണ്ണുംപൂട്ടി മൂല്യനിർണയം നടത്തി മഹത്തായ 'ആ കർത്തവ്യം' സുഗമമാക്കാൻ തുടങ്ങിയിട്ടും കാലമേറെയായി.

പരിഷ്കരിച്ച 'ചോദ്യമാതൃക അനുസരിച്ച് അടുത്തവർഷം S.S.L.C പരീക്ഷക്ക് ചോദിക്കാവുന്ന ചില ചോദ്യങ്ങൾ താഴെ പറയുന്നു:

ചോദ്യം: 1

കേരളാ മുഖ്യമന്ത്രി ആര്

ക) ജോർജ് ബുഷ്
ഖ) മാമുക്കോയ
ഗ) ഇ. കെ. നായനാർ
ഘ) ഇവ ഒന്നും ശരിയല്ല.

സ്വാഭാവികമായും ആദ്യത്തെ ചോദ്യത്തിനുത്തരം കുട്ടികൾ വലിവിഷമമില്ലാതെ എഴുതും. എന്നാൽ അടുത്ത ചോദ്യം ശ്രദ്ധിക്കൂ. ഈ ചോദ്യം ബുദ്ധി വികസിച്ചവനും എഴുതാൻ കഴിയാത്തത്ര രീതിയിൽ വികസിച്ച ചോദ്യമാണ്.

ചോദ്യം–2

കേരളത്തിൻെറ തലസ്ഥാനമേത് ?

ക) ജമ്മുകാശ്മീർ
ഖ) ഉഗാണ്ട
ഗ) ചെക്കോസ്ലാവാക്യ
ഘ) പളനി

ഇങ്ങനെയാണ് ചോദ്യമെങ്കിലോ? വസ്തുനിഷ്ഠമായി മൂല്യനിർണയം നടത്തുന്ന വ്യക്തി, ഏത് ഉത്തരമെഴുതിയാലും കുട്ടിക്ക് മാർക്ക് നൽകേണ്ടിവരും.

ചോദ്യമാതൃക ഏതായാലും, പാഠഭാഗത്ത് നിന്ന് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ കുട്ടികൾ ബാധ്യസ്ഥരാണ്. പക്ഷെ മാറുന്ന ചോദ്യമാതൃക കുട്ടികളെ വിഷമിപ്പിക്കുന്നത് എങ്ങനെയാണെന്ന് നോക്കാം.

നമ്മുടെ നാട്ടിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ധാരാളമുണ്ടല്ലോ; മററു സ്കൂളുകളേക്കാൾ മികച്ച രീതിയിൽ റിസൾട്ട് ഉണ്ടാക്കാൻ ഓരോ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനവും ശ്രമിക്കാറുണ്ട്: ആ മത്സരബുദ്ധി അഭിനന്ദനീയം തന്നെ. പക്ഷെ 'അധികമായാൽ അമൃതും വിഷ'മാണല്ലോ. ഇക്കഴിഞ്ഞവർഷം (1989-90) 'ഒബ്ജക്ടീവ് ചോദ്യം വരുന്നു' എന്ന വാർത്ത വിദ്യാർത്ഥികൾക്കിടയിൽ, പ്രത്യേകിച്ച് 10–ാം ക്ലാസ് വിദ്യാർത്ഥികൾക്കിടയിൽ ഒരു സ്ഫോടനമുണ്ടാക്കി. 'ഒബ്ജക്ടീവ്' എന്നവാക്ക് പഞ്ചാബിൽനിന്നു വന്ന ഭീകരനെപോലെയും, ലങ്കയിൽ നിന്നു വന്ന തമിഴ് പുലിയെപ്പോലെയും വിദ്യാത്ഥികൾ കണക്കാക്കി. 'ഓടിക്കോ ഒബ്ജക്ടീവ് വരുന്നു' എന്ന ഒരു പ്രതികരണം വിദ്യാർത്ഥികളിൽ ഉളവാക്കിയതിന് പ്രധാന കാരണക്കാർ റാങ്ക് ഉത്ഭവിപ്പിക്കുന്ന ചില സ്കൂളിലെ അദ്ധ്യാപകരും റാങ്കിനായി കുട്ടികളെ പഠിപ്പിക്കുന്ന രക്ഷാകർത്താക്കളുമാണ്. എന്തിന്, ചോദ്യമാതൃക മാറിയത് കൊണ്ട്, ക്ലാസ് സമയം കൂട്ടുകയും, പ്രത്യേക ക്ലാസുകൾ നടത്തുകയും, ആഴ്ചയിൽ ഒരു ദിവസംപോലും അവധി നിഷേധിക്കുകയും ചെയ്ത വിദ്യാഭ്യാസസ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഇതൊക്കെ കാണുമ്പോൾ കുട്ടികൾ ശരിക്കും ഭയക്കുന്നു. അവരുടെ ആത്മവിശ്വാസം നഷ്ടപ്പെടുന്നു.

സംസാരശൈലിപോലും മാററി 'ഒബ്ജക്ടീവി'നെ നേരിടാൻ ഒരു

ങ്ങിയ. ആ പേരിൽ അമിത ഫീസ് പറ്റുന്ന സ്ഥാപനങ്ങളും നമ്മുടെ നാട്ടിലുണ്ടെന്ന് അറിയുമ്പോൾ നാം അതിശയിക്കുന്നു.

നമുക്ക് ഒരു 'ഒബ്ജക്ടീവ്' ക്ലാസിലേക്ക് കടക്കാം. പഠിച്ചുകൊണ്ടിരിക്കുന്ന ഒരുക്ലാസിൽ നിന്ന് പുറത്തേക്കിറങ്ങിപ്പോയഒരു കുട്ടിയോട് അദ്ധ്യാപകൻ:

നീ എവിടെ പോകുന്നു?

അങ്ങനെ ചോദിച്ചാൽ പറയാൻ അറിഞ്ഞുകൂടാ, 'ചോയ്സ്' വേണം എന്നായി വിദ്യാർത്ഥി. ഏതായാലും അദ്ധ്യാപകന് സന്തോഷമായി. അദ്ദേഹം ചോദ്യം ഒബ്ജക്ടീവ് സ്റ്റൈലിലാക്കി:

ക) മൂത്രമൊഴിക്കാൻ പോകുന്നു
ഖ) സൊറപറയാൻ പോകുന്നു
ഗ) വെറുതെ കറങ്ങി നടക്കാൻ പോകുന്നു
ഘ) സിനിമക്ക് പോകുന്നു

'ഗ' എന്നു ഗർജിച്ചിട്ട് വിദ്യാർത്ഥി നടന്നകന്നു.

അറിവ് പാക്കറ്റിലാക്കി വിദ്യാർത്ഥികളുടെ തലക്കുള്ളിലേക്ക് അടിച്ചുകയറ്റുന്ന സമ്പ്രദായം നഴ്സറി സ്കൂൾ മുതൽ തന്നെ തുടങ്ങുന്നു എന്നതാണ് ഏറെ വിചിത്രം. കുട്ടി നല്ല രീതിയിൽ വിജയിച്ചാൽ പോര, അവൻ Ist റാങ്ക് തന്നെ വാങ്ങണം. ഇക്കാര്യത്തിൽ പഠിക്കുന്ന കുട്ടികളെക്കാൾ ഏറെ വാശി രക്ഷാകർത്താക്കൾ തമ്മിലാണ്.

ഇങ്ങനെയൊക്കെ ഒരു വിഭാഗം വിദ്യാർത്ഥികൾ റാങ്ക് നേടാനായി



തലകീഴായി നിന്ന് പഠിക്കുമ്പോഴും മറുവശത്ത് പുകവലിച്ച് സൊറ പറയുന്ന ഒരു വിഭാഗം വിദ്യാർത്ഥികളെ കാണാം. അവർക്ക് പരീക്ഷ ഒരു പുത്തരിയല്ല. അവർ എത്ര പരീക്ഷ എഴുതിയിരിക്കുന്നു! എത്ര പരീക്ഷണങ്ങൾക്ക് അവർ സാക്ഷ്യം വഹിച്ചിരിക്കുന്നു! അവർ ഒബ്ജക്ടീവെ

---

**M. Q. എന്നാൽ 'മാസ്റ്റർ ഓഫ് ക്വിസ്' എന്നല്ല 'മാനേജ്മെന്റ് ക്വോട്ട' (Management-Quota) എന്നാണ് അർത്ഥം. 210 മാർക്ക് കിട്ടിയവനും വേണ്ടത് സെക്കൻഡ് ഗ്രൂപ്പാണ്. തന്തയുടേയും തള്ളയുടേയും സ്വപ്നം സ്റ്റെതസ്കോപ്പിൽ കുരുങ്ങിക്കിടക്കുകയാണല്ലോ?**

---

ന്നല്ല എന്തു കേട്ടാലും ഞെട്ടുന്ന പ്രശ്നമേ ഇല്ല ഇവർ ചില്ലറ പൊടിക്കൈകൾ ഉപയോഗിച്ച് പരീക്ഷ എന്ന കടമ്പ കടക്കുന്നു.

S. S. L. C. ജയിച്ചു. മാർക്ക് 210 കോളേജിൽ പോണം. വേണ്ട ഗ്രൂപ്പ് സെക്കൻഡ്. എന്തുചെയ്യും. പ്രശ്നപരിഹാരവുമായി ഒരു ഭീകരൻ അരങ്ങേറുകയാണ് M. Q. (എം. ക്യൂ.) M. Q. എന്നാൽ മാസ്റ്റർ ഓഫ് ക്വിസ്'' എന്നല്ല 'മാനേജ്മെന്റ് ക്വോട്ട' (Management Quota) എന്നാണ് അർത്ഥം. 210 മാർക്ക് കിട്ടിയവനും വേണ്ടത് സെക്കൻഡ് ഗ്രൂപ്പാണ്. തന്തയുടെയും തള്ളയുടെയും സ്വപ്നം സ്റ്റെതസ്കോപ്പിൽ കുരുങ്ങിക്കിടക്കുകയാണല്ലോ? ഇവിടെവെച്ചാണ് M Q വിന്റെ റോൾ ആരംഭിക്കുന്നത്. M Q ആൾ അല്പം ഭീകരനാ, ഒരേ സമയം നായകനായും വില്ലനായും വരാൻ ഇവനു കഴിയും. 210 മാർക്കും, ഗ്രസ്തിയും യോഗ്യതയായ് ഉള്ളവൻ കോളേജിൽ 'ചെത്തു' മ്പോൾ അത്യാവശ്യം മാർക്കും നല്ല സ്വഭാവവും യോഗ്യതയായി ഉള്ളവൻ പാരലൽ കോളേജിലേക്ക് മാർച്ച് ചെയ്യേണ്ടി വരുന്നു.

ഏതായാലും 'മാനേജ്മെന്റ് ക്വോട്ട' നിശ്ചിത ശതമാനമായി ഒതുക്കിയിരിക്കുന്നതിൽ നമുക്ക് സമാശ്വസിക്കാം. ഈ ശതമാനം വർദ്ധിപ്പിച്ചാലോ? (ദൈവമേ, വർദ്ധിപ്പിക്കല്ലേ) S. S. L. C. അത്യാവശ്യം നല്ല മാർക്കോടെ ജയിച്ച ഒരു ശരാശരി വിദ്യാർത്ഥിയുടെ യാത്ര എങ്ങോട്ടായിരിക്കും? ഫാറൂഖ് കോളേജിലേക്കോ, അതോ തോമച്ചൻ നടത്തുന്ന പാരലൽ കോളേജിലേക്കോ.... .......?

# വിഗ്രഹങ്ങൾ

അഹമ്മദ് ഫൈസൽ പി. വി

നീ മറന്നേക്കുക;
ശാന്തിയെപ്പററി നിനക്കറിയാമെന്നത്
മരിച്ചവന് കടീരം പണിയുമ്പോഴും
അജയ്യതയുടെ കറുത്തമഷിമുക്കി
ചരമഗീതമെഴുതുമ്പോഴും
തകർന്ന കോട്ടകൾക്ക് പകരമേകുമ്പോഴും
നാം വൃഥാവിലാണെന്നത്.
നീ മറന്നേക്കുക;
മോന്തിക്ക് കരിവിളക്ക് കത്തിച്ചത്
ആരും കാണാതെ വെളിച്ചത്തെ ചങ്ങലക്കിട്ട്
ഇരുട്ട് കൊതിച്ചതും
ഇരുട്ടിലാണ് ഗീതപൂക്കൾ വിരിയാറെന്ന്
നീ കേട്ടില്ലേ-
വഴിതെററിയ പെൺകുട്ടിയെയും
അവൾക്ക് കൂട്ടേകിയ മാലോകരെയും
അന്തിവെട്ടത്തിലവർ തിരിച്ചുവരുമെന്ന്
ആരോ നുണപറഞ്ഞില്ലേ.
ഹൃദയത്തുടിപ്പായി മാറിയ നിൻെറ ബഹളവും
വിയർപ്പിൻെറ ഗന്ധവും കീറിയ ചുണ്ടുകളും
പിന്നെ കുറെ പൊടിപടലങ്ങളും
എല്ലാം മറന്നേക്കുക,
നീ മറന്നേക്കുക;
ഇരുട്ട് മൂലയിലിരുന്ന് കശേരുവിൽ
ലഹരിയൊഴുക്കിയത്
നിൻെറ വിഷപ്പുകയിൽ അന്നാരും
മരിച്ചില്ലെന്ന് നിനക്കറിയാം
അവരുടെയൊക്കെ മസ്തിഷ്കങ്ങൾക്ക് നീ ലഹരി
നല്കിയില്ലെന്നും
വാതിലിന്റെ പിന്നിൽവെച്ച് കാമിനിക്ക് ചുടുചുംബന
മേകിയതും മറന്നേക്കുക.
അവളെ വീർപ്പുമുട്ടിക്കാൻ നീ പറഞ്ഞവാക്കുകൾ
അതിലവളെല്ലാം അടിയറവെച്ചിരുന്നു.
നിനക്കറിയാം; ഇവിടെ
സ്നേഹം വഞ്ചനയറിയാത്തവൻെറ
മനസ്സിൻെറ തോന്നലാണെന്ന്
ദീർഘായുസ്സ് നഷ്ടപ്പെട്ട വികാരമാണെന്നു്
പ്രണയത്തിന് മോടികൊടുക്കേണ്ട മുന്തക്ഷരമാണെന്ന്
എങ്കിലും നീ മറന്നേക്കുക:
വഴിയിൽ നടന്ന കാലടിപ്പാടുകൾ, കൂട്ടാളി
നഷ്ടപ്പെട്ട പോലെ ഒടുവിൽ പകച്ചുനിന്നത്
നേടിയവേദനകൾക്ക് ചന്തമേകാൻ
ശ്രമിച്ചത്
പഴമക്ക് തെളിച്ചം ലഭിക്കുമെന്ന് കരുതി
ഓർമ്മകൾക്ക് പാതപെട്ടിയത്.
നീ മറന്നേക്കുക;
ശാന്തിയെപ്പററി നിനക്കറിയാമെന്നത്
സത്യത്തിൻെറ ചോരപ്പാടു മിഴിച്ചുനില്ക്കുന്ന,
ചങ്ങലക്കണ്ണികൾ ഉടഞ്ഞുപോവുന്ന
ഹൃദയത്തിൻെറ ഉള്ളറകളിൽ സ്നേഹത്തിന്
ഉറവിടം നല്കുന്ന
പുതിയലോകം പിറക്കുമെന്നതും
ഒടുവിൽ നീ മറന്നേക്കുക;
നീയെന്ന സത്യത്തെയും.

# വിമോചനത്തിന് വഴിവെട്ടുന്നവരോട്

സഫ്‌വാൻ എടവനക്കാട്

ആർഷഭാരത സംസ്കാരം തകർന്നുവീഴുന്നു എന്ന ദീനരോദനങ്ങളാണ് എവിടെയും. ഇന്ദ്രപ്രസ്ഥം വാഴുന്നവരും ആസ്ഥാന ബുദ്ധിജീവികളുമെല്ലാം ഈ നിലവിളിയിൽ പങ്കുചേരാറുണ്ട്. ഓരോ വിശേഷ ദിനങ്ങളും അഖണ്ഡതയും ദേശീയതയും ഊട്ടിയുറപ്പിക്കാൻ നമ്മെ വീണ്ടും വീണ്ടും ഓർമ്മിപ്പിച്ച് കടന്നു പോകുന്നു. ലക്ഷ്യപൂർത്തീകരണത്തിനുവേണ്ടി "ദേശശത്രുക്കളെ" ചവിട്ടിമെതിച്ചുകൊണ്ടുള്ള രഥയാത്രകളും കൂടിയാകുമ്പോൾ ചിത്രം പൂർത്തിയായി.

രാജ്യത്തിന്റെ സൗന്ദര്യത്തിലാകൃഷ്ടരായി കടൽകടന്നെത്തി വിദേശികൾ, അവരെക്കൊണ്ട് കഴിയുംവിധമൊക്കെ പിഴിഞ്ഞെടുത്താണല്ലോ തിരിച്ചു പോയത്. പിന്നീടങ്ങോട്ട് സംഘട്ടനത്തിന്റെ ചരിത്രമാണ്. അതിന്റെ പിന്നിലുള്ള താൽപര്യങ്ങളെക്കുറിച്ചു തൽക്കാലം നമുക്ക് ചർച്ച ചെയ്യേണ്ടതില്ല. അവസാനം സാമ്രാജ്യത്വത്തിന്റെ അവസാനത്തെ കപ്പലും നങ്കൂരമഴിച്ചപ്പോൾ അധികാരം "മതേതരത്വജനാധിപത്യ ഭാരതത്തിന്റെ ഭരണകരങ്ങളിൽ അർപ്പിക്കപ്പെടുകയായിരുന്നു.

ജനങ്ങളുടെ സംസ്കാരത്തിനും, ആദർശത്തിനുമപ്പുറത്ത് ഒരു ഭരണകൂടത്തിനും ശാശ്വതത്വം ഇല്ല എന്ന സത്യം ചരിത്രമാണ്. പക്ഷെ കൈയ്യിൽ കടിഞ്ഞാണുണ്ടായിട്ടും നമ്മുടെ ചക്രം തിരിക്കുന്നവർ കൊള്ളക്കാരനും, ബലാൽസംഘവീരൻമാരും എക്സ്ട്രാനടികളുമാണ് എന്നത് ഈ രാജ്യത്തിന്റെ ദുരന്തപൂർണ്ണമായ പരിണിതിയെക്കുറിച്ച് വ്യക്തമായ ചിത്രം നമുക്ക് നൽകുന്നു. ആർഷഭാരത സംസ്കാരത്തെയും, ദേശസ്നേഹത്തെക്കുറിച്ചുള്ള ഗീർവാണങ്ങൾക്കപ്പുറം ഭരണീയരും ജനങ്ങളും കയറിച്ചെല്ലുന്നില്ല എന്നു ചുരുക്കം.

അഗ്നിയുടെ വിക്ഷേപണത്തിന്റെ ധൂമത്തിനും, റിപ്പബ്ലിക്ക് ദിനപരേഡുകളുടെ പളപളപ്പിനുമിടയ്ക്ക് നഷ്ടപ്പെട്ടുപോയ നമ്മുടെ ജീവിത ദർശനത്തെ കണ്ടെത്തുക എന്നത് മാത്രമാണ് ഈ പരിണിതിയിൽ നിന്നുള്ള മോചനമാർഗ്ഗം. പ്രഥമമായി നാം സംസ്കാരവും നാഗരികതയും തമ്മിലുള്ള അന്തരത്തെ തിരിച്ചറിയേണ്ടതു



ണ്ട്. കോട്ടിനും സൂട്ടിനും, ക്ലൂറൻ സൗധങ്ങൾക്കുമപ്പുറം മനസിൻെറ ഏതോ സ്രോതസിൽനിന്നുൽഭവിക്കുന്ന സംസ്കാരം. സംസ്കാരവും നാഗരികതയും തമ്മിലൊരു രേഖവരയ്ക്കൽ പുരാതന റോമാനഗരം വളരെ വ്യക്തമായ ഉദാഹരണമാണെന്ന് യൂഗോസ്ലാവ്യൻ മുസ്ലിംചിന്തകനായ 'ബെഗോവിച്ച്' പറയുന്ന ''കൊള്ളയടിക്കാനുള്ള യുദ്ധം മനുഷ്യത്വരഹിതമായ ഭരണവർഗ്ഗം, മുഖമില്ലാത്ത ജനക്കൂട്ടം, വമ്പൻ പ്രോലിറേററിയേററ്, ഭീകരമായ മനുഷ്യമൽപ്പിടുത്തം, രാഷ്ട്രീയക്കുത്തിത്തിരുപ്പ് കപടജനാധിപത്യം, ക്രൈസ്തവപീഠനം, നീറോ. കലിഗുള—ഇതൊന്നും റോമാനാഗരികതയിൽ ചോദ്യം ചെയ്യാനാകുമായിരുന്നില്ല. എന്നാൽ അതിൽ സംസ്കാരം വല്ലതും അവശേഷിച്ചിരുന്നുവോ എന്നു നാം അത്ഭുതപ്പെടും.''

നമ്മുടെ ചുററുപാടുകളോട് ഈ നിഗമനങ്ങൾ എത്രമാത്രം സാദൃശ്യം പുലർത്തുന്നു എന്നുള്ളത് ഒരു യാദൃശ്ചികതയായിരിക്കാം. മുഖം നഷ്ടപ്പെട്ട ജനക്കൂട്ടത്തിൻെറ ദയനീയമായ ദൃശ്യത്തിനുമുമ്പിൽ ആധുനിക നീറോമാരുടെ വീണനാദം ഇന്ത്യയുടെ അന്തരീക്ഷത്തിൽ ജുഗുപ്സാവഹമായ രാഗങ്ങൾ മീട്ടിക്കൊണ്ടിരിക്കുകയാണ്. പക്ഷെ അതിൻെറ സൈദ്ധാന്തികവും, താരതമ്യപരവുമായ ''അക്കാഡമിക്ക് ചർച്ച'' നമ്മെ അതിൻെറ പരിണിതിയുടെ പാഠങ്ങളിൽ നിന്ന് അകററി നിർത്തിക്കൂട.

The decline and fall of Romen empior വായിച്ചു നോക്കുക. ഒരു നാഗരികതയുടെ ദയനീയമായ പതനത്തിൻെറ സ്രോതസ്സുകളിലേക്ക് ചരിത്രകാരനായ ഗിബ്ബൺ കണ്ണോടിക്കുന്നുണ്ട്. അവിടെ കമനീയമായ ഗോപുരങ്ങളും, കായിക പ്രതിഭകളുമുണ്ടായിരുന്നു. പക്ഷെ സംസ്കാരം അവക്ക് അന്യമായിരുന്നുവത്രെ. മൂല്യങ്ങളുടെ അന്തസ്സത്തയെ ധിക്കരിച്ചു, അതിർവരമ്പുകൾ ലംഘിക്കാൻ ശ്രമിച്ച ഒരു 'സാർത്രിയൻ' വാദത്തിൻെറ പരിണിതിയായിരുന്നു ആ തകർച്ച. ആഡംബരത്തിൻെറയും ലൈംഗികതയുടെയും അത്യുന്നതങ്ങളിലേക്ക് ഉയർന്നുപോയ അവരുടെ പതനം സ്വാഭാവികമായും ആഘാതമേറിയതായിരുന്നു. പതനത്തിൻെറ കാരണങ്ങളിലൊന്നു് മതമൂല്യങ്ങളിൽനിന്നുള്ള അവരുടെ ഒളിച്ചോട്ടമാണെന്ന ഗിബ്ബൺെറ നിർവ്വചനം ശ്രദ്ധിക്കാതെ പോകുന്നത് ഔദ്ധത്യപൂർണ്ണമായ അവധാനതയായിരിക്കും. പക്ഷെ മൂല്യങ്ങളെക്കുറിച്ചും ധർമ്മത്തെക്കുറിച്ചും സംസാരിക്കുമ്പോൾ ഫണ്ടമെൻറലിസമെന്ന ഇമ്മാക്കി കാട്ടി മുക്രയിടുന്ന നമ്മുടെ രാഷ്ട്രീയ ഭിക്ഷാം ദേഹികളും, പ്രത്യയശാസ്ത്ര സൂക്ഷിപ്പുകാരും പാഠം പഠിക്കാൻ കൂട്ടാക്കാതിരിക്കുമ്പോൾ നമ്മൾ ആരെ പഴിക്കാൻ(രാഷ്ട്രീയ നേതാക്കന്മാരെ ചെളിവാരിയെറിഞ്ഞ് തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഈ നാട്ടിലെ ബുദ്ധിജീവികൾക്ക് എത്രകാലം ഒളിച്ചിരിക്കാനാകും]. ആർഷ ഭാരതസംസ്കാരത്തിൻെറ പ്രണേതാക്കൾ കാഴ്ചവെക്കുന്ന നാഗരികത ഗർഭിണിയായ സ്ത്രീയുടെ വയററിൽ കല്ലുകൊണ്ടിടിച്ച് പിഞ്ചു കുട്ടിയെ കൊല്ലുന്നതിലൂടെ സംതൃപ്തിയടയുന്ന ക്രൂരതയാണെന്നത് അതിനേക്കാൾ വലിയ വിധി വൈപരീതം.

സത്യത്തിൽ മൂല്യത്തെയും, ധർമ്മത്തെയുമെല്ലാം എവിടെ നിന്നും കടമെടുക്കാം മൂല്യങ്ങളും, കാരുണ്യവും തള്ളിക്കളഞ്ഞവരിൽ നിന്നും നാമത് പ്രതീക്ഷിക്കുന്നത് വ്യർത്ഥമായ ഒരു വ്യായാമം മാത്രമിരിക്കും. പട്ടാള ബൂട്ടുകൾക്കും മുരട്ടതത്വ ശാസ്ത്രങ്ങൾക്കും ജനങ്ങളെ സംസ്കാരവും അച്ചടക്കവുമുള്ളവരാക്കാൻ കഴിയില്ല എന്നുള്ളത് ആനുകാലിക ചരിത്രമാണ്. പടിഞ്ഞാറിൻെറ പുസ്തകങ്ങൾക്കൊന്നും അതുനൽകാനുള്ള ത്രാണിയുണ്ടെന്ന് അവർപോലും അവകാശപ്പെടുന്നില്ല.

മൂല്യങ്ങളും ധാർമ്മികതയും ഉയിർകൊണ്ട പഴയ സ്രോതസ്സുകൾ നമ്മുടെ നെററിചുളിപ്പിച്ചേക്കാം. പാടിപ്പഴകിയ പഴയ മുദ്രാവാക്യങ്ങൾക്ക് വിരുദ്ധമായിരിക്കാം. പക്ഷെ പഴയ സംസ്കൃതിയുടെ വേരുകൾ തേടുന്ന ഭൗതികപ്രത്യയ ശാസ്ത്രങ്ങളുടെ ഈ ശവപ്പറമ്പിൽ നമുക്ക് തുണ അതു മാത്രമേയുള്ളു. അത് മാത്രമെ ഏതൊരു സമൂഹത്തിനും സംസ്കൃതി പ്രദാനം ചെയ്തിട്ടുള്ളുവെന്നതാണ് സത്യം. സുഖിക്കുവാൻ വേണ്ടി മാത്രം ജീവിക്കുകയും, ആഡംബരത്തിനുവേണ്ടി സമ്പാദിക്കുകയും'' ചെയ്യുന്ന കാടൻ തത്വശാസ്ത്രത്തിൽ നിന്ന് നാം ഓരോരുത്തരും മോചിതരാകേണ്ടിയിരിക്കുന്നു. എങ്കിലേ നമ്മെ ആവരണം ചെയ്തിരിക്കുന്ന മൂടുപടം നമുക്കഴിച്ചു മാററാനാകൂ. തീർച്ചയായും മഹത്തായ ഭൂതകാല സംസ്കാരത്തിൻെറ വീമ്പുപറച്ചിലുമപരിയായി സംസ്കാരത്തിൻെറ സീമയിലേക്ക് നമുക്കുയരാനാകും. ●